
ഒൻപതാം പദ്ധതി
ജനകീയ പദ്ധതി



ഞീഴൂർ ഗ്രാമപഞ്ചായത്ത്
വികസന റിപ്പോർട്ട്

48-5



'എന്റെ ജീവിതമാണ് എന്റെ സന്ദേശം'

" ഇന്ത്യയുടെ ആത്മാവ്
ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത് "

എഡിറ്റോറിയൽ ബോർഡ്


എൻ. മണിലാൽ
ജോൺ തുരുത്തിപ്പള്ളി
സണ്ണി തൂമ്പനായിൽ
യു.കെ. സോമൻ
കെ.എൻ. തങ്കപ്പൻ
ജയിംസ് റ്റി. ഉതുപ്പാൻ
കെ.പി. ദേവദാസ്
ടി.എം. വിശ്വൻ
ഞീഴൂർ ദേവരാജൻ
സൈമൺ പുളിന്താനം
ഒ.കെ. ശിവരാമൻ
കോമളം വിജയൻ
മേരി ബേബി
ആർ.സി. ജോയി
ജോസ് കൊഴുപ്പൻകുറ്റി.

☐ കവർ ഡിസൈൻ: ഇന്ദു
☐ ലേ ഔട്ട്: സോമൻ
☐ D.T.P. ടൈപ്പ്സെറ്റിംഗ് & പ്രിൻറിംഗ്: പെൻറാ എൻറർപ്രൈസസ് COCHIN-16.

ഭരണസമിതി



എൻ. മണിലാൽ-പ്രസിഡൻറ്
(വാർഡ്-VII)




ജോസ് കുഴുപ്പൻകുറ്റി-വൈസ്പ്രസിഡൻറ്
(വാർഡ്-I)



ആൻസി ജോയി-മെമ്പർ
(വാർഡ്-II)



കോമളം വിജയൻ-മെമ്പർ
(വാർഡ്-III)




യു.കെ. സോമൻ-മെമ്പർ
(വാർഡ്-IV)



എ.എൻ. കൃഷ്ണൻകുട്ടി-മെമ്പർ
(വാർഡ്-V)



മേരി ബേബി-മെമ്പർ
(വാർഡ്-VI)



പി.റ്റി. എബ്രഹാം-മെമ്പർ
(വാർഡ്-IX)



മാത്യുകുര്യാസ്-മെമ്പർ
(വാർഡ്-VIII)

ഞീഴൂർ ഗ്രാമപഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന ജനപ്രതിനിധികൾ


ലോക്സഭ	-	ശ്രീ. രമേശ്ചെന്നിത്തല
നിയമസഭ	-	അഡ്വ: മോൻസ് ജോസഫ്
ജില്ലാപഞ്ചായത്ത്	-	ശ്രീ. V.K. ഗോപിനാഥൻ
ബ്ലോക്ക് പഞ്ചായത്ത്	-	ശ്രീ. M.P. ജോസഫ് ആലപ്പാട്ട്

ജില്ലാ റിസോഴ്സ് പേഴ്സൻസ്

കൺവീനർ	-	ശ്രീ. ജോൺ തുരുത്തിപ്പള്ളി ഞീഴൂർ P.O.
		ശ്രീ. സണ്ണി തൂമ്പനായിൽ
		" ജയിംസ് റ്റി. ഉതുപ്പാൻ
		" കെ.പി. ദേവദാസ്
		" ജോസ് പാറാതടം
		" കെ.എൻ. തങ്കപ്പൻ

ഞീഴൂർ ഗ്രാമപഞ്ചായത്ത് പൊതുവിവരണം

പേര്	:ഞീഴൂർ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	:ഞീഴൂർ
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	: ഞീഴൂർ
ബ്ലോക്ക് പഞ്ചായത്ത്	: കടുത്തുരുത്തി
താലൂക്ക്	: വൈക്കം
ജില്ല	:കോട്ടയം
അസംബ്ലി മണ്ഡലം	: കടുത്തുരുത്തി
ലോക്സഭാമണ്ഡലം	: കോട്ടയം
ജനസംഖ്യ	:17,651
പുരുഷൻമാർ	:8,840
സ്ത്രീകൾ	:8,811
സാക്ഷരർ	:15,241
വാർഡുകൾ	:9
വിസ്തീർണ്ണം	:28.91 ച.കി.മീ.
അതിരുകൾ	:വടക്ക്-ഇലഞ്ഞിഗ്രാമപഞ്ചായത്ത്(എറണാകുളം ജില്ല) തെക്ക്-കുറവിലങ്ങാട്,കടുത്തുരുത്തി ഗ്രാമപഞ്ചായത്തുകൾ കിഴക്ക്-ഉഴവൂർമരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തുകൾ പടിഞ്ഞാറ്-മുളക്കുളം, കടുത്തുരുത്തി ഗ്രാമപഞ്ചായത്തുകൾ
പ്രസിഡൻറ്	:N. മണിലാൽ
വൈ:പ്രസിഡൻറ്	:ജോസ് കൊഴുപ്പൻകുറ്റി
സെക്രട്ടറി	:ജി. ദാസൻ
പഞ്ചായത്ത് ജീവനക്കാർ :-	
പഞ്ചായത്ത് സെക്രട്ടറി	: ഒന്ന്
ഹെഡ് ക്ലാർക്ക്	:ഒന്ന്
യു.ഡി. ക്ലാർക്ക്	:ഒന്ന്
എൽ.ഡി. ക്ലാർക്ക്	:മൂന്ന്
പ്യൂൺ	:ഒന്ന്
സ്വീപ്പർ(പാർട്ട്ടൈം)	:ഒന്ന്



ഞീഴൂർ ഗ്രാമപഞ്ചായത്ത് ഭൂപടം

ഉള്ളടക്കം

I അവതരണം

II ആമുഖം

III സാമൂഹിക-സാംസ്കാരിക ചരിത്രപശ്ചാത്തലം

IV ഭൂപ്രകൃതി, വിഭവങ്ങൾ

V വിവിധ വികസനമേഖലകൾ

പ്രാഥമിക മേഖല

1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണം, മത്സ്യബന്ധനം

ദ്വിതീയമേഖല

3. വ്യവസായം
4. ഊർജ്ജം ഗതാഗതം, മാർക്കറ്റ്

തൃതീയമേഖല

5. പാർപ്പിടം, സാമൂഹ്യക്ഷേമം
6. കുടിവെള്ളം, ആരോഗ്യം
7. വിദ്യാഭ്യാസം
8. സംസ്കാരം
9. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
10. വനിതാക്ഷേമം
11. സഹകരണം
12. വിഭവസമാഹരണം

അവതരണം

ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായി ഈ കൊച്ചുകേരളം 9-ാം പഞ്ചവൽസരപദ്ധതി ജനകീയാസൂത്രണത്തിലൂടെ നടപ്പിൽവരുത്തുവാനുള്ള മഹത്തായ യജ്ഞത്തിന്റെ പാതയിലാണ്. അതിന്റെ ഭാഗമായി നമ്മുടെ ഗ്രാമപഞ്ചായത്തിലെ ഒന്പതു വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ വിളിച്ചുകൂട്ടി 9-ാം പദ്ധതിയിലൂടെ നടപ്പിൽവരുത്തേണ്ട വികസന പ്രവർത്തനങ്ങളെപ്പറ്റി വിഷയാടിസ്ഥാനത്തിൽ ഗ്രൂപ്പ്തിരിഞ്ഞ് ചർച്ചനടത്തി ചർച്ചകളിലൂടെ ഗ്രാമസഭകളിൽനിന്നും ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് തയ്യാറാക്കിയ വികസനറിപ്പോർട്ടാണ് ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

കഴിഞ്ഞരണ്ടരമാസക്കാലത്തെ സേവനതല്പരതയോടെയുള്ള കൂട്ടായ പ്രയത്നത്തിന്റേറയും കഠിനാദ്ധ്വാനത്തിന്റേറയും ആകെതുകയായ ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ബഹു: പഞ്ചായത്ത് മെന്ബർമാരും, ജില്ലാ പഞ്ചായത്ത്തല പരിശീലകരും, പഞ്ചായത്തലെ വിവിധ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും, ബഹു ജന രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക പ്രസ്ഥാനങ്ങളും ഗ്രാമവാസികളും നൽകിയ നിർലോഭമായ സഹായസഹകരണങ്ങൾ നന്ദിയോടെ സ്മരിച്ചുകൊണ്ട് ഈ വികസനറിപ്പോർട്ട് വികസനസെമിനാറിലെ അംഗങ്ങൾ മുമ്പാകെ സമർപ്പിക്കുകയാണ്. വളരെ തിരക്കിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്, കുറവുകളും വീഴ്ചകളും ഉണ്ടാകാം, ആ കുറവുകൾ സെമിനാറിലെ സുദീർഘമായചർച്ചകളിലൂടെ, നിർദ്ദേശങ്ങളിലൂടെ പരിഹരിച്ച് ഈറിപ്പോർട്ടിന് പൂർണ്ണത കൈവരുമെന്നും അതുവഴി നമ്മുടെ പഞ്ചായത്തിന് ജനകീയാസൂത്രണത്തിലൂടെ ഒരു വികസനപാത തുറന്നുകിട്ടുമെന്നും ഞങ്ങൾ പ്രത്യാശിക്കുന്നു.

N.മണിലാൽ
പ്രസിഡൻറ് & ചെയർമാൻ
ജനകീയ ആസൂത്രണസമിതി
ഞീഴൂർ ഗ്രാമ പഞ്ചായത്ത്

ജോൺ തുരുത്തിപ്പള്ളി
കൺവീനർ
ജനകീയ ആസൂത്രണസമിതി
ഞീഴൂർ ഗ്രാമ പഞ്ചായത്ത്

ആമുഖം

കേരളപിറവിക്കു ശേഷം തിരു-കൊച്ചി പ്രദേശത്തേയും മലബാറിലേയും പഞ്ചായത്തുകളെല്ലാം കേരളത്തിലെ പഞ്ചായത്തുകളായി തീർന്നെങ്കിലും 1960ലെ കേരള പഞ്ചായത്തു നിയമം പ്രാവർത്തികമാക്കുന്നതുവരെ മലബാറിലെ ഡിസ്ട്രിക്ട് ബോർഡിന്റെ പ്രവർത്തനം തുടർന്നു വന്നു. 1960ലെ കേരള പഞ്ചായത്ത് ആക്ടിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര അവകാശങ്ങൾ അക്കമിട്ടു പറയുന്നുണ്ട്. ജനക്ഷേമത്തെ മുൻ നിർത്തി ഓരോ പഞ്ചായത്തിന്റേയും പരിധിയിലുള്ള വിഭവങ്ങളെ ഉൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുവാനും നടപ്പിലാക്കുവാനും ആക്ടിൽ വ്യവസ്ഥയുണ്ട്. എന്നാൽ ഈ നിയമത്തിൽ പഞ്ചായത്തുകൾക്കായി നീക്കി വച്ചിരുന്ന പ്രവർത്തന മേഖലകളിൽ ഭൂരിപക്ഷത്തിനും കടലാസുകളിൽ അവശേഷിക്കേണ്ട ദുർഗ്ഗതിയാണുണ്ടായത്. മാത്രമല്ല ജില്ലാ ഭരണ നിയമം പ്രാബല്യത്തിൽ വരുവാൻ 1991 ഫെബ്രുവരി വരെ കേരളത്തിനു കാത്തിരിക്കേണ്ടിയും വന്നു.

1992ൽ 73-ാം ഭരണഘടന ഭേദഗതിയിലൂടെയാണ് സാമാന്യജനങ്ങളുടെ ആശാകേന്ദ്രവും സാമൂഹ്യ വളർച്ചയുടെ പാതയിൽ ഒരു നാഴികക്കല്ലുമായി തീരാവുന്ന പഞ്ചായത്ത് രാജ് നിയമം ഭാരതത്തിൽ നടപ്പിൽ വന്നത്. 1994 ഏപ്രിൽ 23-ാം തീയതി കേരള പഞ്ചായത്ത് ആക്ട് പ്രാബല്യത്തിൽ വരികയും അതിന്റെ ഫലമായി ത്രിതല പഞ്ചായത്തുകളിലേക്ക് തെരഞ്ഞെടുപ്പ് നടക്കുകയും ചെയ്തു. 1995 ഒക്ടോബർ 2-ാം തീയതി ഗാന്ധിജയന്തി ദിനത്തിൽ ഔപചാരികമായി അധികാരം പഞ്ചായത്തുകൾക്ക് കൈമാറുകയുണ്ടായി. പഞ്ചായത്തുരാജിന് നവീന മാനങ്ങൾ നൽകി അതു കൂടുതൽ ജനകീയമാക്കി അധികാരം ജനങ്ങളിലേക്കു പകർന്നുകൊടുക്കുന്ന പ്രക്രിയ സാർത്ഥകമാക്കുന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനം.

കേരളത്തിന്റെ 9-ാം പഞ്ചവത്സര പദ്ധതി ജനപങ്കാളിത്തത്തോടെ രൂപപ്പെടുത്തുന്നതിന് സംസ്ഥാന ഗവൺമെന്റും ആസൂത്രണബോർഡും തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒന്നാം ഘട്ടമായി സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും വിശേഷാൽ ഗ്രാമസഭകൾ കൂടുന്നതിന് തീരുമാനിക്കുകയുണ്ടായി. ഓരോ ഗ്രാമത്തിന്റേയും വികസന പദ്ധതികൾക്ക് രൂപം നൽകുന്നത് ഈ ഗ്രാമസഭകളിലാണ്. പഞ്ചായത്തു രാജ് സ്ഥാപനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്ന ഓരോ പദ്ധതിയുടേയും വിജയം അതിലുണ്ടാകുന്ന പൊതുജന പങ്കാളിത്തത്തെ ആശ്രയിച്ചായിരിക്കും എന്നത് പ്രാധാന്യമർഹിക്കുന്ന വസ്തുതയാണ്. പൊതുജനപങ്കാളിത്തം എന്നത് ജനപ്രതിനിധികളുടെ പങ്കാളിത്തം മാത്രമല്ല മറിച്ച് ഓരോ പദ്ധതിയുടേയും ഗുണം ലഭിക്കേണ്ടുന്ന ജനതയുടെ സജീവ പങ്കാളിത്തം കൂടിയാണ്. സംസ്ഥാനത്തിന്റെ മൊത്തം പദ്ധതി തുകയുടെ 35-40 ശതമാനം പഞ്ചായത്തുകൾക്കു നൽകുവാനും അങ്ങിനെ അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമാക്കുവാനുള്ള ശ്രമവുമാണ് 9-ാം പദ്ധതിയിലൂടെ നടത്തുന്നത്.

നമ്മുടെ പഞ്ചായത്തിൽ ജനകീയാസൂത്രണ

പ്രവർത്തനത്തിന് തുടക്കം കുറിച്ചത് സെപ്റ്റംബർ മാസം 28-ാം തീയതി നടന്ന ഒന്നാം ഘട്ട പഞ്ചായത്തു തല പരിശീലന പരിപാടിയോടു കൂടിയാണ്. ഈ പരിപാടിയിൽ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നിന്നായി 212 പേർ പങ്കെടുത്തു. വിശേഷാൽ ഗ്രാമസഭകളും ഗാന്ധിജയന്തി ദിവസമായ ഒക്ടോബർ 2-ാം തീയതി ആരംഭിച്ചു. നവംബർ മാസം 2-ാം തീയതിയോടെ ഒമ്പതു വാർഡുകളിലേയും വിശേഷാൽ ഗ്രാമസഭകളും പൂർത്തിയാക്കി.

വിശേഷാൽ ഗ്രാമസഭകളിലെ ജനപങ്കാളിത്തം			
വാർഡ്	സ്ത്രീകളും	പുരുഷന്മാർ	ആകെ
1	10	151	161
2	27	91	118
3	40	84	124
4	16	104	120
5	69	208	277
6	30	116	146
7	25	130	155
8	35	138	173
9	6	78	84

രണ്ടാം ഘട്ട പരിശീലന പരിപാടി നവംബർ മാസം 4-ാം തീയതി നടത്തുകയുണ്ടായി. നവംബർ മാസം 12-ാം തീയതി പഞ്ചായത്തിലുള്ള വിവിധ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ സെമിനാർ സംഘടിപ്പിച്ചു. ഗ്രാമസഭാറിപ്പോർട്ടുകളുടെ ക്രോഡീകരണം ഭൂപട നിർമ്മാണവും സ്ഥിതി വിവര ശേഖരണവും നവംബർ മാസം 30-ാം തീയതിയോടെ പൂർത്തിയാക്കി. വികസന സെമിനാർ സംഘടിപ്പിക്കുന്നതിനു വേണ്ടിയുള്ള സ്വാഗത സംഘം രൂപീകരണം ഡിസംബർ മാസം 4-ാം തീയതി നടന്നു.

വളരെയേറെ പരിമിതികളുള്ള ഒരു പഞ്ചായത്താണ് എങ്കിലും ജനകീയ ആസൂത്രണ പ്രവർത്തനങ്ങളും സാമാന്യം തൃപ്തികരമായി നടത്തി വരുന്നു. പൊതു സ്ഥാപനങ്ങളും കുറവുള്ള ഈ പഞ്ചായത്തിൽ വിവിധ മേഘലകളിൽ നിന്നും പരിപൂർണ്ണ സഹകരണം ലഭിച്ചിട്ടുണ്ട്. ഈ വികസന റിപ്പോർട്ടു പൂർണ്ണവും കുറ്റമറ്റതുമാണെന്ന് ഞങ്ങളും കരുതുന്നില്ല. എങ്കിലും ലഭ്യമായ സമയപരിധിക്കുള്ളിൽ നമ്മുടെ ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പ്രാഥമികവും അടിയന്തിര പ്രാധാന്യമുള്ളതുമായ എല്ലാ വിഷയങ്ങളെക്കുറിച്ചും കഴിയുന്നത്ര വിവരങ്ങളും ശേഖരിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ദിവസങ്ങളോളം പ്രവർത്തിച്ച ജില്ലാ റിസോർട്ട്സ് പേഴ്സൺസ്, സാമൂഹ്യ സന്നദ്ധ പ്രവർത്തകർ, ഉദ്യോഗസ്ഥർ, വികസന റിപ്പോർട്ടു തയ്യാറാക്കുന്നതിനു സഹകരിച്ച മാന്യവ്യക്തികളും-തുടങ്ങി എല്ലാവരോടുമുള്ള നിസ്സീമമായ നന്ദി അറിയിക്കുന്നു.

ത്വരിതവും സമഗ്രവുമായ വികസനത്തിനു ഉതകുന്ന സുപ്രധാന പദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കുന്നതിന് മുന്നോടിയായി ഈ റിപ്പോർട്ട് നിങ്ങളുടെ മുമ്പാകെ സവിനയം സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ

എൻ. മണിലാൽ
പ്രസിഡൻറ്,
ഞീഴൂർ ഗ്രാമ പഞ്ചായത്ത്

സാമൂഹ്യ–സാംസ്കാരിക ചരിത്രം

മലകളും, തോടുകളും, പാടങ്ങളുംകൊണ്ട് സമ്പന്നമായ കോട്ടയം ജില്ലയുടെ വടക്കുഭാഗത്ത് എറണാകുളം ജില്ലയോട് ചേർന്ന് 28.91 ച.കിലോ മീറ്റർ വിസ്തീർണ്ണത്തിൽ വ്യാപിച്ചു കിടക്കുന്ന ഭൂവിഭാഗമാണ് ഞീഴൂർ പഞ്ചായത്ത്. ഇതിന്റെ വടക്ക് ഇലഞ്ഞി പഞ്ചായത്തും തെക്ക് കടുത്തുരുത്തി, കുറവിലങ്ങാട് പഞ്ചായത്തുകളും കിഴക്ക് ഉഴവൂർ, മരങ്ങാട്ടുപള്ളി പഞ്ചായത്തുകളും പടിഞ്ഞാറ് മുളക്കുളം, കടുത്തുരുത്തി പഞ്ചായത്തുകളും സ്ഥിതിചെയ്യുന്നു. ഈ പഞ്ചായത്തിന്റെ 26.02 ച.കിലോമീറ്റർ ഭാഗം പുരയിടങ്ങളും 2.89 ച.കി.മീറ്റർ നിലങ്ങളുമാണ്. പഞ്ചായത്തിന്റെ മധ്യഭാഗത്തുകൂടി ഒഴുകുന്ന വലിയതോട് ഉഴവൂർ പഞ്ചായത്തിന്റെ അരീക്കര ഭാഗത്തുനിന്ന് ഉത്ഭവിച്ച് കടുത്തുരുത്തി പഞ്ചായത്തിന്റെ പൂവക്കോട് ഭാഗത്തേയ്ക്ക് ചെന്നുചേരുന്നു. തോടിന്റെ തെക്ക് കിഴക്കുഭാഗം കാട്ടാമ്പാക്ക് കരയായും വടക്ക് പടിഞ്ഞാറ് ഭാഗം ഞീഴൂർ കരയായും അറിയപ്പെട്ടിരുന്നു. ഈ പഞ്ചായത്ത് പൂർണ്ണമായും ഞീഴൂർ വില്ലേജിൽ പെട്ടതാണ്.

കടുത്തുരുത്തി വില്ലേജിൽപ്പെട്ടിരുന്ന ഞീഴൂർ കാട്ടാമ്പാക്ക്, തിരുവാമ്പാടി, പാഴുത്തുരുത്ത്, മരങ്ങോലി കാഞ്ഞിരമറ്റം എന്നീ കരകൾ ഉൾപ്പെടുത്തി ഞീഴൂർ പഞ്ചായത്ത് 1953 ഓഗസ്റ്റ് 15 ന് നിലവിൽ വന്നു. അന്നത്തെ ആരോഗ്യമന്ത്രിയായിരുന്ന ബഹു. വി. മാധവനാണ് പഞ്ചായത്ത് ഔപചാരികമായി ഉത്ഘാടനം ചെയ്തത്. ഞീഴൂരുള്ള എം.സി. പോത്തന്റെ കെട്ടിടത്തിലാണ് പ്രവർത്തനമാരംഭിച്ചത്. ഏഴ് വാർഡുകൾ ഉണ്ടായിരുന്ന ആദ്യത്തെ പഞ്ചായത്ത് ഭരണസമിതി യംഗങ്ങൾ:-

1. ശ്രീ. എം.സി. പോത്തൻ കുരീക്കോട്ടിൽ (പ്രസിഡൻറ്)
2. ശ്രീ. എം.ആർ. പത്മനാഭപിള്ള മാളികയിൽ (വൈസ് പ്രസിഡൻറ്)
3. ഉലഹന്നൻ ദേവസ്യാ കിഴക്കേ കുതിരവേലിൽ (മെംമ്പർ)
4. മത്തായി റോസ് ഓരത്തേൽ "
5. കുട്ടൻ കറുമ്പൻ കവുങ്ങുവേലിൽ "
6. നീലകണ്ഠൻ ഇട്ട്യാതി "
7. പൗലോസ് മത്തായി - വാഴക്കാലായിൽ "

1956-ൽ കടുത്തുരുത്തി വില്ലേജിനെ രണ്ടായി തിരിച്ച് ഞീഴൂർ പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശം ഞീഴൂർ വില്ലേജ് ആയി പ്രവർത്തനമാരംഭിച്ചു. 1963-ൽ ശ്രീ. എം.സി. പോത്തൻ സംഭാവന ചെയ്ത 15 സെൻറ് സ്ഥലത്ത് പഞ്ചായത്ത് കെട്ടിടം പണി തീർത്തു. 9.12.63 മുതൽ രണ്ടാമത്തെ ഭരണസമിതി അധികാരത്തിൽ വന്നു. ഭരണസമിതിയംഗങ്ങൾ:-

1. ദേവസ്യാ ജോസഫ് ചങ്ങനാശ്ശേരി (പ്രസിഡൻറ്)
2. മത്തായി പോത്തൻ ഞരക്കോലി (വൈസ് പ്രസിഡൻറ്)
3. ഉലഹന്നൻ ദേവസ്യാ കിഴക്കേ കുതിരവേലി (മെംമ്പർ)
4. എം.സി. പോത്തൻ കുരീക്കോട്ടിൽ "
5. നാരായണപിള്ള രാമൻപിള്ള വാളനില "
6. തോമസ് മത്തായി ചെമ്മലക്കുഴി "
7. പോൾ കുര്യൻ - കുര്യാസ് "
8. കുട്ടി മൈലൻ "
9. മീനാക്ഷി കൃഷ്ണൻ - കൈതകാട്ട് "

ഈ പഞ്ചായത്ത് കമ്മറ്റി നീണ്ട 16 വർഷം ഭരണം നടത്തി. ഇതിൽ ആദ്യത്തെ 8 വർഷം ശ്രീ. ദേവസ്യാ

ജോസഫും പിന്നീടുള്ള 8 വർഷം ശ്രീ. എം.സി. പോത്തനും പ്രസിഡൻറായിരുന്നു. പഞ്ചായത്തിലെ റോഡുകൾ, മാർക്കറ്റ്, ഇലക്ട്രിക്സിറ്റി, ബസ്സ് ഗതാഗതം മുതലായ പല വികസന പ്രവർത്തനങ്ങളും ഈ കാലയളവിലാണ് ഉണ്ടായത്.

മൂന്നാമത്തെ ഭരണസമിതി 28-9-1979-ൽ അധികാരമേറ്റു.

1. പി.റ്റി. അബ്രാഹം - പായിത്തുരുത്തേൽ (പ്രസിഡൻറ്)
2. തങ്കപ്പൻ പൈലി അറയ്ക്കപറമ്പിൽ (വൈസ് പ്രസിഡൻറ്)
3. എം.എൻ. ശശി പൂച്ചെടിയിൽ (മെമ്പർ)
4. കെ.എൻ. കൃഷ്ണൻ നമ്പൂതിരി - കാക്കനപള്ളിമന "
5. ജോസഫ് അബ്രാഹം കാപ്പിൽ "
6. വാസു മാധവൻ കണമറ്റത്തിൽ "
7. മാച്ചു ഇട്ടിയവിരാ കണ്ണങ്കേരി തടത്തിൽ "
8. ജോസ് കൊഴുപ്പൻ കുറ്റി "
9. കെ.എൻ. ചന്ദ്രമതിയമ്മ പല്ലാട്ട് "

നാലാമത്തെ പഞ്ചായത്ത് ഭരണസമിതി 1988-ൽ അധികാരത്തിൽ വന്നു.

1. ഇ.ബി. സദാശിവൻനായർ എടാക്കുഴി (പ്രസിഡൻറ്)
2. കുട്ടപ്പൻ മറ്റപ്പള്ളിക്കുന്നേൽ (വൈസ് പ്രസിഡൻറ്)
3. അലക്സ് പോൾ വാഴപറമ്പിൽ (മെമ്പർ)
4. വി. ആർ. രാമചന്ദ്രൻനായർ വാളനില "
5. എൻ. മണിലാൽ ഉദയഭവൻ "
6. സണ്ണി തൂമ്പനായിൽ "
7. എ.എൻ. കൃഷ്ണൻകുട്ടി ഇളമ്പനാകുഴി "
8. ലില്ലിക്കുട്ടി കുര്യൻ തുരുത്തിക്കര "
9. തെയ്യമ്മ ജോസഫ് മുതുകുളം "

ഈ പഞ്ചായത്ത് കമ്മറ്റിയുടെ ഭരണ കാലത്താണ് പഞ്ചായത്ത് കെട്ടിടം വികസിപ്പിച്ച് കൗൺസിൽഹാൾ പണി തീർത്തത്. ഇതിനുശേഷം 1995-ൽ പഞ്ചായത്ത് രാജ് നിയമമനുസരിച്ച് നടന്ന തെരെഞ്ഞെടുപ്പിൽ ഇപ്പോഴുള്ള ഗ്രാമ പഞ്ചായത്ത് കമ്മറ്റി നിലവിൽ വന്നു.

സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

കുന്നുകളും മലഞ്ചെരിവുകളും സമതലങ്ങളും നെൽപ്പാടങ്ങളും തെങ്ങിൻ തോപ്പുകളും വാഴത്തോട്ടങ്ങളും പച്ചക്കറിത്തോട്ടങ്ങളും മാവും പിലാവും കവുങ്ങും എല്ലാം നിറഞ്ഞ ഒരു പ്രദേശമാണ് ഞീഴൂർ ഗ്രാമ പഞ്ചായത്ത്. 9 വാർഡുകളുള്ള ഈ ഗ്രാമപഞ്ചായത്തിൻെറ 1,2,3,9 എന്നീ വാർഡുകൾ വലിയ തോടിൻെറ ഒരു ഭാഗത്തും, 4,5,6,7,8 എന്നീ വാർഡുകൾ മറുഭാഗത്തും സ്ഥിതിചെയ്യുന്നു. ഇന്ന് ഈ പ്രദേശത്തിൻെറ ഭൂരിഭാഗവും റബ്ബർ തോട്ടങ്ങളായി മാറിയിരിക്കയാണ്. ആദിമകാലത്ത് ഈ പ്രദേശം വനാന്തരമായി കിടന്നിരുന്നു. അക്കാലത്ത് ഇവിടെയും പരിസരപ്രദേശങ്ങളിലും അഷ്ടാംഗയോഗയുക്തരായ തപസ്വികൾ യോഗസാധനകൾ അനുഷ്ഠിച്ചു പാർത്തിരുന്നു. ഇപ്പോൾ ഞീഴൂർ 3-ാം വാർഡിൽ ശ്രീകൃഷ്ണസ്വാമിക്ഷേത്രമിരിക്കുന്ന സ്ഥലത്തുനിന്ന് വടക്കു കിഴക്കായി സ്ഥിതിചെയ്യുന്ന തേവരാടി (തേരാടി എന്ന് ഇന്നു ലോപിച്ചു) മലയിൽ യോഗാനുഷ്ഠാനങ്ങളിൽ മുഴുകി ജീവിച്ചിരുന്ന ഒരു മഹായോഗിക്ക് ബാലഗോപാലകൃഷ്ണനായ ഭഗവാൻെറ മരളീനാദശ്രവണവും ദർശനവും ലഭിച്ചു. ആ പുണ്യാത്മാവ് ശ്രീകൃഷ്ണനെ അവിടെ പ്രതിഷ്ഠിച്ച് യഥാവിധി ഉപാസിച്ചു. ഇപ്പോൾ ക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലത്ത് ശാസ്താവിൻെറ ദർശനമുണ്ടായി സമാരാധിച്ചുമിരുന്നു.

കാലാന്തരത്തിൽ ഈ പ്രദേശത്തിൻെറ ഭരണം രാജാക്കന്മാരിലും പ്രഭുക്കന്മാരിലും നിക്ഷിപ്തമായി. അവർ പത്നീസമേതനായ ശാസ്താവിനെ ക്ഷേത്ര നിർമ്മിതി ചയ്ത് പ്രതിഷ്ഠിക്കുകയും നാലമ്പലവും

ബലിക്കൽ പുരയും അഷ്ടദിക്പാലകശാലകളും മറ്റും സ്ഥാപിച്ച് മഹാക്ഷേത്രരൂപത്തിൽ ആരാധന നടത്തുകയും ചെയ്തു. ഏഴ് ഇല്ലക്കാരുടെ ഊരാഴ്മയിൽ ഈ ക്ഷേത്രങ്ങൾ പിന്നീട് വന്നു ചേരുകയും ചെയ്തു. കാലചക്രഗതിവേഗത്താൽ പിന്നീട് ധർമ്മച്യുതിയും അധികാരമോഹവും കലഹവാസനയും ഈ ഗ്രാമത്തിൽ പടരുകയും യുദ്ധകലാപങ്ങളാൽ ക്ഷേത്രങ്ങളും ബ്രാഹ്മണാലയങ്ങളും നശിക്കപ്പെടുകയും ചെയ്തു. ബ്രാഹ്മണഹത്യയും ക്ഷേത്രധ്വംസനവും നടത്തിയ പ്രഭുകുടുംബക്കാർക്ക് ബഹുവിധ ദുരിതങ്ങളും സന്താനഹാനിയും സംഭവിച്ചു. അതിനു പരിഹാരമായി വിഷ്ണുപ്രീതിക്കുവേണ്ടി തേവരാടി മലയിൽ ക്ഷയിക്കപ്പെട്ടു കിടന്നിരുന്ന ക്ഷേത്രത്തിലെ ശ്രീകൃഷ്ണ വിഗ്രഹം ഇവിടെ കൊണ്ടുവന്ന് ശാസ്താവിന്റെ സങ്കേതത്തിൽ പ്രതിഷ്ഠിച്ചതാണ് ഇപ്പോഴുള്ള ശ്രീകൃഷ്ണക്ഷേത്രം.

ഇവിടത്തെ ഭദ്രകാളി ക്ഷേത്രവും ഒരു പ്രത്യേക ക്ഷേത്രമായി നിലകൊള്ളുന്നു. ദേശഭരണാധികാരിയായ ഒരു കുടുംബത്തിന്റെ ധർമ്മദൈവമായിരുന്നു ഈ ഭദ്രകാളി.

കാലിക്കട്ട് യൂണിവേഴ്സിറ്റിയിലെ ഗവേഷകന്മാർ ഇവിടെ വരികയും ക്ഷേത്രത്തിന്റെ പഴക്കം ഏകദേശം നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. ആയിരം വർഷത്തിലേറെ പഴക്കമാണ് അവർ കണ്ടെത്തിയത്. അവരുടെ അഭിപ്രായത്തിൽ ഇവിടെ സ്ഥിതി ചെയ്യുന്ന ശാസ്താവും പത്നിയും ശ്രീബുദ്ധ യശോധരമാരാണെന്നാണ്. ബ്രാഹ്മണരെ കൊന്ന് ഒഴിവാക്കിയ സ്ഥലമാണ് ഇന്ന് കൊന്നൊഴിയാപ്പാടം (കൊന്നനാപ്പാടം) എന്ന പേരിലറിയപ്പെടുന്നത്. ഞീഴൂർ പഞ്ചായത്തിൽ ഒരു ബ്രാഹ്മണഗൃഹം പോലും ഇക്കാലത്ത് ഇല്ലെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്.

ആറാം വാർഡിൽ സ്ഥിതിചെയ്യുന്ന തേവർത്തുമലയേക്കുറിച്ചും ഏഴാം വാർഡിലെ കൊട്ടാരം ദേവീക്ഷേത്രത്തേക്കുറിച്ചും ചില ഐതിഹ്യങ്ങളുണ്ട്. ഏറ്റുമാനൂർ ക്ഷേത്രം പണി നടക്കുന്ന കാലത്ത് അവിടെ പ്രതിഷ്ഠിക്കുന്നതിനുള്ള ശിവന്റെ വിഗ്രഹം തക്കസമയത്ത് സ്വയംഭൂവായി പ്രത്യക്ഷപ്പെടുമെന്ന് അന്നത്തെ രാജാവ് സ്വപ്നം കണ്ടിരുന്നു. പണിപൂർത്തിയായ കാലത്ത്, കാട്ടാമ്പാക്കിൽ കിഴക്കും പടിഞ്ഞാറും ഭാഗങ്ങൾക്കു മദ്ധ്യേ ഉയർന്നു നില്ക്കുന്ന മലയിൽ കിഴങ്ങുകൾ മാന്തിനടന്ന ഒരു ആദിവാസി സ്ത്രീ തന്റെ പാരകൊണ്ട് ഒരിടത്തു മാന്തുമ്പോൾ പെട്ടെന്ന് രക്തം കണ്ട് ഭയപ്പെട്ടുമാറിയെന്നും ആസ്ഥാനത്ത് ശിവലിംഗം ഉയർന്നുവന്നുവെന്നും പറയപ്പെടുന്നു. ഈ വിവരത്തിന് രാജാവിന് സ്വപ്നദർശനം ലഭിച്ചതിനെ തുടർന്ന് രാജകിങ്കരന്മാർ കാടുതെളിച്ച് വിഗ്രഹം കണ്ടെടുത്തെന്നും പ്രതിഷ്ഠാകലശത്തിന് തയാറാവുന്നതുവരെ മൂന്നു ദിവസം കൊട്ടാരം ദേവീക്ഷേത്രത്തിൽ വെച്ച് പൂജാവിധികൾ നടത്തിയതിനുശേഷം ഏറ്റുമാനൂരമ്പലത്തിൽ കൊണ്ടുപോയി പ്രതിഷ്ഠിച്ചതായുമാണ് ഐതിഹ്യം.

വിഗ്രഹം ലഭിച്ച മലയ്ക്ക് അന്നുമുതൽ തേവർത്തുമല (തേവർ ഉയർത്തമല) എന്ന പേരും പ്രചാരത്തിലായി. ആദിവാസി സ്ത്രീ ചുറ്റുപാടുമുള്ള വെട്ടുകൽപ്പാറയിൽനിന്ന് വ്യത്യസ്തമായി കരിങ്കൽ ശിലയായി "മണ്ണാത്തിക്കല്ല്" എന്ന പേരിൽ ഇന്നും അവിടെ നിലകൊള്ളുന്നു. വിഗ്രഹം ഉയർന്ന സ്ഥാനത്ത് വെട്ടുകൽപ്പാറയിൽ ഉള്ള കുഴിയിൽ ഏതു വേനൽക്കാലത്തും വറ്റാത്ത വെള്ള മുണ്ടെന്നുള്ളതും പ്രസ്താവ്യമാണ്. കാട്ടാമ്പാക്കിലെ വസ്തുക്കളെല്ലാം 'ഏറ്റുമാനൂർ ദേവസ്വം തോട്ട"മെന്നാണ് പഴയ റവന്യൂ റെക്കാർഡുകളിൽ കാണുന്നത്.

ചരിത്രാതീതകാലത്ത് നിലവിൽ വന്നതായി പറയപ്പെടുന്ന കാട്ടാമ്പാക്ക് കൊട്ടാരം ദേവീക്ഷേത്രം 1970-ൽ പുതുക്കി പണിതപ്പോൾ ഏറ്റുമാനൂർ ദേവനെ ഉപദേവനായി, പണ്ട് മൂന്നു ദിവസം ഇരുന്ന സ്ഥാനത്തുതന്നെ പ്രതിഷ്ഠിച്ചിട്ടുണ്ട്.

കൊല്ലവർഷം 1144-മാണ്ട് തുലാമാസം 11-ാം തീയതി വെകിട്ടുണ്ടായ അതിഭയങ്കരമായ കാറ്റിലും മഴയിലുംപെട്ട്, കാട്ടാമ്പാക്ക് എൻ.എൻ.എസ്. എച്ച്.എസ്. ന് വടക്കുകിഴക്കായി മുണ്ടന്താനം എന്ന സ്ഥലത്തു നിന്നിരുന്ന ഒരു മാവും പിലാവും കടപുഴകി വീണു. ആ വൃക്ഷങ്ങളുടെ കടയ്ക്കൽ പേരുകളുടെ ഇടയിൽ ഏതാനും ശിലാബിംബങ്ങൾ ഉയർന്നു വന്നു. വിവരം അറിഞ്ഞ നാട്ടുകാർ വൃക്ഷങ്ങൾ വെട്ടിമാറ്റി അവിടെതന്നെ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ച് പൂജാദികർമ്മങ്ങൾ ആരംഭിച്ചു. തുടർന്നു നടത്തിയ ദേവപ്രശ്നത്തിൽ ടിപ്പുവിന്റെ പടയോട്ടക്കാലത്ത് വടക്കേ മലബാറിൽ നിന്നും പ്രാണരക്ഷാർത്ഥം ഈ സ്ഥലത്തു കുടിയേറി

പ്പാർത്ത ബ്രാഹ്മണർ ഇവിടെ പണ്ട് ഒരു ദേവീക്ഷേത്രം സ്ഥാപിച്ചിരുന്നു എന്നും കാലപ്പഴക്കത്തിൽ ക്ഷേത്രം നശിക്കുകയും പൂജാ വിഗ്രഹങ്ങൾ മണ്ണടിഞ്ഞു പോയി എന്നും പ്രശ്നവശാൽ മനസ്സിലാക്കുവാൻ കഴിഞ്ഞു. തുടർന്ന് നാനാജാതി മതസ്ഥരായ ആളുകളുടെ സഹകരണത്തോടെ ഏറെ താമസിയാതെ ക്ഷേത്രം പണികഴിപ്പിക്കുകയും അഷ്ടബന്ധകലശത്തോടുകൂടി ദേവീപ്രതിഷ്ഠ നടത്തുകയും ശ്രീ കോവിലിനുപുറത്ത് ഉപദേവന്മാരെ പ്രതിഷ്ഠിക്കുകയും ചെയ്തു.

ഒന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന ആലുമ്മേക്കാവിനെക്കുറിച്ച് അല്പംചരിത്രം. പുരാതനകാലത്ത് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നതിന്റെ മുൻഭാഗത്ത് ഒരു വലിയ ആൽമരം നിന്നിരുന്നുവെന്നും ആമരത്തിന്റെ ചുവട്ടിലാണ് ഭഗവതി (ഭദ്ര) ആദ്യമായി വന്നിരുന്നതെന്നും പറയപ്പെടുന്നു. പിന്നീട് ആസ്ഥാനത്തിനടുത്ത് ക്ഷേത്രം നിർമ്മിച്ച് അവിടെ ദേവിയെ പ്രതിഷ്ഠിച്ചുവെന്നും അതുകൊണ്ട് ക്ഷേത്രത്തിന് ആലുമ്മേക്കാവ് എന്ന പേരുണ്ടായി എന്നുമാണ് ഐതിഹ്യം. ഈ ക്ഷേത്രത്തിലെ പ്രധാന ശ്രീകോവിലിൽ ഭദ്രയേയും ദുർഗ്ഗയേയും തുല്യപ്രാധാന്യത്തിൽ പ്രതിഷ്ഠിച്ചിട്ടുണ്ട്. ഇങ്ങനെ ഒരു ശ്രീകോവിലിൽ രണ്ടു പ്രതിഷ്ഠകൾ നടത്തുന്നത് വളരെ അപൂർവ്വമാണ്. ഉപദേവന്മാരായി ശാസ്താവ്, പരമശിവൻ, പാർവ്വതി, ഗണപതി എന്നീ പ്രതിഷ്ഠകളും കൂടാതെ ബ്രഹ്മരക്ഷസ്സിനേയും പ്രതിഷ്ഠിച്ചിട്ടുണ്ട്.

ഒന്നാം വാർഡിൽതന്നെ 1918-ൽ സ്ഥാപിച്ച സെൻറ് മേരീസ് ചർച്ച് മരങ്ങോലിയെക്കുറിച്ചുള്ള ചരിത്രം. ഒന്നാം ലോകമഹായുദ്ധം കഴിഞ്ഞ് നാടു മുഴുവൻ പട്ടിണിയും ദാരിദ്ര്യവും രോഗവുംമൂലം ജനങ്ങൾ വളരെയേറെ കഷ്ടതയനുഭവിച്ചിരുന്നു. കൂടാതെ ഈ കാലഘട്ടത്തിൽ വസൂരിയെന്ന ഭീകര രോഗം ജനങ്ങളെ വല്ലാതെ പീഡിപ്പിച്ചിരുന്നു. ഈ സമയത്ത് ഇലഞ്ഞിപ്പള്ളിയിൽ നിന്നും (ഇടവകപ്പള്ളി) വസൂരി നിർമ്മാർജ്ജനത്തിനായി വിശുദ്ധ സെബസ്ത്യനോസിന്റെ ഒരു കഴുന്ന് പ്രദക്ഷിണം മരങ്ങോലിയിൽ എത്തുകയും ഇപ്പോൾപള്ളി ഇരിക്കുന്ന സ്ഥലത്ത് ഒരു പന്തൽ കെട്ടുകയും ആ പന്തലിൽ വിശുദ്ധ സെബാസ്ത്യനോസിന്റെ രൂപം പ്രതിഷ്ഠിക്കുകയും, ലദീഞ്ഞ്, പ്രസംഗം മുതലായവ നടത്തുകയുമുണ്ടായി. തദവസരത്തിൽ ബഹുമാനപ്പെട്ട പൗലോസ് പള്ളിക്കാപ്പറമ്പിൽ അച്ചൻ പ്രസംഗമദ്ധ്യേ സസ്യശ്യാമളകോമളമായ ഈ കുന്നിൻ പുറം ഒരു ദേവാലയത്തിന് അനുയോജ്യമാണെന്ന് പ്രസ്താവിക്കുകയുമുണ്ടായി. തുടർന്ന് നാട്ടുകാർ ഈ സ്ഥലം വിലക്കുവാങ്ങി ഒരു ഷെഡ്ഡുനിർമ്മിച്ച് 1917-ൽ പൗലോസ് അച്ചൻ ആദ്യമായി ഇവിടെ ദിവ്യബലി അർപ്പിക്കുകയും ചെയ്തു. 1924-ൽ ഷെഡ്ഡു പുതുക്കി സാമാന്യം മനോഹരമായ പള്ളി നിർമ്മിച്ചു. പിന്നീട് 1969-ലാണ് ഇന്നു കാണുന്ന മനോഹരവും ശില്പകലാസുന്ദരവുമായ ഈ ദേവാലയം പാലാ രൂപതയുടെ മെത്രാനായിരുന്ന മാർ സെബാസ്ത്യൻ വയലിൽ വെഞ്ചരിച്ച് ഉദ്ഘാടനം ചെയ്തത്.

സ്വാതന്ത്ര്യത്തിനും വളരെനാൾ മുമ്പ് ഭാരതത്തിലാകെയും സംസ്ഥാനത്ത് പ്രത്യേകിച്ചും നിലനിന്നിരുന്ന അടിമത്വവും ജാതി വ്യവസ്ഥയും നമ്മുടെ ഗ്രാമങ്ങളിലും വളരെ ശക്തമായിരുന്നു. ബ്രിട്ടീഷ് ഭരണത്തിന്റെ ദൂഷ്യഫലങ്ങൾ കൂടാതെ അധഃസ്ഥിത വിഭാഗങ്ങൾ ജന്മി, മുതലാളിമാരുടെ പീഢനങ്ങൾ കൂടി സഹിക്കേണ്ടിവന്നു. ഈ കാലഘട്ടത്തിലാണ് പാശ്ചാത്യ മിഷനറിമാർ തങ്ങളുടെ പ്രവർത്തനം കേരളത്തിൽ വ്യാപകമാക്കിയത്. കോട്ടയം കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന മിഷനറിമാർ ഞീഴൂർ പഞ്ചായത്തിലെ വാക്കാട് പ്രദേശം (ഇന്ന് 4-ാം വാർഡ്) സ്വന്തമായി വിലക്കു വാങ്ങുകയും അവിടെ ഒരു പള്ളി സ്ഥാപിക്കുകയും ചെയ്തു. ആ പ്രദേശത്തുണ്ടായിരുന്ന അധഃസ്ഥിത വിഭാഗങ്ങളെ ക്രിസ്തുമതത്തിലേക്കു മതപരിവർത്തനം നടത്തുകയും പള്ളിയുടെ ഭൂമിയിൽ അവർക്ക് താമസിക്കുന്നതിനും കൃഷി ചെയ്യുന്നതിനും അനുവാദം നൽകുകയും ചെയ്തു. ആയിരത്തിത്തൊള്ളായിരാം ആണ്ടോടെ വാക്കാട് കേന്ദ്രീകരിച്ച് ഒരു പ്രൈമറി സ്കൂൾ സ്ഥാപിക്കപ്പെട്ടു. (വാക്കാട് സി.എം.എസ്.യു.പി.സ്കൂൾ) ഇത് ഞീഴൂർ ഗ്രാമപഞ്ചായത്തിലെ ആദ്യത്തെ സ്കൂളായി അറിയപ്പെടുന്നു. സ്വാതന്ത്ര്യത്തിനുശേഷം ബ്രിട്ടീഷുകാർ ഇന്ത്യവിടുകയും അവരുടെ കൈവശമുണ്ടായിരുന്ന പള്ളികളും സ്ഥാപനങ്ങളും സി.എസ്.ഐ. (ചർച്ച് ഓഫ് സൗത്ത് ഇന്ത്യ) സഭയ്ക്ക് കൈമാറുകയും ചെയ്തു. നേതൃത്വത്തിന്റെ പേര് മാറിയെങ്കിലും സ്കൂൾ ഇന്നും പഴയപേരിൽ തന്നെ അറിയപ്പെടുന്നു. 78 കുടുംബങ്ങൾ ഇന്ന് ഈ പള്ളിയുടെ കീഴിൽ ഉണ്ട്. സ്വന്തമായി ശ്മശാനവും ഉണ്ട്.

സി.എം.എസ്. ആംഗ്ലിക്കൻ മിഷനറിമാർ കേരള

ത്തിൽ പ്രവർത്തനം ആരംഭിച്ചകാലത്ത് സ്ഥാപിച്ച സി.എം.എസ്. സഭ 1947-ൽ സി.എസ്.ഐ. ആയി രൂപാന്തരപ്പെട്ടു. ആംഗ്ലീക്കൻ വിശ്വാസം നിലനിർത്തുവാൻ 1965 മെയ് 5 നു സി.എം.എസ്. ആംഗ്ലിക്കൻ സഭ പുനഃരുദ്ധരിക്കപ്പെട്ടു. സി.എസ്.ഐ. സഭ ഈ നീക്കത്തെ എതിർത്തു. നിയമപരമായി പല ഏറ്റു മുട്ടലുകൾക്കു ശേഷം സ്വന്തമായി പള്ളി നിർമ്മിക്കുകയും ആരാധന യാരംഭിക്കുകയും ചെയ്തു. നിയമ സഹായത്തോടെ പള്ളിക്ക് സ്വന്തമായി ശ്മശാനവും ലഭിച്ചു. പിന്നീട് 1975 മെയ് 8 നു പുതിയപള്ളി കല്ലിട്ട് സ്ഥാപിച്ചു പണിപൂർത്തീകരിച്ചു. ഈ പള്ളിയുടെ കീഴിൽ 80-ാളം കുടുംബങ്ങളുണ്ട്.

ഞീഴൂർ കേന്ദ്രമായി 1914-ൽ ബ. ചെമ്മലക്കുഴി ജേക്കബച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ചതാണ് ഈ ദേവാലയം. പള്ളിക്കുള്ളസ്ഥലം തച്ചേട്ട് കുടുംബം സംഭാവന ചെയ്തു. ഈ പള്ളി വികാരിയായിരുന്ന ബ. കോട്ടൂർ കുഞ്ഞേപ്പച്ചന്റെ ശ്രമഫലമായി കടുത്തുരുത്തിക്കുള്ള റോഡ് വെട്ടി. ഉണ്ണി മിശിഹായുടെ നാമധേയമുള്ള ഈ പള്ളിയിൽ 250 കുടുംബങ്ങൾ ആത്മീയ കാര്യങ്ങൾ നടത്തുന്നു. ഇപ്പോഴുള്ള മനോഹരമായ ദേവാലയം ബ. കൊട്ടാരത്തിൽ ജേക്കബച്ചന്റെ കാലത്താണ് പണിതത്. ബ. കുപ്പിക്കാട്ടച്ചന്റെ കാലത്ത് നിർമ്മിച്ച പാരിഷ് ഹോൾ ഇന്ന് പഞ്ചായത്തിലെ പൊതു പരിപാടികൾ നടത്തുന്നതിന് സഹായകമായ ഓഡിറ്റോറിയം ആണ്. ഇപ്പോഴത്തെ വികാരി ബഹുമാനപ്പെട്ട വാട്ടോത്തുപറമ്പിൽ തോമ്മസച്ചൻ ഈ പഞ്ചായത്തുകാരനാണ്.

ഞീഴൂർ പഞ്ചായത്തിൽ തിരുവമ്പാടി കരയിൽ അതിപുരാതനമായ ഒരു ശ്രീകൃഷ്ണസ്വാമി ക്ഷേത്രവും ഭഗവതി ക്ഷേത്രവും സ്ഥിതി ചെയ്യുന്നു. കടുത്തുരുത്തി ആസ്ഥാനമായുണ്ടായിരുന്ന വടക്കുംകൂർ രാജാവിന്റെ കാലത്ത് ഈ ക്ഷേത്രങ്ങൾ ഇന്നത്തെ രൂപത്തിൽ നിർമ്മിച്ചുവെന്ന് കരുതിപ്പോരുന്നു. ഈ ക്ഷേത്രങ്ങളുടെ പഴക്കം കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. വടക്കുംകൂറിന്റെ കാലത്തിനും വളരെ മുമ്പുതന്നെ ഈ ദേവാലയങ്ങൾ ഉണ്ടായിരുന്നുവെന്നതിന് തെളിവുകളുമുണ്ട്. തിരുവമ്പാടി കാക്കാനപ്പള്ളി ഇല്ലം വകയാണ് ഈ ക്ഷേത്രങ്ങൾ.

ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠ അപൂർവ്വമായി കാണുന്ന ഗോപാലകൃഷ്ണനാണ്. ചൂരൽകോലും ഒടിഞ്ഞ കന്നിൻ കൊമ്പും കൈകളിലേന്തി രൗപിനധാരിയായി പ്രതിഷ്ഠിച്ചിരിക്കുന്ന അഞ്ജനശിലയിൽ നിർമ്മിച്ചിട്ടുള്ള ഈ കോമളവിഗ്രഹത്തിന് രണ്ടടിയോളം ഉയരമേയുള്ളൂ. വിവിധപുഷ്പങ്ങൾ കൊണ്ട് നിർമ്മിച്ച വനമാലാധാരിയാണ് ഭഗവാൻ ഗോപാലകൃഷ്ണൻ. തേരിന്റെ ആകൃതിയിൽ ഉള്ള ശ്രീകോവിലിന് ഇരുവശത്തുമായി പശുക്കളെ വളർത്തിയിരുന്നു. ഈ പശുക്കൾ ക്ഷേത്രത്തിനകത്തു വച്ച് പ്രസവിക്കുകയോ മരിക്കുകയോ ചെയ്താൽ പോലും ക്ഷേത്രത്തിന് അശുദ്ധി കല്പിച്ചിരുന്നില്ല. ശ്രീകോവിലിൽ നിന്നും ഒഴുകി എത്തുന്ന തീർത്ഥവുമായി കൂടിക്കുഴഞ്ഞുകിടക്കുന്ന ചാണകമാണ് ഇവിടുത്തെ പ്രധാന പ്രസാദം. ഇതു കുട്ടികൾക്കുണ്ടാവുന്ന രോഗങ്ങൾക്കും പക്ഷിപീഡക്കും ഫലപ്രദമാണെന്ന് വിശ്വസിക്കുന്നു. ഈ ക്ഷേത്രവുമായി ബന്ധപ്പെട്ടാണ് തിരുവമ്പാടി സ്ഥലനാമം വരാൻ ഇടയായതെന്ന് കരുതുന്നു.

പടിഞ്ഞാട്ട് ദർശനമായുള്ള ഭഗവതിക്ഷേത്രത്തിലെ പ്രതിഷ്ഠ ദാരുകവധാനന്തരമുള്ള രൗദ്രയായ ഭദ്രകാളിയുടെ ധ്യാനത്തോടുകൂടിയ കണ്ണാടി ബിംബമാണ്. ബാധോപദ്രവങ്ങൾ നീങ്ങുന്നതിനായിട്ടും രോഗങ്ങൾ ശമിക്കുന്നതിനായിട്ടും മംഗല്യസിദ്ധിക്കും മറ്റുമായി ഇവിടെ അനേകമാളുകൾ വഴിപാടുകൾ നടത്തുകയും അഭീഷ്ടം സാധിക്കുകയും ചെയ്തുപോരുന്നു.

തിരുവാമ്പാടി, പാഴൂത്തുരുത്ത്, കാട്ടാമ്പാക്ക് ഞീഴൂർ ഈ കരകളിലായി താമസിക്കുന്ന തുത്തുപള്ളി പള്ളിയിലെ കത്തോലിക്കർ പണ്ട് മുട്ടുചിറ ഫോറോനാപള്ളി ഇടവകക്കാരായിരുന്നു. എന്നാൽ തങ്ങളുടെ ആത്മീയ കാര്യങ്ങൾ അനുഷ്ഠിക്കാൻ മുട്ടുചിറവരെ പോകുന്നത് പലതരത്തിലും ബുദ്ധിമുട്ടായതിനാൽ അന്നത്തെ പൂർവ്വികർ ഈ പ്രദേശത്ത് ഒരു പള്ളി സ്ഥാപിക്കുന്നതിനേപ്പറ്റി ആലോചിക്കുകയും തുരുത്തിപ്പള്ളി കുടുംബക്കാർ സംഭാവന ചെയ്ത സ്ഥലത്ത് 1854-ൽ ഒരു കുരിശുപള്ളി സ്ഥാപിക്കുകയും ചെയ്തു. ഞായറാഴ്ചകളിൽ വി. കുർബ്ബാനയും അർപ്പിച്ചിരുന്നു. 1918-ൽ ബ. വെള്ളായി പറമ്പിലച്ചന്റെ ശ്രമഫലമായി ഇത് ഒരു ഇടവകയായി ഉയർത്തപ്പെട്ടു. വി. യോഹന്നാൻ മാംദനായുടെ നാമ

ധേയവും സ്വീകരിച്ചു. അന്നുമുതൽ ഈ പ്രദേശത്തുള്ള എല്ലാ വിഭാഗം ആളുകളും അവരുടെ കാർഷീക വിള കൾക്കും കന്നുകാലികൾക്കും "യോഹന്നാൻ മുത്തപ്പന്റെ" അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും നേർച്ച കാഴ്ചകൾ സമർപ്പിക്കുകയുംചെയ്യുന്നു. ഈ പള്ളിവികാരിയായിരുന്ന ബ. ജോസഫ് ഓണംകുള ത്തിന്റെ ശ്രമഫലമായി ഞീഴൂർ പഞ്ചായത്തിലെ പല റോഡുകളും നിർമ്മിച്ചു. 1962-ൽ ബ. അഗസ്റ്റിൻ കച്ചിറ മറ്റത്തിന്റെ കാലത്ത് പുതുക്കി പണിതതാണ് ഇന്നത്തെ ദേവാലയം. 4 ഏക്കർ സ്ഥലവും നാനൂറോളം കുടുംബങ്ങളും 1800 ഇടവക ജനങ്ങളു മുള്ള ഈ ദേവാലയം ഈ പ്രദേശത്തിന്റെ സർവ്വോന്മുഖമായ വളർച്ചയ്ക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കുന്നു.

കുറവിലങ്ങാട് ഫോറോനാപള്ളി ഇടവകക്കാരാ യിരുന്ന കാട്ടാമ്പാക്ക് പ്രദേശത്തെ ആളുകൾ മതപഠനം നടത്തുന്നതിന് 'പറേകളരി' എന്ന പേരിൽ ഒരു കുരിശുപള്ളി സ്ഥാപിച്ചിരുന്നു. ഞായറാഴ്ചകളിൽ വി. കുർബ്ബാനയും നടന്നുവന്നു. 1988 ഫെബ്രുവരി 11 ന് ഇതിനെ ഇടവക പള്ളിയായി ഉയർത്തി. 1990 നവംബർ 17-ന് പുതിയ പള്ളിയുടെ കൂദാശകർമ്മം മാർ ജോസഫ് പള്ളിക്കാപറമ്പിൽ നിർവഹിച്ചു. 96 കുടുംബങ്ങൾ ഉള്ള ഈ പള്ളിയിലെ ഇടവക സമൂഹം ഈ പ്രദേശത്തിന്റെ സർവ്വതോന്മുഖമായ വളർച്ചക്കു വേണ്ടി യത്നി ക്കുന്നു.

8-ാം വാർഡിലെ കുറുമാപ്പുറം നരസിംഹസ്വാമി ക്ഷേത്രത്തിന് ഏതാണ്ട് 2000 വർഷത്തോളം പഴക്കം ഉണ്ടെന്ന് പഴമക്കാർ പറയുന്നു. ഒരു ബ്രാഹ്മണൻ തപസ്സ് ചെയ്ത് നരസിംഹ മൂർത്തിയെ ഈ അമ്പലം സ്ഥിതിചെയ്യുന്ന സ്ഥലത്ത് പ്രത്യക്ഷപ്പെടുത്തി എന്നു പറയപ്പെടുന്നു. വർഷങ്ങൾക്കുശേഷം അവിടെത്താ മസിച്ചിരുന്ന ഒരു ബ്രാഹ്മണ കുടുംബം അവരുടെ സേവാമൂർത്തിയായ ഭദ്രകാളിയുടെ ഒരു ആലയം പണിത് കുടിയിരുത്തി പൂജകൾ നടത്തി വന്നു.

പിന്നീട് മൈസൂർ രാജാവായിരുന്ന ടിപ്പു സുൽ ത്താൻ തിരുവിതാംകൂറിലേയ്ക്ക് പടപ്പുറപ്പാടിന് പ്ലാനുണ്ടെന്നറിഞ്ഞ മേൽ കുടുംബക്കാർ അഭ്യാസ കാര്യങ്ങളിൽ നിപുണന്മാരായ ഒരു നായർ കുടുംബ ത്തെ അമ്പലം ഏല്പിച്ചു. വർഷങ്ങൾക്കുശേഷം ഏറ്റു മാനൂർ ക്ഷേത്രഭരണക്കാരായ എട്ടില്ലങ്ങളിൽ പ്രധാനി യായ അഷ്ടമംഗലത്തായ വല്യടത്തില്ലക്കാർ ക്ഷേത്ര ഭരണം ഏറ്റെടുത്തു. ഈ അടുത്ത കാലത്ത് ക്ഷേത്ര ത്തിന്റെ സ്വത്തുക്കൾ അഖില ഭാരത അയ്യപ്പാസേവാ സംഘത്തിന് കൈമാറി. ഇപ്പോൾ ഇതിന്റെ പുനർനിർമ്മാണം നടന്നുവരുന്നു.

1952-ൽ ശാന്തിപുരം കവലയ്ക്കു സമീപമായി നാട്ടുകാർ വിലയ്ക്കുവാങ്ങിയ സ്ഥലത്ത് മതപഠന ത്തിനായി ഒരു ഷെഡ് നിർമ്മിക്കുകയും ഇലഞ്ഞി പള്ളിയുടെ അസി. വികാരിയായിരുന്ന ഫാ. പോൾ നായ്ക്കര കുടി കുർബ്ബാനയർപ്പിക്കുകയും ചെയ്തു. ഇടവകപള്ളിയാക്കിയ ശാന്തിപുരംപള്ളി വികാരിയായി, ഫാ. ആൻറണി കണ്ണീയു കണ്ടം നിയമിതനാകുകയും ചെയ്തു. ഇന്നുള്ള മനോഹര ദേവാലയം 1962-ൽ നാട്ടുകാരുടെ ശ്രമഫലമായ് നിർമ്മിച്ചതാണ്. വി. സെബാസ്ത്യാനോസിന്റെ നാമധേയമാണ് ഈ പള്ളിക്കുള്ളത്.

കുറവിലങ്ങാട് - മുട്ടുചിറ - തുരുത്തിപ്പള്ളി ജയ്ഗിരി ഇടവകയിൽപ്പെട്ടവർ തങ്ങളുടെ ആത്മീയ കാര്യങ്ങൾ നടത്തുന്നതിനായി വിളയംകോട് കേന്ദ്രമാക്കി ഒരു ദേവാലയം 1957 ൽ നിർമ്മിച്ചു. പള്ളിയോടനുബന്ധിച്ച് ഒരു എൽ.പി. സ്കൂളും ഉണ്ടായിരുന്നു.

അടുത്ത കാലത്ത് പ്രസ്തുത പള്ളി പൊളിച്ച് കാപ്പും തല അടുത്ത് ഫാത്തിമാപുരം എന്ന സ്ഥലത്ത് മുട്ടുചിറപള്ളി നൽകിയ സ്ഥലത്ത് പണിതീർത്തു. 181 ഇടവകക്കാരും 1220 അംഗങ്ങളുമുള്ള ഈ ദേവാലയം ഫാത്തിമ മാതാവിന്റെ നാമധേയത്തിലുള്ളതാണ്.

വിജയപുരം രൂപതയുടെ കീഴിൽ ലത്തീൻ കത്തോലിക്കർക്കായി കാട്ടാമ്പാക്കിൽ 1920-ൽ തീർത്ത വി. കൊച്ചു ത്രേസ്യായുടെ നാമധേയത്തിലുള്ള ദേവാലയം കണക്കൻചേരി എന്ന സ്ഥലത്തുള്ള ആളുകളുടെ ആത്മീയ കാര്യങ്ങൾ നിർവഹിക്കുന്നു. 120 കുടുംബങ്ങൾ ഈ പള്ളിക്കുണ്ട്.

അഭിവന്ദ്യ കുന്നശ്ശേരി പിതാവിന്റെ പ്രത്യേക താല്പര്യപ്രകാരം കടുത്തുരുത്തിക്കും ഞീഴൂറിനും ഇടയ്ക്കുള്ള കത്തോലിക്കരുടെ ആത്മീയ കാര്യങ്ങൾ നടത്തുന്നതിനും പബ്ലിക്ക് സ്കൂളിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുംവേണ്ടി ഈയിടെ സ്ഥാപിത

മായ പള്ളിയാണ് സെൻറ് കുര്യാക്കോസ് ചർച്ച് പാഴുത്തുരുത്ത്.

1966-ൽ തൊമ്മൻ പാറശ്ശേരിൽ നൽകിയ 40 സെൻറ് സ്ഥലത്ത് പാറശ്ശേരി ഭാഗത്തുള്ളവർ ഒരു കുരിശുപള്ളി നിർമ്മിച്ചു. ആണ്ടുവട്ടം തിരുന്നാളാഘോഷങ്ങളും, മാർഗ്ഗംകളി തുടങ്ങിയ കലാപരിപാടികളും ഇവിടെ നടത്തപ്പെടുന്നു.

വളരെ പഴക്കമുള്ള കാട്ടാമ്പാക്ക് കിഴക്കുംഭാഗം പാട്ടുരായ്ക്കൽ ഭഗവതീക്ഷേത്രം ആദ്യകാലത്ത് ഇല്ലത്തുപറമ്പ് എന്നറിയപ്പെടുന്ന സ്ഥലത്തായിരുന്നു എന്നാണ് ഐതീഹ്യം. പിന്നീട് ഈ ക്ഷേത്രം ഇപ്പോൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തേയ്ക്ക് മാറ്റപ്പെട്ടു. 1979-ൽ ഈ ക്ഷേത്രത്തിന് അലങ്കാരഗോപുരം പണിതീർത്തു. ഈയിടെ ഈ ക്ഷേത്രം പുതുക്കി പണിത് പുനഃപ്രതിഷ്ഠ നടത്തി. ദാരുകവധം കഴിഞ്ഞെത്തുന്ന ഭദ്രകാളിയാണ് പ്രധാന പ്രതിഷ്ഠ കളമെഴുത്തു പാട്ടും, മുടിയേറ്റ് മുതലായ അനുഷ്ഠാന കലാരൂപങ്ങൾ ഉത്സവത്തോടനുബന്ധിച്ച് നടത്തിവരുന്നു. മുൻകാലത്ത് ആഘോഷപരമായി നടത്തിയിരുന്ന പറവയ്പ് ഇപ്പോൾ ക്ഷേത്രാങ്കണത്തിലേക്ക് ഒതുങ്ങിയിരിക്കുന്നു. സമീപവാസികൾ തങ്ങളുടെ അമ്മയായി കരുതി ദേവീപൂജകൾ നടത്തി വരുന്നുണ്ട്.

വിവിധ സമുദായങ്ങൾ പരസ്പര മൈത്രീബന്ധം പുലർത്തിപ്പോരുന്ന ഈ പഞ്ചായത്തിലും മാറ്റങ്ങൾക്കായി കാതോർത്തിട്ടുണ്ട്. നാടിൻെറ സമ്പദ്ഘടനയിലും സാമൂഹ്യ-സാംസ്കാരിക കലാരംഗങ്ങളിലും വ്യക്തിമുദ്രപതിപ്പിച്ചിട്ടുള്ള പല മഹാന്മാർക്കും ജന്മം നൽകിയ പഞ്ചായത്താണ് ഞീഴൂർ.

കോട്ടയം രൂപതയുടെ ബിഷപ്പും കെ.സി.ബി.സി. വൈസ് പ്രസിഡൻറും ഐക്യുമെനിക്കൽ കമ്മീഷൻ ചെയർമാനുമായ മാർ കുര്യാക്കോസ് കുന്നശ്ശേരി, സി.എം.എസ്. സദാഭിഷപ്പ്, എൻ.എം. പൗലോസ് നിരപ്പിൽ, വിശിഷ്ട സേവാ മെഡൽ, അതിവിശിഷ്ട സേവാ മെഡൽ എന്നീ കീർത്തിമുദ്രകൾ കരസ്ഥമാക്കിയ എയർമാർഷൽ അബ്രാഹം ചെമ്മലക്കുഴി. മുൻകടുത്തുരുത്തി എം.എൽ.എ. ശ്രീ. പി.എം. മാത്യു മേഘാലയ റസിഡൻറ് കമ്മീഷണർ ശ്രീ സി.എൻ. സോമശേഖരൻനായർ ഐ.എ.എസ്., ഡൽഹിയിൽ സെൻട്രൽ എക്സൈസിൽ കമ്മീഷണറായ ശ്രീ. സി. എൻ. ബാലകൃഷ്ണൻനായർ, (ഐ.ആർ. എസ്.,) കസ്റ്റംസ് അസി. കമ്മീഷണർ മാത്യു സി. ചെമ്മലക്കുഴി, അമേരിക്കയിൽ അഗ്രികൾച്ചറൽ ശാസ്ത്രജ്ഞനായ ഡോ. രാഘവൻനായർ ഓരിൽ, ആലപ്പുഴ പോലീസ് സൂപ്രണ്ടായിരുന്ന ജയിംസ് ജോർജ് കോട്ടായിൽ. ഇൻഡ്യൻ ആർമ്മിയിലെ ലഫ്. കേണൽ ശ്രീ. സി.എൻ. മുരളീധരൻ നായർ, ഇൻഡ്യൻ ആർമ്മിയിൽ ലഫ്നൻറ് കേണലായിരുന്ന (എ.എസ്.സി. കെ.എം. തോമ്മസ് കുരീക്കോട്ടിൽ, സെൻറ് ജോസഫ് സന്യാസിനി സഭയുടെ സുപ്പീരിയർ ജനറലായിരുന്ന സിസ്റ്റർ ആൻ ഗൊരേത്തി കുന്നശ്ശേരി, കോട്ടയം ഡി.ഡി. രവീന്ദ്രകുമാർ, അഗ്രികൾച്ചറൽ ഡയറക്ടറായിരുന്ന ശ്രീ. അബ്രാഹം തടത്തിൽ, അസി. പോലീസ് കമ്മീഷണർ തോമസ് ജോർജ് കോട്ടായിൽ ജസൂട്ട് സഭയുടെ സുപ്പീരിയർ റവ. ഫാ. ജോസ് മുരിക്കൻ, ഈ പഞ്ചായത്തിൻെറ ആരംഭകാലം മുതൽ ദീർഘകാലം പ്രസിഡൻറായിരുന്ന ശ്രീ. എം.സി. പോത്തൻ, സെക്രട്ടറിയായിരുന്ന ശ്രീ. ടി.കെ. ഫിലിപ്പ് തത്തംകുളം, ഇൻഡ്യ ആർമ്മിയിലെ മേജർ സുനിൽ തോമ്മസ് (Infentary) ഞീഴൂർ പഞ്ചായത്ത് എസ്.എൻ.ഡി.പി. യുടെ സ്ഥാപകനേതാക്കളായ അഡ്വ. എം.പി. മണി റ്റി.ഐ. മാധവൻ, തുടങ്ങിയവർ ഞീഴൂർ പഞ്ചായത്തിൻെറ സന്താനങ്ങളാണ്.

പാരമ്പര്യ വൈദ്യശാസ്ത്രത്തിൽ പണ്ഡിതരായ തുരുത്തിപ്പള്ളി വക്കച്ചൻ വൈദ്യൻ, ബാലചികിത്സയ്ക്ക് പേരുകേട്ട നിരപ്പേൽ കൊച്ചു വൈദ്യൻ, തിരുമ്മുചികിത്സ വിദഗ്ദൻ മഠത്തിൽ പത്മനാഭപിള്ള കൈതക്കാട്ട് നിലകണ്ഠൻ വൈദ്യൻ, പുളിക്കീൽ ഔസേഫ് വൈദ്യൻ വിഷ ചികിത്സകരായിരുന്ന കൊച്ചിക്കൻ വൈദ്യൻ, കുര്യൻ പോൾ കുര്യാസ് തുടങ്ങിയവരേയും സ്മരിക്കപ്പെടേണ്ടവരാണ്.

കലാസാഹിത്യ രംഗത്തു വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള വ്യക്തികളും ഈ പഞ്ചായത്തിലുണ്ട്. 50-ൽ പരം ഗ്രന്ഥങ്ങളുടെ കർത്താവും സ്റ്റേറ്റ് അവാർഡും കെ.സി.ബി.സി. സാഹിത്യ അവാർഡും നേടിയ ശ്രീ. വർഗീസ് കാഞ്ഞിരത്തുങ്കൽ, ഞീഴൂർ ദേവരാജൻ, അച്യുതൻ ഞീഴൂർ, കഥകളി ആചാര്യൻ പള്ളിപ്പുറം ഭാസ്കരൻ നായർ, ഉള്ളാക്കുന്നേൽ നീലകണ്ഠപിള്ള, പറൂർ കേശവപിള്ള കിഴക്കേക്കര പാച്ചുപിള്ള തുടങ്ങിയവരും കായിക താരമായിരുന്ന സി.എം. ജോസഫും അവരിൽ ചിലർ മാത്രമാണ്.

വ്യക്തി സ്വാതന്ത്ര്യത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള

ഒരു സമ്പൂർണ്ണ ജനാധിപത്യം ഇവിടെയുണ്ടാകും.

വ്യക്തി സ്വന്തം ഭരണകൂടത്തിന്റെ ശില്പിതന്നെയായിരിക്കും.

അക്രമരാഹിത്യത്തിന്റെ ധർമ്മമാണ്

അവനേയും അവന്റെ ഭരണത്തേയും നിയന്ത്രിക്കുന്നത്.

-മഹാത്മാഗാന്ധി-

ഭൂപ്രകൃതി

പഞ്ചായത്തിന്റെ ഭൂവിസ്തൃതിയിൽ 80 ശതമാനവും കുന്നുകളും ചരിവുകളും നിറഞ്ഞ പ്രദേശങ്ങളും ബാക്കി 20 ശതമാനം നിലങ്ങളുമാണ്. മലഞ്ചെരുവുകളിൽ പാറക്കൂട്ടങ്ങളും ഇളക്ക് കല്ലുകളും വെട്ടുകല്ലും ചേർന്ന മണ്ണിനങ്ങളും താഴ്വരകളിൽ ചെളിമണ്ണും കൂടുതലായി കാണുന്നു.

ഭൂപ്രകൃതിയനുസരിച്ച് ഞീഴൂർ പഞ്ചായത്തിനെ നാലായി തിരിക്കാം.

1. ഉയർന്ന സമതലം
2. ചരിവു പ്രദേശങ്ങൾ
3. താഴ്വരകൾ
4. സമതല പ്രദേശം

ഉയർന്ന പ്രദേശങ്ങൾ

പഞ്ചായത്തിലെ ഉയരം കൂടിയ മലകൾ താഴെ പറയുന്നവയാണ്. തേരാടിമല, തേവർത്തുമല, ചീരാടിമല, വഞ്ചിപ്പാറ, ചിറ നിരപ്പ്, ഊന്നുകല്ല്, മാന്താറ്റുകുന്ന് മല, പതിക്കുന്ന്, ഉരുളുകുന്ന്, മണിമല പുള്ളുവേലിമല, മൂക്കം ചാത്തിമല, മാനാടിമല. ഈ മലകൾ ഒരു കാലത്ത് കാട് പിടിച്ചു കിടന്നിരുന്നു. കാട്ടുമൃഗങ്ങളും അന്ന് ഈ മലകളിൽ പാർത്തിരുന്നു. ചരൽ കലർന്ന ചെമ്മണ്ണുള്ള ഈ പ്രദേശം ഇപ്പോൾ റബ്ബർ കൃഷി ചെയ്യുന്നു. മാവ്, പ്ലാവ്, തെങ്ങ്, കവുങ്ങ്, തേക്ക്, കശുമാവ് തുടങ്ങിയ വൃക്ഷങ്ങളും ഉണ്ട്.

താഴ്ന്ന പ്രദേശങ്ങൾ

മലയുടെ അടിവാരങ്ങളിൽ കാണുന്ന താഴ്ന്ന സമതലപ്രദേശങ്ങൾ ഫലപുഷ്ടിയുള്ള പ്രദേശമായതിനാൽ എല്ലാ വിളകളും സമൃദ്ധിയായി വിളയുന്നു. പ്രധാന കൃഷി നെല്ലാണ്. നെൽപ്പാടങ്ങൾ നികത്തി സമതലത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നവരുമുണ്ട്. സമതലങ്ങളിൽ തെങ്ങ്, കവുങ്ങ്, വാഴ, കൊക്കോ, ജാതി, ഗ്രാമ്പൂ മുതലായവയാണ് കൂടുതൽ. റബ്ബർ ഈ പ്രദേശത്തും കൃഷി ചെയ്യാൻ തുടങ്ങിയിട്ടുണ്ട്.

ജലവിഭവങ്ങൾ

പഞ്ചായത്തിന്റെ നടുഭാഗത്തുകൂടി ഒഴുകുന്ന വലിയ തോടും തോട്ടിലേയ്ക്ക് ഒഴുകിയെത്തുന്ന ചെറുതോടുകളും ചാലുകളും കുളങ്ങളും ചേർന്നതാണ് ഇവിടത്തെ ജലസ്രോതസ്സ്. വലിയ തോട്ടിൽ കുബ്രാമറ്റം, തുരുത്തിപ്പള്ളി, പാഴുത്തുരുത്ത് എന്നിവിടങ്ങളിൽ തീർത്തിട്ടുള്ള ക്രോസ് ബാറുകളും, ഇരപ്പക്കതോട്, മരങ്ങോലിത്തോട്, കടന്നമറ്റം വാളാരംതോട്, കാട്ടാമ്പാക്ക് തോട്, കൂനമ്പാലം തോട്, എന്നിവിടങ്ങളിലെ ചിറകളും വഴി പഞ്ചായത്തിലെ ജലസേചനം നടത്തപ്പെടുന്നു. ഇതുകൂടാതെ കുളങ്ങളും, കിണറുകളും കുടിവെള്ളത്തിനും ജലസേചനത്തിനും ഉപകരിക്കുന്നവയാണ്. പ്രധാന കുളങ്ങൾ താഴെ പറയുന്നവയാണ്.

വാർഡ്	കുളങ്ങളുടെ പേര്
1.	മുത്തുട്കുളം, ഇടത്തനാക്കുളം
2.	വാരമറ്റംകുളം, കുറുമറ്റപള്ളി
3.	ഇരട്ടക്കുളം, കല്ലൻതോട്ടൻകുളം
4.	ഞരക്കോലിക്കുളം
5.	മുട്ടക്കാട്ടുകുളം, ഇടാക്കുഴികുളം.
6.	മലയിൽകുളം, പൈനോലിക്കുളം, കോതോടംകുളം, ഓരിൽക്കുളം
7.	കോട്ടയിൽകുളം, പുത്തൻകുളം
8.	പൂതപാണ്ടൻ ജലസംഭരണി

ജനപ്രകൃതി

1991-ലെ കാനേഷുമാരി കണക്കുകൾ പ്രകാരം ഞീഴൂർ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 17651 ആണ്. ഇതിൽ 8840 പുരുഷന്മാരും 8811 സ്ത്രീകളുമാകുന്നു. സ്ത്രീകളെ അപേക്ഷിച്ച് 29 പുരുഷന്മാർ കൂടുതലാണ്. ഈ പഞ്ചായത്തിൽ സംസ്ഥാന ശരാശരിയിൽ കൂടുതൽ സ്ത്രീകളാണ്. ആകെ 3785 വീടുകളുണ്ട്. വീടൊന്നിന് ശരാശരി 5.15 ആളുകൾ ഉണ്ട്. ജാതിപരമായ ഉച്ചനീചത്വങ്ങൾ നിലനിന്നിരു

ന്നെങ്കിലും കാലത്തിന്റെറ കുത്തൊഴുക്കിൽ ഈ അവസ്ഥയ്ക്ക് മാറ്റം വന്നിട്ടുണ്ട്. ഹിന്ദുക്കളും കൃസ്ത്യാനികളുമാണ് ഈ പഞ്ചായത്തിലുള്ളത്. മുസ്ലിം കുടുംബങ്ങൾ ഈ പഞ്ചായത്തിലില്ല എന്നത് എടുത്തു പറയേണ്ട കാര്യമാണ്. മതസൗഹാർദ്ദം നില നില്ക്കുന്ന ഒരു പഞ്ചായത്താണിത്. പട്ടിക ജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ട 983 അംഗങ്ങളും ഇരുനൂറ് കുടുംബങ്ങളും ഉണ്ട്. ഈ പഞ്ചായത്തിലെ 15241 പേർ സാക്ഷരരാണ്. ഇത് മൊത്തം ജനസംഖ്യയുടെ 90 ശതമാനത്തിലധികമാണ്.

വാർഡ് തലത്തിൽ ജനസംഖ്യ (1991)

വാർഡ്	പുരുഷന്മാർ	സ്ത്രീകൾ	ആകെ
1	907	1013	1920
2	985	996	1981
3	989	1022	2011
4	994	910	1913
5	1031	981	2012
6	981	990	1971
7	941	905	1846
8	998	994	1992
9	1014	991	2005
ആകെ	8840	8811	17651

വികസന മേഖലകൾ

പ്രാഥമിക വികസനമേഖലയിൽ കൃഷി, ജലസേചനം, മൃഗസംരക്ഷണം, മത്സ്യബന്ധനം ഇവ ഉൾപ്പെടത്തിയിരിക്കുന്നു.

ദ്വിതീയ മേഖലയിൽ വ്യവസായം, ഊർജ്ജം ഗതാഗതം വാർത്താവിനിമയം, മാർക്കറ്റി ഇവ ഉൾപ്പെടുത്തിയിട്ടുണ്ട്.

തൃതീയ മേഖലയിൽ പാർപ്പിടം, സാമൂഹ്യക്ഷേമം, കുടിവെള്ളം, ആരോഗ്യം, വിദ്യാഭ്യാസം, സംസ്കാരം, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം, വനിതാക്ഷേമം, സഹകരണം, വിഭവസമാഹരണം തുടങ്ങിയവയാണ് പ്രധാന പ്രതിപാദ്യം

പ്രാഥമിക മേഖല

1. കൃഷിയും ജലസേചനവും

ണീഴൂർ പഞ്ചായത്തിൽ ആകെ 3785 കുടുംബങ്ങളാണുള്ളത്. അതിൽ 90 ശതമാനവും കാർഷിക കടംബങ്ങളാണ്. നെല്ല്, മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ, ഇഞ്ചി, മഞ്ഞൾ, കച്ചോലം തെരുവ, വാഴ, തെങ്ങ് മുതലായവയായിരുന്നു പണ്ടത്തെ പ്രധാന കൃഷികൾ. ഭൂമിയുടെ ഉടമസ്ഥത പ്രധാനമായും ജന്മികളിലും പണ്ടാരവകയിലും നിക്ഷിപ്തമായിരുന്നു. കൃഷിചെയ്യാനുള്ള ഉത്തരവാദിത്വം പാട്ടക്കാരനായിരുന്നു. കൃഷിയിൽ നിന്നും ആദായം കുറഞ്ഞാലും പാട്ടം കൃത്യമായി കൊടുക്കണമായിരുന്നു. ജന്മിമാർ തങ്ങളുടെ കൈവശഭൂമിയിൽ കർഷകതൊഴിലാളികളെ കുടികിടപ്പുകാരായി പാർപ്പിച്ചിരുന്നു. കർഷകതൊഴിലാളികളാകട്ടെ തങ്ങളുടെ കുടുംബം മുഴുവൻ ഭക്ഷണത്തിനുവേണ്ടി മാത്രം മേലാളന്മാർക്ക് കീഴ്പ്പെട്ട് പണിയെടുക്കേണ്ടിവന്നു. ഇത് അവരുടെ വിദ്യാഭ്യാസത്തിനും, സാമ്പത്തീക വളർച്ചയ്ക്കും തടസ്സമായി.

എന്നാൽ ഭൂപരിഷ്കരണം വന്നപ്പോൾ കുടിയാന് ജന്മിയുടെ പണ്ടാരവക ഭൂമിയിൽ സ്വന്തം ഉടമസ്ഥതയിൽ ഭൂമിലഭിച്ചു. മുതലാളിക്കുവേണ്ടി മാത്രം പണിയെടുക്കുക എന്നതിൽ നിന്നും ന്യായമായ കൂലിക്കുവേണ്ടി പണിയെടുക്കുകയെന്നരീതിയിലായി.

അന്ന് ധാരാളം ഭൂമി കൃഷിചെയ്യാതെ കിടന്നിരുന്നു. ചെറിയ മലകളിൽ കാശാവ്, കലമ്പട്ട, കൊങ്ങിണി വളർ, പൂച്ചച്ചെടി, ഞാറ തുടങ്ങിയ കുറ്റിച്ചെടികളും ആഞ്ഞിലി, കശുമാവ്, പ്ലാവ്, മാവ് തുടങ്ങിയ വൃക്ഷങ്ങളും ആയി കാട്പിടിച്ച് കിടന്നിരുന്നു. മലയുടെ അടിവാരങ്ങളിൽ നെൽപാടങ്ങളായിരുന്നു. മുണ്ടകൻ, ആര്യൻ, ഇട്ടികണപ്പൻ, ചെമ്പാവ് തുടങ്ങിയ നെല്ലിനങ്ങളായിരുന്നു അന്നത്തെ കൃഷികൾ. നിലം ഉഴുന്നതിന് കാള, പോത്ത് ഇവയെ ഉപയോഗിച്ചിരുന്നു. ചാണകം, ചവറ്, ചാരം ഇവയാണ് പ്രധാന വളങ്ങൾ. പ്രധാനമായും മഴയെ ആശ്രയിച്ചാണ് കൃഷി. തോടുകളിൽ ഏരിതാഴ്ത്തി ചിറകെട്ടിയും കുളങ്ങൾ കുത്തി തേകിയും ജലസേചനം നടത്തിയിരുന്നു. മലഞ്ചെരുവുകളിൽ തെരുവ കൃഷിചെയ്ത് അവ വാറ്റിതൈലം എടുത്തിരുന്നു. കൃഷിയിൽ കഠിനാദ്ധ്വാനം ചെയ്തിരുന്നെങ്കിലും കഷ്ടിച്ച് ഉപജീവനം കഴിഞ്ഞുപോകാൻ പറ്റുമെന്നല്ലാതെ കാര്യമായനേട്ടങ്ങൾ ഉണ്ടായിരുന്നില്ല. മഴക്കാലത്ത് പല കുടുംബങ്ങളും പട്ടിണിയായിരുന്നു. പന ഇടിച്ച് പൊടിച്ചെടുത്ത് കുറുക്കിതിന്നും, വരക് കഞ്ഞികുടിച്ചും, മാമ്പഴം, ചക്കപ്പഴം, ആഞ്ഞിലിക്കാ മുതലായവ പറിച്ചുതിന്നും വിശപ്പടക്കുന്നവരായിരുന്നു പലരും.

1970കളോടെ കാർഷികരംഗത്തുണ്ടായ പ്രധാന മാറ്റമായിരുന്നു യന്ത്രവത്കരണത്തിന്റെ കടന്നുകയറ്റവും ഉല്പാദനവിതരണ സംസ്കരണ രംഗങ്ങളിൽ ശാസ്ത്രീയ കൃഷിരീതികൾ അവലംബിച്ചു തുടങ്ങിയതും. രാസവളം, കീടനാശിനികൾ എന്നിവ വ്യാപകമായ തോതിൽ ഉപയോഗിച്ചു തുടങ്ങിയതും ഇക്കാലയളവുമുതൽക്കായിരുന്നു. കാർഷി

കമേഖലയിൽ ഭക്ഷ്യവിളകളിൽ നിന്നും ദീർഘകാല നാണ്യവിളകളിലേയ്ക്കുള്ള മാറ്റം കർഷകന് കൂടുതൽ സാമ്പത്തികനേട്ടം ഉണ്ടാക്കി. കുന്നുകാലാകൾ റബ്ബർ തോട്ടങ്ങളായി. നെൽകൃഷിയിൽ IR8, H4 തുടങ്ങിയ വിത്തുകളുടെ ഉപയോഗം ടില്ലർ, ട്രാക്ടർ തുടങ്ങിയ ഉപകരണങ്ങൾ, രാസവളപ്രയോഗം മുതലായവ ആദായം വർദ്ധിപ്പിക്കുവാൻ സഹായകമായി. കാർഷികധനസഹായ ബാങ്കുകൾ സഹകരണ സംഘങ്ങൾ, കൃഷിഭവനുകൾ എന്നിവ കർഷകന് വേണ്ട സഹായങ്ങൾ നൽകി. റബ്ബർ, തെങ്ങ് മുതലായവ നെല്ലിനേക്കാൾ ആദായകരം എന്നുകണ്ടപ്പോൾ നെൽപ്പാടങ്ങളിൽ തെങ്ങും റബ്ബറും കൃഷിചെയ്യാൻ തുടങ്ങി. തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി ജാതി, ഗ്രാമ്പു, കൊക്കോ തുടങ്ങിയവ കൃഷിചെയ്തു. വൈദ്യുതി വന്നതോടെ പമ്പുസെറ്റുകൾ ഉപയോഗിച്ച് ജലസേചനം നടത്തി. കൃഷിഭവൻ കണക്കനുസരിച്ച് 2667.36 ഹെക്ടർ പുരയിടവും 309.09 ഹെക്ടർ നിലവും കൃഷിയോഗ്യമായിട്ടുണ്ട്.

50% കർഷകരുടെ കാർഷിക വരുമാനം വളരെ തുഛമാണ്. കൃഷിയെ ആശ്രയിച്ച് മാത്രം ജീവിക്കാൻ പറ്റാത്തതുകൊണ്ട് മറ്റ് മേഖലകളിലേയ്ക്ക് അവർ തിരിഞ്ഞു. കാർഷികവൃത്തി ഒരു മാന്യമായ തൊഴിലായി സമൂഹം അംഗീകരിച്ചിട്ടില്ല. കർഷകൻ ഉല്പാദിപ്പിക്കുന്ന വിളകൾക്ക് ന്യായമായവില ലഭിക്കുന്നില്ല. ഇടനിലക്കാർ ചൂഷണം ചെയ്യുന്നു. വളത്തിന് വിലവർദ്ധിച്ചതും, കൂലിനിരക്ക് കൂടിയതും അവനെ കൃഷിയിൽ നിന്നും പിന്തിരിപ്പിക്കുന്നു.

പ്രധാന കൃഷികൾ

1. നെൽകൃഷി

ഭക്ഷ്യോൽപാദനത്തിൽ സ്വാശ്രയത്തിന്റെ തോത് ഇന്നത്തെ നിലയിലെങ്കിലും നിലനിർത്തണമെങ്കിൽ നെൽകൃഷി വികസനത്തിന് ഊന്നൽകൊടുത്തേപറ്റൂ. പക്ഷെ വിവിധ കാരണങ്ങളാൽ നെൽകൃഷി ഇന്ന് ലാഭകരമല്ല. അതിന് പരിഹാരം കാണണം.

തെങ്ങ്കൃഷി സംബന്ധിച്ച വിവരങ്ങൾ

വാർഡ്	തെങ്ങ്കൃഷി വിസ്തീർണ്ണം	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	കേടുവന്നവ
I	43	759	5982	6741	2532
II	34	450	4413	4863	2104
III	46	515	5215	5730.	2238
IV	35	442	4215	4657	2159
V	33	352	3915	4267	1479
VI	39	496	5009	5505	2346
VII	40	519	5250	5769	2756
VIII	48	494	4956	5450	2529
IX	37	386	4132	4518	2312

വിള വിസ്തീർണ്ണവും ഉത്പാദനവും (കൃഷിഭവൻ റിപ്പോർട്ട്)

വിള	വിസ്തീർണ്ണം (ഹെ.)	ഉല്പാദനക്ഷമത (കി.ഗ്രാം)
നെല്ല് ഒന്നാംവിള	85	2250
നെല്ല് രണ്ടാംവിള	70	2000
പയർ	12	2500
പച്ചക്കറികൾ	24	2500
തെങ്ങ്	35.54	5200
വാഴ	25	15
മരച്ചീനി	27	8500
റബ്ബർ	2218	1500
കുരുമുളക്	48	6000

ഗ്രൂപ്പ് ഫാമിംഗ് സമിതികൾ വഴി ഗവൺമെന്റ് കർഷകരെ സഹായിക്കാൻ തയ്യാറാകുന്നില്ലെങ്കിൽ നെല്ലിന്റെ ഉല്പാദനം ഓരോ വർഷവും കുറഞ്ഞുവരും. ഇന്ന് കേരളത്തിൽ നമുക്കാവശ്യമായ അരിയുടെ 30% മാത്രമേ ഉല്പാദിപ്പിക്കുന്നുള്ളു. കർഷകത്തൊഴിലാളികളുടെ അഭാവം - കൂലിയിൽ ഉള്ള വർദ്ധന, രാസവളകീടനാശിനികളുടെ വില വർദ്ധന, മറ്റ് വിളകളുമായി താരതമ്യം ചെയ്യുമ്പോൾ നെല്ല് ആദായകരമല്ലെന്നത്, വേണ്ടത്ര ജലലഭ്യത ഇല്ലായ്മ ഇതൊക്കെ നെൽകൃഷിയിൽ നിന്നും മാറിപോകുന്നതിന് കർഷകനെ പ്രേരിപ്പിക്കുന്ന ഘടകങ്ങളാണ്. ഞീഴൂർ പഞ്ചായത്തിൽക്കൂടി പോകുന്ന MVIPയുടെ കനാൽ പൂർത്തിയാകുമ്പോൾ ഇരുപ്പുനിലങ്ങൾ 3 പ്രാവശ്യം കൃഷിചെയ്യാവുന്ന രീതിയിൽ ജലംലഭ്യമാകുമെന്നാണ് പ്രതീക്ഷ. ഇപ്പോൾ രണ്ടാംവിള കഴിഞ്ഞ് പാടങ്ങളിൽ പയർ-പാവൽ-പടവലം മുതലായവകൊണ്ട് കൃഷികൾ ചെയ്യുന്നുണ്ട്.

ന്യൂക്ലിയർ കുടുംബങ്ങളുടെ വരവോടെ നമ്മുടെ പഭോഗസംസ്കാരത്തിന് ആക്കം ഏറിയിരിക്കുകയാണ്. കൃഷിചെയ്ത് ഉണ്ടാക്കുന്നതിന് പകരം വിലകൊടുത്താൽ കിട്ടും എന്ന ക്ലേശരഹിതമായ തത്വശാസ്ത്രത്തിലേക്ക് നമ്മുടെ സുഖേച്ഛയെ എത്തിച്ചിരിക്കുന്നു. ഉപഭോഗസംസ്കാരം വളർത്തിയ അമിതാലസ്യം കൃഷിപ്പണി പ്രത്യേകിച്ച് നെൽക്കൃഷി ഒരു രണ്ടാംതരം തൊഴിലെന്ന് ചിന്തയിലേക്ക് കർഷകനെ എത്തിച്ചിരിക്കുന്നു.

തെങ്ങ്

ഒരുകാലത്ത് നമ്മുടെ നാട്ടിലെ മുഖ്യനാണ്യവിള എന്ന കണക്കാക്കിയിരുന്നതും, നാം കല്പവൃക്ഷം എന്ന വിശേഷിപ്പിച്ചിരുന്നതുമായ തെങ്ങ് ഇന്ന് രോഗബാധമൂലം ഏതാണ്ട് നാമാവശേഷമായി വരുകയാണ്. ഞീഴൂർ പഞ്ചായത്തിലെ തെങ്ങുകൃഷിക്കാർ തെങ്ങുരോഗംമൂലം മാനസീകമായി വളരെ വിഷമത്തിലാണ്. കാരണം ഗവണ്മെന്റ് പല പഞ്ചായത്തുകളിലും നടപ്പാക്കിയ തെങ്ങ് മാറിനടുന്നതിനുള്ള പദ്ധതി പലപ്രാവശ്യം മെമ്മോറാണ്ടം നൽകിയിട്ടും ഈ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. ഇൻഡ്യ സ്വാതന്ത്ര്യം പ്രാപിക്കുമ്പോൾ തേങ്ങാഉല്പാദനത്തിന്റെ 70% കേരളത്തിൽ നിന്നായിരുന്നെങ്കിൽ ഇന്ന് അത് 43% ആയി കുറഞ്ഞിരിക്കുന്നു. തേങ്ങയുടെ വിലക്കുറവ് – ജലസേചന സൗകര്യമില്ലായ്മ, വളങ്ങളുടെ വില വർദ്ധനവ് തുടങ്ങിയ പ്രതികൂലാവസ്ഥയിൽ ഓലമഞ്ഞളിപ്പ്, കൂമ്പുചീയൽ, ചെന്നീരൊലിപ്പ്, ചെല്ലിയുടെ ഉപദ്രവം തുടങ്ങിയ തെങ്ങ് രോഗങ്ങൾ കേരകർഷകനെ കഷ്ടത്തിലാക്കി.

റബ്ബർ

നാണ്യവിളകളിൽ ഒന്നാംസ്ഥാനത്തു നില്ക്കുന്ന റബ്ബർ കൃഷിയാണ് ഞീഴൂർ പഞ്ചായത്തിലെ പ്രധാന കൃഷി. മറ്റെല്ലാ കൃഷികളുടേയും ഉല്പാദനം കറഞ്ഞപ്പോൾ റബ്ബർ കൃഷിക്കുമാത്രം ഉല്പാദനവും കൃഷിയും വർദ്ധിക്കുകയാണ് ചെയ്തത്. റബ്ബർകൃഷി ഇന്ന് തുണ്ട് ഭൂമികളിലേക്കും വ്യാപിക്കുകയും എല്ലാകർഷകരുടേയും മുഖ്യ വരുമാനമാർഗ്ഗമായി തീരുകയും ചെയ്തു. 1960-കളിലും 70കളിലും റബ്ബർ ബോർഡ് കൃഷിക്കാർക്ക് നൽകിയ വായ്പാ സൗകര്യങ്ങളിലും സബ്സിഡികളും കർഷകരെ ഈ കൃഷിയിലേക്ക് ആകർഷിച്ചു. എന്നാൽ ഉദ്ദേശിച്ച ഉല്പാദനം ഉണ്ടായില്ല. കാരണം റബ്ബർ ശാസ്ത്രീയമായി കൃഷിചെയ്യേണ്ടത് എങ്ങനെയെന്നുള്ള കർഷകന്റെ അജ്ഞത, കറയെടുപ്പിലുള്ള പരിശീലനമില്ലായ്മ, കുമിൾരോഗങ്ങൾ, വേനൽക്കാലവരൾച്ച തുടങ്ങിയവയാണ്. റബ്ബർബോർഡിൽനിന്നും നൽകുന്ന പുതുകൃഷിക്കും – ആവർത്തനക്കൃഷിക്കുമുള്ള സബ്സിഡികളും വായ്പകളും കാലോചിതമായി വർദ്ധിപ്പിച്ച് നൽകേണ്ടതാണ്.

കൃഷിഭവൻ റിപ്പോർട്ടനുസരിച്ച് 2218 ഹെക്ടർ സ്ഥലത്ത് ഞീഴൂർ പഞ്ചായത്തിൽ റബ്ബർ കൃഷിയുണ്ട്. റബ്ബർ ബോർഡിന്റെ ഒരു ഫീൽഡ് ഓഫീസ് ഞീഴൂർ പ്രവർത്തിക്കുന്നുണ്ട്. കടുത്തുരുത്തി റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയിലെ അംഗങ്ങളാണ് ഇവിടെയുള്ള റബ്ബർ കർഷകർ. ഉദയംചേരി, ഞീഴൂർ, വടക്കേനിരപ്പ്, മരങ്ങോലി, മഠത്തിപറമ്പ്, വാക്കാട്, ചായമാക്ക് എന്നിവിടങ്ങളിൽ R.P.S. കൾ പ്രവർത്തിക്കുന്നുണ്ട്.

കുരുമുളക്

കുരുമുളക് വിദേശനാണ്യം നേടിതരുന്ന സുഗന്ധവിളയാണല്ലൊ. ഈ പഞ്ചായത്തിലെ എല്ലാവീടുകളിലും ചുരുങ്ങിയതോതിലെങ്കിലും കുരുമുളക് കൃഷിചെയ്തിരുന്നു. എന്നാൽ കരുമുളകിനെ ബാധിച്ച രോഗങ്ങളും, വേനൽക്കാലവരൾച്ചയും, കൃഷിഭൂമിയിലെ ചോലകളും ഈ കൃഷിയെ നാമമാത്രകൃഷിയാക്കിയിരിക്കുന്നു.

കിഴങ്ങുവർഗ്ഗങ്ങൾ

ഒരുകാലത്ത് കേരളീയരുടെ മുഖ്യ ആഹാരമായിരുന്ന മരച്ചീനി ഇന്ന് ചന്തകളിൽനിന്നും വാങ്ങിക്കഴിക്കേണ്ട ഗതിയിലാണ്. വ്യാപകമായ രീതിയിൽ റബ്ബർകൃഷി വന്നതും, എലിശല്യവും, കൂലിവർദ്ധനവും ഈ കൃഷിയിൽ നിന്നും കർഷകരെ പിന്തിരിപ്പിച്ചു. ചേന, കാച്ചിൽ, ചേമ്പ്, ചെറുകിഴങ്ങ് ഇവ ഇന്ന് വളരെ കുറച്ച് വീടുകളിലേ കാണൂ.

സുഗന്ധവിളകൾ

ഇഞ്ചി മഞ്ഞൾ കച്ചോലം തുടങ്ങിയ കൃഷികൾ സ്ഥലപരിമിതിയും, സ്ഥിരമായ നിലവാരമില്ലായ്മ മൂലവും നാമമാത്രമായി ജലസേചനമുള്ളിടത്ത് ജാതി, ഗ്രാമ്പു തുടങ്ങിയവ കൃഷിചെയ്യുന്നുണ്ട്.

പാവൽ-പയറ്-പടവലം മുതലായവയുടെ കൃഷി പഴയതിലും കൂടുതലായി ഈ പഞ്ചായത്തിൽ ഇപ്പോഴുണ്ട്. എന്നാൽ വിപണന സൗകര്യകുറവ്, വളങ്ങളുടെ വിലകയറ്റം ജലസേചനമില്ലായ്മ തുടങ്ങിയവ കർഷകരുടെ പ്രശ്നങ്ങളാണ്.

വാഴക്കൃഷി

വിപുലമായ രീതിയിൽ നേന്ത്രവാഴ കൃഷിചെയ്യുന്നു. അതും പാടശേഖരങ്ങളിൽ. കീടബാധകളും, കൂലിച്ചെലവിന്റെ കൂടുതലും വിപണനത്തിൽ ഇടത്തട്ടുകാരുടെ കൊള്ളലാഭവും ഇതിനുമുണ്ട്.

കൊക്കോ കൃഷി

ഞീഴൂർ പഞ്ചായത്തിൽ കൊക്കോ കൃഷി വ്യാപകമായിട്ടുണ്ടായിരുന്നു. കൊക്കൊക്കുരു സംസ്കരിക്കുന്ന നിക്കോസ് എന്ന ഫാക്ടറിയും മരങ്ങോലിയിൽ ഉണ്ട്. പക്ഷെ ഈ അടുത്തകാലത്ത് കൊക്കൊ പലരും വെട്ടി റബ്ബർകൃഷി ചെയ്തു. പ്രധാനമായും എലി, അണ്ണാൻ എന്നിവയുടെ ശല്യവും ന്യായമായ വിലലഭിക്കായ്കയും, വളത്തിന്റെ വിലവർദ്ധനയുമാണ് കൊക്കൊകൃഷി കുറയാൻ കാരണം.

മരങ്ങോലിയിലുള്ള നിക്കോസ് എന്ന ഫാക്ടറി കാംകോയുടെ കീഴിലാണ്. ആ സൊസൈറ്റിയെ സ്വതന്ത്ര മാക്കി കൊക്കൊ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന ഫാക്ടറിയാക്കിയാൽ കർഷകർക്ക് നല്ലവിലകൊടുക്കാം. കൃഷിവികസനത്തിന് പ്രോത്സാഹനവും ആകുമ്പോൾ കൊക്കൊ ഇനിയും കൂടുതലായി കൃഷിചെയ്യാം.

കൈതച്ചക്ക

തുരുത്തിപ്പള്ളി കേന്ദ്രമായി TICCOS എന്ന ഒരു പഴ സംസ്കരണ ഫാക്ടറി ഉണ്ട്. ഞീഴൂർ പഞ്ചായത്ത് കൈതച്ചക്കകൃഷിക്ക് പറ്റിയതാണ്. കർഷകർക്ക് വേണ്ടത്ര പ്രോത്സാഹനം നൽകിയാൽ പ്രസ്തുത കൃഷി കൂടുതലായി ഉണ്ടാകും. TICCOS ന് ആവശ്യമായ കൈതച്ചക്ക കിട്ടുകയും ചെയ്യും.

ഓർക്കിഡ് – ആന്തൂറിയം കൃഷി

ആഡംബര പുഷ്പവിളകളായ ഓർക്കിഡ് ആന്തൂറിയും എന്നിവയ്ക്കു ദേശീയ അന്തർദേശീയ വിപണികളാണുള്ളത്. ഇവ വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്താൽ കൂടുതൽ വരുമാനവും വിദേശനാണ്യവും നേടാൻ കഴിയും. വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതിയായി ഈ കൃഷിചെയ്യാം. ഇപ്പോൾതന്നെ പലവീടുകളിലും ചെറിയ തോതിൽ കൃഷിയുണ്ട്. താല്പര്യമുള്ള വനിതകൾക്ക് പരിശീലനം നൽകി ഒരു സൊസൈറ്റി രൂപീകരിച്ച് ഈ കൃഷി ഈ പഞ്ചായത്തിൽ വികസിപ്പിക്കാവുന്നതാണ്.

നടപ്പു പദ്ധതികൾ

1987–ൽ ആരംഭിച്ച കൃഷിഭവൻ വഴിയാണ് ഞീഴൂർ പഞ്ചായത്തിലെ കാർഷിക വികസനം നടത്തുന്നത്. ഒരു കൃഷി ആഫീസറും മൂന്ന് കൃഷി അസിസ്റ്റന്റുമാരും സേവനം ചെയ്യുന്ന ഈ ഓഫീസിൽ വേണ്ടത്ര സൗകര്യങ്ങളില്ല. ചുറ്റും മതിലില്ല. ഫീൽഡിൽ പ്രവർത്തിക്കാൻ വേണ്ടത്ര സ്റ്റാഫും ഇല്ല.

ഗ്രൂപ്പ്ഫാമിങ് പദ്ധതി

നെല്ല്, തെങ്ങ് കൃഷികളുടെ വികസനത്തിന് സമിതികൾ ഉണ്ടാക്കിയിട്ടുണ്ട്. ഈ വർഷം 17000 തെങ്ങുകൾക്ക് തെങ്ങൊന്നിന് 3 Kg വളം വീതം സൗജന്യനിരക്കിൽ വിതരണം ചെയ്തു. പൂർണ്ണമായി നൽകാൻ സാധിച്ചില്ല. നെൽകൃഷിക്ക് നൽകിയിരുന്ന വളം സബ്സിഡി ഇപ്പോൾ ലഭിക്കുന്നില്ല.

കഴിഞ്ഞവർഷങ്ങളിൽ കൊടുത്തവ

പമ്പുസെറ്റ്	–	225
ടില്ലർ	–	1
സ്പ്രെയർ	–	7
ബയോഗ്യാസ്	–	70

പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതിപ്രകാരമുള്ള ബണ്ട്കെട്ടുക. ചാലുകൾ നിർമ്മിക്കുക, പമ്പ്സെറ്റ് സ്ഥാപിക്കുക മുതലായ പദ്ധതികൾ ഒന്നും ഞീഴൂർ കൃഷിഭവൻ വഴികിട്ടാറില്ല.

നടീൽ വസ്തു വിതരണം

		1993–94	94–95	95–96
തെങ്ങിൻതൈ	T × D	125	95	100
"	W.C.T.	400	125	800
കുരുമുളക് വള്ളി		10000	–	2200
മാവിൻതൈ ഗ്രാഫ്റ്റ്		–	–	30
പ്ലാവ് ഗ്രാഫ്റ്റ്		–	–	60
കൊക്കോതൈ		1550	–	–
കൊക്കോ ഗ്രാഫ്റ്റ്		100	–	125
വാഴവിത്ത്		–	4000	1176

1995–1996 വരെ കൃഷിഭവൻ മുഖേന വിതരണം ചെയ്ത കാർഷിക ഉപകരണങ്ങൾ

വാർഡ്	ഉഴവ്, ട്രാക്ടർ	ഉപകരണങ്ങൾ ടില്ലർ	നാടൻ	മരുന്നുതളി ഉപകരണങ്ങൾ കലപ്പ	റോക്ക് സ്പ്രെയർ	തെങ്ങു കയറ്റ യന്ത്രം	പമ്പു സെറ്റ്
I	–	–	5	10	8	–	113
II	–	–	–	15	10	–	121
III	–	–	7	22	9	–	137
IV	–	–	8	27	13	2	144
V	–	1	–	15	22	1	132
VI	–	1	8	20	17	–	141
VII	–	1	9	12	12	–	156
VIII	1	1	10	24	19	–	196
IX	–	–	22	27	20	–	217

കൃഷിഭവൻ മുഖേന കർഷകർക്ക് ലഭ്യമാക്കിയിട്ടുള്ള ആനുകൂല്യങ്ങൾ (96– 97, ൽ നടപ്പാക്കിയതും, നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതുമായവ)

ക്രമ നമ്പർ	ഇനം	ഗുണഭോക്താക്കൾ എണ്ണം	തുക
1.	തെങ്ങ് (വളം) –		1,10,500
2.	പച്ചക്കറി (ഹരിജൻ കർഷകർക്ക്)		10 2500
3.	കൊക്കോ കൃഷി	25	10,000
4.	കൊക്കോ പുതുക്കൃഷി	8	4000
5.	വെറ്റില	3	2000
6.	സ്പെയർ (വെറ്റില കൃഷി)	1	500
7.	കുരുമുളക് (കയ്യാല പണിയുന്നതിന്)	3	3000
8.	പമ്പുസെറ്റ് (തെങ്ങ് കർഷകർക്ക്)	50	1,25,000
9.	കിണർ (തെങ്ങ് കർഷകർക്ക്)	30	75,000
10.	തൊഴിൽദാനപദ്ധതി (കാലിവളർത്തൽ സബ്സിഡി)	12	7,400
11.	പ്രകൃതിക്ഷോഭം മൂലം കൃഷിനശിച്ച കർഷകർക്ക്	81	52,260
12.	ഇഞ്ചി	26	22400

ജലസേചനം

ജലസേചനം വ്യാപകമാക്കുകവഴി നെല്ല്, തെങ്ങ്, കമുക്, വാഴ, പച്ചക്കറികൾ തുടങ്ങിയ ഒട്ടേറെ വിളകളുടെ ഉത്പാദനക്ഷമതയിൽ ഗണ്യമായ വർധന കൈവരിക്കാൻ കഴിയും. സ്വകാര്യ സംരംഭങ്ങളായും, കൂട്ടായ സംരംഭങ്ങളായും പഞ്ചായത്ത് സംവിധാനങ്ങളായും ജലസേചന പരിപാടികൾ വിപുലകരിക്കുന്നതിനുള്ള പരിപാടിക്ക് രൂപം നൽകാം.

ഞീഴൂർ പഞ്ചായത്തിലെ പ്രധാന ജലസേചന മാർഗ്ഗം ഈ പഞ്ചായത്തിൽ കൂടി മോനിപ്പള്ളി ഭാഗത്തുനിന്നുത്ഭവിച്ച് കടുത്തുരുത്തിയിലേക്ക് പോകുന്ന വലിയതോടാണ്. ഈ തോട്ടിൽ മുപ്പനത്ത് തുരുത്തിപ്പള്ളി, കൂമ്പ്രാമറ്റം എന്നീ മൈനർ ഇറിഗേഷൻ ചിറകൾവഴിയാണ് ജലസേചനം ലഭിക്കുക.

MIVPയുടെ കനാൽ പദ്ധതി ഞീഴൂർ പഞ്ചായത്തിൽ നടപ്പാക്കികൊണ്ടിരിക്കുകയാണ്. മുൻ MLA ശ്രീ. P.M. മാത്യുവിന്റെ ശ്രമഫലമായി ഏറ്റെടുത്ത കനാലിന്റെ പണികളും 16 കനാൽ ലിങ്കു റോഡുകളുടെ പണികളും നടക്കുന്നു. അത് പൂർത്തിയാക്കിയാൽ ഞീഴൂരിന്റെ ജലസേചന – കുടിവെള്ളക്ഷാമം തീരും. ഈ പഞ്ചായത്തിലെ VIII–ാം വാർഡിൽ ചിറനിരപ്പിൽ ഭൂതപ്പാണ്ടൻ ചിറ എന്ന പേരിൽ അറിയപ്പെടുന്ന ഒരു ചിറയുണ്ട്. അതിലെവെള്ളം രണ്ടു വാർഡുകളിൽ കൃഷിക്കും ഉപയോഗിച്ചിരുന്നു. ഇന്ന് അത് ലഭ്യമല്ല. പഞ്ചായത്ത്വക 12 ഏക്കർ 60 സെന്റ് സ്ഥലം ജല സംഭരണിയായി അവിടെയുണ്ട്. ചുറ്റും മലകളാണ്. കുറെ ഭാഗത്ത് ക്രോസ് ബാർ കെട്ടിയാൽ ഒരു വലിയ ജലസംഭരണി ഉണ്ടാക്കാൻ പറ്റും. ഇത് കൃഷിക്കും, കുടിവെള്ളത്തിനും ഉപയോഗിക്കാം. അതുപോലെ തന്നെ വലിയതോട്ടിലെ ക്രോസ് ബാറുകൾ വേനൽക്കാലത്ത് തുറന്നുവിടാതിരുന്നാൽ കുടിവെള്ളവും ജലസേചനവും ലഭ്യമാക്കാം.

ഗ്രാമസഭയിൽ ഉരുത്തിരിഞ്ഞ പ്രശ്നങ്ങൾ

1. മഴ വെള്ളമുപയോഗിച്ച് പ്രധാനമായും തോട് കുളങ്ങൾ ഇവയിലൂടെ ഭാഗീകമായും ജലസേചനം നടത്തുന്ന ഈ പഞ്ചായത്തിൽ കൃഷിക്കാവശ്യമായ ജലം ലഭ്യമാകുന്നില്ല.
2. വലിയ തോട്ടിൽ നിർമ്മിച്ചിരിക്കുന്ന ക്രോസ്ബാറുകളായ മൂപ്പനത്തുചിറ, തുരുത്തിപ്പള്ളിചിറ, കൂമ്പ്രാമറ്റംചിറ തുടങ്ങിയ ചിറകളുടെ അറ്റകുറ്റപണികൾ യഥാകാലം നടത്തി പലകകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനും സാധിക്കുന്നില്ല
3. കുന്നുകളും ചരിവുകളും നിറഞ്ഞ പ്രദേശങ്ങളാണ് ഈ പഞ്ചായത്തിലധികവും. അതുകൊണ്ട് മണ്ണൊലിപ്പ് തടയുന്നതിനുള്ള പദ്ധതികൾക്ക് രൂപംകൊടുക്കണം.
4. ശാസ്ത്രീയമായ മണ്ണ് പരിശോധനയിലൂടെ വളപ്രയോഗം നടത്താൻ സംവിധാനം ഉണ്ടാകണം.
5. പഞ്ചായത്തിൽ ഒരു കൃഷിഭവൻ ഉള്ളത് എല്ലാ വാർഡുകാർക്കും പ്രയോജനം ലഭിക്കുന്ന രീതിയിൽ പ്രവർത്തിക്കണം. VI–VII–VIII വാർഡുകാർ പല പദ്ധതികളും അറിയുന്നുപോലുമില്ല. കൃഷിഭവനിൽ നിന്നു നടപ്പാക്കുന്ന പദ്ധതികൾ – ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റികളെ എങ്കിലും അറിയിച്ച് എല്ലാവർക്കും പ്രയോജനം ലഭിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.
6. കൃഷിഭവനിൽ നാമമാത്രമായ പ്രവർത്തനം എന്നത് മാറ്റി സർക്കാർ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും കാർഷിക ഗ്രാമമായ ഞീഴൂർ പഞ്ചായത്തിൽ ആരംഭിക്കുകയും കൂടുതൽ സ്റ്റാഫിനെവച്ച് അത് നടപ്പിലാക്കുകയും വേണം.
7. കർഷക വൃത്തിയെക്കുറിച്ചും അതിന്റെ മാന്യതയേക്കുറിച്ചും ജീവിതമാർഗ്ഗമെന്ന ചിന്തയും പലകർഷകർക്കും ഇല്ല. അതുകൊണ്ട് ബോധവൽക്കരണം വേണം.
8. നെൽപാടങ്ങൾ നികർത്തി മറ്റ് കൃഷിചെയ്യുന്നത് കർശനമായി നിരോധിക്കുകയും പാടത്തേക്ക് ചോല വരുന്നത് വെട്ടിക്കളയുകയും വേണം.
9. കൃഷിഭവനിൽനിന്നും നെല്ലിനും, തെങ്ങിനും ഉള്ള ഗ്രൂപ്പ് ഫാമിങ് വഴി നൽകുന്ന സഹായ പദ്ധതികൾ ഇപ്പോഴുള്ള നൂലാമാലകൾമാറ്റി നടപ്പിലാക്കണം.
10. വളം, കീടനാശിനി, ഇവയുടെ വർദ്ധിച്ചവില, ജൈവ വളങ്ങളുടെ ദൗർലഭ്യം, കാർഷികഉല്പന്നങ്ങളുടെ വിലയുമായി ബന്ധമില്ലാത്ത രീതിയിലുള്ള കൂലി വർദ്ധന തുടങ്ങിയവ കൃഷിക്കാരന്റെ പ്രശ്നങ്ങളാണ്.
11. ഇടനിലക്കാരുടെ ചൂഷണം പ്രത്യേകിച്ച് വിപണന രംഗത്ത് ഉണ്ട്.
12. പ്രകൃതിക്ഷോഭം മൂലം കനത്ത നാശനഷ്ടങ്ങൾ ഉണ്ടാകാറുണ്ട്.
13. കേര കൃഷിവികസനത്തിനും വിപണനത്തിനും പ്രായോഗികസഹായം ലഭിക്കുന്നില്ല.
14. റബ്ബർകൃഷിക്ക് സാമ്പത്തീകസഹായം വളരെ പരിമിതമാണ്.
15. കുരുമുളകു് കൊടി ദ്രുതവാട്ടംമൂലം നശിക്കുന്നു.
16. തോടിന്റെ പാർശ്വഭിത്തികൾ സംരക്ഷിക്കാത്തതു മൂലം കൃഷിനാശം ഉണ്ടാകുന്നു.
17. തെങ്ങുരോഗത്തിന് പ്രതിവിധിയായ മരുന്ന് അല്ലെ

ങ്കിൽ ബോർഡോ മിശ്രിതം തളിക്കാനുള്ള സംവിധാനം വേണം.

18. കൂൺകൃഷി, തേനീച്ചവളർത്തൽ, ഔഷധസസ്യകൃഷി, പൂക്കൃഷി ഇവയ്ക്ക് വേണ്ടത്ര പ്രചാരണം നൽകണം

ഗ്രാമസഭയിലെ നിർദ്ദേശങ്ങൾ - പരിഹാരങ്ങൾ

1. MVIPയുടെ കനാൽപണി ഞീഴൂർ പഞ്ചായത്തിൽ എത്രയും വേഗം പൂർത്തീകരിക്കുകയും ആവശ്യമായ ചെറുതോടുകളും ചാലുകളും തീർത്ത് പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും വെള്ളം ലഭ്യമാക്കുക.

2. വലിയതോട്ടിൽ നിർമ്മിച്ചിരിക്കുന്ന ചിറകളുടെ അറ്റകുറ്റപ്പണികൾ ചെയ്ത് സംരക്ഷിക്കുക. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ ചിറകൾ കെട്ടുക.

3. തുരുത്തിപ്പള്ളിചിറയുടെ ഷട്ടർ പലകകൾ സൂക്ഷിക്കുന്നതിന് ചിറമുറ്റത്ത് ഒരു ചെറിയ കെട്ടിടം പണിയുക.

4. വേനൽക്കാലത്ത് തോട്ടിലെ ഷട്ടറുകൾ മുറുക്കി വെള്ളം പൂർണ്ണമായും കെട്ടിനിറുത്തി വേനൽക്കാലപച്ചക്കറികൃഷികൾക്കു് ഉപയോഗിക്കുക.

5. MVIPയുടെ കനാൽവെള്ളം വരുമ്പോൾ ആവെള്ളം പമ്പ്ചെയ്ത് തേവർത്തുമലയുടെ മുകളിലോ തേരാടിനിരപ്പിലോ എത്തിച്ച് താഴെ പ്രദേശങ്ങളിൽ കൃഷിക്കും കുടിവെള്ളത്തിനും ഉപയോഗിക്കാം.

6. അഞ്ചാംവാർഡിലെ മുട്ടക്കാട്ടുകുളം ആഴപ്പെടുത്തി കരിങ്കൽകെട്ടി പമ്പുസെറ്റ് സ്ഥാപിച്ച് കൃഷിക്ക് ഉപയോഗിക്കണം.

7. പഞ്ചായത്തിലെ കരിങ്കല്ലുമടകളിൽ ബണ്ടുകെട്ടി അതിലെ ജലം ജലസേചനത്തിന് ഉപയോഗിക്കാം.

8. ഇരിപ്പക്കത്തോട്ടിൽ പാലക്കലോടി ഭാഗത്ത് ചീപ്പു നിർമ്മിച്ച് ആ പാടശേഖരത്തിലെ ജലസേചനം നടത്താം.

9. നീരാളക്കോട് പാടശേഖരത്തിലെ ജലനിർഗ്ഗമനചാല് വീതികൂട്ടി കോൺക്രീറ്റ് ചെയ്യുക.

10. ഈ പഞ്ചായത്തിലെ പാടശേഖരങ്ങളിലേക്ക് വെള്ളം കൊണ്ടുപോകുന്ന തോടുകളും ചാണകളം സൈഡ്കെട്ടി സംരക്ഷിക്കുക.

11. തുരുത്തിപ്പള്ളി പാടശേഖരത്തിൽ കൊല്ലക്കോട് ഭാഗത്തുനിന്ന് ടിക്കോസിന്റെ ഭാഗത്തേയ്ക്കുള്ള ചാണ താഴ്ത്തി-കോൺക്രീറ്റ് ചെയ്ത് ജലനിർഗമനത്തിന് ഇടയാക്കുക.

12. മണ്ണൊലിപ്പ് നിവാരണപദ്ധതികൾ കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ഊർജ്ജിതമാക്കണം.

13. നെല്പാടങ്ങൾ നികത്തുന്നതു നിയമംമൂലം കർശനമായി തടയുക. പാടത്ത് ചോലയായിവരുന്ന വൃക്ഷകൊമ്പുകൾ വെട്ടിമാറ്റുക.

14. മൂന്നാം വാർഡിൽ മാർക്കറ്റിനോട് ചേർന്ന് ഒരുപഴം പച്ചക്കറിമാർക്കറ്റ് തുറന്ന് പ്രവർത്തിക്കുകയും ആവശ്യമായ കോൾഡു സ്റ്റോറേജ് സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

15. കൃഷിഭവന്റെ ചുറ്റുമതിൽ തീർത്ത് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുക.

16. VI-ാം വാർഡിൽ N.S.S. ഹൈസ്കൂളിന് സമീപം ഒരു പച്ചക്കറി വിപണനകേന്ദ്രം ആരംഭിക്കുക.

17. I-ഉം IX-ഉം വാർഡുകളിൽ കൃഷിഭവനുവേണ്ടി നിർമ്മിച്ചിട്ടുള്ള ഡമോൺസ്ട്രേഷൻ ഓഫീസ് തുറന്ന് പ്രവർത്തിക്കുക.

18. IX-ാം വാർഡിലെ റബ്ബർ ഉല്പാദനക സംഘത്തിന്റെ പ്രവർത്തനം വിപുലമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

19. 7-ാം വാർഡിലെ വിളയംകോട്, കാട്ടാമ്പാക്ക് തോടുകളുടെ മടവീഴ്ച ഒഴിവാക്കണം.

20. വാക്കാട്ടിൽ കൃഷിഭവന്റെ ഒരു ബ്രാഞ്ച് സ്ഥാപിക്കുക.

21. IV-ാം വാർഡിൽ ജലസേചനത്തിനാവശ്യമായ കുളങ്ങളും കിണറുകളും കുഴിക്കാനും പമ്പ്സെറ്റ് സ്ഥാപിക്കാനും പദ്ധതി ഉണ്ടാക്കണം.

22. VIII-ാം വാർഡിലെ കൂനമ്പാലം ചിപ്പിന്റെ അറ്റകുറ്റപണികൾ നടത്തുക. ആവശ്യമായ ചാണ നിർമ്മിക്കുക.

23. മൂപ്പനത്തു ചിറയിൽ നിന്നും തിരുവാമ്പാടി പാടശേഖരത്തിലേയ്ക്ക് വെള്ളം കയറ്റാൻ അടക്കുകയും തുറക്കുകയും ചെയ്യുന്ന ഒരു ഷട്ടർതൂമ്പ് ഉണ്ടാക്കുക.

24. VIII-ാം വാർഡിലെ ചിറനിരപ്പിലുള്ള ഭൂതപാണ്ടൻചിറ ഒരു കാലത്ത് ഒന്നിലധികം വാർഡുകളിൽ ജലസേചനം നടത്തിയിരുന്നതാണ്. 12 ഏക്കറിലധികം വരുന്ന ഗവണ്മെന്റ് ഭൂമിയുടെ നാലുചുറ്റും മലകളാണ്. 12 അടിവീതിയിൽ ഒരു ക്രോസ്ബാർ നിർമ്മിച്ചാൽ ഒരു വലിയ ജലസംഭരണിയാവും. അതുകൊണ്ട് കുടിവെള്ള പ്രശ്നവും ജലസേചനവും പരിഹരിക്കാം. ഇതിനുള്ള നടപടിയുണ്ടാവണം.

25. നെല്ലുല്പാദനക സഹകരണസംഘങ്ങൾക്ക് നൽകിയിരുന്ന വളം സബ്സിഡിയും കീടനാശിനികളും എത്രയും വേഗം പുനരാരംഭിക്കുക.

26. തൊഴിലാളികളുടെ ലഭ്യത കുറവായ്തിനാൽ ഈ മേഖലയിൽ യന്ത്രവൽക്കരണം നടത്തുക.

27. കർഷകദിനത്തിൽ തൊഴിലാളികൾക്ക് അധ്വാനമത്സരം നടത്തുക.

28. ചെറുകിട പരിമിത കർഷകർക്ക് വാർദ്ധക്യകാല പെൻഷനും ക്ഷേമപരിപാടികളും ഏർപ്പെടുത്തുക.

29. എല്ലാ വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുക.

30. കേരകർഷകർക്ക് തെങ്ങ് വെട്ടിമാറ്റിവയ്ക്കുന്നതിനും, തെങ്ങിന് മരുന്ന് ചെയ്യുന്നതിനും, വളത്തിനും ജലസേചനത്തിനും ഉള്ള എല്ലാ സഹായങ്ങളും കൃഷിഭവൻവഴി നടപ്പാക്കുക.

31. തെങ്ങിൻതോട്ടങ്ങളിൽ ഇടവിളയായ ജാതി, ഗ്രാമ്പൂ, കൊക്കോ തുടങ്ങിയവക്ക് സഹായം നൽകുക.

32. പഴയകാലത്തുണ്ടായിരുന്നതും ഇപ്പോൾ നാമമാത്രമായിരിക്കുന്നതുമായ ഇഞ്ചി, മഞ്ഞൾ, കച്ചോലം, ചേന, ചേമ്പ് തുടങ്ങി കൃഷികൾക്ക് സഹായം നൽകി പുനരുദ്ധരിക്കുക.

33. ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല തുടങ്ങിയ പുഷ്പകൃഷി പ്രോത്സാഹിപ്പിക്കുകയും വിപണന സൗകര്യം ഉണ്ടാക്കുകയും ചെയ്യുക.

34. കൂൺ കൃഷിക്ക് പരിശീലനം നൽകി പഞ്ചായത്തിൽ നടപ്പാക്കുക.

35. കർഷകർക്ക് സെമിനാറുകൾവഴി തൊഴിലിന്റെ മഹാത്മ്യവും, ഓരോ കൃഷിക്കും ആവശ്യം അറിഞ്ഞിരിക്കേണ്ട വിവരങ്ങളും മനസ്സിലാക്കികൊടുക്കുക. അങ്ങനെ ഒരു പുത്തൻ കാർഷിക സംസ്കാരം വളർത്തിയെടുക്കാനുള്ള തീവ്രയത്നം നടത്തുക.

36. സ്വയം തൊഴിൽ പദ്ധതിയിൽ സ്ത്രീകൾക്ക് ഓർക്കിഡ് - ആന്തൂറിയം കൃഷി സംഘടിതമായി ചെയ്യാനുള്ള പദ്ധതി ഉണ്ടാക്കണം.

37. കൂൺകൃഷി, തേനീച്ചവളർത്തൽ, ഔഷധകൃഷി, പൂക്കൃഷി ഇവയ്ക്ക് താല്പര്യമുള്ളവർക്ക് ബോധവൽക്കരണവും മറ്റ് സഹായങ്ങളും നൽകണം.

38. വാഴപ്പഴം, മാങ്ങാപ്പഴം, ചക്കപ്പഴം ഇവയുടെ ഉല്പാദനം വർദ്ധിപ്പിക്കുവാൻ വേണ്ട പദ്ധതി ഉണ്ടാക്കുകയും അവസംസ്ക്കരിക്കാനുള്ള ഫാക്ടറി പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കുകയും ചെയ്യുക.

39. ഒന്നാം വാർഡിൽ മരങ്ങോലി, ശാന്തിപുരം പ്രദേശങ്ങളിൽ ധാരാളം പച്ചക്കറി കൃഷിക്കാരുള്ളതുകൊണ്ട് പാടങ്ങളിലും താഴ്ന്ന പുരയിടങ്ങളിലും കുളങ്ങളും കിണറുകളും കുഴിച്ച് മോട്ടോർ സ്ഥാപിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

40. VII-ാം വാർഡിൽ കോട്ടയിൽകുളം, പുത്തൻകുളം എന്നീ കുളങ്ങൾ പുനരുദ്ധരിച്ച് ജലസേചനസൗകര്യം വർദ്ധിപ്പിക്കുക.

41. VI-ാം വാർഡിൽ കോതോടംകുളം നന്നാക്കിയെടുത്ത് ജലസേചനയോഗ്യമാക്കുക.

മൃഗസംരക്ഷണം

കേരളത്തിലെ സമ്പദ്ഘടനയുടെ വളർച്ചയിൽ പ്രധാന പങ്കുവഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണം. സംസ്ഥാനത്തെ കന്നുകാലി സമ്പത്തിന്റെ 90 ശതമാനവും ഗ്രാമപ്രദേശങ്ങളിലാണ്. കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും കർഷകതൊഴിലാളികളുമാണ്. അതുകൊണ്ട് ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താൻ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഈ രംഗത്ത് വേണ്ടത്ര പ്രാധാന്യം കൊടുക്കണം.

ഗ്രാമപ്രദേശമായ എല്ലാ ഞീഴൂരിലെ എല്ലാ വീടുകളിലും കന്നുകാലികളെ വളർത്തിയിരുന്നു. അന്ന് കന്നുകാലികൾ കർഷകന്റെ ആവശ്യഘടകമായിരുന്നു. നിലം ഉഴുന്നതിനും, വണ്ടിവലിക്കുന്നതിനും കൊപ്രാ ആട്ടുന്നതിനും മറ്റും കാള, പോത്ത് മുതലായ മൃഗങ്ങളെ ഉപയോഗിച്ചിരുന്നു. പാൽ വേണമെങ്കിൽ പശുവിനെ വളർത്തണമായിരുന്നു. അന്ന് വെറും ഭൂമി ധാരാളമണ്ടായിരുന്നതിനാൽ കന്നുകാലികളെ അഴിച്ചുവിട്ട് യഥേഷ്ടം തീറ്റുന്നതിന് സാധിച്ചിരുന്നു.

റബ്ബർക്കൃഷി വന്നതോടെ വെറും ഭൂമികൾ കൃഷിഭൂമിയായി മാറി. കന്നുകാലികളുടെ തീറ്റ-ഉണ്ടാക്കി കൊടുക്കേണ്ട സ്ഥിതിവന്നു. പുല്ല്കൃഷി ചെയ്യാൻ തുടങ്ങി. നാടൻ പശുക്കളിൽ നിന്നും തുച്ഛമായ ഉല്പാദനം മാത്രമേ കിട്ടുന്നുള്ളൂ എന്ന് മനസ്സിലാക്കിയ കർഷകൻ സങ്കരയിനം പശുക്കളെ വാങ്ങാൻ തുടങ്ങി.

ഈ കാലഘട്ടത്തിൽ മൃഗാശുപത്രികൾ ഓരോ പഞ്ചായത്തിലും പ്രവർത്തിച്ചുതുടങ്ങി. ഞീഴൂർ പഞ്ചായത്തിൽ 1982-ന് മുമ്പ് മൃഗസംരക്ഷണത്തിനായി തലയോലപറമ്പ്, കുറവിലങ്ങാട് എന്നീ മൃഗാശുപത്രികളിൽ പോകണമായിരുന്നു. അതുകൊണ്ട് പലരും കന്നുകാലികൾക്ക് നാടൻ ചികിത്സയാണ് കൂടുതലായും ചെയ്തിരുന്നത്. ടില്ലർ, ട്രാക്ടർ മുതലായവ വന്നതോടെ കാളകളുടെ എണ്ണം കുറഞ്ഞു.

നല്ലയിനം പശുക്കളെ വളർത്തി പാലുല്പാദനം വർദ്ധിച്ചതോടെ പാൽ വിപണന സംഘങ്ങൾ ഉണ്ടായി. പഞ്ചായത്തിലെ മൃഗചികിത്സയ്ക്ക് ജനങ്ങൾക്കുള്ള ബുദ്ധിമുട്ട് മനസ്സിലാക്കി 1980-ൽ അന്നത്തെ പഞ്ചായത്ത് കമ്മറ്റി ഒരു മൃഗാശുപത്രിക്കുവേണ്ടി പരിശ്രമിക്കുകയും ഒന്നാം വാർഡിൽ ജനങ്ങൾ പിരിവെടുത്ത് 40 സെന്റ് സ്ഥലം വാങ്ങി ഗവർണ്മെന്റിനെ ഏല്പിക്കുകയും ചെയ്തു. അതിന്റെ ഫലമായി 1982-ൽ മുതിരക്കാലായിൽ കേശവപിള്ളയുടെ കെട്ടിടത്തിൽ മൃഗാശുപത്രി പ്രവർത്തനം ആരംഭിച്ചു. അന്നുമുതൽ പുതിയ ആശുപത്രി ഉണ്ടാകുംവരെ 13 വർഷക്കാലും വാടകകൂടാതെ അദ്ദേഹം ആകെട്ടിടം മൃഗാശുപത്രിക്കു തന്നു എന്നുള്ളത് പ്രത്യേകം സ്മരിക്കപ്പെടേണ്ടതാണ്. 1995-ൽ രമേശ് ചെന്നിത്തല MPയുടെ ലോക്കൽ ഏരിയ ഡവലപ്പ്മെന്റ് ഫണ്ടിൽനിന്നും രണ്ടുലക്ഷം രൂപയും - നാട്ടുകാരും സ്ഥാപനങ്ങളും നൽകിയ 60000 രൂപയും ചേർത്തു മരങ്ങോലിൽ തീർത്ത കെട്ടിടത്തിൽ 1996 ജനുവരി മുതൽ മൃഗാശുപത്രി പ്രവർത്തിച്ചുതുടങ്ങി. ആശുപത്രിയുടെ ചുറ്റും മതിൽ തീർക്കുക, ക്വാർട്ടേഴ്സ് പണിയുക മറ്റു സൗകര്യങ്ങൾ വർദ്ധിപ്പിക്കുക ഇവ ഇനിയും ഉണ്ടാകണം.

കേരളത്തിലെ പാൽഉല്പാദനം 1980-81 കാലഘട്ടങ്ങളിൽ 9.08 ലക്ഷം ടൺ ആയിരുന്നത് 95-96 ആയപ്പോൾ അത് 22.46 ലക്ഷം ടൺ ആയി ഉയർന്നു. കാരണം, മൃഗാശുപത്രികൾവഴി കൃത്രിമ ബീജസങ്കലനത്തിലൂടെ നാടൻ പശുക്കളുടെ പശുകുട്ടികൾ സങ്കര ഇനങ്ങളായിവന്നതാണ്. ഇത് മൃഗസംരക്ഷണരംഗത്തുണ്ടായ വിപ്ലവകരമായ മാറ്റമാണ്. പാല് ഉല്പാദനം വർദ്ധിച്ചതോടെ മിൽക്ക് സൊസൈറ്റികൾ ഉണ്ടായി. പാൽ ശേഖരണവും - വിപണനവും അതുപോലെ കാലിത്തീറ്റ, ഡോക്ടർ വന്നുള്ള കന്നുകാലി പരിശോധന എന്നിവ സൊസൈറ്റികൾ വഴി ഉണ്ടായി.

മൃഗങ്ങളുടെ രോഗവിവരങ്ങൾ

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച
1.	ദഹനസംബന്ധം	1412	65	171	52	40	–	–	5
2.	ശ്വാസകോശസംബന്ധം	125	50	60	–	5	–	–	8
3.	ഉപാപചയ സംബന്ധം	68	10	28	–	–	–	–	–
4.	ത്വക്രോഗങ്ങൾ	812	255	70	25	110	–	–	–
5.	ധാതുലവണ അഭാവം	116	115	80	32	15	–	–	3
6.	പരാദ രോഗങ്ങൾ	4215	5	85	15	60	115	20	–
7.	പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	815	3	50	–	–	–	–	–
8.	വന്ധത	512	7	4	–	–	–	–	–
9.	അകിടുവീക്കം	130	–	20	–	–	–	–	–
10.	മുടന്തൻ പനി	280	–	–	–	–	–	–	–

കൃത്രിമ ബീജ സങ്കലന വിവരങ്ങൾ

ക്രമ നമ്പർ	വളർത്തു മൃഗം ഇനം	ആകെ എണ്ണം	കൃത്രിമബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2 ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ
1	പശു	3158	2600	358
2.	കിടാരി	195	112	85
3.	എരുമ	111	73	14

ഞീഴൂർ പഞ്ചായത്തിൽ തുരുത്തിപ്പള്ളി ഭജനമഠം വാക്കാട് കാടാമ്പാക്ക് എന്നീ സ്ഥലങ്ങളിൽ മിൽമായുടെ സൊസൈറ്റികളും കൂവേലി, ചായംമാവ്, മരങ്ങോലി എന്നീ സ്ഥലങ്ങളിൽ P.D.D.P. യൂണിറ്റികളും പ്രവർത്തിക്കുന്നു. തുരുത്തിപ്പള്ളി കേന്ദ്രമാക്കിയും ഭജനമം കേന്ദ്രമാക്കിയും ഓരോ പാൽ ഉൽപ്പന നിർമ്മാണയൂണിറ്റുകൾ ഉണ്ട്.

പഞ്ചായത്തിലെ ഇറച്ചിയുടെ ആവശ്യം ഏറെയും നിർവഹിക്കുന്നത് മാട്ടിറച്ചിയിലൂടെയും കോഴിയിറച്ചിയിലൂടെയുമാണ്. പ്രൈവറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന 6 കോഴിവളർത്തൽ കേന്ദ്രങ്ങൾ ഉണ്ട്. പന്നി ആട് വളർത്തലും ചുരുക്കമായി ഉണ്ട്. കാലിവളം പണ്ടുമുതലേ കർഷകരുടെ പ്രധാന വളമാണ്. ഗോവർഗ്യാസ് പ്ലാനിന്റെ നിർമ്മാണവും നടക്കുന്നുണ്ട്. നാളിതുവരെ 70 എണ്ണത്തിന് സഹായം നൽകിയിട്ടുണ്ട്.

ഞീഴൂർ കൃഷിഭവൻ മൃഗസംരക്ഷണ പരിപാടിയുടെ റിപ്പോർട്ട്

വളർത്തമൃഗസംഖ്യ

കാള നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി
വംശവർദ്ധനവ്	മറ്റുള്ളവ	വംശവർദ്ധനവ്	മറ്റുള്ളവ	കറവയുള്ളവ	കറവയില്ലാത്തവ	കറവയുള്ളവ	കറവയില്ലാത്തവ	കറവയുള്ളവ	കറവയില്ലാത്തവ			
1041	1973	1288	2538	1215	800	1314	715	85	16	12	1763	1136

വളർത്തു പക്ഷിസംഖ്യ

പൂവൻകോഴി	പിടക്കോഴി മുട്ടയിടുന്നത്	താറാവ് മുട്ടയിടാത്തത്	ആൺ	പെൺ
468	10012	2612	20	84

8-10 പദ്ധതിക്കാലത്ത് കടത്തുരുത്തി ക്ഷീരവികസന വകുപ്പ് ഞീഴൂർ പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾ

1. ക്ഷീരകർഷക സമ്പർക്ക പരിപാടി

ക്ഷീരകർഷകർക്ക് വിജ്ഞാനം നൽകാനുദ്ദേശിച്ചുള്ള സെമിനാർ 93-94 നാലും 94-95 ഒന്നും 95-96 മൂന്നും നടത്തി 96-97 മൂന്നെണ്ണം ലക്ഷ്യം.

2. നാടൻ ക്ഷീരോല്പന്ന് നിർമ്മാണ പ്രദർശനക്ലാസ്

ക്ഷീരഉല്പന്നങ്ങൾ നിർമ്മിച്ച് പാലിന്റെയും ഉല്പന്നങ്ങളുടേയും ഉപയോഗം വർദ്ധിപ്പിക്കുവാൻ ഉള്ള പരിപാടി പരിപാടി 93-94-രണ്ടും 94-95 ഒന്നും 95-96 നാലും നടത്തി. 96-97-മൂന്നെണ്ണം ലക്ഷ്യമിട്ടിരിക്കുന്നു.

3. തീറ്റപ്പുൽകൃഷി വികസനം

ക്ഷീരകർഷകർ ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം കാലിതീറ്റയാണ്. ചെലവിന്റെ 70% ഉം കാലിതീറ്റക്കാണ്. പച്ചപ്പുല്ല് കൃഷിചെയ്യാൻ ,ചെലവ് 40% കണ്ട്കുറക്കാം. പുൽകൃഷിക്ക് പലപദ്ധതികൾ ഉണ്ട്.

I ദീർഘകാലമായ പുൽക്കൃഷി

ഒരിക്കൽ കൃഷിചെയ്യാൻ ദീർഘകാലം ആദായം തരുന്ന ഗിനി. ആഡ്രോവോഗൻ, സ്റ്റൈലോസാന്തത് വിത്ത് 50% സഹായത്തിലും ഒരു ഹെക്ടറിന് വള സബ്സിഡി 500 രൂപയും നൽകി.

92-93	0.8 ഹെക്ടർ സ്ഥലം
93-94	3.9 "
94-95	2.52 "
95-96	2.24 "

II ഹ്രസ്വകാലപുൽക്കൃഷി

പയർവർഗ്ഗങ്ങൾ കൃഷിചെയ്ത് തീറ്റയ്ക്ക് ഉപയോഗിക്കുന്നതിനും 50% വിത്ത് സബ്സിഡിയും 300 രൂപ വളം സബ്സിഡിയും ഒരു ഹെക്ടറിന് കൊടുത്തു.

92-93	.35 ഹെക്ടർ
93-94	1.25 "
94-95	-
96-97	0.8 ഹെക്ടർ ലക്ഷ്യം

4. ക്ഷീരോല്പന്ന നിർമ്മാണയൂണിറ്റ്

തൊഴിൽ രഹിതരായ യുവതിയുവാക്കൾക്ക് തൊഴിൽ നൽകുന്നതിന് ക്ഷീരോല്പന്നങ്ങൾ ഉണ്ടാക്കുന്ന പരിപാടി.15 ദിവസത്തെ പരിശീലനം പൂർത്തിയാക്കി വരുന്ന യൂണിറ്റിന് ആകെ മുതൽ മുടക്കിന്റെ 66% പരമാവധി 20250 രൂപാ ധനസഹായമായി ലഭിക്കുന്നു.

ഈ പഞ്ചായത്തിൽ 94-95 ഒന്നും 95-96 മറ്റൊന്നിനും ധനസഹായം നൽകി ആരംഭിച്ചു.

മൃഗസംരക്ഷണ വകുപ്പും ക്ഷീരസഹകരണ സംഘങ്ങളും കർഷകരെ സഹായിക്കുന്നുണ്ടെങ്കിലും മൃഗസംരക്ഷണ കാര്യത്തിൽ പലപ്രശ്നങ്ങളും ഇന്നുമുണ്ട്.

1. കാലിതീറ്റയുടെ വിലവർദ്ധന
2. പുല്ല്, വൈക്കോൽ ഇവയുടെ ലഭ്യതക്കുറവ്
3. കുളമ്പുരോഗം, അകിട്വീക്കം, ഉദരരോഗം തുടങ്ങിയവ
4. മൃഗാശുപത്രി പഞ്ചായത്തിന്റെ ഒരു ഭാഗത്താണ് എല്ലാവർക്കും അതിന്റെ പ്രയോജനം കിട്ടുന്നില്ല.
5. കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നില്ല.
6. പേപ്പട്ടിശല്യം ഒരു ഭീഷണിയാണ്.
7. ഇറച്ചിക്ക് പന്നി, കോഴി, മുയൽ ഇവയെ വളർത്താൻ ധനസഹായം നൽകണം.
8. ആട് വളർത്തലിന് സാമ്പത്തിക സഹായം നൽകണം.

പരിഹാരങ്ങൾ നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കണം.
2. പുല്ല്കൃഷിക്ക് കൂടുതൽ സഹായവും ബോധവൽക്കരണവും നടത്തുക.
3. മൃഗാശുപത്രിയുടെ പ്രയോജനം എല്ലാവർക്കും ലഭ്യമാക്കുക. പ്രതിരോധകുത്തിവെയ്പ് വ്യാപകമാക്കുക.
4. വനിത സംഭരകർക്കുള്ള പശുവളർത്തൽ പദ്ധതി നടപ്പാക്കുക.
5. വീട്ടമ്മമാർക്കായി "വീട്ടുമുറ്റത്തൊരു കോഴിവളർത്തൽ" പദ്ധതി നടപ്പാക്കുക.
6. ഇറച്ചിക്കോഴി വളർത്തലിന് പ്രോത്സാഹനവും സഹായവും നൽകുക.
7. പാവപ്പെട്ടവരുടെ പശുവാണ് ആട്. ആടുവളർത്തൽ പദ്ധതിവഴി ആട്വളർത്തൽ വ്യാപകമാക്കുക.
8. പേവിഷബാധ ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുക.
9. താറാവ് വളർത്തലിന് സഹായപദ്ധതി വേണം.
10. 10 പെൺമുയലും 2 ആൺമുയലുമുള്ള ഒരു യൂണിറ്റ് എന്ന നിലയിൽ മുയൽവളർത്തൽ പദ്ധതിക്ക് രൂപം കൊടുത്ത് നടപ്പാക്കുക. കുട്ടികൾക്ക് കൊടുക്കാവുന്ന പദ്ധതിയാണിത്.

മത്സ്യബന്ധനം

കടലും, കായലുകളും, നദികളും, തോടുകളും തടാകങ്ങളും, കുളങ്ങളും, കനാലുകളും, ജലസംഭരണികളും അനുബന്ധപ്രദേശങ്ങളും ചേർന്ന ജലസമ്പത്തിൽ ശാസ്ത്രീയ കാർഷികമുറകളനുസരിച്ച് മത്സ്യകൃഷി ചെയ്ത് കുറഞ്ഞ ചെലവിൽ പോഷകഗുണമുള്ള മാംസ്യാഹാരം ഉണ്ടാക്കാം. ണീഴൂർ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മത്സ്യകൃഷിയ്ക്ക് വലിയ സാധ്യതകൾ ഇല്ലെങ്കിലും വലിയ തോടിനോട് ചേർന്നുള്ള പ്രദേശത്ത് വറ്റാത്ത ജലമുള്ള സ്ഥലങ്ങളിൽ വലിയ മത്സ്യവളർത്തൽ കേന്ദ്രങ്ങൾ നിർമ്മിക്കാൻ സൗകര്യമുണ്ട്.

ഇപ്പോൾ ഈ പഞ്ചായത്തിൽ നിലവിലുള്ള മത്സ്യബന്ധനം വലിയതോട്ടിലും കൈത്തോടുകളിലും ഉള്ള മീൻപുടിത്തമാണ്. പുതുവെള്ളം വരുമ്പോൾ കയറിവരുന്ന കുറുവാ, വരാൽ, മുഷി പരൽ, കാരി തുടങ്ങിയ മത്സ്യങ്ങൾ വല ഉപയോഗിച്ച് പിടിക്കുന്നു.

പ്രശ്നങ്ങൾ

1. വലിയതോട്ടിൽ മീൻപിടിക്കുന്നവർ തോട്ട ഇടുന്നത് തോടിന്റെ കറ്റി ഇടിയുന്നു. അടുത്തുള്ളകെട്ടിടങ്ങൾക്ക് അപായം ഉണ്ടാക്കുന്നു.
2. നഞ്ചുകലക്കി മത്സ്യം കൊല്ലുന്നതും കുളിക്കാനുള്ള വെള്ളം അഴുക്കാക്കുന്നതും തടയണം.
3. ഭൂപ്രദേശത്തിന്റെ പ്രത്യേകത മനസ്സിലാക്കി സാദ്ധ്യതകൾക്കനുസരണമായ ജലകൃഷി ഈ പഞ്ചായത്തിലും ഏർപ്പെടുത്തുക.
4. പന്നി, മുയൽ മുതലായ മൃഗങ്ങളെ വളർത്തി സംയോജിത മത്സ്യകൃഷിക്ക് താസ്പര്യമുള്ളവർക്ക് ആ പദ്ധതി നടപ്പിലാക്കാൻ വേണ്ട സഹായം നൽകുക.

പരിഹാരം

തോട്ടാ ഇടുന്നത് കർശനമായി നിരോധിക്കുക. തോട്ടാഇടുന്നവരടെ മേൽ ശിക്ഷണനടപടി സ്വീകരിക്കുക.

ഇതും നിയമം മൂലം തടയുക

ഉൾനാടൻ പഞ്ചായത്തുകൾ എന്ന വിഭാഗത്തിൽ പറഞ്ഞിരിക്കുന്ന ശുദ്ധജല മത്സ്യകൃഷി ഈ പഞ്ചായത്തിൽ നടപ്പാക്കുക.

ദ്വിതീയ മേഖല

വ്യവസായം

വ്യവസായ മേഖലയിൽ ഞീഴൂർ പഞ്ചായത്ത് വളരെവ ളരെ പിന്നിലാണ്. ഈ പഞ്ചായത്തിൽ വൈദ്യുതി എത്തിയതുതന്നെ 1970-ൽ മാത്രമാണ്. വൈദ്യുതി ലഭ്യമാ കുന്നതുവരെ വ്യവസായികമായി യാതൊരു പ്രവർത്തനവും ഈ മേഖലയിലില്ലായിരുന്നു. അതിനുശേഷവും നാമമാത്ര മായ വികസനം മാത്രമേ ഈരംഗത്തിതുവരെ ഉണ്ടായി ട്ടുള്ളൂ.

1973-ൽ ഫാ: പോൾപഴേമ്പള്ളിയുടെ നേതൃത്വത്തിൽ ഖാദിബോർഡിന്റെ സഹായത്തോടുകൂടി VI-ാം വാർഡിലെ തുരുത്തിപ്പള്ളി കേന്ദ്രമാക്കി TICCOS എന്ന പേരിൽ ഒരു പഴം പച്ചക്കറി സംസ്കരണയൂണിറ്റാരംഭിച്ചു. ഇതുവ്യവസാ യിക മേഖലയിലെ ആദ്യചുവടുവയ്പായിരുന്നു. തുടർന്ന് 1980-ൽ മരങ്ങോലിൽ ഖാദിബോർഡിന്റെയും സഹായത്തോ ടുകൂടി, മംഗലാപുരത്തുള്ള കാംകോയുടെയും സഹകരണ ത്തോടെ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന നിക്കോസ് (NICCOS) എന്ന കൊക്കോ സംസ്കരണ യൂണി റ്റുപ്രവർത്തനമാരംഭിച്ചു. കൂടാതെ 1993-ൽ വിളയംകോടു കേന്ദ്രമാക്കി കേരള സംസ്ഥാന റബ്ബർമാർക്കറ്റിംഗ് 'ഫെഡ റേഷന്റെ ഇന്റർമിക്സ് ഫാക്ടറി പ്രവർത്തനമാരംഭിച്ചു. ഇവ യാണ് ഇന്നും ഞീഴൂർ പഞ്ചായത്തിലെ പ്രധാന വ്യവസായ യൂണിറ്റുകൾ.

ചെറുകിട മേഖലയിൽ

VI-ാം വാർഡ് കാട്ടാമ്പാക്കിലും VIII-ാം വാർഡ് തിരു വാമ്പാടിയിലും ഓരോ നൂൽനൂൽപ്പു കേന്ദ്രങ്ങളും I-ാം വാർഡു മരങ്ങോലിയിൽ ഒരു സോപ്പുനിർമ്മാണ യൂണിറ്റും V-ാം വാർഡിൽ വടക്കേനിരപ്പിൽ ഒരു തീപ്പെട്ടിനിർമ്മാണ യൂണിറ്റും, തുരുത്തിപ്പിള്ളി, ഭജനമഠം വാക്കാട്, തിരുവാ മ്പാടി എന്നീ സ്ഥലങ്ങളിൽ ക്ഷീരോല്പാദക സഹകരണ സംഘങ്ങളും തുരുത്തിപ്പിള്ളി, ഭജനമഠം എന്നിവിടങ്ങളിൽ ഓരോ ക്ഷീരോല്പന്നനിർമ്മാണ യൂണിറ്റുകളും പ്രവർത്തി ച്ചുവരുന്നു.

സ്വകാര്യമേഖലയിൽ എടുത്തുപറയാവുന്ന വ്യവ സായ യൂണിറ്റുകൾ നാമമാത്രമാണ്. I-ാം വാർഡ് മരങ്ങോ ളിയിൽ ഒരു യന്ത്രവൽകൃത മെറ്റൽ ക്രിഷർ പ്രവർത്തിച്ചവ രുന്നു. കാപ്പുന്തല ഭാഗത്ത് ഒരു ഐസ്ക്രീം ഫാക്ടറിയും തീപ്പെട്ടിക്കൊള്ളി നിർമ്മാണയൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ മരങ്ങോലി, ഞീഴൂർ, മാണികാവ്, ചായം മാക്ക്, അരുണാശ്ശേരി, എന്നിവിടങ്ങളിൽ ഹോളോബ്രിക്സ് - നിർമ്മാണ യൂണിറ്റുകളുമുണ്ട്. വിളയംകോട് കേന്ദ്രമാക്കി കോൺക്രീറ്റുകട്ടിള, ജനൽ നിർമ്മാണ യൂണിറ്റും കാര്യക്ഷ മമായി പ്രവർത്തിച്ചുവരുന്നു.

മരങ്ങോലിയിൽ ഒരു അലുമിനിയപാത്ര നിർമ്മാണ യൂണിറ്റും സോഡാഫാക്ടറിയും, കാട്ടാമ്പാക്കിൽ സ്വിച്ച് ബോർഡ് നിർമ്മാണ. ശാലയും ഏതാനും ഫർണിച്ചർ നിർമ്മാണ യൂണിറ്റുകളും, ഗ്രിൽ, ഷട്ടർ, നിർമ്മാണ കേന്ദ്ര ങ്ങളും തടിമില്ല്, റൈസ് മില്ല് എന്നിവയും സ്വകാര്യമേഖല യിൽ പ്രവർത്തിക്കുന്ന ചെറിയ വ്യവസായ യൂണിറ്റുകളാണ്.

കുടിൽ വ്യവസായങ്ങൾ (പരമ്പരാഗതം)

ഈ മേഖലയിൽ ഒരു ചൂണ്ടിക്കാണിക്കുവാൻപറ്റിയ കുടിൽവ്യവസായ യൂണിറ്റുകൾ ഞീഴൂർ പഞ്ചായത്തിൽ ഇല്ലെന്നുതന്നെ പറയാം. പപ്പടനിർമ്മാണം, പായ്നെയ്ത്ത്, കുട്ടനെയ്ത്ത്, മുതലായവയിൽ ഏർപ്പെട്ടിരിക്കുന്ന ചുരുക്കം ചില കുടുംബങ്ങൾ മാത്രമാണുള്ളത്. കുറെക്കാലം മുമ്പ് ഇവയിൽ ഇവയിൽ കൂടുതൽപേർ ഏർപ്പെട്ടിരുന്നു എന്നതും ശ്രദ്ധേയമാണ്.

വ്യവസായമേഖല നേരിടുന്ന പ്രശ്നങ്ങൾ

1. വ്യവസായത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചും സാങ്കേതിക വശങ്ങളെക്കുറിച്ചും ഈ പഞ്ചായത്തിലെ ആളുകൾ ഒട്ടും പരിജ്ഞാനമില്ലാത്തവരാണ്.

2. മുതൽമുടക്കിനു സാമ്പത്തിക ശേഷിയുള്ളവർക്ക് അതിനുള്ള അറിവും സാങ്കേതിക പരിജ്ഞാനവും നല്കുന്നതിനാവശ്യമായ യാതൊരു ശ്രമങ്ങളും നടക്കുന്നില്ല.

3. സഹകരണ മേഖലയിൽ വ്യവസായങ്ങൾ ആരംഭിക്കുവാനും മറ്റും അഭ്യസ്തവിദ്യരായ യുവാക്കൾക്ക് ധൈര്യവും ആത്മവിശ്വാസവും ഇന്നില്ല.

4. ഇന്നുനിലവിലുള്ള വ്യവസായ യൂണിറ്റുകൾ പലതും വിജയകരമായും ലാഭകരമായും പ്രവർത്തിക്കുന്നില്ല.

5. ലഭ്യമായ അസംസ്കൃതപദാർത്ഥങ്ങൾ വ്യവസായ രംഗത്ത് ഉപയുക്തമാക്കുവാനുള്ള നിർദ്ദേശങ്ങളും അത്തരം വ്യവസായസംരംഭങ്ങൾക്കാവശ്യമായ മൂലധനവും ഇല്ല.

6. ഖാദിഗ്രാമവ്യവസായ മേഖലയിൽ തുച്ഛമായ വേതനമേ അനുവദിക്കുന്നുള്ളൂ. ഇത് തൊഴിലാളികൾക്ക് ഉപജീവനത്തിനു മതിയാകുന്നില്ല.

7. ശാസ്ത്രീയമായ തൊഴിൽ പരിശീലനം നേടുന്നതിനുള്ള സൗകര്യങ്ങൾ യാതൊന്നുമില്ല.

8. ജനപ്രതിനിധികളോ ഉദ്യോഗസ്ഥരോ, തൊഴിലന്വേഷകരോ ഗ്രാമപഞ്ചായത്തിനെ ആധാരമാക്കി വ്യവസായവല്കരണത്തേയും തൊഴിൽ സാദ്ധ്യതകളേയുംപറ്റി കൂട്ടായ വിചിന്തനം നടത്തിയിട്ടില്ല.

9. ചെറുകിട വ്യവസായങ്ങളിൽ താല്പര്യപൂർവ്വം ആരെങ്കിലും ഇറങ്ങിത്തിരിച്ചാൽ മനം മടുപ്പിക്കുന്ന നിയമ സാങ്കേതികപ്രശ്നങ്ങളും അഴിമതികളും മൂലം വ്യവസായ സംരംഭകരെ തിരിച്ചയക്കുന്ന നയമാണ് ബന്ധപ്പെട്ട അധികാരികളിൽനിന്നും കാലങ്ങളായി അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

നിർദ്ദേശങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ

1. ഈ ഗ്രാമത്തിന്റെ ഇന്നത്തെ നിലനില്പുതന്നെ കാർഷിക വിളകളേയും സർക്കാർ, അർദ്ധസർക്കാർ ജീവനക്കാരേയും, വിദേശരാജ്യങ്ങളിലെ വിവിധ മേഖലകളിൽ പണിയെടുക്കുന്നവരേയും ആശ്രയിച്ചാണ്. ഈ ഘടകങ്ങളെ പരസ്പരം കോർത്തിണക്കി നമ്മുടെ ഗ്രാമപ്പഞ്ചായത്തിന് അനുയോജ്യമായ ഒരു വ്യവസായ ശൃംഖലയുടെ ശരിയായ പ്ലാനിംഗ്, സാങ്കേതിക സാമ്പത്തിക വിദഗ്ധരുടെ സഹായത്തോടെ എത്രയും വേഗം പൂർത്തിയാക്കണം.

2. മുതൽമുടക്കുവാനുള്ള ശേഷിയും വ്യവസായരംഗത്തു പിടിച്ചുനില്ക്കാനുള്ള കർമ്മശേഷിയും, ആത്മവിശ്വാസവുമുള്ളവരെ തെരഞ്ഞെടുത്ത് 'ഒരു ലിസ്റ്റ്' തയ്യാറാക്കണം.

3. ഓരോ വിഭാഗത്തിന്റേയും (യൂണിറ്റ്) സാമ്പത്തിക ശേഷി, സാങ്കേതിക പരിജ്ഞാനം, അസംസ്കൃത സാധനങ്ങളുടെ ലഭ്യത, വിപണി, തൊഴിൽ വൈഭവം, ജലം വൈദ്യുതി എന്നിവയുടെ ലഭ്യത ഇവയോരോന്നും കണക്കാക്കി ഓരോ യൂണിറ്റിനും സമഗ്രമായ റിപ്പോർട്ടു തയ്യാറാക്കണം.

4. വ്യവസായ സംരംഭങ്ങൾക്കും, തൊഴിലന്വേഷകർക്കും അതാതുരംഗങ്ങളിൽ ശാസ്ത്രീയവും സാങ്കേതികവുമായി കുറ്റമറ്റ പരിശീലനം നല്കുന്നതിനുള്ള നടപടികൾ (സൗകര്യങ്ങൾ) ഏർപ്പെടുത്തുക.

5. പ്രവർത്തന മൂലധനം സഹകരണാടിസ്ഥാനത്തിൽ സ്വരൂപിക്കേണ്ടിടത്ത് അതിനും വ്യവസായ ബോർഡ്, ഖാദിബോർഡ്, വ്യവസായ കോർപ്പറേഷനുകൾ, ഗവണ്മെന്റ്, (പൊതുമേഖല) എന്നിവയിൽനിന്നും നേരിട്ട് മുതൽമുടക്കേണ്ടിടത്ത് അതിനും ആവശ്യമായ ക്രമീകരണങ്ങളും അടിയന്തിര നടപടികളും ആവിഷ്ക്കരിക്കുക.

6. ഈ പഞ്ചായത്തിൽ അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ വനിതകൾ ധാരാളമുണ്ട്. അവരെ പല വ്യവസായ യൂണിറ്റുകളെയും ലക്ഷ്യമാക്കി തിരഞ്ഞെടുത്ത് വ്യവസായ പരിശീലനത്തിനങ്ങൾക്കയക്കുകയും പരിശീലനാനന്തരം സാമ്പത്തിക സാങ്കേതികസഹായങ്ങൾ നല്കിക്കൊണ്ട് വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്യുക.

7. ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ കാർഷിക വിഭവങ്ങളിൽ മുൻപന്തിയിൽ നില്ക്കുന്നത് റബ്ബർ, കൊക്കോ, പച്ചക്കറികൾ, സുഗന്ധവ്യജ്ഞനങ്ങൾ, നാളികേരം എന്നിവയാണ്. ഇവയെ അടിസ്ഥാനമാക്കിയും വിപുലൂകരിക്കാനാകാവുന്ന, പൈനാപ്പിൾകൃഷി, പൂക്കൃഷി, കൂൺകൃഷി, ഔഷധസസ്യകൃഷി എന്നിവയെ ഉൾപ്പെടുത്തിയും മാർഗ്ഗരേഖകൾ തയ്യാറാക്കി വ്യവസായയൂണിറ്റുകൾ പ്രാവർത്തികമാക്കുക.

8. ഞീഴൂർ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പാറ മടകളെ ആശ്രയിച്ച് വളരെയധികം കരിങ്കൽ തൊഴി ലാളികൾ ജീവിക്കുന്നുണ്ട്. വേണ്ടത്ര ശ്രദ്ധപതിച്ചാൽ ഇതുതന്നെ ഒരു വ്യവസായികമേഖലയാക്കിമാറ്റാം. ലൈസൻസ് നല്കുന്നതിനാവശ്യമായ ദൂരപരിധിക ണക്കാക്കി അതിനുള്ളിൽ താമസിക്കുന്നവരെ മാറ്റി പ്പാർപ്പിച്ച് ഈ ക്വാറികളുടെ വികസനവും നവീകര ണവും നടപ്പാക്കുക. പൊതുജനാരോഗ്യം, ശബ്ദമ ലിനീകരണം, അന്തരീക്ഷമലിനീകരണം ഇവസമഗ്ര മായി പരിശോധിച്ച് പൊതുവെ വിജനമായ (അനു യോജ്യമായ) പാറക്കെട്ടുള്ള പ്രദേശം തെരഞ്ഞെ ടുത്ത് പഞ്ചായത്തിന്റെ സ്വന്തമാക്കിയശേഷം മെറ്റൽ ക്രഷർ സ്ഥാപിക്കുകവഴി തൊഴിലവസരങ്ങൾ വർദ്ധി പ്പിക്കാം.

9. പഞ്ചായത്തിന്റെ എല്ലാഭാഗത്തും മനുഷ്യവിഭവ ശേഷി ലഭ്യമാണെങ്കിലും കുറഞ്ഞ വിലയ്ക്ക് ഭൂമി, ജലം, വൈദ്യുതി, വാർത്താവിനിമയ സൗകര്യങ്ങൾ, ഗതാഗതസൗകര്യങ്ങൾ എന്നിവ ഒരുപോലെ ലഭ്യമ ല്ലാത്തതിനാൽ, പഞ്ചായത്തിനെ മൂന്നു വ്യവസായ മേഖലകളാക്കിത്തിരിക്കുക. മൂന്നുമേഖലകളിലും ഏറ്റവും സൗകര്യപ്രദമായ സ്ഥലത്ത് ഓരോ മിനി വ്യവസായ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും വ്യവസായ സംരംഭങ്ങൾക്കു വാടകയ്ക്കു കൊടുക്കുവാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

10. കെൽട്രോണിന്റെ സഹകരണത്തോടെ നമ്മുടെ ഗ്രാമപഞ്ചായത്തിലെ അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾക്ക് ഇലക്ട്രോണിക്സ് ഉപകരണ നിർമ്മാ ണത്തിൽ പരിശീലനം നല്കിയാൽ അവരുടെ വീടു കൾ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ കൊച്ചു കൊച്ചു പണിപ്പുരകളായി മാറ്റാം.

11. സമീപസ്ഥമായ പഞ്ചായത്തുകളെ അപേക്ഷിച്ച് വളരെ വിസ്തൃതമായ ഞീഴൂർ പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥയും അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ ബാഹുല്യവും കണക്കിലെടുത്ത് ഏതാനും വൻകിട വ്യവസായങ്ങൾ കൂടി ഞീഴൂർ പഞ്ചായത്തിൽ അനിവാര്യമായിരിക്കുന്നു.

നിർദ്ദേശങ്ങൾ

1. ഞീഴൂർ പഞ്ചായത്ത് VII-ാം വാർഡ് വിളയംകോടു ഭാഗത്ത് ഒരു വൻകിട ടയർ ഫാക്ടറി, റീട്രേഡിംഗ്, ത്രെഡ് ഫാക്ടറി സ്ഥാപിക്കുക.

2. ഞീഴൂർ കേന്ദ്രീകരിച്ച് ഒരു സ്പിന്നിംഗ് മില്ല് സ്ഥാപി ക്കുക.

3. പഞ്ചായത്തിന്റെ II-ാം വാർഡ് കേന്ദ്രമാക്കി ഒരു കാലിത്തീറ്റ, കോഴിത്തീറ്റ നിർമ്മാണ ഫാക്ടറി സ്ഥാപിക്കുക.

4. III-ാം വാർഡ് ഭജനമഠം കേന്ദ്രമാക്കി പ്രവർത്തി ക്കുന്ന ക്ഷീര വ്യവസായ സഹകരണസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ചില്ലിംഗ് പ്ലാന്റു സ്ഥാപിക്കുക.

5. ഈ പഞ്ചായത്തിന്റെ IV, III, V, VII വാർഡുകൾ കേന്ദ്രമാക്കി ഓരോ റബർ തടി സംസ്കരണ യൂ ണിറ്റും, ഫർണിച്ചർ നിർമ്മാണ യൂണിറ്റും സ്ഥാപി ക്കുക.

6. ആവശ്യമായ വാർഡിൽ റവ, ആട്ടമാവ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

ഈ പഞ്ചായത്തിലെ പ്രധാന കാർഷിക വിളകളായ റബ്ബറിനെ അടിസ്ഥാനപ്പെടുത്തി ഒൻപതു വാർഡുകളിലും ഓരോ വ്യവസായ യൂണിറ്റ് സ്ഥാ പിക്കുക.

ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

മേഖല I

III-ാം വാർഡ് (ഞീഴൂർ, ഭജനമഠം) V-ാം വാർഡ് വടക്കേനിരപ്പ്, VI-ാം വാർഡ് വാക്കാട് എന്നിവ ഉൾപ്പെട്ട പ്രദേശം.

മേഖല II

6-ാം വാർഡ് കാട്ടാമ്പാക്ക്, 7-ാം വാർഡ് വിളയം കോട്, 8-ാം വാർഡ് തിരുവമ്പാടി എന്നീ വാർഡുകൾ ഉൾപ്പെട്ട പ്രദേശം,

മേഖല III

1-ാം വാർഡ് മരങ്ങോലി രണ്ടാം വാർഡ് (ഞീഴൂർ കാഞ്ഞിരമറ്റം) 9-ാം വാർഡ് (പാഴുത്തുരുത്ത്) എന്നീ വാർഡുകൾ ഉൾപ്പെട്ടപ്രദേശം.

വ്യവസായങ്ങൾ – സഹകരണമേഖല

ക.നമ്പർ		സ്ഥാപനത്തിന്റെ പേര്	തൊഴിലാളികൾ		
			പു.	സ്ത്രീ.	ആകെ
1	I	നിക്കോസ് (മരങ്ങോലി)	8	6	14
2	V	തീപ്പെട്ടി നിർമ്മാണം (വടക്കേനിരക്ക്)	4	9	13
3	VI	ടിക്കോസ് (തുരുത്തിപ്പിള്ളി)	4	11	15
4	VI	ഖാദി നൂൽനൂൽപ്പ് കേന്ദ്രം (കാട്ടാമ്പാക്ക്)	–	10	10
5	VII	ഇന്റർമിക്സ് ഫാക്ടറി (വിളയംകോട്)	48	2	50
6	VIII	കുടനിർമ്മാണയൂണിറ്റ് (തിരുവാമ്പാടി)	–	8	8
7	VIII	ഖാദിനൂൽനൂൽപ്പ് കേന്ദ്രം (തിരുവാമ്പാടി)	–	10	10
8	III, IV	ക്ഷീരവ്യവസായ സഹ			
	VIII, IX	കരണസംഘങ്ങൾ (4 എണ്ണം)	9	10	19

സഹകാര്യമേഖലയിലെ ചെറുകിട വ്യവസായ യൂണിറ്റുകൾ

ക്ര. നമ്പർ	സ്ഥാപനത്തിന്റെ പേര്	എണ്ണം	പു.	സ്ത്രീ.	ആകെ
1	മെറ്റൽ ക്രഷർ	1	10	15	25
2	ഹോളോബ്രിക്സ് നിർമ്മാണം	4	11	16	27
3	കെട്ടിടനിർമ്മാണ സാമഗ്രികൾ നിർമ്മാണ യൂണിറ്റ് (കോൺക്രീറ്റ്)	2	6	3	9
4	കരിങ്കൽ ക്വാറികൾ	10	50	30	80
5	എൻജിനീയറിംഗ് യൂണിറ്റുകൾ (തടി)	10	30	–	30
6	എൻജിനീയറിംഗ് യൂണിറ്റുകൾ (ഇരുമ്പ്)	3	10	–	10
7	ഓയിൽ മില്ലുകൾ	5	5	–	5
8	റൈസ് ഫ്ളവർ മില്ലുകൾ	14	14	–	14
9	തടിമില്ലുകൾ	1	4	–	4
10	തീപ്പെട്ടിക്കമ്പ് നിർമ്മാണം	1	6	6	12
11	അലൂമിനിയപാത്ര നിർമ്മാണം	1	2	–	2
12	സോഡാ നിർമ്മാണം	1	4	–	4

പരമ്പരാഗത വ്യവസായങ്ങൾ

ക്ര.ന.	വിഭാഗം	കുടുംബങ്ങളുടെ എണ്ണം	പു.	സ്ത്രീ.	ആകെ.
1	പപ്പടനിർമ്മാണം	12	9	15	24
2	തഴപ്പായ നെയ്ത്ത്	2	–	2	2
3	കുട്ട, വട്ടി പനമ്പ് നെയ്ത്ത്	7	3	7	10

മേല്പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയ്ക്കു വിധേയമാക്കി മുൻഗണനാ ക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്ത് ഏതാനും വർഷങ്ങൾക്കുള്ളിൽ വൻകിട, ചെറുകിട, കുടിൽ വ്യവസായങ്ങൾ ഉൾപ്പെടെ വ്യവസായരംഗത്ത് മുൻപന്തിയിലെത്തിച്ചേരും.

നമുക്കാവശ്യമുള്ള നിത്യോപയോഗ സാധനങ്ങൾ മിക്കതും ഇവിടെത്തന്നെ ഉല്പാദിപ്പിച്ച് സ്വയം പര്യാപ്തതയുടെ പാതയിലൂടെ ബഹുദൂരം സഞ്ചരിക്കുവാൻ നമുക്കാകും. കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുവാനും തൊഴിലില്ലായ്മയ്ക്കു കാര്യമായ പരിഹാരം കാണാനും നമുക്കു കഴിയും.

എല്ലാത്തിനുമുപരിയായി പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി അഭിവൃദ്ധിപ്പെടുത്തുവാനും ജനങ്ങളുടെ സാമൂഹ്യസാംസ്കാരിക പുരോഗതിക്ക് ആക്കംകൂട്ടുവാനും ജനങ്ങൾക്കാകമാനം ക്ഷേമൈശ്വര്യങ്ങൾ കൈവരിക്കുവാനും വ്യവസായവല്ക്കരണത്തിലൂടെ നമുക്കുകഴിയും.

ഊർജ്ജം

മനുഷ്യജീവിതത്തിൽ എന്നും ഊർജ്ജത്തിന് പ്രഥമസ്ഥാനമാണുള്ളത്. വിവിധ ഊർജ്ജസ്രോതസ്സുകളുണ്ടെങ്കിലും തികച്ചും കാർഷിക മേഖലയായ ഞീഴൂരിലെ പ്രധാന ഊർജ്ജമേഖല വൈദ്യുതിയാണ്. ഗാർഹിക ആവശ്യത്തിനാണ് കൂടുതൽ വൈദ്യുതിയും ഉപയോഗിക്കുന്നത്.

ഞീഴൂരിൽ ഉപയോഗിക്കുന്ന പ്രധാന ഊർജ്ജസ്രോതസ്സുകൾ.

1. വൈദ്യുതി
2. ജൈവദ്രവ്യങ്ങൾ (വിറക് മുതലായവ)
3. പെട്രോളിയം ഉൽപ്പന്നങ്ങൾ/വാതകങ്ങൾ
4. ജൈവവാതകം

ഏതാനും പതിറ്റാണ്ടുകൾക്കു മുമ്പുവരെ വൈദ്യുതവാതകവിളക്കുകൾ പ്രചാരത്തിലുണ്ടായിരുന്നില്ല. അന്ന് പ്രകാശത്തിനായി വിവിധ എണ്ണവിളക്കുകളെയാണ് പൂർണ്ണമായും ആശ്രയിച്ചിരുന്നത്. വൈദ്യുതി, വാതക ഇന്ധനങ്ങൾ തുടങ്ങിയവ പിന്നീട് വ്യാപകമായെങ്കിലും എണ്ണഉപഭോഗം കുറഞ്ഞിട്ടില്ല എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

മണ്ണെണ്ണയുടെ കഴിഞ്ഞ അഞ്ചുവർഷത്തെ ഉപഭോഗം

വർഷം	അളവ് ലി.
1991–92	1,20,316
1993–94	1,11,690
1995–96	1,57,550

പാചകത്തിനായി കഴിഞ്ഞ കാലങ്ങളിൽ നൂറുശതമാനം കുടുംബങ്ങളും വിറകിനെ മാത്രമാണ് ആശ്രയിച്ചിരുന്നത്. കാലക്രമേണ പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും തന്നെ വൈദ്യുതി എത്തിച്ചേർന്നെങ്കിലും 95% കുടുംബങ്ങളും ഇന്നും വിറകിനെ ആശ്രയിക്കുന്നു. ജനസാന്ദ്രതയിൽ വന്ന വർദ്ധനവും സസ്യപ്രകൃതിയിൽ വന്നമാറ്റവും വിറകിന്റെ ദൗർലഭ്യത്തിന് ഇടയാക്കിയിരിക്കുന്നു. വളരെയധികം ഊർജ്ജലാഭം സാധ്യമാക്കുന്ന, ദക്ഷതയേറിയ അടുപ്പുകൾ, സൗരോർജ്ജവിളക്കുകൾ, കച്ചിപ്പെട്ടി, പ്രഷർകുക്കർ, മുതലായ ഉപയോഗിക്കുന്നവരുടെ എണ്ണം അംഗുലീ പരിമിതമാണെന്നതാണ് വസ്തുത. 50 ശതമാനം ജനങ്ങളും മറ്റുപുരയിടങ്ങളിൽ നിന്നുമാണ് അവർക്കാവശ്യമായ ജൈവദ്രവ്യങ്ങൾ ശേഖരിക്കുന്നത്. വിറക് വിലക്ക് വാങ്ങി ഉപയോഗിക്കുന്നവർ ഇല്ലെന്നു തന്നെ പറയാം.

1960–70 കാലഘട്ടത്തിലാണ് ഞീഴൂരിൽ വൈദ്യുതി എത്തിത്തുടങ്ങുന്നത്. അതിനുശേഷം വൈദ്യുതി ഉപയോഗിക്കുന്നവരുടെ എണ്ണത്തിൽ വലിയ വർദ്ധനവ് തന്നെയുണ്ടായി. ഇന്ന് 65 ശതമാനം കുടുംബങ്ങളും വൈദ്യുതി ഉപയോഗിക്കുന്നു. എന്നാൽ ബാക്കിവരുന്ന 35 ശതമാനം കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ഇതുവരെ ലഭിച്ചിട്ടില്ല. പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും ഈ കുടുംബങ്ങൾ ഉണ്ട്. സാമ്പത്തീകമായി വളരെ പിന്നോക്കംനിൽക്കുന്നവരാണ് ഈ കുടുംബങ്ങൾ എന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. നിലവിലുള്ള വൈദ്യുത ഉപഭോഗം പട്ടിക1-ൽ ചേർത്തിരിക്കുന്നു.

പാചകവാതകം

നമ്മുടെ പഞ്ചായത്തിൽ പാചകവാതകം ഉപയോഗിക്കുന്നവർ നാമമാത്രമായെങ്കിലും ഉണ്ട്. സമീപകാലത്തായി ഇവരുടെ എണ്ണത്തിൽ അല്പം വർദ്ധനവുണ്ടായിട്ടുണ്ട്. പാചകവാതകത്തിന് ആവശ്യക്കാർ ധാരാളമുണ്ടെങ്കിലും ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ നിലനിൽക്കുന്നതിനാൽ അതിന് കഴിയുന്നില്ല. സമീപത്തുള്ള ഗ്യാസ് ഏജൻസികൾ വൈക്കം, പിറവം എന്നിവിടങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. ഈ ഏജൻസികളുടെ പരിധിയിൽ ഞീഴൂർ ഉൾപ്പെടുന്നില്ല എന്നതാണ് പ്രധാനതടസ്സം. അതിനാൽ ഞീഴൂർ കേന്ദ്രീകരിച്ച് ഒരു ഗ്യാസ് ഏജൻസി ആരംഭിച്ചാൽ മാത്രമേ ഈ പ്രശ്നത്തിനു പരിഹാരമാവുകയുള്ളൂ.

കാർഷിക മേഖലയായ ഞീഴൂർ ഏഴായിരത്തോളം കന്നുകാലികളുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. അതിനാൽ ബയോഗ്യാസ് നിർമ്മാണത്തിന് നമ്മുടെ പഞ്ചായത്തിൽ അനന്തസാധ്യതകളാണുള്ളത്. ഇതുനിർമ്മിക്കുന്നതിന് സഹായങ്ങൾ നിലവിലുണ്ട്. വേണ്ടരീതിയിൽ ഈ പദ്ധതി പ്രയോജനപ്പെടുത്തിയാൽ മാത്രം പഞ്ചായത്തിൽ ഇന്നനുഭവിക്കുന്ന ഊർജ്ജ പ്രതിസന്ധിക്ക് വലിയൊരളവ് പരിഹാരം കാണുന്നതിന് സാധിക്കുന്നതാണ്.

പട്ടിക - I

ഞീഴൂർ പഞ്ചായത്തിലെ വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

ക്രമ	ഇനം	എണ്ണം
1.	ആകെ ട്രാൻസ്ഫോർമറുകൾ (LT)	17
2.	സ്ട്രീറ്റ് ലൈറ്റുകൾ ട്യൂബ്,	18
	ബൾബ്	259
3.	ഗാർഹിക ഉപഭോഗം	2109
4.	വ്യാപാര ഉപഭോഗം	203
5.	വ്യാവസായിക ഉപഭോഗം	27
6.	കാർഷിക ഉപഭോഗം	97

പട്ടിക - II

1993-96 കാലയളവിൽ കടുത്തുരുത്തി 'അനർട്ടും' പ്രൊജക് ഓഫീസിൽ നിന്നും ഞീഴൂർ ഗ്രാമപഞ്ചായത്തിൽ വിതരണം ചെയ്തിട്ടുള്ള വിവിധ ഉകരണങ്ങൾ

ക്രമ	ഉപകരണങ്ങൾ	എണ്ണം
1.	പ്രഷർകുക്കർ (6.5 ലിറ്റർ)	101
2.	പ്രഷർകുക്കർ (5 ലിറ്റർ)	24
3.	സ്റ്റൗ (സരൾ)	180
4.	സ്റ്റൗ (പീ. കോക്ക്)	92
5.	ഇലക്ട്രേണിക് ക്ലോക്ക്	73
6.	കോമ്പാക് ഫ്ലൂറസന്റ് ലാമ്പ്	77
7.	പുകയില്ലാത്ത അടുപ്പുകൾ	233
8.	സോളാർ ലാമ്പ്	30

വൈദ്യുത മേഖലയിലെ പ്രധാന പ്രശ്നങ്ങൾ

1. വോൾട്ടേജ് കുറവ്. തുടരെയുണ്ടാകുന്ന അപ്രഖ്യാപിതകട്ട്.
2. സംവിധാനങ്ങളിലെ പാകപ്പിഴമൂലം ഉപയോഗിക്കാത്ത വൈദ്യുതിക്ക് ഉപഭോക്താക്കൾ പണം നൽകേണ്ടിവരുന്നു. അതുപോലെ തന്നെ ചിലർ അനുവദിക്കപ്പെട്ടതിൽ കൂടുതൽ വൈദ്യുതി സൗജന്യമായി ഉപയോഗിക്കുന്നു.
3. കാലപ്പഴക്കം ചെന്ന വൈദ്യുത ലൈനുകളും ട്രാൻസ്ഫോർമറുകളും യഥാസമയത്ത് പുനഃസ്ഥാപിക്കാത്തതിനാൽ കൂടിയതോതിൽ പ്രസരണനഷ്ടം ഉണ്ടാകുന്നു.
4. ഉപഭോക്താക്കളുടെ വർദ്ധനവിനനുസരിച്ച് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാത്തതിനാൽ നിലവിലുള്ളവ കൂടുതൽ 'ലോഡ്' വഹിക്കേണ്ടിവരികയും, ഫലത്തിൽ കൃത്രിമമായ വോൾട്ടേജ് ക്ഷാമം ഉണ്ടാവുകയും ചെയ്യുന്നു.
5. വൈദ്യുത ലൈനുകളിൽ മുട്ടിക്കിടക്കുന്ന വൃക്ഷശിഖരങ്ങൾ പ്രസരണനഷ്ടം കൂടുന്നതിനിടയാക്കുന്നു.
6. ആവശ്യമായ സ്ഥലങ്ങളിൽ സെക്ഷൻഫ്യൂസുകൾ സ്ഥാപിക്കുന്നില്ല. വഴിവിളക്കുകളുടെ യഥാസമയത്തുള്ള 'റിപ്പയറിംഗ്' നടക്കാത്തതിനാൽ പഞ്ചായത്തിന് വൈദ്യുതി ഇനത്തിൽ ഭീമമായ സംഖ്യ ചെലവിടേണ്ടിവരുന്നു.
7. കുറഞ്ഞുവരുന്ന വിറകിന്റെ ലഭ്യത.
8. പരമ്പരാഗത ഊർജ്ജസ്രോതസ്സുകളെയും ദക്ഷതകൂടിയ ഉപകരണങ്ങളെയും ഉപയോഗപ്പെടുത്തുന്നതിൽ പൊതുവെയുള്ള താൽപര്യക്കുറവ്.
9. പാചക വാതകം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.

പരിഹാരങ്ങൾ/നിർദ്ദേശങ്ങൾ

1. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്.

   A. നിലവിലുള്ള L.T. ട്രാൻസ്ഫോർമറുകൾ 'ലോഡ്' തുല്യമാക്കുന്ന രീതിയിൽ ക്രമീകരിക്കുകയും, ഗ്രാമസഭ നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളിൽ പുതിയവ സ്ഥാപിക്കുകയും ചെയ്യുക.

   B. പഴക്കംചെന്ന വൈദ്യുതിലൈനുകളും ട്രാൻസ്ഫോർമറുകളും, പോസ്റ്റുകളും യഥാസമയം നീക്കം ചെയ്ത് പുതിയവസ്ഥാപിക്കുക. ഇതുമൂലം പ്രസരണനഷ്ടം ഒഴിവാക്കാം.

C. വൈദ്യുത ലൈനുകളിൽ വീണുകിടക്കുന്ന വൃക്ഷശിഖരങ്ങൾ ജനപങ്കാളിത്തത്തോടെ നീക്കം ചെയ്യുകയും പുരയിടങ്ങളിലൂടെ കടന്നുപോകുന്ന ലൈനുകൾ കഴിവതും റോഡുകളിലൂടെ മാറ്റിസ്ഥാപിക്കുകയും ചെയ്യുക.

2. പ്രവർത്തനക്ഷമമായ മീറ്ററുകൾ സ്ഥാപിക്കുകയും അതിനനുസരിച്ച് മാത്രം വൈദ്യുത ചാർജ്ജ് ഈടാക്കുകയും ചെയ്യുക.

3. വഴിവിളക്കുകൾ യഥാസമയത്ത് നന്നാക്കുന്നതിനും പുനഃസ്ഥാപിക്കുന്നതിനും ഇലക്ട്രിസിറ്റി ലൈൻമാൻമാരെ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുക.

4. സാമൂഹ്യ വനവൽക്കരണത്തിലൂടെ പൊതുസ്ഥലങ്ങളിലും പുറം പോക്കുകളിലും വിറകിനാവശ്യമായ വൃക്ഷങ്ങൾ ധാരാളമായി വച്ചുപിടിപ്പിക്കുക.

5. ഒരു പാചകവാതക ഏജൻസി ഞീഴൂർ കേന്ദ്രീകരിച്ച് അനുവദിക്കുക.

6. ഊർജ്ജലാഭം ഉണ്ടാക്കുന്ന ദക്ഷതകൂടിയ അടുപ്പുകൾ, ഘർഷണരഹിത ഫുഡ്വാൽവ്, ഡ്യൂബ് ലൈറ്റ് ഇലക്ട്രോണിക് ചോക്ക്, സോളാർ വിളക്കുകൾ-പമ്പുകൾ-കുക്കറുകൾ, കോമ്പാക്ട് ഫ്ളൂറസെന്റ് ലാമ്പുകൾ, ബയോഗ്യാസ് അടുപ്പുകൾ, വിളക്കുകൾ, കച്ചിപ്പെട്ടി മുതലായവയെക്കുറിച്ച് ശക്തമായ ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുകയും അവവ്യാപകമായി ഉപയോഗിക്കുന്നതിന് പ്രോത്സാഹനം നൽകുകയും ചെയ്യുക.

മാർക്കറ്റ്

കാർഷികമേഖലയായ ഞീഴൂറിനെ സംബന്ധിച്ചിടത്തോളം മാർക്കറ്റിന് വളരെ പ്രാധാന്യമുണ്ട്. ഞീഴൂരിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന കാർഷിക വിളകൾ വിറ്റഴിക്കുന്നതിനായി കർഷകർ ഇന്ന് പ്രധാനമായും ആശ്രയിക്കുന്നത് കുറുപ്പംതറ, തലയോലപ്പറമ്പ്, പെരുവ, മാർക്കറ്റുകളെയാണ്. ഇത് കർഷകർക്ക് വളരെയധികം നഷ്ടം വരുത്തിവയ്ക്കുന്നു. ഇപ്പോൾ പ്രധാന കാർഷിക ഉൽപ്പന്നമായി മാറിയിരിക്കുന്ന റബ്ബർ വിപണനത്തിന് സാമാന്യം ഭേദപ്പെട്ട സംവിധാനം നിലവിലുണ്ട് കേരളാ ഹോൾട്ടികൾചറൽ ഡവലപ്പ്മെൻറ് പ്രോഗ്രാമിൽപ്പെടുത്തി പഞ്ചായത്തിൻെറ ചിലഭാഗങ്ങളിൽ KHDP യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവതികച്ചും അപര്യാപ്തമാണ്.

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ മൂന്ന് പൊതുമാർക്കറ്റുകൾ നിലവിലുണ്ട്. ഞീഴൂർ ജംഗ്ഷനിൽ ശ്രി.ചെറിയാൻ തോമസ്സ് തച്ചേട്ട് സംഭാവനയായി നൽകിയ 50 സെൻറ് സ്ഥലത്താണ് ഞീഴൂർ മാർക്കറ്റ് പ്രവർത്തിക്കുന്നത്. ആഴ്ചയിൽ രണ്ടുദിവസം ഏതാനും മണിക്കൂറുകൾ മാത്രമാണ് ഈമാർക്കറ്റിൻെറ പ്രവർത്തനം നടക്കുന്നത് എന്നുള്ളത് ഒരു വലിയ കുറവാണ്. 6-ാം വാർഡിൽ മൊയിറ്റിപറമ്പിലും 7 - ാം വാർഡിൽ ചായംമാക്കിലും ഉണ്ടായിരുന്ന മാർക്കറ്റുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

ഞീഴൂരിലെ മാർക്കറ്റ് വളരെ ശോചനീയാവസ്ഥയിലാണ്. ഈഅവസ്ഥ മാറ്റുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

പരിഹാരങ്ങൾ / നിർദ്ദേശങ്ങൾ

1. KHDP യുടെ യൂണിറ്റുകൾ പഞ്ചായത്തിൽ ആവശ്യമായ എല്ലാവാർഡുകളിലും സ്ഥാപിക്കുകയും പ്രവർത്തനം വിപുലമാക്കുകയും ചെയ്യുക.
2. മാർക്കറ്റിങ്ങ് സഹകരണസംഘങ്ങൾ സ്ഥാപിക്കുക.
3. പ്രവർത്തനക്ഷമമല്ലാത്ത മൊയിറ്റിപ്പറമ്പ്, ചായംമാർക്ക് മാർക്കറ്റുകൾ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്ഴീകരിക്കുക.
4. ഗ്രാമസഭകൾ നിർദ്ദേശിച്ചിട്ടുള്ള പ്രദേശങ്ങളിൽ മിനിമാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.
5. ഞീഴൂർ പൊതുമാർക്കറ്റ് വികസിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി നടപ്പാക്കണം.
1. അറവുശാല വൃത്തിയായി സൂക്ഷിക്കുക.
2. അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിന് സുരക്ഷിതമായ കുഴികൾ നിർമ്മിക്കുക.
3. കോമ്പൗണ്ട്വാൾ നിർമ്മിച്ച് മാർക്കറ്റ് സംരക്ഷിക്കുക.
4. ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മിച്ച് കൂടുതൽ സ്റ്റാളുകൾ പ്രവർത്തിപ്പിക്കുക.

ഗതാഗതം

കാളവണ്ടികളുടെ കോലാഹലം ഞീഴൂർ ഗ്രാമവാസികളുടെ കാതിൽ നിന്നകന്നിട്ട് കുറച്ചുകാലം മാത്രമേ ആയിട്ടുള്ളൂ. മറ്റു മേഖലകളിലെന്നപോലെ ഗതാഗതരംഗത്തും ഞീഴൂർ ഗ്രാമപഞ്ചായത്ത് ഏറെ പിന്നോക്കം നിൽക്കുന്നു. കാർഷികവൃത്തികൊണ്ട് ഉപജീവനം നടത്തിയിരുന്ന ഗ്രാമവാസികൾ അവരുടെ ഉൽപ്പന്നങ്ങൾ കാളവണ്ടി മുഖേനയും തലച്ചുമടായും, പെരുവ, തലയോലപ്പറമ്പ്, കുറുപ്പംതറ എന്നീ ചന്തകളിൽ എത്തിച്ച് വിറ്റഴിച്ചിരുന്നു. യാത്ര ചെയ്യുന്നതിന് കാളവണ്ടികളെ (വില്ലുവണ്ടി) ആശ്രയിച്ചിരുന്നു.

1956-ൽ ആണ് ഞീഴൂർ പഞ്ചായത്തിൽ ആദ്യമായി "ബസ് സർവ്വീസ്" ആരംഭിച്ചത്. ഞീഴൂർ-കീഴൂർ റൂട്ടിൽ വൈക്കത്തുനിന്നും ഞീഴൂരിലേക്ക് "ഭാരത്" എന്ന സ്വകാര്യബസ് ഓടിത്തുടങ്ങിയത് ഞീഴൂർ നിവാസികളിൽ കൗതുകമുണർത്തുന്ന ഓർമ്മയായി അവശേഷിക്കുന്നു. 1960-ൽ ഞീഴൂർ-കീഴൂർ റോഡ് പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്തു. ഞീഴൂരിൽ പി.ഡബ്ല്യൂ.ഡി ആദ്യം ഏറ്റെടുത്ത റോഡും ഇത് തന്നെയാണ്. ഞീഴൂരിനെയും കടുത്തുരുത്തിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന പൂവക്കോട്ട് പാലം 1963-ൽ പൂർത്തിയാവുകയും 64-ൽ ഈ റോഡിലൂടെ കോട്ടയം ഇലഞ്ഞി ബസ് ഓടിത്തുടങ്ങുകയും ചെയ്തു. ഞീഴൂരിനെയും കുറവിലങ്ങാടിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കണക്കഞ്ചേരിപ്പാലം പൂർത്തിയാകുന്നത് 1968-ൽ മാത്രമാണ്. 1982-ൽ തുരുത്തിപ്പിള്ളിപ്പാലവും 1993 കുമ്പ്രാമറ്റംപാലവും പൂർത്തിയായി. കൂടാതെ പഞ്ചായത്തുപടി, കുളത്തിക്കോട്, മഠത്തിപ്പറമ്പ് എന്നിവിടങ്ങളിലും പാലങ്ങൾ ഉണ്ട്. എന്നാൽ 4,6,7,8 വാർഡുകളെ ഞീഴൂരുമായി ബന്ധിപ്പിക്കുന്ന രീതിയിൽ ബസ് സർവീസുകൾ ഇല്ലെന്നുള്ളത് ഒരു ന്യൂനതയായി നിലനിൽക്കുന്നു.

പഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രധാന റോഡുകൾ ഞീഴൂർ-കടുത്തുരുത്തി ഞീഴൂർ-ഇലഞ്ഞി, ഞീഴൂർ-കാഴാ, ഞീഴൂർ-കീഴൂർ എന്നിവയാണ്. പി.ഡബ്ല്യൂ. ഡി റോഡുകളിൽ ഞീഴൂർ-കോഴാ റോഡു മാത്രമാണ് ഇപ്പോൾ ഗതാഗതയോഗ്യമായുള്ളത്. മറ്റു റോഡുകളുടെയെല്ലാം പ്രത്യേകിച്ച് ഞീഴൂർ-കീഴൂർ റോഡിന്റെ അവസ്ഥ വളരെ ദയനീയമാണ്. കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതാണ് ഈ ദുഃസ്ഥിതിയ്ക്കു കാരണം. ആയതിനാൽ പഞ്ചായത്തുസമിതിയുടെ മേൽനോട്ടത്തിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഓടകൾ നിർമ്മിക്കുന്നതിനും ശുചീകരിക്കുന്നതിനുമായി മൂന്ന് സ്ഥിരം തൊഴിലാളികളെ (പഴയ എൻ.എം.ആർ. മോഡൽ) നിയമിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ അംഗങ്ങൾക്ക് ഇവരുടെ പ്രവർത്തനം വിലയിരുത്താനും നിർദ്ദേശങ്ങൾ നൽകാനും കഴിയുമെന്നതിനാൽ ഇവരുടെ സേവനം ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയും. ടാർ റോഡുകൾ നന്നാക്കുന്നതിനുള്ള മെറ്റൽ-ടാർ മുതലായവ എല്ലായ്പ്പോഴും പഞ്ചായത്ത് സൗകര്യപ്രദമായ സ്ഥലത്ത് സ്റ്റോക്കുചെയ്ത് ഗട്ടറുകൾ ഉണ്ടാകുമ്പോഴേ അതു നന്നാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ബസ് സർവ്വീസുകളുടെ അപര്യാപ്തമൂലം ടാക്സികളുടെ എണ്ണം ദിവസവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ് പഞ്ചായത്തിലെ മൊത്തം റോഡുകളെപ്പോലെ, ഞീഴൂർ ടൗണിലെ റോഡുകളും വളരെ ഇടുങ്ങിയതാണ്. ടൗണിൽതന്നെ ടാക്സികൾ പാർക്ക് ചെയ്യുന്നതിനാൽ വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ആയതിനാൽ ടാക്സികളുടെ പാർക്കിംഗ് ഞീഴൂർ-കീഴൂർ റോഡിൽ സെൻറ് ജോസഫ്സ് കോൺവെൻറ് മുതൽ ടൗണിലേക്കുള്ള ഭാഗത്ത് ആക്കുന്നത് നന്നായിരിക്കും.

ബസ് ഗതാഗതസൗകര്യം വളരെക്കുറവായതിനാൽ ജനങ്ങൾ യാത്രയ്ക്ക് സ്വന്തം വാഹനങ്ങളെയും ടാക്സികളെയും ആശ്രയിക്കുന്നു. കോട്ടയം-ഇലഞ്ഞി റൂട്ടിൽ സാമാന്യം ഭേദപ്പെട്ട രീതിയിൽ ലൈൻ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഇത് കൂടുതൽ കാര്യക്ഷമമാക്കണം. ഈ റൂട്ടിൽ നാലു ബസ്സുകളും, ഞീഴൂർ കോട്ടയം (കുവിലങ്ങാട്ടുവഴി) ഒരു ബസ്സും, പെരുവ-കോട്ടയം രണ്ടു ബസ്സുകളും, വെള്ളൂർ-കോട്ടയം ഒരു ബസും പാല-എറണാകുളം ഒരു ബസ്സും, ഇതുകൂടാതെ സമീപകാലത്ത് ആരംഭിച്ച ഞീഴൂർ-പാലാ, ഞീഴൂർ-കോട്ടയം എന്നീ ബസ്സുകളും, വൈയ്ക്കം-തൊടുപുഴ ബസും, തിരുവാമ്പാടി-കാട്ടാമ്പാക്ക് വഴി കടന്നുപോകുന്ന മൂന്നു വൈയ്ക്കം - പാലബസ്സുകളും കൂടിച്ചേരുമ്പോൾ പഞ്ചായത്തിന്റെ ഗതാഗതശൃംഖല പൂർത്തിയാവുന്നു.

പഞ്ചായത്തിന്റെ വിവിധ മേഖലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന തരത്തിലുള്ള കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിച്ചാൽ മാത്രമേ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാനാവൂ. കൂടാതെ നിർദ്ദിഷ്ട ആലപ്പുഴ-മധുര ഹൈവേ ഞീഴൂർ വഴി കടന്നുപോയാൽ വികസനരംഗത്ത് ഏറെപ്പിന്നോക്കം നിൽക്കുന്ന ഞീഴൂരിന് കുതിച്ചുചാട്ടംതന്നെ വികസനരംഗത്തുണ്ടാവുമെന്നുള്ളതിനാൽ അതിനു വേണ്ട നടപടികൾ ത്വരിതീകരിക്കണം.

വാർഡ് 1

വാർഡിന്റെ വടക്കേ അതിർത്തിചേർന്ന് കടന്നുപോകുന്ന പുല്ലുവെട്ടത്തുമല കാഞ്ഞിരമറ്റം റോഡ്, മധ്യഭാഗത്തുകൂടി കടന്നുപോകുന്ന പെരുവ-മോനിപ്പള്ളി റോഡ് എന്നിവയാണ് വാർഡിലെ പഴക്കം ചെന്ന റോഡുകൾ. വാർഡിന്റെ കിഴക്കേ അതിർത്തിയിലൂടെ കടന്നുപോകുന്ന കടുത്തുരുത്തി ഇലഞ്ഞി റോഡാണ് അടുത്തത്. ആദ്യമായി ബസ് സർവ്വീസ് ആരംഭിച്ചത് ഈ റോഡിലൂടെയാണ്. മരങ്ങോലി-കണക്കാചേരി റോഡുമാണ് മറ്റുള്ളവ. പുല്ലുവെട്ടത്തുമല-കാഞ്ഞിരമറ്റം റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് നിർമ്മാണ വേലകൾ ചെയ്തുകൊണ്ടിരിക്കുന്നു. പെരുവമോനിപ്പള്ളി റോഡിൽക്കൂടി ബസ് സർവീസ് ഉണ്ടെങ്കിലും ഇത് അപര്യാപ്തമാണ്. കടുത്തുരുത്തി-ഇലഞ്ഞി റോഡിലൂടെയാണ് ബസ് സർവീസ് അല്പം കൂടുതലുള്ളതെങ്കിലും ഈ റോഡ് തീർത്തും ഇടുങ്ങിയതും ഓടകളുടെ അഭാവംമൂലം ശോചനീയാവസ്ഥയിലും ആണ്. കണക്കാചേരി റോഡും നിരവം-ഞീഴൂർറോഡും കനാൽ ലിങ്കു റോഡുകളായി എടുത്തിട്ടുണ്ടെങ്കിലും മെറ്റലിങ്ങിനുശേഷം പണികൾ ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാണ്.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1. ഗ്രാമീണ റോഡുകളിൽ ഏറ്റവും വീതിയുള്ള പൊള്ളാംതടം - ഓലിക്കമല റോഡ് അടിയന്തിരമായി ടാർ ചെയ്യുക. പുല്ലുവെട്ടത്തുമല കാഞ്ഞിരമറ്റം റോഡിനേയും.

2. വെട്ടിക്കാട്ട്-പാലകുന്ന് റോഡിന്റെയും അമ്പലത്തുപറമ്പ് - ആലപുറം റോഡിന്റെയും അവശേഷിക്കുന്ന ഭാഗം ടാറിംഗ് നടത്തുക.

3. മുത്തുട്-കണ്ടംകാവ് റോഡ് ടാർ ചെയ്യുക.

4. കാതോലി-ഓലിക്കമല റോഡ് ടാർ ചെയ്യുക.

5. കടുത്തുരുത്തി - ഇലഞ്ഞിറോഡിലും, പെരുവ-മോനിപ്പള്ളി റോഡിലും കൂടുതൽ സർവ്വീസുകളാരംഭിക്കുക.

6. കടുത്തുരുത്തി-ഇലഞ്ഞി റോഡിന്റെ വീതികൂട്ടി ടാർ ചെയ്യുന്നതിന് ശ്രമം നടത്തുക.

വാർഡ് 2

പൊതുഗതാഗത സൗകര്യം വളരെ കുറച്ചു മാത്രമുള്ള ഒരു പ്രദേശമാണ് 2-ാം വാർഡ്. ഈ വാർഡിന്റെ അതിർത്തിയിലൂടെ കടന്നുപോകുന്ന ഞീഴൂർ-പാറശ്ശേരി (പി.ഡബ്ല്യു.ഡി.) റോഡും, ശാന്തിപുരം-നിരവം (പി.ഡബ്ല്യു.ഡി.) റോഡും കൂടാതെ, കാഞ്ഞിരംമൂട്-അറുനൂറ്റിമംഗലം (പഞ്ചായത്ത്) റോഡിന്റെ 300 മീ. മാത്രമാണ് ടാർ ചെയ്തത്. ഞീഴൂർ-പാറശ്ശേരി, ശാന്തിപുരം-നിരവം എന്നീ റോഡുകളിലൂടെ ഏതാനും ബസ്സുകൾ സർവ്വീസ്

നടത്തുന്നു. വാർഡിലെ 75% ജനങ്ങൾക്കും ഈ റോഡുകളിലെത്താൻ വളരെയേറെ നടക്കേണ്ടതുണ്ട്. ഈ സ്ഥിതിക്ക് പരിഹാരം കാണുന്നതിന് എം.വി. ഐ.പി. ക്കുവേണ്ടി എടുത്തിട്ടുള്ള ഞീഴൂർ-കാഞ്ഞിരമറ്റം റോഡ് 8 മീറ്റർ വീതി ഇല്ലാത്ത ഭാഗത്ത് വീതി കൂട്ടുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയും റോഡ് ടാർ ചെയ്ത് ബസ്സർവ്വീസ് ആരംഭിക്കുകയും വേണം. പാറശ്ശേരി കണ്ടംകാവ് റോഡിന്റെ പണി പൂർത്തിയാക്കി ടാർ ചെയ്ത് ബസ് സർവ്വീസ് തുടങ്ങണം. പാറേപ്പറമ്പ് മേലാളം ഉദയംചേരിറോഡ് വീതികൂട്ടുകയും, പതിച്ചേരി ഹരിജൻ കോളനിവഴി-കാഞ്ഞിരംപാറ റോഡ് അറ്റകുറ്റപ്പണികൾ നടത്തുകയും ചാരാകണ്ടം ഭാഗത്തുനിന്നും പാടശേഖരത്തിന്റെ തെക്കുവശത്തു കൂടി ഒരു റോഡു നിർമ്മിച്ച് വിശ്വഭാരതി - അമ്പലം റോഡിനോട് ബന്ധിപ്പിച്ചാൽ ഈ പ്രദേശങ്ങളിൽനിന്നും വിശ്വഭാരതി സ്ക്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് അത് വളരെ ഉപകാരപ്രദമായിരിക്കും. കാഞ്ഞിരമറ്റം കുറുമറ്റപ്പള്ളിത്തടം - കാഞ്ഞിരംപാററോഡും ഞീഴൂർ അറുനൂറ്റിമംഗലം റോഡും വീതികൂട്ടി ടാർ ചെയ്യുകയും വേണം.

വാർഡ് 3

ഞീഴൂർ ടൗൺ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ അടങ്ങുന്ന ഈ വാർഡ് ഗതാഗതസൗകര്യത്തിൽ മുൻപന്തിയിലാണ്. ഞീഴൂർ-ഇലഞ്ഞി, ഞീഴൂർ-കോഴാ എന്നീ റോഡുകൾ ഇതിലെ കടന്നുപോകുന്നു. മേപ്പാടം കോളനിയുടെ വികസനത്തിനുവേണ്ടി കല്ലംതോട്ടം-മേപ്പാടം കോളനി-കൊന്നനാപ്പാടം റോഡ് ടാർ ചെയ്യുകയും ആവശ്യമായ കലുങ്കുകൾ നിർമ്മിയ്ക്കുകയും വിശ്വഭാരതി-അമ്പലം റോഡ് 2-ാം വാർഡുമായി ബന്ധിപ്പിക്കുകയും. എം.വി.ഐ.പി. റോഡുകൾ ടാർ ചെയ്ത് പണി പൂർത്തിയാക്കണം മൂവാറ്റുപുഴ-കടുത്തുരുത്തി നിർത്തലാക്കിയ ബസ് പുനരാരംഭിക്കുകയും പൈക്കത്തുനിന്നും - ഞീഴൂർ, കുറവിലങ്ങാട് വഴി കോട്ടയം ബസ് ആരംഭിക്കുകയും വേണം.

വർഡ് 4

ഞീഴൂർ ഗ്രാമപഞ്ചായത്തിലെ വാക്കാട്ടുപ്രദേശം ഉൾക്കൊള്ളുന്ന ഈ വാർഡിലൂടെ പ്രധാനമായും കുര്യനാട്-വാക്കാട്, വാക്കാട് ചേരുംതടം, വാക്കാട്-വട്ടക്കുന്ന്, വട്ടീന്ത്-മാണിക്കാവ് റോഡുകളാണ് കടന്നു പോകുന്നത്. ഞീഴൂർ ടൗണിൽനിന്നും 7 കി.മീ. ദൂരെ സ്ഥിതിചെയ്യുന്ന ഈ പ്രദേശത്തുള്ളവർക്ക് ഞീഴൂർ ടൗണുമായി നേരിട്ടു ബന്ധപ്പെടുന്നതിന് നിലവിൽ ബസ്സ് സർവ്വീസുകൾ ഇല്ല. അതിനാൽ ഈ വാർഡിലുള്ളവർ കൂടുതലും കുറവിലങ്ങാടുമായി ബന്ധപ്പെട്ട് ജീവിക്കുന്നു. സാധാരണക്കാരായ വളരെയധികം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്തുള്ളവർക്ക് ഞീഴൂരിലെ വിവിധ സ്ഥാപനങ്ങളുമായി (വില്ലേജ്, പഞ്ചായത്ത്, കൃഷിഭവൻ മുതലായവ) ബന്ധപ്പെടുന്നതിന് വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1. വട്ടീന്തൂങ്കൽ - മാണിക്കാവ് റോഡ് ടാർ ചെയ്യുക.
2. വാക്കാട് - ചേരുംതടം റോഡ് റീ-ടാറിംഗ് നടത്തുക.
3. വാക്കാട് - തൊണ്ടുചിറ ലക്ഷംവീട് കോളനി റോഡ് പുനരുദ്ധരിക്കുക.
4. വാക്കാട് - ചെരുവിൽ റോഡ് ടാർ ചെയ്യുക.
5. ഐക്കരേട്ട് - വള്ളിപ്പാലം റോഡ് ടാർ ചെയ്യുക.
6. വാക്കാട് - പതിപ്പാട് റോഡ് കലുങ്ക് നിർമ്മിയ്ക്കുകയും ടാറിംഗ് നടത്തുകയും ചെയ്യുക.
7. വാക്കാട് - ചേന്നംകുന്ന് റോഡ് നിർമ്മാണം പൂർത്തിയാക്കുക.
8. കുന്നുംകുഴി - പതിയിൽ റോഡ് നന്നാക്കി ടാറിംഗ് നടത്തുക.
9. വട്ടീന്തുങ്കൽ - മുക്കവലക്കുന്ന് റോഡ് ടാറിംഗ് നടത്തുക.
10. കുളമറ്റം - കോഴറോഡ് പുതുക്കിപ്പണിത് ടാർ ചെയ്യുക.

11. വാക്കാട് - ചേരുംതടം റോഡിൽ സി.എം.എസ്. പള്ളിയുടെ സമീപത്തു നിന്നും ഐക്കരോട്ട് - വള്ളിപ്പാലം റോഡിലേയ്ക്ക് പുതിയ വഴി നിർമ്മിയ്ക്കുക.

12. പേപ്പാറ ഭാഗത്ത് പാടത്ത് റോഡ് സൈഡ്കെട്ടി കലുങ്ക് പുതുക്കി പണിയുക.

13. വാക്കാട് കവലയിൽനിന്നും വാക്കാട്-തെണ്ടുചിറ റോഡിലേക്ക് പുതിയ റോഡ് നിർമ്മിയ്ക്കുക.

14. ഞരക്കോലി-കോഴാറോഡ് പുതുക്കിപ്പണിത് ടാർ ചെയ്യുക.

15. തട്ടാമല - കൊല്ലമലവഴി തൊണ്ടുചിറ കോളനിയിലേയ്ക്ക് റോഡ് നിർമ്മിക്കുക.

16. പേരുംതടം - കോട്ടയം ഒരു ബസ്സുകൂടി ആരംഭിക്കുക.

വാർഡ് 5

ഞീഴൂർ ടൗണിൽനിന്നും കുറവിലങ്ങാട്ടേയ്ക്കു പോകുന്ന ഞീഴൂർ - കോഴാറോഡ് ഈ വാർഡിന്റെ ഒരു മദ്ധ്യഭാഗത്തുകൂടിയാണ് കടന്നുപോകുന്നത്. എന്നാൽ വാർഡിന്റെ പലഭാഗങ്ങളിലും വാഹനങ്ങൾ എത്തിപ്പെടുന്നതിന് റോഡുകൾ ഇല്ല. കൂടാതെ നിലവിലുള്ള പല റോഡുകളും വളരെയധികം നിർമ്മാണങ്ങൾ നടത്തേണ്ടതായിട്ടുണ്ട്.

ഗ്രാമസഭ നിർദ്ദേശങ്ങൾ

1. മുക്കവലക്കുന്ന് - വട്ടീന്തുങ്കൽ, കല്യാണിമുക്ക് - ആറാട്ടുകടവ് റോഡുകൾ 8 മീ. വീതിയിൽ നിർമ്മിച്ച് ടാർ ചെയ്യുക.

2. ആവി-എടത്തുംകടവ് റോഡ്, മുക്കവലക്കുന്ന്-മാണികാവ് റോഡ് എന്നിവ 8 മീ. വീതിയിൽ നിർമ്മിച്ച് ടാർ ചെയ്യുക.

3. വട്ടക്കുന്ന് മുട്ടക്കാട്ട്-ആറാട്ടുകടവ് റോഡ് 8 മീ. വീതിയിൽ നിർമ്മിച്ച് ടാർ ചെയ്യുക.

4. പല്ലാട്ട്-പുത്തൻകണ്ടം, വടക്കേ നിരപ്പ് - ആറാട്ട് കടവ് റോഡുകൾ വീതി കൂട്ടി ടാർ ചെയ്യുക.

5. പുളിയ്ക്കാലി - പുളിയ്ക്കീൽ റോഡ് ടാർ ചെയ്യുക.

6. വടക്കേ നിരപ്പിൽനിന്നും ആവി - എടത്തുംകടവ് റോഡിൽ നെടുമാംപുഴ ഭാഗത്തേക്ക് റോഡ് നിർമ്മിക്കുക.

7. വടക്കേ നിരപ്പിൽനിന്നും കൊല്ലമല (വാക്കാട്) ഭാഗത്തേക്ക് പുതിയ റോഡ് നിർമ്മിക്കുക.

8. വട്ടക്കുന്ന് - വട്ടീന്തുങ്കൽ റോഡിൽ മന്തിരിക്കൽ ഭാഗത്തുനിന്നും മുക്കവലക്കുന്ന് വട്ടീന്തുങ്കൽ റോഡിൽ കലമറ്റം ഭാഗത്തേക്ക് റോഡ് നിർമ്മിക്കുക.

9. മുട്ടുങ്കൽ - കോഴാ റോഡിൽ പ്ലാച്ചാണി ഭാഗത്തുനിന്നും ഞീഴൂർ കോഴാ റോഡിൽ കൊച്ചുമലപ്പടിയിലേക്ക് റോഡ് നിർമ്മിക്കുക.

10. വടക്കേ നിരപ്പിൽനിന്നും മുട്ടക്കാട്ട് ഭാഗത്തേക്കും, വട്ടക്കുന്ന് - ആറാട്ടുകടവ് റോഡിൽനിന്നും കാട്ടാലിൽ ഭാഗത്തേക്കും നടപ്പാത നിർമ്മിക്കുക.

11. മുക്കവലക്കുന്ന് കവലയിൽ വാഹനങ്ങൾ തിരിയുന്നതിന് അനുയോജ്യമായ രീതിയിൽ റോഡ് പുനർനിർമ്മാണം നടത്തുക.

12. ഞീഴൂർ - കോഴാ റോഡിന്റെ വളവുകൾ വീതികൂട്ടുകയും, ഓടകൾ നന്നാക്കുകയും ചെയ്യുക.

13. വട്ടക്കുന്ന് - വട്ടീന്തുങ്കൽ റോഡ് റീ ടാറിംഗ് നടത്തുക.

14. മുക്കവലക്കുന്ന് - മുട്ടുങ്കൽ റോഡ് റീ ടാറിംഗ് നടത്തുക.

15. നാമറ്റം പാലത്തിന്റെ റിട്ടേണിംഗ് വാൾ പുതുക്കി പണിയുക.

16. വലിയ പ്ലാവ് - ഭജനമഠം, കണക്കാചേരി - ചേരുംതടം, വടക്കേ നിരപ്പ് തറപ്പ്. എം.വി.ഐ.പി.

കനാൽ ലിങ്ക് റോഡുകൾ ടാറിംഗ് നടത്തുക.

17. പുതിയ ബസ് സർവ്വീസുകൾ ആരംഭിക്കുക.

വെള്ളൂർ - തിരുവനന്തപുരം

കോട്ടയം - എറണാകുളം (ഫാസ്റ്റ് പാസഞ്ചർ)

സുൽത്താൻ
ബത്തേരി - ഏറ്റുമാനൂർ സൂപ്പർഫാസ്റ്റ്

വൈക്കം - തൊടുപുഴ

കോട്ടയം - മൂവാറ്റുപുഴ

കോട്ടയം - ഞീഴൂർ (മുട്ടുങ്കൽ ജംഗ്ഷൻ വഴി)

കോട്ടയം - പിറവം

വാർഡ് 6

കാട്ടാമ്പാക്ക് പടിഞ്ഞാറുഭാഗം ഉൾപ്പെടുന്ന ഈ പ്രദേശത്തുള്ളവർക്ക് ഞീഴൂർ ടൗണുമായി ബന്ധപ്പെടുന്നതിന് നിലവിൽ ബസ് സർവ്വീസുകൾ ഒന്നും ഇല്ല. വാർഡിൽ സ്ഥിതിചെയ്യുന്ന എൻ.എസ്.എസ്. എച്ച്.എസ്.-ലേക്ക് കുട്ടികൾക്ക് ഞീഴൂർ ഭാഗത്തുനിന്നും എത്തുന്നതിന് വലിയ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. കുറവിലങ്ങാട്, കടുത്തുരുത്തി പ്രദേശങ്ങളുമായിട്ടാണ് ജനങ്ങൾ കൂടുതലും ബന്ധപ്പെടുന്നത്. വൈക്കത്തു നിന്നും പാലായിലേക്ക് സർവ്വീസ് നടത്തുന്ന മൂന്നു ബസ്സുകളാണ് യാത്രക്കാർക്ക് ഏക ആശ്രയം.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. തുരുത്തിപ്പിള്ളി-മുതുകുളം നിരപ്പ് റോഡിന്റെ പണിപൂർത്തിയാക്കുക.

2. എൻ.എസ്.എസ്. എച്ച്.എസ്. കാട്ടാമ്പാക്ക് - ഞീഴൂർ റോഡിന്റെ പണിപൂർത്തീകരിക്കുക.

3. മുതുകുളം റോഡ് ഖാദിയിലേക്ക് കണക്ട് ചെയ്യുക.

4. എൻ.എസ്.എസ്. തോട്ടക്കുറ്റി റോഡിന്റെ അറ്റകുറ്റപണികൾ തീർത്ത് സഞ്ചാര യോഗ്യമാക്കുക.

5. വാളനില നിരപ്പേൽ റോഡ് സഞ്ചാരയോഗ്യമാക്കുക.

6. തേവർത്തുമലയുടെ കിഴക്കും പടിഞ്ഞാറും ബന്ധിപ്പിക്കുന്ന റോഡു നിർമ്മിക്കുക.

7. വെണ്ണമറ്റത്തിൽ നിന്നും ഞീഴൂർ റോഡിലേക്ക് പോകുന്ന റോഡ് അറ്റകുറ്റപണിതീർത്ത് സഞ്ചാരയോഗ്യമാക്കുക.

8. എൻ.എസ്.എസ്. റോഡിന്റെ കലുങ്കുകൾ തീർത്തും ഇടിഞ്ഞു പോയ ഭാഗം കെട്ടിയും സഞ്ചാരയോഗ്യമാക്കി തീർണം

9. എൻ.എസ്.എസ്. സ്കൂളിന്റെ മുകൾഭാഗത്തേക്കുള്ള തൊണ്ട് വീതികൂട്ടി സഞ്ചാരയോഗ്യമാക്കുക.

10. മഠത്തിൽ, ഞരളക്കുഴി റോഡ് തേവർത്തുമലയിലൂടെ മുട്ടുങ്കൽ-മുകവലക്കുന്ന് റോഡുമായി ബന്ധിപ്പിക്കുക.

11. എം.വി.ഐ.പി. യുടെ കീഴിൽ പണിയുന്ന റോഡുകളുടെ പണി ടാറിംഗ് ഉൾപ്പെടെ പൂർത്തീകരിക്കണം.

വാർഡ് 7

പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിൽ കിടക്കുന്ന വിളയംകോട് പ്രദേശം ഉൾക്കൊള്ളുന്ന ഈ പ്രദേശത്തുള്ളവർ വളരെക്കുറച്ചുമാത്രമേ ഞീഴൂരുമായി ബന്ധപ്പെടുന്നുള്ളൂ. ബസ് സർവ്വീസുകളില്ലാത്തതിനാൽ 5 കി. മീറ്ററോളം കാൽ നടയായി സഞ്ചരിച്ചാൽ മാത്രമേ ഇവർക്ക് ഞീഴൂരെത്തുവാൻ കഴിയൂ. 6,7 വാർഡ് അതിർത്തിയിലൂടെ കടന്നു പോകുന്ന അരുണാശേരി-കുറവിലങ്ങാട് റോഡിലൂടെ ബസ് സർവ്വീസുകൾ നിലവിലുണ്ട്. ഈ വാർഡിലെ ഗതാഗത പ്രശ്നങ്ങൾ താഴെ ചേർക്കുന്നു. പി.ഡബ്ല്യു.ഡി. റോഡുകളുടെ റീടാറിങ്ങുകളോ അറ്റകുറ്റ പണികളോ കാലാകാലങ്ങളിൽ നടക്കുന്നില്ല. അതിനാൽ റോഡുകൾ വേഗത്തിൽ മോശമാകുന്നു. ഓട നിർമ്മിക്കുന്നില്ല. പഞ്ചായത്തു റോഡുകൾ പൊതുവേ വീതി കുറഞ്ഞതും ഓടകൾ

ഇല്ലാത്തതും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടക്കാത്തതുമാണ്. മഴക്കാലത്ത് മണ്ണൊലിച്ചുപോയി റോഡുകൾ മോശമാകുന്നു.

പുതിയ റോഡുകൾക്കുള്ള നിർദ്ദേശങ്ങൾ

1. വിളയംകോട് എൽ.പി. സ്കൂളിന് സമീപം കുറവിലങ്ങാട് പഞ്ചായത്ത് അതിർത്തിയിൽ നിന്നും ആരംഭിച്ച് ഊന്ന് കല്ല് വഴി കാപ്പുംതല റോഡ് നിർമ്മിക്കുക.

2. വിളയംകോട് മിച്ചഭൂമി കോളനിയിലേക്കുള്ള റോഡു നിർമ്മാണം പതിക്കുന്നിൽ നിന്നും ടി. കോളനിവഴി തോട്ടക്കുറ്റി - കാട്ടാമ്പാക്ക് എൻ.എസ്.എസ്. സ്കൂൾ റോഡിലേക്ക് വഴി നിർമ്മിക്കുക.

3. കുറുമാപ്പുറം - കഴഞ്ചിക്കാട് കൂടി കാവാട്ടുതടം വഴി നിർമ്മിക്കുക.

4. കുറവിലങ്ങാട് കാളിയാർതോട്ടം - കാട്ടാമ്പാക്ക് മലയാളം സ്കൂൾ 'ശ്രീമൂലം തിരുനാൾറോഡ്' കാട്ടാമ്പാക്ക് എൻ.എസ്.എസ്. സ്കൂൾ റോഡിലേക്ക് ബന്ധിപ്പിക്കുകയും ചായം മാക്കിന് സമീപമുള്ള മധ്യഭാഗം കൂട്ടിയോജിപ്പിച്ച് ബാക്കിഭാഗം ടാർ ചെയ്യുക.

5. കാട്ടാമ്പാക്ക് മലയാളം സ്കൂളിൽനിന്നും മൂലേപറമ്പ് കോളനിവഴി എൻ.എസ്.എസ്. തോട്ടക്കുറ്റി റോഡിലേക്ക് വഴി നിർമ്മിക്കുക.

6. തോട്ടുവാ - ചായമ്മാക്ക് റ്റി.എൽ.എ. റോഡ് ടാർ ചെയ്ത് പണിപൂർത്തീകരിക്കുക.

7. ഓട നിർമ്മിക്കേണ്ട പ്രധാന റോഡുകൾ

   കാപ്പുംതല - വിളയംകോട്, കുറവിലങ്ങാട് - കാട്ടാമ്പാക്ക് - അരുണാശേരി, വിളയംകോട് - പതീക്കുന്ന്, ചായംമാക്ക് - ആനക്കല്ല്, വിളയംകോട് തോട്ടക്കുറ്റി, കാട്ടാമ്പാക്ക് എൻ.എസ്.എസ്. - തോട്ടക്കുറ്റി.

8. വിളയംകോട് - പതിക്കുന്ന്, ചായംമാക്ക് - ആനക്കല്ല് റോഡുകൾ ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

9. ആക്കത്തടം - ഊന്നുകല്ല് റോഡ് വീതികൂട്ടി ടാർ ചെയ്യുക.

10. വിളയംകോട് - ജയഗിരിപള്ളി റോഡ് വീതി കൂട്ടി ടാർ ചെയ്യുക.

വാർഡ് 8

തിരുവാമ്പാടി പ്രദേശം ഉൾപ്പെടുന്ന ഈ വാർഡിലെ പ്രധാന റോഡ് അരുണാശ്ശേരി, തിരുവാമ്പാടി വഴി പോകുന്ന കടുത്തുരുത്തി - കുറവിലങ്ങാട് റോഡാണ്. വൈക്കം - പാലാ ബസ് സർവ്വീസുകൾ ഉണ്ടെങ്കിലും ഞീഴൂരുമായി ബന്ധപ്പെടുന്നതിന് യാതാഗതസൗകര്യമില്ല. അതിനാൽ മിക്കവാറും പേരും കുറവിലങ്ങാട് കടുത്തുരുത്തി പ്രദേശങ്ങളുമായാണ് കൂടുതലും ബന്ധപ്പെടുന്നത്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. കുറുമാപ്പുറം - ചിറ നിരപ്പ് ലക്ഷംവീടു കോളനി - തിരുവാമ്പാടി റോഡ് ടാറിംഗ് നടത്തുക.

2. തൊണ്ടാംകുഴി - ചിറ നിരപ്പ് റോഡ് വീതികൂട്ടി ടാർ ചെയ്യുക.

3. കട്ടയ്ക്കകം തിരുവാമ്പാടി റോഡ് വീതികൂട്ടി ടാർ ചെയ്യുക

4. നീരാക്കൽപടി - ചിറനിരപ്പ് റോഡ് വീതികൂട്ടി ടാർ ചെയ്യുക.

5. ഫാത്തിമാപുരം - വാതപ്പള്ളി റോഡ് വീതികൂട്ടി ടാർ ചെയ്യുക.

6. പാലക്കുന്നേൽ ചിറനിരപ്പ് റോഡ് നിർമ്മാണം പൂർത്തിയാക്കുക.

7. തിരുവാമ്പാടി - മുട്ടുക്കുഴി റോഡ് ടാർ ചെയ്യുക.

8. കാപ്പുംതല തുരുത്തിപ്പള്ളി വഴി ബസ് സർവ്വീസ് പുനരാരംഭിക്കുക.

ഓരോരുത്തരും അവരവരുടെ
നെറ്റി വിയർക്കെ പണിയെ-
ടുത്തു ജീവിച്ചെങ്കിൽ ഭൂമി
സ്വർഗ്ഗമായി മാറുമായിരുന്നു

-മഹാത്മാഗാന്ധി-

പഞ്ചായത്തിലെ റോഡുകളുടെ വാർഡു തിരിച്ചുള്ള വിവരം

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്		ദൂരം കി.മീ.	മണ്ണ്	ടാർ
1.	I	ഞീഴൂർ-ഇലഞ്ഞി	(PWD)	3.3	-	✓
2.	I	പെരുവ-മോനിപ്പള്ളി	(PWD)	3.4	-	✓
3.	I	വെട്ടിക്കാട്-പാലക്കുന്ന്		1.5	✓	-
4.	I	പൊള്ളാംതടം-ഓലിയ്ക്കമല		0.8	✓	-
5.	I	കോതോലിക്കുഴി-നെടിയമല		0.71	✓	-
6.	I	നെടിയാനി-നെടിയമല		0.5	✓	-
7.	I	മുത്തൂട്-കണ്ടംകാമ്പ്		1.3	✓	-
8.	I	മരങ്ങോലി-വഞ്ചിപ്പാറ		0.8	✓	-
9.	I	ചാലുങ്കര-വട്ടക്കുന്ന്		0.6	✓	-
10.	I	മരങ്ങോലി-ആലപുരം		1.0	✓	-
11.	I	കാഞ്ഞിരമറ്റം-അവർമ്മ		0.19	✓	-
12.	I	ശാന്തിപുരം-പെരുവ		0.1	✓	-
13.	I	മരങ്ങോലി-ആലപുരം		0.03	✓	-
14.	I	വെട്ടിക്കാട്-ആലപുരം		0.05	✓	-
15.	I	പാലക്കുന്ന്-പെരുമ്പടവം		0.2	✓	-
16.	I	മരങ്ങോലി-കണക്കംചേരി (കനാൽ ലിങ്ക്)		0.7	✓	-
17.	I	കാഞ്ഞിരമറ്റം-ഞീഴൂർ		0.4	✓	-
18.	I	പുല്ലുവെട്ടത്തുമല-കാഞ്ഞിരമറ്റം		1.2	✓	-
19.	II	ഞീഴൂർ-പാറശ്ശേരി		2.0	-	✓
20.	II	ഞീഴൂർ-നിരവം (കനാൽ ലിങ്ക്)		2.9	✓	-
21.	II	പാറശ്ശേരി-കണ്ടംകാവ്		2.0	✓	-
22.	II	കാഞ്ഞിരൻമൂട്-അറുനൂറ്റിമംഗലം		1.3	✓	300m
23.	II	T.V. റോഡ്		0.6	✓	-
24.	II	പാറെപ്പറമ്പ്-മേലാളം		1.6	✓	-
25.	II	കോളനിറോഡ്		1.3	✓	-
26.	II	പാറശ്ശേരി-കൊച്ചാലുംചുവട്		0.6	✓	-
27.	II	കോലാനി-ശാന്തിപുരം		1.5	✓	-
28.	II	പുളിംചോട്-ശാന്തിപുരം		0.4	✓	-
29.	III	ഞീഴൂർ-ഇലഞ്ഞി	(PWD)	2.5	-	✓
30.	III	ഞീഴൂർ-കോഴാ	(PWD)	1.6	-	✓
31.	III	ഞീഴൂർ-കാട്ടാസാക്ക്	(PWD)	0.3	-	✓
32.	III	ഞീഴൂർ-അറുനൂറ്റിമംഗലം	(PWD)	0.1	-	✓
33.	III	ഞീഴൂർ-കുമ്പാമറ്റം		0.2	✓	-
34.	III	മൾക്കറ്റ് റോഡ്		.5	-	✓

35.	III	ചെമ്മലക്കുഴി റോഡ്	0.4	✓	-
36.	III	ഭജനമഠം-നാമറ്റം	1.6	✓	-
37.	III	ആറാട്ടുകടവ്-(കനാൽ ലിങ്ക്)	0.2	✓	-
38.	III	കണക്കംചേരി-മരങ്ങോലി (കനാൽ ലിങ്ക്)	0.2	✓	-
39.	III	കല്ലുതോട്ടം-മേപ്പാടം-കൊന്നനാപ്പാടം	2.5	✓	-
40.	III	വഞ്ചിപ്പാറ-ഓലിയ്ക്കൽ	0.5	✓	-
41.	III	വിശ്വഭാരതിപറ-പള്ളിക്കുന്ന്	2.6	✓	-
42.	III	കതകാട്ട്-മടുക്ക	0.11	✓	-
43.	IV	വാക്കാട്-കുര്യനാട്ട് (PWD)	1.5	-	✓
44.	IV	വാക്കട്-ചേരുംതടം	2.0	-	✓
45.	IV	വട്ടക്കുന്ന്-വട്ടീന്തുങ്കൽ	0.2	-	✓
46.	IV	മാണികാവ്-വട്ടീന്തുങ്കൽ	0.2	✓	-
47.	IV	വാക്കാട്-ചെരുവിൽ	1.0	✓	-
48.	IV	വട്ടീന്തുങ്കൽ-തൊണ്ടുചിറ(കോളനി)	1.4	✓	-
49.	IV	തൊണ്ടചിറ-വെട്ടിമല	1.0	✓	-
50.	IV	നോട്ടാട്ടുതറപ്പ്-പല്ലാട്ടുപടി (കനാൽ ലിങ്ക്)	0.6	✓	-
51.	IV	വെട്ടിമല-കണക്കംചേരി (കനാൽ ലിങ്ക്)	0.4	✓	-
52.	IV	ചേരുംതടം-പാട്ടുപുരയ്ക്കൽ	0.4	✓	-
53.	IV	കുന്നുംകുഴി-പതയിൽ	1.0	✓	-
54.	IV	ഐക്കരേട്ട്-വള്ളിപ്പാലം	0.3	✓	-
55.	IV	കുളമറ്റം-കോഴാ	1.5	✓	-
56.	IV	വാക്കാട്-ചേന്നംകുന്ന്	1.0	✓	-
57.	V	കോഴാ-ഞീഴൂർ	4.0	-	✓
58.	V	മുക്കവലക്കുന്ന്-ഇഞ്ചയ്ക്കൽ	1.2	✓	-
59.	V	മുക്കുവലക്കുന്ന്പുളിക്കിയിൽ	1.0	✓	-
60.	V	മുക്കുവലക്കുന്ന്-വട്ടീന്തുങ്കൽ	1.5	✓	-
61.	V	മുക്കുവലക്കുന്ന്-മുട്ടുങ്കൽ	1.5	-	✓
62.	V	വട്ടീന്ത്-വട്ടക്കുന്ന്	1.7	-	✓
63.	V	പല്ലാട്ടുപടി-പുത്തൻകണ്ടം	1.8	✓	-
64.	V	വടക്കേനിരപ്പ്-തറപ്പ്	2.0	✓	-
65.	V	കണക്കംചേരി-ചേരുംതടം	1.5	✓	-
66.	V	വടക്കേനിരപ്പ്-ആറാട്ടുകടവ്	2.5	✓	-
67.	V	ആവി-വട്ടക്കുന്ന്	3.0	-	✓
68.	V	കല്യാണിമുക്ക്-ആറാട്ടുകടവ്	2.5	✓	-

69.	V	ആവി-എടത്തുംകടവ്	3.2	✓	-
70.	V	ഭജനമഠം-വല്യപ്ലാവ്	2.5	✓	-
71.	V	കോടിക്കുളം-നെടുമാമ്പുഴ	1.2	✓	-
72.	V	കണക്കംചേരി-കോളനി-മുട്ടക്കാട്	1.2	✓	-
73.	V	വടക്കേനിരപ്പ്-കൊല്ലൻമല	2.0	✓	-
74.	V	വട്ടക്കുന്ന്-മുട്ടക്കാട്ട്	1.0	✓	-
75.	VI	അരുണാശേരി-കുറവിലങ്ങാട് (കാട്ടാസാക്ക്)	4.0	-	✓
76.	VI	കുവേലി-കാപ്പുംതല	2.5	-	✓
77.	VI	കുവേലി-തുരുത്തിപ്പിള്ളി	1.25	✓	-
78.	VI	ഇല്ലിച്ചുവട്-കുമ്പ്രാമറ്റം	2.0	✓	-
79.	VI	ആവിക്കമല-മുക്കവലക്കുന്ന്	3.0	-	✓
80.	VI	വെണ്ണമറ്റം-പാത്തിയ്ക്കൽ	1.0	✓	-
81.	VI	ഉഴകൊമ്പ്-വെണ്ണമറ്റം	0.8	✓	-
82.	VI	കാട്ടാസാക്ക്-ഞീഴൂർ	1.5	✓	-
83.	VI	തുരുത്തിപ്പിള്ളി-മുതുകുളം	2.5	✓	-
84.	VI	പുന്നന്താനം-വാളനില	1.2	✓	-
85.	VI	കാട്ടാസാക്ക് NSS -തോട്ടക്കുറ്റി	1.5	✓	-
86.	VI	മഠത്തിൽ-ഞരളക്കുഴി	0.5	✓	-
87.	VI	മുക്കുവലക്കുന്ന്-മുട്ടുങ്കൽ	0.1	-	✓
88.	VI	വാളനില-പുള്ളുവേലി	0.5	✓	-
89.	VII	ശ്രീമൂലം ഷഷ്ടിപൂർത്തി മെമ്മോറിയൽ റോഡ് (PWD)	1.7	-	✓
90.	VII	വെള്ളാപ്പക്കുഴി-ആനക്കല്ല്	1.2	✓	-
91.	VII	വിളയംകോട്-പതിക്കുന്ന്	1.0	✓	-
92.	VII	തോട്ടുവാ-ചായംമാക്ക് MLA റോഡ്	2.3	✓	-
93.	VII	തോട്ടക്കുറ്റി-NSS-HS	1.6	✓	-
94.	VII	തോട്ടക്കുറ്റി-വിളയാംകോട്	0.4	✓	-
95.	VII	ആക്കത്തടം-ഊന്നുകല്ല്	0.8	✓	-
96.	VII	വിളയംകോട്-ജയഗിരി	1.0	✓	-
97.	VII	മിച്ചഭൂമി റോഡ്	0.5	✓	-
98.	VII	മൂലലപറമ്പ് റോഡ്	0.5	✓	-
99.	VII	വിളയംകോട്-ഊന്നുകല്ല്	1.0	✓	-
100.	VIII	മുട്ടക്കുഴി-തിരുവാമ്പാടി	1.0	✓	-
101.	VIII	ഓലിക്കൽ-ചിറനിരപ്പ്	1.0	✓	-
102.	VIII	കുറമാപ്പുറം-ചിറനിരപ്പ്	1.5	✓	-

103.	VIII	മഠത്തിപ്പറമ്പ്-തിരുവാമ്പാടി	1.2	✓	-
104.	VIII	മാഞ്ഞാലി-ചിറനിരപ്പ്	1.5	✓	-
105.	VIII	അരുണാശേരി-ചിറനിരപ്പ്	0.5	✓	-
106.	VIII	പനമറ്റം- CSI റോഡ്	0.8	✓	-
107.	VIII	കാപ്പുംകുതല-ചിറനിരപ്പ്	1.2	-	✓
108.	VIII	കട്ടക്കയം-ചിറനിരപ്പ് കോളനി	1.2	✓	-
109.	IX	പൂവക്കോട്-അലരി	.32	✓	-
110.	IX	കൂടയ്ക്കാട്ട്മ്യാലിൽ-മാളേക്കൽ	.82	✓	-
111.	IX	SKPS റോഡ്	.3	-	✓
112.	IX	തേവർമറ്റം-മൂക്കം ചാത്തി റോഡ്	.52	✓	-
113.	IX	മഠത്തിപ്പറമ്പ്-നീരാളക്കോട്ട്	1.2	✓	-
114.	IX	പെരുംപുഞ്ച-നീരാളക്കോട്ട്	0.6	✓	-
115.	IX	തുരുത്തിപ്പള്ളി-മാനാടി	1.0	✓	-
116.	IX	തുരുത്തുപ്പള്ളി-കുന്നപ്പള്ളി	2.0	✓	-
117.	IX	മുടക്കാലിമറ്റം-നീരാളകത്കോട്ട്	1.5	✓	-
118.	IX	പഞ്ചാ: പടി-പ്ലാമ്പറമ്പ്	1.5	✓	-
119.	IX	മച്ചിക്കണ്ടം-പ്ലാമ്പറമ്പ്	1.7	✓	-
120.	IX	നീരാളക്കോട്ട്-കുരങ്ങാട്ടുനിരപ്പ്	1.0	✓	-
121.	IX	കാഞ്ഞിരംമൂട്-അറുനൂറ്റിമംഗലം	1.3	300m	-

(ഗതാഗതം തുടർച്ച)

വാർഡ് IX

ഞീഴൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്നത് ഈ വാർഡിലാണ്. വാർഡിലൂടെ കടന്നു പോകുന്ന കടുത്തുരുത്തി-ഞീഴൂർ-ഇലഞ്ഞി റോഡാണ് പ്രധാന ഗതാഗത മാർഗ്ഗം. കൂടാതെ കുറെയധികം ഗ്രാമീണറോഡുകൾ ഈ വാർഡിലുണ്ട്. കൂടുതലും വീതികുറഞ്ഞവയും ഓടകളില്ലാത്തതിനാൽ കുണ്ടും കുഴികളുമുള്ളവയുമാണ്. അതിനാൽ കടുത്തുരുത്തി-ഞീഴൂർ റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുകയും ഗ്രാമീണറോഡുകൾ വീതികൂട്ടി പുനർനിർമ്മിക്കുകയും വേണം.

വനിത

വനിതാ വിമോചന പ്രസ്ഥാനങ്ങൾ കേരളത്തിൽ എല്ലായിടത്തും തന്നെ സജീവമാണെങ്കിലും ഞീഴൂരിൽ ഈ പ്രസ്ഥാനങ്ങൾ ഇന്നും വളരെ പിന്നിലാണ്. ഫല പ്രദമായി രംഗത്ത് വരുവാൻ ഒരു മഹിളാ സംഘടനയ്ക്കും ഇതുവരെ സാധിച്ചിട്ടില്ല. മൂന്നു നാലു പതിറ്റാണ്ടുകൾക്കു മുമ്പുവരെ സമൂഹത്തിൽ നിലനിന്നിരുന്ന ആചാരങ്ങളും വ്യവസ്ഥകളും കൂടുതലും ദോഷകരമായി ബാധിച്ചത് സ്ത്രീകളെയാണ്. വിദ്യാഭ്യാസം, തൊഴിൽ, സാമൂഹ്യസേവനം മുതലായ രംഗങ്ങളിൽ മാത്രമല്ല, തങ്ങൾക്കിഷ്ടമുള്ള വസ്ത്രങ്ങൾ ധരിക്കുന്നതിൽ നിന്നു പോലും സ്ത്രീകളെ അന്ന് വിലക്കിയി രുന്നതായി കാണാ വുന്നതാണ്. എന്നാൽ സ്വാതന്ത്ര്യത്തിനു ശേഷം ഭാരതത്തിലാകെ പ്രത്യേകിച്ച് കേരളത്തിൽ ഉണ്ടായ സാംസ്കാരിക നവോത്ഥാനം സ്ത്രീകളുടെ ഉന്നതിക്ക് വളരെയധികം സഹായിച്ചിട്ടുണ്ട്.

1991-ലെ കനേഷുമാരി അനുസരിച്ച് ഞീഴൂരിലെ സ്ത്രീകളുടെ സംഖ്യ 8811 ആണ്. പുരുഷൻമാരുടെ ആകെ എണ്ണവുമായി ഏകദേശം തുല്യമാണ് സ്ത്രീകളുടെ എണ്ണം. ഇതിന്റെ അടിസ്ഥാനത്തിൽത്തന്നെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും പുരുഷൻമാരുടെയൊപ്പം പ്രാതിനിധ്യം സ്ത്രീകൾക്ക് ലഭിക്കേണ്ടതാണ് എന്നു കാണാം. എന്നാൽ 6 വയസ്സിൽ താഴെ പ്രായമുള്ളവരിൽ ആൺകു ട്ടികളാണ് അല്പം കൂടുതലായി കാണുന്നത്. ഞീഴൂരിൽ സ്ത്രീകൾക്ക് പുരുഷൻമാരുടെ യൊപ്പം പരിഗണന ലഭിക്കുന്നില്ല എന്നു മാത്രമല്ല വളരെ വലിയ അന്തരം നിലനിൽക്കുകയും ചെയ്യുന്നു. സാക്ഷരതയിൽ സ്ത്രീ പുരുഷ അനുപാതം ഏകദേശം തുല്യമാണ്. സ്ത്രീകളുടെ സാക്ഷരതാ നിലവാരം 95 ശതമാനമാണ്. ഇത് കേരള ത്തിലെ സാക്ഷരതാ നിരക്കിനോട് നീതി പുലർത്തുന്നതായിക്കാണാം. വിദ്യാഭ്യാസ രംഗത്തും സ്ത്രീ പുരുഷ അനുപാതം തുല്യമെന്നു പറയാമെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്തെ സ്ത്രീപ്രാതിനിധ്യം അംഗുലീ പരിമിതം മാത്രമാണ്.

മുൻ കാലങ്ങളെയപേക്ഷിച്ച് ഇന്ന് സ്ത്രീകൾക്ക് മാന്യമായ സ്ഥാനം സമൂഹത്തിൽ ലഭിച്ചു തുടങ്ങിയിട്ടുണ്ടെങ്കിലും ഇവർ അതിരൂക്ഷമായ തൊഴിലില്ലാ യ്മയെ നേരിട്ടുകൊണ്ടി രിക്കുകയാണ്. അദ്ധ്യാപന രംഗമൊഴിച്ചാൽ വേറൊരു

മേഖലയിലും സ്ത്രീകൾക്ക് ആനുപാതിക തൊഴിൽ സാദ്ധ്യതയില്ലായെന്നുള്ളതാണ് സത്യം. പട്ടിക Iഇത് വ്യക്തമാക്കുന്നു. മുൻകാല ങ്ങളിൽ വലിയൊരു വിഭാഗം ജനങ്ങളും കൃഷിയെ മാത്രം ആശ്രയിച്ചു കഴിഞ്ഞിരുന്നപ്പോൾ സ്വാഭാവികമായും സ്ത്രീത്തൊഴി ലാളികൾ കാർഷികരംഗത്ത് വളരെയേറെയുണ്ടായിരുന്നു. പിന്നീട് കാർഷികമേഖല യിലുണ്ടായ തകർച്ച ആ രംഗത്തെ തൊഴിലാളികളുടെ ജീവിതത്തെ സാരമായി ബാധിക്കുകയും കാർഷിക രംഗം വിട്ട് മറ്റു തൊഴിൽ മേഖലകളിലേക്ക് ചേക്കേറാൻ അവർ നിർബന്ധിതരാവുകയും ചെയ്തു. കാലക്രമേണ സമൂഹത്തിലാകെയുണ്ടായ സാമ്പത്തിക പുരോഗതിയുടെ അടിസ്ഥാനത്തിലും കുറെപ്പേർ കാർഷികത്തൊഴിലുകളിൽ നിന്നും വേർപെട്ടതായിക്കാണാം. സാമ്പത്തീക പുരോഗതി കൈവരിക്കുന്നതിൽ, വിദേ ശരാജ്യങ്ങളിൽ തൊഴിലെടു ക്കുന്നവരുടെ സംഭാവന വളരെ വലുതാണെന്നു കാണാം. എന്നാൽ 50% ൽ അധികം വിദേശ നാണ്യം നേടിത്തരുന്ന വനിതകൾക്ക് സ്വതന്ത്രമായി അതു കൈകാര്യം ചെയ്യാൻ സാധിക്കുന്നില്ല എന്നും കാണാവുന്നതാണ്.

വളരെക്കുറച്ച് തൊഴി ലവസരങ്ങൾ മാത്രം ലഭിക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് കൂലിയുടെ കാര്യത്തിൽ വളരെ വലിയ തിരിച്ചടിയാണ് നേരിടേണ്ടി വരുന്നത്. പട്ടിക - 1 ഇത് വിശദമാക്കുന്നു.

വനിതകൾ ഇന്ന് നേരിടുന്ന പ്രധാന പ്രശ്നമായ തൊഴിലി ല്ലായ്മയ്ക്ക് പരിഹാരം കാണാൻ കഴിയുന്ന വിധത്തിലുള്ള പല പദ്ധതികളും അടിയന്തിരമായി നടപ്പാക്കേണ്ടതാണ്. യുവതി കളായ വനിതകൾക്ക് തയ്യൽ പരിശീലനം നൽകി റെഡിമെയ്ഡ് യൂണിറ്റുകൾ തുടങ്ങുന്നതിന് സഹായം നൽകാവുന്നതാണ്. സ്ത്രീകൾക്ക് തൊഴിൽ സാധ്യതയുള്ള ചെറുകിട വ്യവസായ യൂണി റ്റുകൾ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടപ്പാ ക്കാവുന്നതാണ്. ഞീഴൂർ റബ്ബർ ഉൽപാദനത്തിൽ മുൻപന്തിയിൽ നിൽക്കുന്ന ഒരു പ്രദേശ മാകയാൽ റബ്ബറധിഷ്ഠിത ചെറുകിടവ്യവസായങ്ങൾ ആരംഭിക്കുന്നത് വളരെ എളുപ്പമായിരിക്കും. വനിത കളുടേയും കുട്ടികളുടേയും ക്ഷേമത്തിനായി പ്രത്യേകം നടപ്പാക്കുന്ന DWCRA സ്കീമിൽ ര ണ്ടുയൂണിറ്റുകൾ ഞീഴൂരിൽ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടുതൽ തൊഴിൽ സംരംഭങ്ങൾ ഈ സ്കീമിൽ ആരംഭിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

സാമൂഹ്യ സേവന രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ പരി മിതമാണ്. കുറേക്കാലം മുമ്പുവരെ സജീവമായി പ്രവർത്തിച്ചിരുന്ന മഹിളാ സമാജങ്ങൾ ഇന്ന് ഏതാണ്ട് നിർജ്ജീവാ വസ്ഥയിലാണ്. ഇപ്പോൾ 4 മഹിളാ സമാജങ്ങൾ ഞീഴൂരിൽ പ്രവർത്തിക്കു ന്നുണ്ടെങ്കിലും ലക്ഷ്യം നേടാൻ ഉതകുന്ന ഒരു പ്രവർത്തന ശൈലി ഇവയ്ക്ക് ഇന്നില്ല. മിക്ക രാഷ്ട്രീയ-സാമുദായിക സംഘടനകൾക്കും വനിതാ ഘടകങ്ങളുണ്ടെങ്കിലും ഇവയൊന്നും തന്നെ സമൂഹത്തിൽ വേണ്ട പോലെ പ്രവർത്തിക്കുന്നതിന് സജ്ജമല്ല. മനുഷ്യകു ലത്തിന്റെ പകുതിയോളം വരുന്ന ഒരു വിഭാഗമാണ് തങ്ങളെന്നും അതിനാൽ എല്ലാ അവകാശ ങ്ങളും പുരുഷൻമാരെ പോലെ തങ്ങൾക്കും ലഭിക്കേണ്ടതാണെ ന്നും സ്ത്രീകൾ സ്വയം മന സ്സിലാക്കുകയും അതിനനു ഗുണമായി പ്രവർത്തിക്കുകയും വേണം. ഏതു ജോലിയും ഭംഗിയായും ഉത്തരവാ ദിത്വത്തോടുകൂടിയും ചെയ്യാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും അതിൽ മുന്നിട്ടിറങ്ങുന്നതിന് സ്ത്രീകളോ, അവരെ പ്രോത്സാഹിപ്പിക്കുന്നതിന് പുരുഷൻമാരോ തയ്യാറാവുന്നില്ല എന്ന വസ്തുത നിലനിൽക്കുന്നു. സ്ത്രീകൾ ഇന്നനുഭവിക്കുന്ന ബുദ്ധിമുട്ടുകളും അവകാശ നിഷേധങ്ങളും ഇല്ലാതാക്കി അവരെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൊണ്ടു വരുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തന ങ്ങളിലൂടെ മാത്രമേ സാധ്യമാകൂ എന്ന് നാം മനസ്സിലാക്കേണ്ട തുണ്ട്

ഞീഴൂർ പഞ്ചായത്തിൽ വനിതാ
നേതൃത്വത്തിലുള്ള സ്ഥാപനങ്ങൾ

പട്ടിക 1

സ്ഥാപനത്തിന്റെ പേര്	ഔദ്യോഗിക സ്ഥാനം
UBHS ഞീഴൂർ	H.M.
N.S.S. H.S കാട്ടാമ്പാക്ക്	H.M.
Govt. L.P.S. മരങ്ങോലി	H.M.
Govt. L.P.S.കാട്ടാമ്പാക്ക്	H.M.
OLF L.P.S. വിളയംകോട്	H.M.
കൃഷിഭവൻ	ആഫീസർ
മൃഗാശുപത്രി	വെറ്റിനറി ഡോക്ടർ
റബ്ബർ ബോർഡ്	.
ഫീൽഡ് ഓഫീസർ	ആഫീസർ
സെൻറ് ജോസഫ് .L.P.S.	H.M.

പട്ടിക - 2

തൊഴിൽ	കൂലി	
	സ്ത്രീ	പുരു.
കൃഷി	30-60	70-100
നിർമ്മാണം	60-80	100-125
ഖാദി	20-25	-
തീപ്പെട്ടി നിർമ്മാണം	15-20	40-50

പ്രശ്നങ്ങൾ

1. അദ്ധ്യാപന രംഗമൊ ഴികെയുള്ള തൊഴിൽ മേഖല കളിൽ സ്ത്രീ പങ്കാളിത്തം കുറവാണ്. ഉള്ള വർക്ക് മതിയായ കൂലി ലഭ്യമല്ല
2. വിവിധ തൊഴിൽ സംരം ഭങ്ങൾ ആരംഭിക്കു ന്നതിന് അവസരം ഉണ്ടെങ്കിലും സ്ത്രീകൾ അതിൽ താത്പര്യമെടുക്കുകയോ മറ്റുള്ളവർ അതിനെ പ്രോ ത്സാഹിപ്പിക്കുകയോ ചെയ്യുന്നില്ല.
3. സമൂഹത്തിൽ നിലവിലുള്ള നിയമങ്ങളെ ക്കുറിച്ചുള്ള അറിവ് പരിമിതമാണ് പ്രത്യേകിച്ച് തൊഴിൽ നിയമങ്ങളെക്കുറിച്ചുള്ള അജ്ഞത ആ രംഗത്ത് തിരിച്ചടി ഉണ്ടാവാൻ കാരണമാകുന്നു.
4. സർക്കാർ അനുവദിക്കുന്ന സഹായങ്ങളും പദ്ധതികളും പൂർണ്ണമായി ലക്ഷ്യത്തി ലെത്തുന്നില്ല.
5. നിലവിലുള്ള മഹിളാ സംഘടനകൾ നിർ ജ്ജീവാവ സ്ഥയിലാണ്.
6. അംഗനവാടി, നിലത്തെ ഴുത്ത് കളരി മുതലാ യ സ്ഥാപനങ്ങളിൽ പ്രവർ ത്തിക്കുന്ന വനിതകൾ ക്ക് മതിയായ വേതനം ലഭിക്കുന്നില്ല.
7. സ്വയം തൊഴിൽ പദ്ധ തികൾ നടപ്പിലാക്കു ന്നതിന് സാമ്പത്തിക ഞെരുക്കം അനുഭവപ്പെടുന്നു.
8. എല്ലാ മേഖലകളിലും പ്രവർത്തിക്കുന്നതിന് കഴിവു ണ്ടെങ്കിലും സ്ത്രീകൾക്ക് സ്വന്തം കഴിവിലുള്ള വിശ്വാസക്കുറവ് ഇവരുടെ ഉന്നമനത്തിന് തടസ്സമായി നിൽക്കുന്നു.
9. സാമൂഹിക രംഗങ്ങളിൽ ഉണർന്നു പ്രവർ ത്തിക്കുവാൻ വനിതകൾ തയ്യാറാകുന്നില്ല.

സാദ്ധ്യതകൾ / നിർദ്ദേശങ്ങൾ

1. തൊഴിൽ മേഖലകളിൽ മതിയായ വേതനം ഉറപ്പു വരുത്തുക.
2. വനിതാ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കു ന്നതിന് പ്രോത്സാഹനവും ആവശ്യമായ സഹായവും നൽകുക.
3. തൊഴിൽ രംഗത്ത് ആവശ്യമായ ബോധവൽ ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
4. മഹിളാ സംഘടനകളെ പ്രവർത്തന നിരതമാ ക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.
5. അംഗനവാടി നില ത്തെഴുത്ത് കളരി മുതലായ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് മതിയായ വേതനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക.
6. തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുക.
7. വിവിധങ്ങളായ പെൻഷനുകളെക്കുറിച്ച് വനിതകളെ പറഞ്ഞു മനസ്സിലാക്കുകയും അർ ഹരായവർക്ക് അവ ലഭ്യമാക്കുകയും ചെയ്യുക.
8. കുടുംബ ക്ഷേമ കേന്ദ്രങ്ങൾ വഴി വനിതകൾ ക്കായി നൽകി വരുന്ന പോഷകാഹാര പദ്ധതികളും മറ്റും ശരിയായ വിധം നടത്തപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.
9. ഞീഴൂർ കേന്ദ്രീകരിച്ച് ഒരു "ട്രയിനിംഗ് കം പ്രൊഡക്ഷൻ സെൻറർ" ആരംഭിച്ചാൽ വനിതകളുടെ തൊഴിൽ പ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരം കാണാവുന്നതാണ്.
10. മഹിളാ സമാജങ്ങളും അംഗനവാടികളും ഇ ല്ലാത്ത വാർഡുകളിൽ അത് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

സാംസ്ക്കാരികരംഗം

സംസ്ക്കാരമെന്നാൽ സാഹിത്യവും കലകളും മാത്രമല്ല, മനുഷ്യരുടെ ധാർമ്മിക വിശ്വാസങ്ങളും മൂല്യബോധവും, ആചാരാചാരങ്ങളും എല്ലാം അതിൽ പ്പെടും. സമന്വയമായാലും, സംഘർഷമായാലും സമൂഹത്തെ ഘടിപ്പിച്ചു നിറുത്തുന്നത് സംസ്ക്കാര ത്തിന്റെ കണ്ണികളാണ്. മതത്തിന്റെ പേരിലായാലും മാനവികതയുടെ പേരിലായാലും ധർമ്മദീക്ഷയുടെ പേരിലായാലും മനുഷ്യരുടെ മനസ്സിൽ മാറ്റം വരുത്തി സാംസ്ക്കാരിക പരിവർത്തനത്തിലൂടെ ലോകത്തെ നന്മയിലേയ്ക്കും മേന്മയിലേയ്ക്കും നയിക്കാനാണ് ലോകോപകാരികളായ നവോത്ഥാന നായകരും മതപ്രവാചകരും ശ്രമിച്ചു പോന്നിട്ടുള്ളത്. സംസ്കാരം മനുഷ്യരുട ജൈവവാസനകളെ സാമൂഹിക പ്രചോദന ങ്ങളാക്കി മാറ്റുകയും അവരെ കർത്തവ്യനിരതരാക്കി ജീവിത സാക്ഷാത്ക്കാരത്തിന് പ്രാപ്തരാക്കുകയും ചെയ്യുന്നു.

സംസ്ക്കാരത്തിന്റെ വാഹനം കമ്മ്യൂണിക്കേഷ നാണ്. പണ്ടൊക്കെ വാമൊഴി, വരമൊഴി, ബിംബം ഇവയിലൂടെയാണ് സംവേദനം നടന്നിരുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ അന്തിപാദത്തിൽ ഇലക്ട്രോ ണിക് മാദ്ധ്യമങ്ങളായ റേഡിയോ, ടെലിവിഷൻ, വീഡിയോ മുതലയാവയിലൂടെയുള്ള സംവേദനമായി, സാംസ്കാരിക സംവേദനത്തിന്റെ എല്ലാ രൂപങ്ങളേയും ഉപയോഗിക്കുന്ന സാമൂഹ്യസ്ഥാപനങ്ങളിൽ പ്രധാനം വിദ്യാലയങ്ങളാണ്. അതുകഴിഞ്ഞാൽ ഗ്രന്ഥശാലകൾ, സാഹിത്യകലാ പ്രവർത്തക സംഘടനകൾ, കലാ സമിതികൾ, പ്രൊഫഷ്നലും അമേച്വറുമായ നൃത്ത നാടകസംഘങ്ങൾ മുതലായവയാണ് ഇതിൽ ഗ്രന്ഥ ശാലകൾ പഞ്ചായത്ത് കാര്യാലയങ്ങൾ കഴിഞ്ഞാൽ ഏറ്റവും ഫലപ്രദമായ ജനകീയാസൂത്രണ കേന്ദ്രങ്ങളാ ക്കാവുന്നതാണ്.

ഞീഴൂർ പഞ്ചായത്തിലെ സാംസ്ക്കാരിക ചരിത്ര ത്തെക്കുറിച്ച് വികസനരേഖയുടെ ആദ്യഭാഗത്ത് പ്രതിപാദിച്ചിട്ടുണ്ട്. പള്ളികളും അമ്പലങ്ങളും മറ്റ് സ്ഥാപനങ്ങളും ഈ പഞ്ചായത്തിലെ ആളുകളുടെ ആത്മീയ വളർച്ചയും സാംസ്കാരിക ഉന്നമനത്തിനും നിദാനമായിട്ടുള്ളവയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളും സാമാന്യം നല്ല നിലവാരം പുലർത്തുന്നവയാണ്. പഞ്ചായത്തിന്റെ മിക്ക വാർഡുകളിലും ഒന്നിലധികം ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബുകളും വായനശാല കളും പ്രവർത്തിക്കുന്നുണ്ട്. വാർഷീകങ്ങളും കലാപരിപാടികളും ആണ്ടുതോറും നടത്തിവരുന്നു മുണ്ട്. വിദ്യാഭ്യാസപരമായും സാസ്കാരികമായും ഉയർന്നവിലവാരം ഈ പഞ്ചായത്തിനുണ്ടെങ്കിലും ഇനിയും പലകാര്യങ്ങളിലും നാം ഉയരേണ്ടിയിരി ക്കുന്നു. ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ, പഞ്ചായത്തു വക കമ്മ്യൂണിറ്റി ഹാൾ, എല്ലാ വാർഡിലും സാംസ്കാ രിക നിലയങ്ങൾ ഇവ ഉണ്ടാകണം. സ്വന്തമായി കെട്ടിടമില്ലാത്ത ലൈബ്രറികൾക്കും ക്ലബ്ബുകൾക്കും ബഹുജനപങ്കാളിത്തത്തോടുകൂടി സ്ഥലവും കെട്ടിടവും ഉണ്ടാക്കുക, വൈദ്യുതി നൽകുന്നതിനുള നടപടികൾ സ്വീകരിക്കുക, ഗ്രാമോത്സവം കൂടുതൽ സജീവ മാക്കുക, നാടൻ കലകളെ പ്രോത്സാഹിപ്പിക്കുക, പൊതുകളിസ്ഥലങ്ങൾ നിർമ്മിക്കുക, കുട്ടികളുടെ ലൈബ്രറി സ്ഥാപിക്കുക തുടങ്ങിയ പല നിർദ്ദേശ ങ്ങളും ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്.

പഞ്ചായത്തടിസ്ഥാനത്തിൽ സാംസ്കാരിക മേഖലയിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ

1 ഞീഴൂർ പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് ഒരു കമ്യൂണിറ്റി ഹാൾ നിർമ്മിക്കുക.

2 പഞ്ചായത്തിലെ എല്ലാ വാർഡുകളിലും തന്നെ സാംസംകാരിക നിലയങ്ങൾ സ്ഥാപിക്കുക.

3 വാർഡുകളിലെ വായനശാലയ്ക്ക് ടി. വി. സെറ്റ്, റോഡിയോ, പത്രമാസികകൾ, ഗസറ്റ്, തൊഴിൽ വാർത്തകൾ, പുസ്തകങ്ങൾ മുതലയാവ അനുവദിക്കുക.

4 പഞ്ചായത്തടിസ്ഥാനത്തിൽ തുടർച്ചയായി കലാകായിക മത്സരങ്ങൾ നടത്തി പുത്തൻ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുവാനുള്ള നടപടി കൈകൊള്ളുക.

5 സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്ത വായനശാലയ്ക്ക് അതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുക.

6 നാടൻകലകളെ പ്രോത്സാഹിപ്പിക്കുക

7 പൊതു കളിസ്ഥലം വാർഡുതലങ്ങളിലും, പഞ്ചായത്തുതലങ്ങളിലും നിർമ്മിക്കുക.

8 പഞ്ചായത്തു പൊതുകളിസ്ഥലം പ്രവർത്തന ക്ഷമമാക്കുക.

വാർഡുതലങ്ങളിൽ സാംസ്കാരിക നിലവാരം മെച്ചപ്പെടുത്തൽ

വാർഡ് 1

സാംസ്കാരിക നിലയം സ്ഥാപിക്കുക, വായന ശാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സഹായിക്കുക.

വാർഡ് 2

സാംസ്കാരികനിലയം സ്ഥാപിക്കുക.

വായനശാലാ പ്രവർത്തനത്തിന് സഹായം അനുവദിക്കുക.

വാർഡ് 3

സാംസ്കാരിക നിലയം സ്ഥാപിക്കുക.

വായനശാലാപ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സഹായിക്കുക. കുട്ടികൾക്ക് കളിസ്ഥലം നിർമ്മിക്കുക, നാട്യഗ്രഹ ആർട്ട്സിനു വേണ്ടി സ്ഥലവും കെട്ടിടവും അനുവദിക്കുക.

വാർഡ് 4

സാസ്കാരികനിലയം സ്ഥാപിക്കുക.

പ്രാദേശിക ക്ലബുകൾക്ക് ധനസഹായം ചെയ്യുക

വാർഡ് 5

ഗ്രന്ഥശാലാപ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് സഹായിക്കുക, സാംസ്കാരിക നിലയം സ്ഥാപിക്കുക.

വാർഡ് 6

സാംസ്കാരിക നിലയം വൈദ്യുതീകരിക്കുക. ടി.വി. സെറ്റ്, ഫർണീച്ചർ, പത്രമാസികകൾ, ഗസറ്റ്

തുടങ്ങിയവ സംഭാവന ചെയ്യുക, ക്ലബ്ബുകൾക്ക് ധനസഹായം ചെയ്യണം.

വാർഡ് 7

വിളയംകോടും സാംസ്കാരിക നിലയം ആരംഭിക്കുക

ഗ്രന്ഥശാലാ കെട്ടിടം പുതുക്കിപ്പണിയുക. ഗവ:ഗസറ്റ് നല്കുക. പത്രമാസികകൾ പഞ്ചായത്തിൽ നിന്നും വിതരണം ചെയ്യുക.

വാർഡ് 8

തുരുത്തി പബ്ലിക് ലൈബ്രറിയ്ക്ക് സ്വന്തമായ സ്ഥലവും കെട്ടിടവും പണിയുന്നതിന് സഹായം നൽകുക. ചിറനിരപ്പ് കേന്ദ്രമാക്കി സാംസ്കാരിക നിലയം സ്ഥാപിക്കുക.

തിരുവാമ്പാടി പബ്ലിക് ലൈബ്രറിക്ക് ടി.വി. സെറ്റ് പത്രമാസികകൾ, ഗസറ്റ്, തുടങ്ങിയവ വിതരണം ചെയ്യുക.

തിരുവാമ്പാടി ലൈബ്രറിക്ക് സ്ഥലവും കെട്ടിടവും വാങ്ങുന്നതിനുള്ള സഹായം നല്കുക. പ്രാദേശിക ക്ലബ്ബുകൾക്ക് ധനസഹായം നല്കണം. കായിക നിലവാരം മെച്ചപ്പെടുത്തുന്നതിന് പരിശീലനകേന്ദ്രം ആരംഭിക്കണം.

വാർഡ് 9

സാംസ്കാരിക നിലയം ആരംഭിക്കുക

വായനശാലയ്ക്ക് ധനസഹായം ചെയ്യുക

പഞ്ചായത്തിലെ പ്രധാന മതസ്ഥാപനങ്ങൾ

ക്രമനമ്പർ	വാർഡ്	മതസ്ഥാപനത്തിന്റെ പേര്	നിലവിൽ വന്ന വർഷം	സ്വന്തമായി കെട്ടിടം ഉണ്ടോ? വിസ്തീർണ്ണം	സ്ഥാപനത്തിലെ ആഘോഷ പരിപാടികൾ	ആഘോഷ പരിപാടി മതേതരത്വം പുലർത്തുന്നുണ്ടോ	എത്ര കുടുംബങ്ങൾ സ്ഥാപന പരിധിയിൽ വരും
1	1	ആലുമ്മേക്കാവ് ഭഗവതി ക്ഷേത്രം	കൊല്ലവർഷം 540-ാം മാണ്ടിൽ	60 സെന്റ്	കളമെഴുത്ത് പാട്ട് എഴുന്നള്ളിപ്പ് താലപ്പൊലി, പറവയ്പ്	ഉണ്ട്	123
2	6	സെന്റ് ജോൺ ദി ബാസ്റ്റിസ്റ്റ് ചർച്ച് തുരുത്തിപ്പള്ളി	1918	4 ഏക്കർ	പരിശുദ്ധ കന്യമറിയത്തിന്റെ ശുദ്ധീകരണതിരുനാൾ, യോഹന്നാൻ മാംദാനയുടെ തിരുനാൾ	ഉണ്ട്	400
3	1	സെന്റ് മേരീസ് ചർച്ച് മരങ്ങോലി	1918	5 ഏക്കർ	വി. സെബസ്ത്യാനോസിന്റെ തിരുനാൾ, മാതാവിന്റെ തിരുനാൾ	ഉണ്ട്	285
4	3	ഉണ്ണി മിശിഹാപള്ളി ഞീഴൂർ	1914	3 ഏക്കർ	ഉണ്ണിശോയുടെ തിരുനാൾ മറ്റ് തിരുന്നാളുകൾ	ഉണ്ട്	245
5	3	ഞീഴൂർ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രവും പള്ളിയ്ക്കാവ് ക്ഷേത്രവും	ആയിരം വർഷം പഴക്കം	21/2	ഏക്കർ എട്ടു ദിവസം തിരു ഉത്സവം ഭരണി ശ്രീകൃഷ്ണജയന്തി	ഉണ്ട്	500
6	3	സെന്റ് മാത്യൂസ് സി.എസ്.ഐ. പള്ളി പള്ളക്കുന്ന് ഞീഴൂർ	102വർഷങ്ങൾക്ക് മുമ്പ്	1 3/4 ഏക്കർ	തിരുനാൾ ക്രിസ്തുമസ്	ഉണ്ട്	45
7	3	ഇലഞ്ഞിപ്പള്ളി ശ്രീ വേണുഗോപാലസ്വാമി ക്ഷേത്രം, ഞീഴൂർ	1928	21/2 ഏക്കർ	കലശവാർഷീകം ശ്രീകൃഷ്ണ ജയന്തി രാമായണമാസം മണ്ഡലക്കാലം	ഉണ്ട്	100
8	6	മുണ്ടന്താനം ദേവീ ക്ഷേത്രം	കൊ. വ. 1144	15 സെന്റ്	സ്ഥാപകദിനം മണ്ഡലം ചിറപ്പ് പ്രത്യേക പൂജകൾ	ഉണ്ട്	500
9	7	കാട്ടാമ്പാക്ക ദേവീ ക്ഷേത്രം	വളരെ പഴക്കം ഉണ്ട്	2 1/2 ഏക്കർ	മകരത്തിൽ 12 ദിവസ ഉത്സവും ഭജന രാമായണ മാസം	ഉണ്ട് ഭജന	200
10	8	സെന്റ് സെബാസ്റ്റ്യൻ ചർച്ച്	1962 ശാന്തിപുരം	4 ഏക്കർ	തിരുനാളുകൾ	ഉണ്ട്	200
11	4	സെന്റ് പോൾ സി.എം.എസ്. ചർച്ച് വാക്കാട്	1965	1 ഏക്കർ	സ്ഥാപന തിരുനാൾ ആദ്യഫലതിരുനാൾ ക്രിസ്തുമസ്	ഉണ്ട്	80
12	4	സെവന്ത് സെ അഡ്വൊറിസ്റ്റ് ചർച്ച് വാക്കാട്	1980	14 സെന്റ്			7

13	4	സി.എസ്.ഐ. ചർച്ച് വാക്കാട്	1890	5 ഹെക്ടർ	ആദ്യ തിരുനാൾ സ്ഥാപന തിരുനാൾ	ഉണ്ട്	78
14	5	കാട്ടാമ്പാക്ക് കിഴക്കുഭാഗം പാട്ടുപുരയ്ക്കൽ ഭഗവതി ക്ഷേത്രം	150 വർഷം മുൻപ്		ഉത്സവം	ഉണ്ട്	100
15	5	പെറുപുഷ്പ ദേവാലയം കാട്ടാമ്പാക്ക് (കണക്കുംചേരി)	1920	10 ഏക്കർ	തിരുനാൾ	ഉണ്ട്	298
16	2	സെൻറ് സെബാസ്റ്റ്യൻ ചർച്ച് പാറശ്ശേരി (കുരിശുപള്ളി)	1966	40 സെൻറ്	തിരുനാൾ	ഉണ്ട്	120
17	7	ഫാത്തിമ മാതാപള്ളി ഫാത്തിമാപുരം	1957 തിരുനാളുകൾ	7 ഏക്കർ	ക്രിസ്തുമസ്, മറ്റ്	ഉണ്ട്	181
18	8	കുറുമാപ്പുറം നരസിംഹ സ്വാമി ക്ഷേത്രം	2000 വർഷം പഴക്കം	-	ഉത്സവം	ഉണ്ട്	200
19	5	സെൻറ്. മേരീസ് ചർച്ച് കാട്ടാമ്പാക്ക്	1988	-	തിരുനാളുകൾ	ഉണ്ട്	96
20	8	ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം തിരുവാമ്പാടി	പഴക്കം തിട്ടപ്പെടുത്തിയിട്ടില്ല	-	ഉത്സവം		
21	9	സെൻറ് കുര്യാക്കോസ് പള്ളി പാഴുത്തുരുത്ത്	1990	-	തിരുനാളുകൾ	ഉണ്ട്	100

ക്രമനമ്പർ	വാർഡ്	സാംസ്ക്കാരിക സ്ഥാപനത്തിന്റെ പേര്	നിലവിൽ വന്ന വർഷം	സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടോ? വിശദീകരണം	സംഭാവന ചെയ്ത വ്യക്തിയുടെ പേര്	പഞ്ചായത്ത് സാംസ്ക്കാരിക നിലയം സ്ഥാപിച്ചിട്ടുണ്ടോ	റേഡിയോ ടി.വി. യുടെ എണ്ണം		സ്ഥാപനത്തിൽ നടക്കുന്ന ആഘോഷ പരിപാടികൾ എന്തെല്ലാം?
1	1	പബ്ലിക് ലൈബ്രറി മരങ്ങോലി	1-1-1983	ഉണ്ട് 3 സെന്റ്		ഇല്ല	1	1	വാർഷികാഘോഷം ഓണാഘോഷം
2	1	യംഗ് ചലഞ്ചേഴ്സ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, മരങ്ങോലി	1983			"			സ്വാതന്ത്ര്യദിനാഘോഷം, ഓണാഘോഷം
3	1	മഹിമ ആർട്ട് ക്ലബ് മരങ്ങോലി	"			"			ഓണാഘോഷം
4	3	പബ്ലിക് ലൈബ്രറി ആൻറ് റീഡിംഗ് റൂം ആൻറ് എവർഷൈൻ റിക്രയേഷൻ ക്ലബ് ഭജനമഠം, ഞീഴൂർ	3-8-1969 24-12-1981	ഉണ്ട് 2സെന്റ്	കുഞ്ഞുപിള്ള പുറങ്ങനായിൽ ഞീഴൂർ	ഇല്ല	1	1 വാർഷീകം	ഓണാഘോഷം
5	5	കാട്ടാമ്പാക്ക് പബ്ലിക് റീഡിംഗ് റൂം	1955	ഉണ്ട് 4സെന്റ്	വല്ലാട്ട് പ്രഭാകരൻ നായർ		1	1	ഓണാഘോഷം വാർഷീകം തുടങ്ങി പലതും
6	8	പബ്ലിക് ലൈബ്രറി തുരുത്തിപ്പള്ളി	1972	ഇല്ല				1	ഓണാഘോഷം
7	4	വാക്കാട് പബ്ലിക് ലൈബ്രററി	1975	ഇല്ല				1	വാർഷീകം ഓണം
8	7	വിളയംകോട് പബ്ലിക് ലൈബ്രററി	1977	ഉണ്ട്	രാഘവൻ നായർ കുളത്തുങ്കൽകാല			1	ഓണാഘോഷം
9	4	ദേശസേവിനി ആർട്ട് ആൻറ് സ്പോർട്സ് ക്ലബ്	1985	ഉണ്ട്					ഓണം ക്രിസ്തുമസ്
10	5	നവജീവൻ കൾച്ചറൽ സെൻറർ ഞീഴൂർ	1985	ഉണ്ട്	പോത്തൻ ജോസഫ് തടത്തിൽ				മതസൗഹാർദ്ദറാലി ക്രിസ്തുമസ് ഓണാഘോഷം
11	3	ലക്ഷ്യറി ക്ലബ് മേപ്പാടം കോളനി	1993	ഇല്ല					ഓണാഘോഷം
12	3	നാട്യഗ്രഹ സാംസ്കാരിക സമിതി, ഞീഴൂർ	1996	ഇല്ല					ആരംഭിച്ചതേ ഉള്ളു
13	6	പഞ്ചായത്ത് സാംസ്കാരിക നിലയം, കാട്ടാമ്പാക്ക്	1995	3 സെന്റ്	ലക്ഷ്മികുട്ടിയമ്മ മാളിയേക്കൽ	ഉണ്ട്			
14	9	ഉദയതാര വായനശാല പാഴുത്തുരുത്തു	1982	ഇല്ല					വാർഷികം ഓണാഘോഷം
15	9	ഉപാസന ക്ലബ് പാഴുത്തുരുത്തു	1985	ഇല്ല	ശ്രീവർഗീസ് കുഴിവേലി			വാർഷീകം	ഓണാഘോഷം
16	8	തിരുവാമ്പാടി പബ്ലിക് ലൈബ്രറി	1975	ഇല്ല					ഓണാഘോഷം വാർഷിക പരിപാടി
17	3	നൈമാ ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്, ഞീഴൂർ	1990	ഇല്ല					കായികമത്സരങ്ങൾ
18	9	പാഴുത്തുരുത്ത് വില്ലേജ് ഹാൾ	1979	6 സെന്റ്	വർഗീസ് കുഴിവേലി				നിർമ്മാണത്തിനായി കാത്തിരിക്കുന്നു
19	5	ക്രസന്റ് ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്, മുക്കവലക്കുന്ന്	1983	ഇല്ല					കായികമത്സരങ്ങൾ

പ്രകൃതിനിയമങ്ങളെ ബോധ

പൂർവ്വമോ അജ്ഞത

കൊണ്ടോ ലംഘിക്കുന്നതിൽ

നിന്നാണ് സുഖക്കേടുകൾ

ഉണ്ടാകുന്നത്

-മഹാത്മാഗാന്ധി-

കുടിവെള്ളം

ഞീഴൂർ ഗ്രാമപഞ്ചായത്ത്, വൈയ്ക്കം താലൂക്കിലെ ഏറ്റവും വിസ്തീർണ്ണം കൂടിയ പഞ്ചായത്താണ്. ഇതിന്റെ വിസ്തീർണ്ണം 28.91 ച.കി.മീ. ആകുന്നു. ഈ പഞ്ചായത്തിൽ നിലവിൽ ഒൻപത് വാർഡുകൾ ഉണ്ട്. വാർഡുകൾ എല്ലാംതന്നെയും 80% കുന്നുകളും, മലകളും നിറഞ്ഞതാണ്.

കിഴക്ക്-വടക്ക് അതിർത്തിയിൽനിന്നും ഈ പഞ്ചായത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗത്തുകൂടി തെക്ക്-പടിഞ്ഞാറ് അതിർത്തിയിലേക്ക് മോനിപ്പള്ളി-കടുത്തുരുത്തി വലിയതോട് കടന്നുപോകുന്നു. ഇതിന് പടിഞ്ഞാറുഭാഗത്തായി 4 വാർഡുകളും, കിഴക്കുഭാഗത്തായി അഞ്ച് വാർഡുകളും സ്ഥിതി ചെയ്യുന്നു.

ഈ തോടിനു പുറമേ ഏതാനും ചെറിയ കൈത്തോടുകളും, കുളങ്ങളും. നമ്മുടെ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഉണ്ട്. കഴിഞ്ഞ മൂന്നു നാല് ദശാബ്ദങ്ങൾക്കുമുമ്പ് വരെ മേൽപ്പറഞ്ഞ വലിയ തോട്ടിലും, കൈത്തോടുകളിലും കുളങ്ങളിലും ഫെബ്രുവരി മാസം വരെ വെള്ളം ലഭിച്ചിരുന്നു. എന്നാൽ കഴിഞ്ഞ 10-20, വർഷങ്ങളായി ഈ തോടുകളിലും കുളങ്ങളിലും നവംബർ മാസത്തോടെ ജലം അപ്രത്യക്ഷമാവുന്ന സ്ഥിതിയാണുള്ളത്.

കഴിഞ്ഞ കാല അനുഭവങ്ങൾവച്ച് വീക്ഷിക്കുമ്പോൾ വർഷങ്ങൾ മുന്നോട്ടു പോകുന്തോറും ജലക്ഷാമം നമ്മിൽ ഇന്ന് ഒരു ചോദ്യചിഹ്നമായി നിലകൊള്ളുന്നു.

ഈ പഞ്ചായത്തിൽ നിലവിലുള്ള വീടുകളുടെ എണ്ണം 4783-ഉം, ആൾ താമസമുള്ളവ 3785-ഉം ആണ്. ഇതിൽ 75% വീടുകൾക്കും സ്വന്തമായി കിണറുകൾ ഉള്ളവയാണ്. ഇതിൽ 6% കിണറുകളിൽ മാത്രം 12 മാസവും കുടിവെള്ളം ലഭിക്കുന്നുണ്ട് എന്നു കാണാൻ കഴിയും. എന്നാൽ 6% കിണറുകളിൽ 10 മാസവും, 8% കിണറുകളിൽ 8-9 മാസക്കാലവും, വെള്ളം ലഭിക്കുന്നു. ബാക്കി 80% കിണറുകളിലും 6 മാസക്കാലം വെള്ളം ലഭിക്കുന്നുമില്ല. ആയതിനാൽ കുടിവെള്ളം ലഭിക്കുന്നതിന് കിലോമീറ്ററുകൾ താണ്ടേണ്ടി വരുന്നു.

കുടിവെള്ളക്ഷാമപരിഹാരത്തിന് ഞീഴൂർ പഞ്ചായത്തിൽ നിലവിലുള്ള സംവിധാനങ്ങൾ

എല്ലാവർഷവും വെള്ളം വറ്റിപ്പോവുന്ന ഏപ്രിൽ-മെയ് മാസങ്ങളിൽ പഞ്ചായത്തിൽനിന്നും ഒരു ലോറിയിൽ ആഴ്ചയിൽ ഒരു ദിവസം ഓരോ വാർഡിലും കുടിവെള്ളം വിതരണം നടത്തുന്നു. ഇപ്രകാരം കൊണ്ടുവരുന്ന വെള്ളം ഫലപ്രദമായി വിതരണം ചെയ്യുന്നതിന് 1983 കാലയളവിൽ 7 വാർഡുകളിൽ 10,000 ലിറ്റർ വെള്ളം ശേഖരിക്കുന്നതിന് കപ്പാസിറ്റിയുള്ള ഓരോ ടാങ്കുകൾ നിർമ്മിച്ച്, ഈ ടാങ്കുകളിൽ കഷ്ടിച്ച് 1000 ലിറ്റർ വെള്ളം വീതം ആഴ്ചയിൽ നല്കിപ്പോരുന്നു. ഇത് തികച്ചും ശാശ്വത പരിഹാരമായി കാണാൻ കഴിയില്ല.

കഴിഞ്ഞ 12 വർഷത്തിനകമായി, ഒരു വർഷം ഒരു കുഴൽ കിണർ വീതം കളക്ടറുടെ വരൾച്ചാ-ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് വിവിധ വാർഡുകളിലായി 13 കുഴൽ കിണറുകൾ തീർത്ത് ഹാൻഡ് പമ്പ് വച്ച് നല്കിയിട്ടുണ്ട്. ഏതാണ്ട് 160 കുടുംബങ്ങൾ ഇതിന്റെ പ്രയോജനം ലഭിക്കുന്നുമുണ്ട്.

ഇതിനുപുറമേ 1992-ൽ പഞ്ചായത്തിന്റെ അൺടൈയിഡ് ഫണ്ടിൽനിന്നും പണം അടച്ച് കോട്ടയം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിനെക്കൊണ്ടു അഞ്ചു കുഴൽക്കിണർ ഈ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ തീർത്തു-ശരാശരി 60-70. കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുമുണ്ട്.

1992-ൽ അൺടൈയിഡ് ഫണ്ട് ഉപയോഗിച്ച് 9-ാം വാർഡിൽ മൂക്കൻചാത്തിയിൽ പഞ്ചായത്തു റോഡരുകിൽ ഒരു കുഴൽക്കിണർ തീർത്തു. ഈ കുഴൽകിണറിൽനിന്നും മണിക്കൂറിൽ 15,000 ലിറ്റർ വെള്ളം പമ്പുചെയ്യുവാനുള്ള കപ്പാസിറ്റി ഉണ്ടെന്ന് കാണിച്ച്, കോട്ടയം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽ നിന്നും "യീൽഡ്" സർട്ടിഫിക്കറ്റ് ലഭിച്ചിട്ടും ഉണ്ട്. ഈ കുഴൽകിണർ വികസിപ്പിച്ച് മോട്ടറും, പമ്പും സ്ഥാപിക്കുന്നതിനായി 1994-95-ൽ പഞ്ചായത്തിന്റെ

അൺടൈയിഡ് ഫണ്ടിൽനിന്നും 18000 രൂപാ ഒ.വൈ.ഇ.സി.യിൽ ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെൻറിൽ അടച്ച് 3 ഫേസ് വലിപ്പിക്കുകയും ചെയ്തു. 10എച്ച്.പി. സബ്മെഴ്സബിൾ പമ്പുവച്ച്, 2.5 കി.മീ. പൈപ്പുലൈൻ സ്ഥാപിച്ച്, 25 പബ്ലിക് ടാപ്പുകൾ നിർമ്മിച്ചു. 150 കുടുംബങ്ങൾക്കും, സെൻറ്: കുര്യാക്കോസ് നേഴ്സറി സ്ക്കൂളിലെ 200 വിദ്യാർത്ഥികൾക്കും കുടിവെള്ളം എത്തിച്ചുകൊടുത്തുകൊണ്ട് 11-8-95-ൽ മൂക്കം ചാത്തി മൈക്രോ ജലവിതരണ പദ്ധതി ഉത്ഘാടനം ചെയ്തു. ഇതിൻെറ നടത്തിപ്പു ചുമതല പഞ്ചായത്ത് ഏറ്റെടുക്കുകയും ചെയ്തു. ഈ പദ്ധതിയുടെ വിപുലീകരണത്തിന് 4 കി.മീ. പൈപ്പ് 11-8-95-ൽ അനുവദിച്ചിട്ടുമുണ്ട്.

ശുദ്ധജലവിതരണത്തിന് പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ

ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെൻറിൽനിന്നും ഞീഴൂർ പഞ്ചായത്തിന് ലഭിച്ചിട്ടുള്ള മൈക്രോ ജലവിതരണ പദ്ധതിയുടെ വിപുലീകരണത്തിനായി 11-8-95-ൽ ബഹു: മന്ത്രി അനുവദിച്ച 4 കി.മീ. പൈപ്പ് ഇടുന്നതിനുള്ള ഉത്തരവ്, കോട്ടയം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെൻറിൽ എത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ 4 കി.മീറ്ററിൻെറ എസ്റ്റിമേറ്റ് തയ്യാറാക്കി, കുടിവെള്ളക്ഷാമമുള്ള പെരുംപുഞ്ച നീരാളക്കോട് റോഡിലേയ്ക്കും, മച്ചികണ്ടം-കുരങ്ങാട്ടുനിരപ്പ് റോഡിലേയ്ക്കും, മച്ചികണ്ടം-പ്ലാമ്പറമ്പ് റോഡിലേയ്ക്കും കൂടയ്ക്കാട്ടുമ്യാലിൽ-മാളേയ്ക്കൽ-വെള്ളാമ്പാറ റോഡിലേയ്ക്കും, പൂവക്കോട്-അലരിറോഡിലേയ്ക്കും നീട്ടിയിട്ടാൽ ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

വീടുകൾക്ക് ഹൗസ് കണക്ഷൻ നല്കി വാട്ടർ ചാർജ്ജ് ഇനത്തിൽ ലഭിക്കുന്ന പണം ഈ പദ്ധതിയുടെ കറൻറ് ചാർജിനും മെയിൻറനൻസിനും ഉപയോഗിയ്ക്കാം.

മൈക്രോവാട്ടർ സ്കീമിൻെറ കേടുവന്ന മോട്ടറും സ്റ്റാർട്ടറും എത്രയും വേഗം ഉപയോഗപ്രദമാക്കിത്തീർക്കുന്നതിനുള്ള നടപടി കൈകൊള്ളേണ്ടതാണ്.

മറ്റു വാർഡുകളിലേയ്ക്ക് വരൾച്ചക്കാലത്ത് ഇവിടെനിന്നും വെള്ളം ലോറിയിൽ എത്തിക്കുക ഇതുവഴി പമ്പിംഗ് ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിനുണ്ടാവുന്ന 25,000-ൽപരം രൂപയുടെ ചിലവ് ലാഭിക്കാൻ കഴിയും.

മൈക്രോ വാട്ടർ സ്കീമിനോടനുബന്ധിച്ച് മറ്റു വാർഡുകളിലേയ്ക്ക് പൈപ്പ് നീട്ടി ഇടുവാനും അതുവഴി 3 ലക്ഷം രൂപയുടെ ജലവിതരണ പദ്ധതി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെൻറിൽനിന്നും നടപ്പിൽ വരുത്തിയാൽ പഞ്ചായത്തിന് സാമ്പത്തിക ബാദ്ധ്യതകളൊന്നുമില്ലാതെ 400-ൽപരം കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ കഴിയും.

കേരളാ വാട്ടർ അതോറിറ്റിയിൽനിന്നും 1983-ലെ വരൾച്ചക്കാലത്ത് ഞീഴൂർ ഗ്രാമപഞ്ചായത്തിലെ 9 വാർഡുകളിലുമായി ഉദ്ദേശം 70 കി.മീ. ദൂരം പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ പൈപ്പ് വഴി വെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി കക്കാട്ടുശുദ്ധജലവിതരണ പദ്ധതിയിൽപ്പെടുത്തി ഞീഴൂർ പഞ്ചായത്തിലെ തേരാടിമലയിൽ ടാങ്കു നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റും അംഗീകരിച്ചിരുന്നതാണ്. 13 വർഷം കഴിഞ്ഞിട്ടും ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ല. ഈ പഞ്ചായത്തിലെ 80% ജനങ്ങൾ അനുഭവിക്കുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് ഏ.ആർ.ഡബ്ല്യു.എസ്.എസ്. സ്കീമിൽപ്പെടുത്തി, വെള്ളൂർ, മുളക്കുളം, ഞീഴൂർ, കുറവിലങ്ങാട്, ഉഴവൂർ, വെളിയന്നൂർ എന്നീ പഞ്ചായത്തുകൾക്കായി ആരംഭിച്ചിട്ടുള്ള പദ്ധതിയുടെ ഒന്നാംഘട്ടമായി വെള്ളൂർ, മുളക്കുളം പഞ്ചായത്തുകളിൽ തുക അനുവദിച്ച് പണികൾ നടന്നുവരുന്നു.

ഞീഴൂർ ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന രണ്ടാംഘട്ടത്തിന് ആവശ്യമായ ഫണ്ട് ബന്ധപ്പെട്ട വകുപ്പിൽനിന്നും അനുവദിച്ച് എത്രയും പെട്ടെന്ന് പണികൾ നടത്തിയാൽ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കാൻ കഴിയും.

ഞീഴൂർ ഗ്രാമപഞ്ചായത്ത് ശുദ്ധജല സ്രോതസ്സുകൾ

കിണറുകൾ							കുഴൽ കിണറുകൾ		
പൊതുകിണറുകൾ			സ്വകാര്യകിണറുകൾ				ഹാൻറ് പമ്പ് വച്ചത്	സബ്മേഴ്സബിൾ പമ്പ് വച്ചത് 10 എച്ച്.പി. മോട്ടോർ	മൊത്തം
വാർഡ്	വെള്ളമുള്ളത്	വെള്ളം ഇല്ലാത്തത്	12 മാസം വെള്ളം ലഭിക്കുന്നത്	110 മാസം വെള്ളം ലഭിക്കുന്നത്	8 മാസം വെള്ളം ലഭിക്കുന്നത്	6 മാസം വെള്ളം ലഭിക്കുന്നത്			
1			21	40	67	175	1		
2			20	37	61	171	1		
3			23	41	69	290	4		
4	1	2	27	47	74	160	3		
5		1	21	44	71	241	1		
6		2	23	46	73	210			
7		1	24	47	76	160			
8	1	2	29	51	81	140	1		
9	1	1	27	49	61	171	2	1	
ആകെ	3	9	215	402	633	1718	13		

റിമാർക്ക്

15000 ലിറ്റർ ഫണ യീൽഡ് ഉള്ളതും 10. HP സബ്മേഴ്സബിൾ പമ്പും 2.5 ദന പൈപ്പ് ലൈനും 25 പബ്ലിക് ടാപ്പും സ്ഥാപിച്ച് 200 വീടുകൾക്കും, ഒരു നേഴ്സറി സ്കൂളിനും ജലം ലഭ്യമാക്കിക്കൊണ്ട് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെൻറിൽനിന്നും പണി പൂർത്തിയാക്കി 11/8/95ൽ ഉത്ഘാടനം. 4/96 മുതൽ മോട്ടോർ കേടുവന്നു കിടക്കുന്നു.

പട്ടിക:3

കുടിവെള്ളപ്രശ്ന പ്രദേശങ്ങളും പരിഹാരനിർദ്ദേശങ്ങളും

വാർഡ്	പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം
I	വെടിക്കാട്ടുഭാഗം, മുടതൊട്ടി, അരിശ്ശേരി ചീരാടി, മണിമല, വഞ്ചിപ്പാറ, ഉരുളുകുന്ന്, കാഞ്ഞിരമറ്റം ലക്ഷംവീട് കോളനി, കോതോലി, നെടിയമല ഭാഗങ്ങൾ	(i) വെടിക്കാട്, മുടതൊടി, നെടിയാനി, ആരിശ്ശേരി ഭാഗങ്ങളിൽ കുളങ്ങൾ നിർമ്മിച്ച് ടാങ്കുകൾ സ്ഥാപിച്ച് വാട്ടർ കണക്ഷൻ നല്കുക. (ii) കാഞ്ഞിരമറ്റം കോളനിയ്ക്കുസമീപം കുളം നിർമ്മിച്ച് കോളനിയിൽ ടാങ്ക് നിർമ്മിച്ച് ടാപ്പു വച്ചു നൽകുക. (iii) കോതോലി, ഉരുളികുന്ന്, നെടിയമല, മണിമല ഭാഗങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കുക.
II	ശാന്തിപുരം, പതിച്ചേരി, മേലാളം, നെടിയാനിയ്ക്കൽ, തത്തംകുളം, പനശ്ശേരി, കാഞ്ഞിരംപാറ, കുറമറ്റപ്പള്ളി ഭാഗങ്ങൾ	(i) ശാന്തിപുരം, പതിച്ചേരി, മേലാളം, തത്തംകുളം, കുറമറ്റപള്ളി ഭാഗങ്ങളിൽ കുളങ്ങൾ നിർമ്മിച്ച് ടാങ്കു കെട്ടി വാട്ടർ കണക്ഷൻ നല്കുക. (ii) തത്തംകുളം, പറശ്ശേരി, കാഞ്ഞിരംപാറ ഭാഗങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കുക.
IIII	പള്ളിക്കുന്ന്, പുലികുത്തി, വഞ്ചിപ്പാറ ഓലിയ്ക്കൽ, കല്ലംതോട്ടം, വന്നാട്ടുകുന്ന് ഭജനമഠം, വിശ്വഭാരതി, തേരാടിഞ്ഞീഴൂർ, അമ്പലഭാഗം, നെടിയനിരപ്പ് മേപ്പാടം ലക്ഷംവീട് കോളനി തുടങ്ങിയ ഭാഗങ്ങൾ	(i) വടക്കേപ്പുറം ഭാഗത്ത് കുളം കുഴിച്ച് നെടിയനിരപ്പിൽ ടാങ്കു പണിയുന്നതിനുവേണ്ടി ഗവൺമെൻറിനു വിട്ടുകൊടുത്തിട്ടുള്ള സ്ഥലത്ത് ടാങ്ക് നിർമ്മിച്ച് കുടിവെള്ളക്ഷാമമുള്ളിടങ്ങളിൽ എത്തിക്കുക. (ii) മച്ചിപ്പാടത്തു കുളം കുഴിച്ച് ചൂരക്കാട്, കണക്കം ചേരി, മേപ്പാടം, വന്നാട്ടുകുന്ന് കല്ലംതോട്ടം പ്രദേശങ്ങളിൽ വെള്ളം എത്തിക്കുക. (iii) വാർഡിൽ നിലവിലുള്ള എല്ലാ പൊതു കുളങ്ങളും, കിണറുകളും ആഴം കൂട്ടി ഉപയോഗപ്രദമാക്കുക. (iv) ഭജനമഠം ഭാഗത്തുള്ള പഞ്ചായത്തുവക 32 സെൻറ് സ്ഥലത്തുള്ള ഇരട്ടകുളം വികസിപ്പിച്ച് PWD റോഡുമായി ബന്ധപ്പെടുത്തുക. (v) കല്ലംതോട്ടം, പുലികുത്തിമല, പള്ളിക്കുന്ന്, ചൂരക്കാട് ഭാഗങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കുക. (vi) ഓലിയ്ക്കൽ ഭാഗത്ത് നിലവിലുള്ള കുഴൽകിണറിൽ വെള്ളം ആവശ്യത്തിനു ലഭ്യമല്ലാത്തതിനാൽ ഈ ഭാഗത്ത് സർവ്വേ നടത്തി പുതിയ കുഴൽക്കിണർ നിർമ്മിക്കുക.

വാർഡ്	പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം
IV	വട്ടീന്തുങ്കൽ, C.M.S. UP സ്ക്കൂൾ Jn., തോട്ടാടുനിരപ്പ്, വെട്ടിമല പാലത്താനം, തൊണ്ടു ചിറ ലക്ഷംവീട് കോളനി, മണ്ണാക്കുഴി ഭാഗങ്ങൾ.	(i) മാണിക്കാവിലോ, കലമറ്റം ഭാഗത്തോ ജല ലഭ്യതയനുസരിച്ച് കുളം നിർമ്മിച്ച് വട്ടീന്തുങ്കൽ വാട്ടർ ടാങ്ക് നിർമ്മിച്ച് ഈ ഭാഗത്ത് കുടിവെള്ളം ലഭ്യമാക്കുക. (ii) വള്ളിപ്പാലം ഭാഗത്തു കുളംകുഴിച്ച് തോട്ടാടുതറപ്പ് ഭാഗത്തു ടാങ്കു നിർമ്മിക്കുക. (iii) പതിപ്പാട് ഭാഗത്ത് കുളം നിർമ്മിച്ച് C.M.S.U.P. School നു സമീപം ടാങ്ക് നിർമ്മിക്കുക. (iv) വെട്ടിമലഭാഗത്ത് കുളം കുഴിച്ച് ടാങ്കു നിർമ്മിക്കുക. (v) കുളമറ്റം, വട്ടീന്തുങ്കൽ കവല, അമ്പലത്തേൽ മല, തോട്ടാടുതറപ്പ്, പാലത്താനം മണ്ണാങ്കുഴി ഭാഗങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കുക.
V	വടക്കേനിരപ്പ്, കാട്ടാലിമുക്ക്, മുക്കുവലക്കുന്ന്, എതിരുവേലി, ഓരിൽ മല, കണക്കംചേരി പായിക്കാട്ടുപാറ, പാട്ടുപുരയ്ക്കൽ അമ്പലം, പറപ്പള്ളിനിരപ്പ്, ആവിക്കവല കോടികുളം, വട്ടക്കുന്ന് ഭാഗങ്ങൾ.	(i) മുട്ടക്കാടുഭാഗത്ത് ഒരു കുളംനിർമ്മിച്ച് വടക്കേനിരപ്പിലും, തേവർനിരപ്പിലും ഓരോ ടാങ്കുകൾ പണിത്, ഈ കുളത്തിൽ നിന്നും വെള്ളം ടാങ്കിലേക്ക് പമ്പു ചെയ്ത് കണക്കംചേരി, വടക്കേനിരപ്പ്, പായിക്കാട്ടുപാറ, പാട്ടുപുരയ്ക്കൽ അമ്പലം ഭാഗങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുക. (ii) മലയിൽകുളം വികസിപ്പിച്ച് ആഴംകൂട്ടി പൈനോലിഭാഗത്തു ടാങ്കു നിർമ്മിക്കുക. (iii) M.V.I.P. കനാൽ പദ്ധതിയിൽനിന്നും വെള്ളം പമ്പുചെയ്തു പൈനോലിഭാഗത്തു നിർമ്മിക്കുന്ന ടാങ്കിലേയ്ക്ക് അടിച്ച് -4-5-6- എന്നീ വാർഡുകളിലെ മിക്ക ഭാഗത്തും ജലം എത്തിയ്ക്കാം. (iv) മുട്ടക്കാട്ടു പാടത്തിന്റെ മുകൾഭാഗത്ത് പഞ്ചായത്തുകുളത്തിനുവേണ്ടി സറണ്ടർ നല്കിയിട്ടുള്ള 2 സെൻറ് സ്ഥലത്ത് കുളം നിർമ്മിക്കുക. (v) കണക്കംചേരി കോളനിയിലും കുഴൽക്കിണർ നിർമ്മിക്കുക (vi) കല്യാണിമുക്ക്, കോടിക്കുളം, ഓരിൽമല, എതിരുവേലി മല, ആവിക്കവല, കാട്ടാമ്പാക്ക് സെൻറ് മേരീസ് പള്ളിക്കുസമീപം, പറപ്പള്ളിനിരപ്പ് എന്നിവിടങ്ങളിൽ കുഴൽകിണർ നിർമ്മിക്കുക.

വാർഡ്	പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം
VI	തേവർത്തുമല കിഴക്കുഭാഗം, ചായം മാക്ക്-കാട്ടാലിമുക്ക്, മാന്താറ്റുകുന്ന്, കളരിക്കുന്ന്, വല്ലാട്ടു മലയുടെ മുകൾ ഭാഗം പുള്ളുവേലി, കൊച്ചുകുന്നുംപുറം, മുതുകുളം കവല, എൻ.എസ്.എസ് ഹൈ സ്ക്കൂളിനു സമീപം ചാണാക്കുഴി നിരപ്പ്ഭാഗങ്ങൾ.	(i) 28സെൻറു സ്ഥലത്തുള്ള മലയിൽ കുളത്തിൻെറ ആഴം കൂട്ടിയും, കൽകെട്ടിൻെറ കേടുപാടുകൾ തീർത്തും, മോട്ടോർ സ്ഥാപിച്ചും, കുരിശുമലയുടെ മുകളിൽ ടാങ്കു നിർമ്മിച്ചും ഈ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാം. (ii) എൻ.എസ്.എസ് ഹൈസ്ക്കൂളിനു സമീപം ഉള്ള പഞ്ചായത്തുകുളം ആഴംകൂട്ടിയും ഇടനിലപാടശേഖരത്തിൽ കുളം കുഴിച്ചും, മോട്ടോർ സ്ഥാപിച്ചും, മാന്താറ്റുകുന്നിൽ പാറാതടം പുരയുടെ ഭാഗത്തും, പുള്ളുവേലിമലയിൽ പുള്ളുവേലിത്തറപ്പിലും ഓരോ ടാങ്കുകൾ നിർമ്മിച്ചും - 6-ാം വാർഡിൻെറ മുഴുവൻ ഭാഗങ്ങളിലും പൈപ്പുവഴി വെള്ളം എത്തിയ്ക്കാം. ഈ ആവശ്യങ്ങൾക്ക് സ്ഥലം സൗജന്യമായി ലഭിക്കും. (iii) കാട്ടാലിമുക്ക്, വല്ലാട്ടു മല മുകൾഭാഗം, കൊച്ചു കുന്നിൻപുറം, മുക്കോലക്കുന്ന്, പുള്ളുവേലിഭാഗം കളരിക്കുന്ന്, ചായംമാക്ക്, ഉഴക്കൊമ്പ് നിരപ്പ് ഭാഗങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കുക.
VII	ചായംമാക്ക്, കളരിക്കുന്ന്, പരുന്തും -മാക്ക്, തെക്കുംതടം, ഉലഹനാട്ടുതടം മിച്ചഭൂമി, ആവി ജംഗ്ഷൻ, മൂലേപ്പറമ്പ് കോളനി, ഊന്നുകല്ല്, വാഴക്കാലാ കാവാട്ടുതടം, കൊള്ളിമാക്ക് OLF L.P. SCHOOL ഭാഗം, പതിക്കുന്ന് എന്നീ ഭാഗങ്ങളിൽ	(i) വിളയംകോട്ട് മറ്റംഭാഗത്തു കുളംകുഴിച്ച് പതിക്കുന്ന് വലിയകുളം ഭാഗത്ത് ടാങ്ക് നിർമ്മിച്ച് പൈപ്പ്ലൈൻ ഇട്ടാൽ ഈ വാർഡിലെ കുറെഭാഗങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കാം. (ii) വിളയംകോട് മതിരുംകൊമ്പ് ഭാഗത്തു കുളകുഴിച്ച് ഊന്നുകല്ല് ഭാഗത്ത് ടാങ്ക് നിർമ്മിച്ച് പൈപ്പ്ലൈൻ ഇട്ടാൽ വിളയംകോട് ഒ.എൽ.എഫ്. സ്കൂൾ ഭാഗം ഊന്നുകല്ല്, വാഴക്കാല, കാവാട്ടുതടം, എന്നീ ഭാഗങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം. (iii) കുളം നിർമ്മിക്കാൻ സാധ്യമല്ലാത്തഭാഗങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കുക

വാർഡ്	പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം
VIII	ചിറനിരപ്പ്, ലക്ഷംവീട് കോളനി ഇരുമ്പ് തൊട്ടാണി, പുതുമനക്കുന്ന് ചിറനിരപ്പ് നീരാക്കൽപടി ചിറനിരപ്പ് അരുണാശ്ശേരി റോഡിന്റെ ഇരുവശവും, ചിറനിരപ്പ് കാപ്പുംന്തല റോഡിന്റെ ഇരുവശവും, സെൻറ് ജോർജ് എൽ.പി. എസ് ന്റെ ഭാഗം.	(i) ചിറനിരപ്പ് ഭൂതപ്പാണ്ടൻ ചിറയുടെ സമീപം പഞ്ചായത്തിൽനിന്നും (അൺടൈയിഡ്ഫണ്ട്) നിർമ്മിച്ചിട്ടുള്ള കുളത്തിൽ IRDS നിന്നും സ്ഥാപിച്ചിട്ടുള്ള മോട്ടോറിന് അടിയന്തിരമായി ഇലക്ട്രിക് കണക്ഷൻ നല്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യുകയും പൈപ്പ് ലൈനുകൾ സ്ഥാപിച്ച്, ചിറനിരപ്പ് കുന്നിൻപുറത്ത് ഫലപ്രദമായ രീതിയിൽ ടാങ്ക് കെട്ടിവെള്ളം പമ്പുചെയ്യുക. ഇതിൽനിന്നും പൈപ്പ് വഴി ഭൂതപ്പാണ്ടൻ ചിറയുടെ താഴെഭാഗത്തും, (തുമ്പുങ്കൽ പുരയിട പരിസരം) ചിറനിരപ്പുമലയിലും, ലക്ഷംവീട് കോളനി, തിരുവാമ്പാടി ഭഗവതിക്ഷേത്രപരിസരം ചിറനിരപ്പ് നീരാക്കൽപടി, കാപ്പുംന്തല റോഡ്, എന്നീ ഭാഗങ്ങളിലും, ചിറനിരപ്പ് ശിശുവിഹാറിനു സമീപവും ടാപ്പുകൾ സ്ഥാപിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുക. (ii) കൂടാതെ തിരുവാമ്പാടി ലക്ഷംവീടു കോളനിയിലും തുരുത്തിപ്പള്ളി സെൻറ് ജോർജ്ജ് എൽ.പി. സ്കൂൾ ഭാഗത്തും അമ്പലത്തിനു സമീപവും ചിറനിരപ്പിൽ പഞ്ചായത്തുവക ശിശു വിഹാർ പരിസരത്തും, തുമ്പുങ്കൽ പുരയിട സമീപവും ഓരോ കുഴൽക്കിണർ നിർമ്മിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. (iii) 8-ാം വാർഡിൽ ചിറനിരപ്പിൽ (ഭൂതപാണ്ടൻചിറ) ഉള്ള 12 ഏക്കർ 60 സെൻറ് പഞ്ചായത്തു വക സ്ഥലം മൂന്നുവശം പൂർണ്ണമായും - 4-ാം വശത്തിന്റെ ഭൂരിഭാഗവും മലകളാൽ ചുറ്റപ്പെട്ടു കിടക്കുന്നു. ഈ സ്ഥലത്ത് കെട്ടിക്കിടന്നിരുന്ന വെള്ളം ഉപയോഗിച്ചാണ് വർഷങ്ങൾക്കു മുമ്പുവരെ തിരുവാമ്പാടി-പാഴൂത്തുരുത്ത് പാടശേഖരങ്ങളിൽ നെൽകൃഷി നടത്തിയിരുന്നത്. ആയതിനാൽ ഈ ചിറയിൽ ഉദ്ദേശം പത്തടി നീളത്തിൽ ഒരു ക്രോസ് ബാർ നിർമ്മിച്ച് വെള്ളം പാഴാക്കാതെ സൂക്ഷിച്ചാൽ 8.9, വാർഡുകളിൽ പൂർണ്ണമായും - 6-7- വാർഡുകളിൽ ഭാഗികമായും നെൽകൃഷി പുനരുജ്ജീവിപ്പിക്കാം. ഇതുവഴി ഈ ഭാഗങ്ങളിൽ കിണറ്റിലെ വെള്ളം വറ്റാത്ത 60% കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിയ്ക്കും.

വാർഡ്	പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം
IX	മുക്കൻചാത്തിമല, മാനാടിമല, തേവർമറ്റം മുക്കൻചാത്തിറോഡിൻെറ ഇരുവശവും, പെരുംപുഞ്ച നീരാളക്കോട് റോഡിൻെറ ഇരുവശവും, വിരിപ്പു കാലാഭോഗം, തുരുത്തിപ്പള്ളി മാനാടി റോഡിൻെറ പാറാതടം മാനാടിഭാഗം, സെൻറ് കുര്യാക്കോസ് പള്ളി ജംഗ്ഷൻ, SKPS റോഡിൻെറ ഇരുവശവും, കൂടയ്ക്കാട്ട് മ്യാലിൽ-മാളിയേക്കൽ-വെള്ളാമ്പാറ റോഡിൽ. കുടിലിപ്പറമ്പ്, മാളിയേക്കൽ ഭാഗം മാളിയേക്കൽ - ഒറ്റാലുകുന്ന് ഭാഗം, പൂവക്കോട്- അലരിറോഡിൽ കുന്നശേരി മുകൾഭാഗം, മച്ചിക്കണ്ടം-കുരങ്ങാട്ടു നിരപ്പ് റോഡിൻെറ ഇരുവശവും-നീരാളക്കോട്-കുരങ്ങാട്ടു നിരപ്പ് റോഡിൻെറ മുകൾഭാഗം, മച്ചിക്കണ്ടം-പ്ലാമ്പറമ്പ്-തത്തംകുളം റോഡിൽ പ്ലാമ്പറമ്പ് മുതൽ തത്തംകുളം വരെ ഭാഗങ്ങൾ, പ്ലാമ്പറമ്പ്-പഞ്ചായത്തുപടി റോഡിൻെറ ഇരുവശവും കാഞ്ഞിരത്തുംമൂട്-അറുനൂറ്റിമംഗലം റോഡിൻെറ ഇരുവശവും, ഞീഴൂർ-അറുനൂറ്റിമംഗലം റോഡിൽ തത്തംകുളംഭാഗം	(i) മുക്കൻചാത്തി മൈക്രോജലവിതരണ പദ്ധതിയുടെ കേടുവന്ന കിടക്കുന്ന സ്റ്റാട്ടറും, മോട്ടറും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെൻറിനെക്കൊണ്ടു റിപ്പയർ ചെയ്യിച്ച് ജലവിതരണം പുനസ്ഥാപിക്കുകയും. ഈ പദ്ധതിയുടെ വിപുലീകരണവും മറ്റും ഏറ്റെടുക്കുകയും ചെയ്യുക. (ii) 9-ാം വാർഡിലെ പാഴുത്തുരുത്തിൽ പാലക്കുഴിഭാഗത്ത് കുളം നിർമ്മിച്ച് വെള്ളാംമ്പാറയിൽ ടാങ്കുകെട്ടി കുന്നശ്ശേരി, മാളിയേക്കൽ, ഒറ്റാലുകുന്ന് ഭാഗത്തും കുടിവെള്ളക്ഷാമം പരിഹരിക്കാം. (iii) പെരുംപുഞ്ചഭാഗത്തു പാടത്ത് കുളംകുഴിച്ച് മാനാടിനിരപ്പിൽ ടാങ്കുകെട്ടി മാനാടി വിരിപ്പുകാല ഭാഗത്തെ കുടിവെള്ളക്ഷാമം പരിഹരിയ്ക്കാം. (iv) മച്ചിക്കണ്ടം ഭാഗത്ത് കുളം കുഴിച്ച് ഇടപ്പാറ, പ്ലാമ്പറമ്പ് ഭാഗത്ത് ടാങ്കുകെട്ടി. ആ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിയ്ക്കാവുന്നതാണ്. (v) പൂവക്കോട്-അലരി റോഡിൽ കുന്നശ്ശേരി മുകൾഭാഗത്തും, കൂടയ്ക്കാട്ടു മ്യാലിൽ-മാളിയേക്കൽ റോഡിൽ മാളിയേക്കൽ ഭാഗത്തും, മാനാടിമല, വിരുപ്പുകാലാ, ഇടപ്പാറ, തേക്കുംകാട് ഭാഗങ്ങളിലും ഓലിയ്ക്കമലയിലും കാഞ്ഞിരത്തുംമൂട് - അറുനൂറ്റിമംഗലം റോഡിൽ കാഞ്ഞിരത്തുംമൂട് ഭാഗത്ത് ഓരോ കുഴൽക്കിണറുകൾ വീതം തീർത്ത് കുടിവെള്ളക്ഷാമത്തിനു പരിഹാരം കാണാവുന്നതാണ്.

പാർപ്പിടം

വർഷങ്ങൾക്ക് മുൻപ് നമ്മുടെ നാട്ടിൽ നിലവിലുണ്ടായിരുന്ന പ്രധാനകെട്ടിടങ്ങൾ കൂടുതലും തടികൊണ്ട് നിർമ്മിച്ചവയും അറയും നിരയും ഉള്ളവയും ആയിരുന്നു. എന്നാൽ മറ്റുള്ള വീടുകൾ മിക്കവാറും പുല്ലും ഓലയും മേഞ്ഞ കൂരകളായിരുന്നു. തടികൊണ്ട് നിർമ്മിച്ച പഴയ കെട്ടിടങ്ങൾ പലതും യാതൊരു കുഴപ്പവുമില്ലാതെ ഇന്നും നിലനിൽക്കുന്നുണ്ട്. എന്നാൽ പുതിയ തലമുറ കോൺക്രീറ്റ് വീടുകളോട് കൂടുതൽ ആഭിമുഖ്യം പുലർത്തുന്നതായി കാണുന്നു. ഇന്നത്തെ കോൺക്രീറ്റ് വീടുകളേക്കാൾ പഴയവീടുകൾ പരിസ്ഥിതിയുമായി വളരെ പൊരുത്തപ്പെട്ടിരുന്നു എന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട ഒരു വിഷയമാണ്. നമ്മുടെ പഞ്ചായത്തിലെ കെട്ടിടങ്ങളുടെ ഇന്നത്തെ പൊതു അവസ്ഥ താഴെ ചേർക്കുന്നു.

ഞീഴൂർ ഗ്രാമപഞ്ചായത്തിൽ ആകെ 4783 കെട്ടിടങ്ങൾ നിലവിലുണ്ട്. ഇതിൽ 3785 എണ്ണം ആൾത്താമസമുള്ളതും 998 എണ്ണം ആൾത്താമസമില്ലാത്തതുമാണ്. ആൾത്താമസ മില്ലാത്ത കെട്ടിടങ്ങൾ, കടകൾ, വിവിധ സ്ഥാപന ങ്ങൾ, മോട്ടോർ പുരകൾ, വെയിറ്റിംഗ് ഷെഡുകൾ ആരാധനാലയങ്ങൾ തുടങ്ങിയവയാണ്. കെട്ടിടങ്ങളുടെ വിശദമായ വിവരം പട്ടിക ഒന്നിൽ ചേർത്തിരിക്കുന്നു. ആകെയുള്ള വീടുകളിൽ 2176 എണ്ണം ഓടുമേഞ്ഞതും സാമാന്യം ഭേദപ്പെട്ടവയുമാണ്. 432 വീടുകൾ കോൺക്രീറ്റ് ചെയ്തതും 781 എണ്ണം ഭാഗികമായി കോൺക്രീറ്റ് ചെയ്തവയുമാണ്. ഓല മേഞ്ഞ 1128 വീടുകളും മറ്റുവിഭാഗത്തിൽ 177 വീടുകളും പഞ്ചായത്തിലുണ്ട്. പ്രാധമിക സൗകര്യങ്ങൾ പോലുമില്ലാത്ത ഈ വീടുകളുടെ സ്ഥിതി ഏറ്റവും ശോചനീയമാണ്.

വിവിധ വിഭാഗങ്ങളിൽ പെട്ടതും ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്നതുമായ ഈ കുടുംബങ്ങൾക്ക് വായ്പയെടുത്ത് വീടുനിർമിക്കുവാൻ സാധിക്കാത്തവരാണ്. അതിനാൽ ഇവർക്ക് പ്രത്യേക പദ്ധതിയിൽ പെടുത്തി ഭവനനിർമാണത്തിന് സഹായം അനുവദിക്കേണ്ടിയിരിക്കുന്നു. ഇവർക്ക് വീടുവെക്കുന്നതിന് സഹായം നൽകുന്ന ചിലപദ്ധതികൾ നിലവിലുണ്ടെ ങ്കിലും വളരെ കുറച്ചുപേർക്കുമാത്രമേ ഇതുവരെ സഹായം നൽകാൻ സാധിച്ചിട്ടുള്ളൂ. ഓരോവർഷവും കുറഞ്ഞത് 100

പേർക്കേങ്കിലും ഈ സഹായം നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിൽ നിന്നും ബ്ലോക്കിൽ നിന്നും ലഭിച്ച ഭവനനിർമാണ സഹായത്തിന്റെ വിവരങ്ങൾ യഥാക്രമം പട്ടിക രണ്ടിലും മൂന്നിലും ചേർത്തിരിക്കുന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ കേരളത്തിലാകെ ധാരാളം പുതിയതും ചില വേറിയതുമായ കെട്ടിടങ്ങളുടെ നിർമാണം നടന്നുവരുന്നുണ്ട്. വിദേശ പണത്തിന്റെ ഒഴുക്കാണ് ഇതിന്റെ പ്രധാന കാരണം. ഭവനനിർമാണ രംഗത്തെ ഈ പ്രവണത നിർമാണ വസ്തുക്കളുടെ വില 20 മുതൽ 30 ഇരട്ടിവരെ വർധിക്കുവാൻ ഇടയാക്കിയിട്ടുണ്ട്. അതേപോലെ തൊഴിലാളികളുടെ കൂലിയിലും കാര്യമായ വർധനവ് ഉണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള വിവരങ്ങൾ പട്ടിക നാലിലും അഞ്ചിലും ചേർത്തിരിക്കുന്നു.

താഴ്ന്ന വരുമാനമുള്ളവർക്കായി സർക്കാർ അനുവദിക്കുന്ന വായ്പാ തുകയായ 30,000 രൂപാകൊണ്ട് നിർദേശിക്കുന്ന പ്രകാരമുള്ള ഒരു കെട്ടിടം നിർമിക്കുവാൻ കഴിയുന്നില്ല. വായപ സ്വീകരിക്കുന്ന നല്ലൊരുവിഭാഗം കുടുംബങ്ങളും ഒന്നും രണ്ടും ഗഡുപ്പണം വാങ്ങിയശേഷം പകുതി പണിപോലും ചെയ്യാനാവാതെ ഓലഷെഡ്ഡുകളിൽ തന്നെ താമസിക്കുന്നതായിക്കാണാം. ഭവന നിർമാണ വസ്തുക്കളുടെയും മറ്റുനിത്യോപയോഗ സാധനങ്ങളുടെയും വിലവർധനവുമൂലം വായ്പ തിരിച്ചടക്കുവാൻ ഇവർക്ക് കഴിയുന്നുമില്ല. ഒരുമുറിയും അടുക്കളയും വരാന്തയും ഉള്ള ഒരു വീടുനിർമിക്കുന്നതിന് ഇന്ന് 75,000 രൂപയെങ്കിലും ചെലവാക്കേണ്ടിവരും. തെങ്ങ് ഉപയോഗിച്ചുള്ള മേൽക്കൂരയാണെങ്കിൽപോലും കുറഞ്ഞത് 50000 രൂപയോളം ചിലവാകും. അതിനാൽ ഭവനനിർമാണ വായ്പ 50000 രൂപയെങ്കിലുമായി പുതുക്കിനിശ്ചയിക്കേണ്ടത് അത്യാവശ്യമാണ്. മാത്രമല്ല ഈ തുകയുടെ മൂന്നിലൊന്ന് തുക സബ്സിഡി അനുവദിക്കുകയും വേണം. വിവിധസഹായ പദ്ധതികളിൽപെടുത്തിയും വായ്പ ഉപയോഗിച്ചും നിർമിച്ച കുറേഅധികം വീടുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവ ഭൂരിഭാഗവും അടിയന്തിരമായി അറ്റകുറ്റപണികൾ നടത്തെണ്ട അവസ്ഥയിലാണ്. പഞ്ചായത്തിലെ എല്ലാകോളനികളിലും വാസയോഗ്യമായ വീടുകളുടെ അഭാവം ഉണ്ട്. ഇവയും അറ്റകുറ്റപണികൾ നടത്തേണ്ടതായുണ്ട്. തിരുവാമ്പാടി ലക്ഷംവീട് കോളനിയിൽ ഒരുവീട്ടിൽ തന്നെ രണ്ടുകുടുംബങ്ങളാണ് നിലവിൽ താമസിച്ചുവരുന്നത്. ഇതുമൂലം വലിയ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. അതിനാൽ ഓരോകുടുംബത്തിനും പ്രത്യേകം വീടുകൾ ലഭിക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടാവണം. റോഡരികിൽ കെട്ടിടം നിർമിക്കുന്നതിന് പ്രത്യേകനിയമങ്ങൾ പ്രാബല്യത്തിലുണ്ട് ഇത് വേണ്ടരീതിയിൽ നടപ്പാക്കപ്പെടുന്നില്ല. അതിനാൽ കെട്ടിടനിർമാണനിയമം കർശനമായി നടപ്പാക്കണം. റോഡരികിൽ കെട്ടിടം നിർമിക്കുമ്പോൾ പഞ്ചായത്തിന്റെ അനുവാദം വാങ്ങിയിരിക്കണമെന്നത് നിർബന്ധമാക്കുകയും വേണം.

പാർപ്പിടമേഖലയിലെ പ്രശ്നങ്ങൾ

1. സർക്കാർ പദ്ധതികളിൽ അനുവദിക്കുന്ന തുകയുടെ അപര്യാപ്തത.
2. വിദഗ്ധതൊഴിലാളികളുടെ അഭാവം.
3. തൊഴിലാളികളുടെ ഉയർന്ന കൂലിനിരക്ക്.
4. സ്ഥിരവരുമാനം ഇല്ലാത്തവർക്ക് കെട്ടിടനിർമാണവായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
5. ആർഭാടമായി പണം ദുർവ്യയം ചെയ്ത് നിർമിക്കുന്ന വീടുകളുടെ എണ്ണം വർധിക്കുന്നു.
6. കോളനികൾക്ക് അടിസ്ഥാനസൗകര്യം കുറവാണ്.
7. കോളനികളിലെ വീടുകളുടെ അറ്റകുറ്റപണി യഥാസമയം നടത്തുന്നതിന് സംവിധാനമില്ല.
8. പട്ടികജാതിക്കാർക്കും മറ്റുദുർബലവിഭാഗത്തിൽപെട്ടവർക്കും പലവിധകാരണങ്ങളാൽ കുടികിടപ്പുഭൂമിയുടെ പട്ടയം ലഭിച്ചിട്ടില്ല.
9. ഭവനരഹിതരുടെ എണ്ണത്തിനനുസരിച്ച് ഭവന നിർമാണസഹായം ലഭിക്കുന്നില്ല.
10. ഭവനനിർമാണസഹായംകൊണ്ട് ചിലർ, പണിയാവുന്നതിലും വലിയ അളവിലുള്ള കെട്ടിടങ്ങൾ നിർമിക്കുവാൻ ശ്രമിക്കുന്നതിനാൽ പദ്ധതിപൂർത്തീകരണം വൈകുന്നു.

പരിഹാരങ്ങൾ, നിർദ്ദേശങ്ങൾ

1. കെട്ടിടനിർമാണ വിദഗ്ധതൊഴിലാളി കളുടെ പരിശീലനവും ചെലവുകുറഞ്ഞ നിർമാണ രീതി കളുടെ പ്രചരണവും നടത്തുക.
2. ദുർവ്യയഭവന നിർമ്മാണം നിരുത്സാഹപ്പെ ടുത്തുന്ന രീതിയിലുള്ള നികുതി സംവിധാനം ഏർ പ്പെടുത്തുക.
3. ഭൂരഹിതർക്കും നിർധനർക്കുമുള്ള പ്രത്യേക ഭവന നിർമാണ പരിപാടി നടപ്പാക്കുക.
4. ലക്ഷംവീടുകൾക്കും, ധനസഹായം നൽകി പണിതവീടുകൾക്കും അറകുറപണികൾക്ക് പ്രത്യേക പദ്ധതി നടപ്പാക്കുക.
5. ധനസഹായത്തുക ചെലവനുസരിച്ച് വർധിപ്പി ക്കുകയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യുക.
6. 'ലേബർകോൺട്രാക്ട്' സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
7. വായ്പാപദ്ധതികളുടെ വ്യവസ്ഥകൾ ഉദാരമാക്കുക.
8. ലക്ഷംവീട് കോളനിയിൽ ഒരുവീട്ടിൽ രണ്ടുകുടുംബങ്ങൾ താമസിക്കുന്ന അവസ്ഥമാറ്റി ഓരോ കുടുംബങ്ങൾക്കും പ്രത്യേകവീടുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

പട്ടിക - IV

കെട്ടിടനിർമാണവസ്തുക്കളുടെ വിലവർദ്ധനവ്

വർഷം	1979-1980	86-87	87-88	88-89	89-90	90-91	91-92	92-93	93-94	94-95	95-96
കരിങ്കല്ല് ലോറി ഒന്നിന്	125	300	350	400	450	500	600	650	750	800	850
വെട്ടുകല്ല് -100ന് 12x8x6	125	300	350	375	350	400	425	450	475	500	550
ഇഷ്ടിക 1000ന്		600	625	650	675	800	1200	1600	1700	1750	1800
മണൽ ലോറി ഒന്നിന്		600	650	700	900	1000	1050	1100	1150	1200	1200
20 MM മെറ്റൽ ലോറി ഒന്നിന്	700	800	900	950	1100	1250	1500	1800	2000	2250	2500
40 MM മെറ്റൽ ലോറി ഒന്നിന്	350										

പട്ടിക - V

കെട്ടിടനിർമാണത്തൊഴിലാളികളുടെ ദിവസക്കൂലിയും, വർദ്ധനവും

വർഷം 1979-80ലും 1986 മുതൽ 96വരെ	1979-1980	86-87	87-88	88-89	89-90	90-91	91-92	92-93	93-94	94-95	95-96
മേസ്തിരിയുടെ ദിവസക്കൂലി	12	50	60	70	80	100	100	110	125	140	150
പുരുഷതൊഴിലാ ദിവസക്കൂലി	8	30	35	40	50	60	60	65	70	80	100
സ്ത്രീ തൊഴിലാളി ദിവസക്കൂലി	6	20	25	30	35	45	45	50	60	75	80
മരപ്പണിക്കാരുടെ ദിവസക്കൂലി	12	50	60	70	80	100	100	110	125	140	150

പട്ടിക - 1

(വീടുകളുടെ തരംതിരിച്ചുള്ള പട്ടിക വാർഡുതലത്തിൽ)

വാർഡ് നമ്പർ	ഓട്	കോൺക്രീറ്റ്	ഓട് /കോൺക്രീറ്റ്	ഒന്നിൽ കൂടുതൽ നിലകളുള്ളവ	ഓല കൂടിൽ	മറ്റുള്ളവ	ആകെ	ഇതിൽ താമസം ഉള്ളവ	താമസം ഇല്ലാത്തവ
I	205	43	60	8	162	21	499	398	101
II	190	69	49	11	132	18	469	380	89
III	260	70	153	16	174	39	712	554	158
IV	206	27	90	8	136	31	498	409	89
V	266	41	49	12	182	34	584	482	192
VI	260	38	90	5	121	13	527	429	98
VII	250	50	64	7	80	3	454	349	105
VIII	270	31	105	[illegible]	70	[illegible]	495	388	107
IX	269	63	121	13	71	8	545	396	149
ആകെ	2176	432	781	89	1128	177	4783	3785	998

പട്ടിക – II

JRY അൺടൈഡ് ഫണ്ട് ഉപയോഗിച്ച് പഞ്ചായത്തിൽ നിർമിച്ച വീടുകൾ (1990–1996)

വർഷം	I	II	III	IV	V	VI	VII	VIII	IX	ആകെ
90-91	–	1	1	1	–	1	–	–	–	4
91-92	–	2	1	–	–	–	–	1	–	4
92-93	1	1	–	1	–	–	1	–	–	4
93-94	1	1	1	1	1	1	1	–	2	9
94-95	1	1	1	–	–	1	1	–	2	7
95-96	1	1	2	2	1	–	1	1	1	10

അവലംബം - പഞ്ചായത്ത് രേഖകൾ

പട്ടിക – III

വിവിധ പദ്ധതികളിൽ ബ്ലോക്കിൽ നിന്നും അനുവദിച്ച ഭവനനിർമാണസഹായം (1996 സെപ്റ്റംബർ വരെ)

വാർഡ്	ദാരിദ്ര രേഖക്കു താഴെയുള്ള കുടുംബങ്ങൾ	അനുവദിച്ച വീടുകൾ	ആവശ്യമുള്ള വീടുകൾ
I	107	23	184
II	160	4	156
III	180	15	165
IV	219	7	212
V	171	14	157
VI	124	8	116
VII	127	11	116
VIII	102	7	95
IX	115	9	106
ആകെ	1305	98	1207

അവലംബം - ദ്വിതീയവിവര ശേഖരണ സർവ്വേ

(ആയിരത്തി ഇരുന്നൂറ്റി ഏഴ്)

വിദ്യാഭ്യാസം

സ്വാതന്ത്രത്തിനു മുമ്പ് തന്നെ വിദ്യാഭ്യാസരംഗത്ത് ചില പ്രവർത്തനങ്ങൾ ഭാരതത്തിൽ ആരംഭിച്ചിരുന്നു. സ്വാതന്ത്രാനന്തരം രാജ്യത്തുണ്ടായ വിദ്യാഭ്യാസരംഗത്തെ പുരോഗതിയിൽ കേരളം ഇന്ന് അഭിമാനകരമായ സ്ഥാനം വഹിക്കുന്നുണ്ട്. സാമൂഹ്യമാറ്റത്തെ തുടർന്ന് എല്ലാവർക്കും. വിദ്യാഭ്യാസം ലഭിക്കുന്ന സാഹചര്യം ഉണ്ടായപ്പോൾ കേരളജനത പ്രത്യേകിച്ച് അധസ്ഥിത വിഭാഗം ആവേശത്തോടെയാണ് അതിനെ എതിരേറ്റത്. പണ്ട്, ഏതാനും ഭൂവുടമകളും കർഷകരും കർഷകത്തൊഴിലാളികളും അധിവസിച്ചിരുന്ന അവികസിതമേഖലയായിരുന്നു ഞീഴൂർ. കുടുംബപാരമ്പര്യമനുസരിച്ച് സംസ്കൃതവും മലയാളവും പഠിച്ച ആശാൻമാർ തങ്ങളുടെ വീടുകളിലും കളരികളിലും കുട്ടികളെ അക്ഷരവിദ്യ പഠിപ്പിച്ചിരുന്നു. സ്വാതന്ത്രാനന്തര കാലഘട്ടത്തിലും ഇവരുടെ പ്രശസ്തമായ സേവനം നമ്മുക്ക് ലഭിച്ചിട്ടുണ്ട്. വിദ്യാഭ്യാസരംഗത്ത് ഈ വിഭാഗത്തെ അതുകൊണ്ടുതന്നെ നമ്മുക്ക് മറക്കാൻ സാധ്യമല്ല. കേരളത്തിലെവിദ്യാഭ്യാസ പുരോഗതിക്ക് പാശ്ചാത്യ ക്രിസ്ത്യൻമിഷനറിമാരുടെ സംഭാവനയും വളരെ വലുതാണ്. മതപ്രചരണത്തോടൊപ്പം കുട്ടികളെ അക്ഷരം പഠിപ്പിക്കുന്നതിലും അവർ തൽപ്പരരായിരുന്നു. നമ്മുടെ പഞ്ചായത്തിൽ ഇവരുടെ സേവനം വളരെയധികം ലഭിച്ചിട്ടുണ്ട . ബ്രിട്ടീഷ് ഭരണത്തിന്റെ സ്വാധീനമുപയോഗിച്ച് 1890 കാലഘട്ടത്തിൽ **C.M.S.** മിഷനറിമാർ ഞീഴൂർ പഞ്ചായത്തിലെ വാക്കാട് എന്ന പ്രദേശം കൈവശപ്പെടുത്തുകയും ആഭാഗത്ത് ഉണ്ടായിരുന്ന അധസ്ഥിതവിഭാഗത്തിൽപെട്ടവരെ ക്രിസ്തുമതത്തിലേക്ക് ചേർത്തുകൊണ്ട് ഒരു പള്ളി സ്ഥാപിക്കുകയും ചെയ്തു. ഈ പള്ളിയുടെ കീഴിൽ 1900-ാം ആണ്ടിൽ സ്ഥാപിച്ച **CMS,LPS,** കാട്ടാമ്പാക്ക് എന്ന സ്ഥാപനം ഞീഴൂർ പഞ്ചായത്തിലെ പ്രഥമ സ്കൂളായി മാറി. പിന്നീട് 1960ൽ ഈ സ്കൂൾ **UP** സ്കൂളായി ഉയർത്തപ്പെട്ടു.

വിദ്യാഭ്യാസത്തിന്റെ മഹിമ മനസ്സിലാക്കിയ പൗരപ്രമുഖൻമാരുടെ നിരന്തരമായ ശ്രമവും അഭ്യർത്ഥനയും മൂലം 1909-ൽ തിരുവിതാംകൂർ സർക്കാർ കാട്ടാമ്പാക്കിൽ (തെക്കുംഭാഗം) തന്നെ മറ്റൊരു പ്രാഥമികവിദ്യാലയം ആരംഭിക്കുകയുണ്ടായി. ഇതിനാവശ്യമായ സ്ഥലവും തടിയും

പഞ്ചായത്തിലുണ്ടെങ്കിലും ഇംഗ്ലീഷ് മീഡിയത്തിന്റെ വിളി സാധാരണക്കാരനെപ്പോലും ആകർഷിച്ചിരിക്കുകയാണ്.

ഞീഴൂർ പഞ്ചായത്തിൽ 11 വിദ്യാലയങ്ങളുണ്ടെങ്കിലും വിദ്യാർത്ഥികളിൽ വളരെപ്പേർ മറ്റു പഞ്ചായത്തുകളിൽ പോയി പഠിക്കുന്നവരാണ്. ഇലഞ്ഞി, കുറവിലങ്ങാട്, പെരുവ, കടുത്തുരുത്തി, മുട്ടുചിറ എന്നീപ്രദേശങ്ങളിലുള്ള വിദ്യാലയങ്ങളിൽ ഞീഴൂർ പഞ്ചായത്തിലെ കുട്ടികൾ ധാരാളമുണ്ട്. അതേ അവസരത്തിൽ മറ്റുനാടുകളിൽ നിന്ന് ഈ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ പഠിക്കാൻ വരുന്ന കുട്ടികൾ ഇല്ലെന്നുതന്നെ പയാം. നമ്മുടെ വിദ്യാലയങ്ങളുടെ ശോചനീയാവസ്ഥയിലേക്ക് വിരൽ ചൂണ്ടുന്ന ഒരു സംഗതിയാണിത്. വിദ്യാലയത്തിന്റെ ശരീരമാണ് കെട്ടിടങ്ങളും, ഉപകരണങ്ങളും, പരിതസ്ഥിതികളും. ആത്മാവാണ് പഠനനിലവാരം. ഇത് രണ്ടും ശോഷിച്ചുപോയാൽ ആ വിദ്യാലയം രോഗഗ്രസ്തമായിതീരും. അറിവും, നെറിവും ആരോഗ്യവും നേടാൻ ആഗ്രഹിച്ചുവരുന്ന വിദ്യാർത്ഥികൾ ദൂരെ മാറിപ്പോകുന്നത് വിദ്യാലയങ്ങളുടെ ഈ രോഗാതുരത കൊണ്ടാകാം.

കെട്ടിടങ്ങളുടെ കാര്യത്തിൽ ഞീഴൂർ പഞ്ചായത്തിലെ വിദ്യാലയങ്ങൾ സ്വയംപര്യാപ്തങ്ങളാണ്. ബെഞ്ച്, ഡെസ്ക്, ബോർഡ്, തുടങ്ങിയ ഉപകരണങ്ങൾ ചില വിദ്യാലങ്ങളിൽ വളരെ കുറവാണ്. പഠിപ്പിക്കാൻ അത്യാവശ്യമായിവേണ്ട പഠനോപകരണങ്ങളുടെ കുറവ് ചിലവിദ്യാലയങ്ങളിലുണ്ട്. പരീക്ഷണശാലയും ഗ്രന്ഥശാലയും വേണ്ടവിധത്തിൽ പ്രവർത്തിക്കുന്നില്ല. ഹൈസ്കൂളുകളിൽ പോലും പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിൽ ശ്രദ്ധ പതിപ്പിക്കുന്നില്ല. കുട്ടികൾക്ക് ഇരുന്ന് വായിക്കുവാനുള്ള മുറികൾ സജ്ജീകരിക്കുകയോ ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായിക്കാൻ കൊടുക്കുകയോ ചെയ്യുന്നില്ല.

അക്ഷരാഭ്യാസത്തിന്റെ തുടക്കം കുറിക്കുന്ന ആശാൻ കളരികളെയും നേഴ്സറിസ്കൂളുകളെയും ഒരിക്കലും അവഗണിക്കാൻ പാടില്ലാത്തതാണ്. സാമ്പത്തികപരാധീനതകൊണ്ട് വീർപ്പുമുട്ടുന്ന പ്രീപ്രൈമറി വിദ്യാഭ്യാസരംഗം ഏകീകൃതമേഖലയിൽ കൊണ്ടുവരികയും പഞ്ചായത്തിൽ നിന്നും സഹായം നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്. 1990-ൽ നടന്ന സാക്ഷരതാപ്രവർത്തനം നിരക്ഷരതാനിർമാർജ്ജനത്തിൽ വഹിച്ചപങ്ക് വളരെ വലുതായിരുന്നു എന്നത് വിസ്മരിച്ചുകൂടാത്തതാണ്. എന്നാൽ ആദ്യഘട്ടം പോലെ ബാക്കി പ്രവർത്തനങ്ങൾ നടക്കുകയുണ്ടായില്ല. വിദ്യാർത്ഥികളിൽ ശാസ്ത്രീയബോധം ജനിപ്പിക്കാൻ പര്യാപ്തമായ സംവിധാനങ്ങൾ ഈ പഞ്ചായത്തിലെ മിക്കവിദ്യാലയങ്ങളിലും കാണുന്നില്ല. സയൻസ് വിഷയങ്ങൾക്ക് പ്രത്യേകം പ്രത്യേകം ക്ലബുകൾ രൂപീകരിക്കുകയാണ് ഇതിന് പരിഹാരം. വിദ്യാലയങ്ങളോടനുബന്ധിച്ച് കാർഷികാഭിരുചി വിദ്യാർത്ഥികളിൽ ജനിപ്പിക്കാൻ ഉതകുന്ന കൃഷിത്തോട്ടങ്ങളുടെ നിർമാണം വളരെ കാര്യക്ഷമമായി നടപ്പാക്കേണ്ടതുണ്ട്.

ഗ്രാമസഭാറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന അഞ്ചുകൊല്ലത്തേക്ക് വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സ്വീകരിക്കേണ്ട പ്രവർത്തനങ്ങൾ.

1. നിലവിൽ സ്കൂളുകളില്ലാത്ത വാർഡിൽ (2-ാം വാർഡ്, കാഞ്ഞിരമറ്റം) പുതുതായി എൽ.പി. സ്കൂൾ അനുവദിക്കുക.
2. നിലവിലുള്ള സ്കൂളുകളോടനുബന്ധിച്ച് പ്രീപ്രൈമറി വിദ്യാഭ്യാസം നടപ്പിൽ വരുത്തുക.
3. പഠനനിലവാരം ഉയർത്താനുതകുമാറ് ലാബറട്ടറി, ലൈബ്രററി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
4. കുട്ടികൾക്ക് ഇരുന്നു വായിക്കത്തക്കവിധം വായനാമുറികൾ സജ്ജീകരിക്കുക.
5. പഠനോപകരണങ്ങളായ ചിത്രങ്ങൾ, ചാർട്ടുകൾ, മാപ്പുകൾ തുടങ്ങിയവയുടെ സഹായത്തോടെ പഠനം സുഗമമാക്കുക.
6. മൂത്രപ്പുര, കക്കൂസ്, എന്നിവയില്ലാത്ത സ്കൂളുകളിൽ അവ പണിയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക. ഉപയോഗശൂന്യമായവ നവീകരിക്കുകയും ചെയ്യുക.
7. എല്ലാ സ്കൂളുകളിലും ശുദ്ധജലം ലഭ്യമാക്കുക (പ്രത്യേകിച്ച് വേനൽ കാലങ്ങളിൽ)
8. വൈദ്യുതിയില്ലാത്ത സ്കൂളുകളിൽ

പ്രയത്നവും നാട്ടുകാർ സംഭാവനയായി നൽകി. 1910-ൽ വിളയംകോട്ട് **CMS** സഭയുടെ നേതൃത്വത്തിൽ ഒരു എൽ.പി സ്കൂളും 1912-ൽ കാട്ടാമ്പാക്കിൽ ഒരു ഗവൺമെൻറ് എൽ.പി സ്കൂളും സ്ഥാപിക്കപ്പെട്ടു. ഈ ഗവൺമെൻറ് സ്കൂൾ ഇന്ന് യു.പി.എസ് ആയി ഉയർന്നിട്ടുണ്ട്. കാട്ടാമ്പാക്കുകരയിലാണ് മിക്കവാറും സ്ക്കൂളുകൾ സ്ഥാപിക്കപ്പെട്ടത് എന്നത് ഒരു പ്രത്യേകതയാണ്. ആ കാലഘട്ടത്തിൽ ഞീഴൂർ കരയിൽ പള്ളിക്കുന്ന് ഭാഗത്ത് **CMS** സഭയുടെ തന്നെ ഒരു വിദ്യാലയം ആരംഭിച്ചെങ്കിലും അധികകാലം അത് നിലനിൽക്കുകയുണ്ടായില്ല. 1914-ൽ മരങ്ങോലിയിൽ ഒരു ഗവൺമെൻറ് എൽ.പി.എസ് കൂടി സ്ഥാപിക്കപ്പെട്ടു. ഞീഴൂർ കത്തോലിക്കാപള്ളിയുടെ നേതൃത്വത്തിൽ സെൻറ് ജോസഫ്സ് എൽ.പി.എസ് സ്ഥാപിക്കപ്പെട്ടത് രൂപതയുടെ സഹായവും ഇടവകക്കാരുടെ ആത്മാർത്ഥമായ പരിശ്രമവും കൊണ്ടായിരുന്നു. തുരുത്തിപള്ളിയിൽ 1922-ൽ സെൻറ് ജോർജ്ജ് എൽ.പി.എസ് സ്ഥാപിക്കുന്നതിന് നേതൃത്വം നൽകിയത് റവ.ഫാദർ ജോസഫ് ഉഴുത്തുപറമ്പിൽ ആയിരുന്നു.

പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞ കുട്ടികൾക്ക് ഉപരിപഠനത്തിന് ഞീഴൂർ പഞ്ചായത്തിൽ അന്ന് സൗകര്യങ്ങളൊന്നുമില്ലായിരുന്നു..വൈക്കത്തും പിറവത്തും ഏറ്റുമാനൂരിലും പോയി പഠിക്കേണ്ട ഗതികേടാണുണ്ടായിരുന്നത്. സാമ്പത്തികമായി ഉയർന്നവർക്കുമാത്രമേ ഉപരിപഠനം സാധിച്ചിരുന്നുള്ളു. എങ്കിലും ഈ ബുദ്ധിമുട്ടുകൾ സഹിച്ച് ഉന്നതപഠനം നേടി ഉദ്യോഗങ്ങളിൽ പ്രവേശിച്ച് നാടിനെ സേവിച്ചവർ ഇവിടെ ഉണ്ടായിട്ടുണ്ട്.

കാട്ടാമ്പാക്ക് എൻ.എസ്.എസ്. കരയോഗം ഒരു വിദ്യാലയം സ്ഥാപിക്കാൻ തയ്യാറായത് ഈ അവസരത്തിലാണ്. സ്കൂളിനുവേണ്ട സ്ഥലം കരയോഗത്തിൽ നിന്ന് സംഭാവന ചെയ്തു. നിർമ്മാണത്തിനുള്ള ധനവും തടികളും മറ്റും സമുദായസ്നേഹികളിൽ നിന്ന് പിരിച്ചെടുത്തു. സമുദായാചാര്യൻ ശ്രി മന്നത്തുപത്മനാഭൻറേയും മറ്റുസമുദായസ്നേഹികളുടേയും അനുഗ്രഹാശ്ശിസുകളോടെ 1939-ൽ കാട്ടാമ്പാക്ക് എൻ.എസ്.എസ്. മലയാളം സ്കൂൾ സ്ഥാപിതമായി. ഇംഗ്ലീഷ് ആ വിദ്യാലയത്തിൽ പഠനഭാഷയായിരുന്നില്ല. മലയാളം ഏഴാം ക്ലാസ്സുവരെ പഠിപ്പിച്ചിരുന്ന ഈ വിദ്യാലയം പിന്നീട് ഇന്നത്തെ രീതിയിൽ ഹൈസ്കൂളായി ഉയർത്തപ്പെടുകയാണുണ്ടാ.യത്.

1952-ൽ ഞീഴൂർ പ്രദേശത്ത് വിശ്വഭാരതി യു.പി.സ്കൂൾ ആരംഭിച്ചു. ഞീഴൂർ 341-ാം നമ്പർ എൻ.എസ്.എസ്. കരയോഗത്തിൻറേയും 124-ാം നമ്പർ എസ്.എൻ.ഡി.പി ശാഖാ യോഗത്തിൻറേയും സംയുക്തമാനേജ്മെൻറിലാണ് ഈ വിദ്യാലയത്തിൻറെ ആരംഭം. പിന്നീട് മാനേജ്മെൻറ് എസ്. എൻ.ഡി.പി. ശാഖായോഗത്തിൽ തന്നെ നിക്ഷിപ്തമായി. ഈ വിദ്യാലയം അപ്ഗ്രേഡ് ചെയ്യപ്പെടുകയും വിശ്വഭാരതി ഹൈസ്കൂളായി ഉയരുകയും ചെയ്തു. വിളയംകോട് ഒ.എൽ.എഫ്. എൽ.പി.സ്കൂൾ 1954-ൽ നിലവിൽ വന്നു. 1992-ൽ കോട്ടയം രൂപതയുടെ ഉടമസ്ഥതയിൽ സെൻറ് കുര്യാക്കോസ് ഇംഗ്ലീഷു മീഡിയം പബ്ലിക്ക് സ്കൂൾ പാഴതുരുത്തിൽ സ്ഥാപിക്ക പ്പെട്ടതാണ് വിദ്യാലയനിർമ്മാണരംഗത്ത് അടുത്ത കാലത്തുണ്ടായ സംരംഭം.

സ്വാതന്ത്ര്യലഭ്തിക്കുമുൻപ് ദേശാഭിമാനികളായ കുറേയുവാക്കൾ രാഷ്ട്രഭാഷയായ ഹിന്ദിക്കുപ്രചാരം നൽകാൻവേണ്ടി ചെയ്ത പരിശ്രമങ്ങളും മറക്കപ്പെടാവുന്നതല്ല. ചില ഗൃഹങ്ങൾ കേന്ദ്രമാക്കിക്കൊണ്ട് അവർ ഹിന്ദിക്ലാസ്സുകൾ നടത്തിയിരുന്നു. സൗജന്യമായി അവർചെയ്തസേവനം രാഷ്ട്രഭാഷാപ്രേമവും, രാഷ്ട്രീയ ബോധവും വളർത്താൻ കുറഞ്ഞ രീതിയിലാണെങ്കിലും പ്രയോജനപ്പെട്ടിട്ടുണ്ട്.

ഇന്ന് ഞീഴൂർ പഞ്ചായത്തിലുള്ള വിദ്യാലയങ്ങളുടെ വിശദവിവരം പട്ടിക 1 ൽ ചേർത്തിരിക്കുന്നു.

കോളേജിൽ പോയി പഠിക്കാൻ സാധിക്കാത്തവർക്കുവേണ്ടി രണ്ടു പാരലൽ കോളേജുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ടൈപ്പ്റൈറ്റിംഗ്, ഷോർട്ട്ഹാൻഡ് അഭ്യസിപ്പിപ്പിക്കുന്ന രണ്ടു സ്ഥാപനങ്ങളും കമ്പ്യൂട്ടർ പഠിപ്പിക്കുന്ന ഒരു സെൻററും സ്ഥാപിതമായിട്ടുണ്ട്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന നഴ്സറിസ്കൂളുകൾ

വൈദ്യുതിയെത്തിക്കുക.

9. സ്കൂളുകൾക്ക് നിർബന്ധിതമായി ചുറ്റുമതിലുകൾ നിർമിക്കുക.

10. കായികനിലവാരം ഉയർത്തുന്നതിന് വിദ്യാലയങ്ങളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുകയും, അതിനുള്ള ഉപകരണങ്ങൾ നൽകുകയും ചെയ്യുക.

11. ഉച്ചക്കഞ്ഞി വിതരണം ഉത്തരവാദിത്വത്തോടും കാര്യക്ഷമമായും നടപ്പാക്കുക.

12. ഉപരിവിദ്യാഭ്യാസത്തിനുതകുമാറ് പഞ്ചായത്തിലെ ഹൈസ്കൂളുകളിൽ വൊക്കേഷനൽ ഹയർ സെക്കൻററി സ്കൂളോ, പ്ലസ്ടൂവോ ആരംഭിക്കുക.

13. സാക്ഷരതാപ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

14. പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ അധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ നടത്തുക. വിദ്യാർത്ഥികൾക്കായി കലാകായികമത്സരങ്ങൾ സംഘടിപ്പിച്ച് പ്രോൽസാഹിപ്പിക്കുക. പരീക്ഷകൾ ചിട്ടപ്പെടുത്താൻ ശ്രമിക്കുക.

15. പി.റ്റി.എയും മാതൃസമിതിയും സജീവമാക്കാൻ രക്ഷിതാക്കൾക്കുവേണ്ടി ബോധ വൽക്കരണ സെമിനാറുകൾ നടത്തണം.

16. നഴ്സറി സ്കൂളുകളിലേയും ശിശുവിഹാറിലേയും മറ്റും പഠനം ,സൗജന്യമാക്കുന്നതിനുള്ള നടപടികൈക്കൊള്ളുകയും കളിക്കോപ്പുകളും മറ്റാവശ്യ സാധനങ്ങളും വിതരണം നടത്തുകയും ചെയ്യുക.

17. സാങ്കേതികപഠനത്തിന് ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുക.

18. സമീപത്തുള്ള പബ്ലിക്ക് ലൈബ്രറിയിലുള്ള പുസ്തകങ്ങൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം സ്കൂളിൻെറ നേതൃത്വത്തിൽ ഉണ്ടാക്കുക.

19. വിദ്യാലയങ്ങളിൽ ദൃശ്യശ്രാവ്യോപകരണങ്ങൾ (റേഡിയോ,ടി.വി, ടേപ്പ്റിക്കാർഡുകൾ തുടങ്ങിയവ) വാങ്ങി ഉപയോഗിക്കുക.

20. പഠനപര്യടനങ്ങൾ സംഘടിപ്പിച്ച് കുട്ടികൾക്ക് കൂടുതൽ അറിവുനൽകുന്നതിനുള്ള സംവിധാനം എല്ലാവിദ്യാലയങ്ങളിലും സംഘടിപ്പിക്കുക.

21. മൂല്യച്യുതിക്കെതിരായ ബോധവൽക്കരണ സെമിനാറുകൾ നടത്തുക.

22. ശാസ്ത്രീയവിഷയങ്ങൾക്ക് കണക്ക്, സയൻസ്, സാമൂഹ്യശാസ്ത്രം ക്ലബുകൾ രൂപീകരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കണം.

23. കലാകായികരംഗത്ത് സമർത്ഥരായ കുട്ടികൾക്ക് പ്രോത്സാഹനസമ്മാനങ്ങളും സ്കോളർഷിപ്പും നൽകുക.

24. സമുദായത്തിൻെറ പൊതു ആവശ്യത്തിനുതകുന്ന സേവനപ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കെടുപ്പിച്ച് അവരുടെ സേവനാഭിരുചി വർദ്ധിപ്പിക്കുക.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരണം

നമ്പർ	സ്കൂൾ	നിലവിൽ വന്ന വർഷം	ഗവ: / എയ്ഡഡ് / അൺഎയ്ഡഡ്	സ്കൂൾ സ്ഥലം വാങ്ങിയതോ / സംഭാവനയോ	രജിസ്റ്ററിലെ പ്രഥമ ഹെഡ്മാസ്റ്റർ	പ്രഥമ വിദ്യാർത്ഥി	പഠിച്ചവരിൽ സാംസ്കാരിക നായകരും മറ്റും	പ്രഥമ മാനേജർ
1	എൻ.എസ്.എസ്. ഹൈസ്കൂൾ കാട്ടാമ്പാക്ക്	1939	എയ്ഡഡ്	എൻ.എസ്.എസ് കരയോഗം വക സംഭാവന	കെ.ആർ. ഗോവിന്ദ പ്പിഷാരടി	എൻ.വാസുദേവൻപിള്ള ആക്കത്തടത്തിൽ കിഴക്കേപുത്തൻപുര	ഡോ: എം.ജി. രാഘവൻനായർ	ശ്രീ.മന്നത്തു പത്മനാഭൻ
2	വിശ്വഭാരതി ഹൈസ്ക്കുൾ, ഞീഴൂർ	1952	എയ്ഡഡ്	വാങ്ങിയത്	റവ.ഐ.മാധവൻ	ലഭ്യമല്ല	--	ആർ.നാരായണൻ നായർ
3	ഗവ: യു.പി.എസ്. കാട്ടാമ്പാക്ക്	1912	ഗവൺമെൻറ്	വാങ്ങിയത്	ലഭ്യമല്ല	ലഭ്യമല്ല	--	--
4	സി.എം.എസ്.യു.പി. എസ്., കാട്ടാമ്പാക്ക്	1900	എയ്ഡഡ്	വാങ്ങിയത്	ലഭ്യമല്ല	ലഭ്യമല്ല	--	--
5	ഗവ: എൽ.പി.എസ്. കാട്ടാമ്പാക്ക്	1909	ഗവൺമെൻറ്	വാങ്ങിയത്	ലഭ്യമല്ല	ലഭ്യമല്ല	--	--
6	സെൻറ്.ജോർജസ്, എൽ. എൽ.പി.എസ്. തുരുത്തി പ്പള്ളി	1922	എയ്ഡഡ്	സംഭാവന	പി.ആർ.ഗോപാലപിള്ള	പി.കെ.മറിയം മുള്ളുവേലിൽ ഞീഴൂർ	--	റവ:ഫാദർ ജോസഫ് ഉഴുത്തുപറമ്പിൽ
7	ഒ.എൽ.എഫ്.എൽ.പി. എസ്., വിളയംകോട്	1954	എയ്ഡഡ്	സംഭാവന പള്ളിവക	കെ.വി.മറിയാമ്മ	കെ.വി.അന്നമ്മ കുവക്കൽ കാടാംപാക്ക്	പി.എം.മാത്യു. എം.എൽ.എ	ഫാ: മാസം പുത്തൻപുരക്കൽ
8	സെൻറ്.ജോസഫ്, എൽ. പി.എസ്. ഞീഴൂർ	1920	എയ്ഡഡ്	സംഭാവന ഞീഴൂർ പള്ളിവക	എൻ.കൃഷ്ണപിള്ള മാളിയേക്കൽ ഞീഴൂർ	ലഭ്യമല്ല	--	ഫാ: ജോസഫ് തച്ചേട്ട്
9	ഗവ: എൽ.പി.എസ്. മരങ്ങോലി	1914	ഗവൺമെൻറ്	വാങ്ങിയത്	എം.രാമൻപിള്ള	എം.എ. മത്തായി മടത്തക്കാട് മരങ്ങോലി	ഇല്ല	--
10	സി.എം.എസ്.എൽ.പി. എസ്. വിളയംകോട്	1910	എയ്ഡഡ്	വാങ്ങിയത്	റ്റി.ജെ. തോമസ്	മത്തായി, ഇലഞ്ഞി മറ്റം, വിളയംകോട്	--	--
11	സെൻറ്.കുര്യാക്കോസ് പബ്ലിക്സ്കൂൾ,പാഴുത്തു രുത്ത്	1992	അൺഎയ്ഡഡ്	വാങ്ങിയത്	ടി.കെ. ജോസഫ്	അജയകുമാർ	--	ഡോ:ജേക്കബ് വെള്ളിയാൻ

എൽ.പി.,യു.പി.,ഹൈസ്ക്കൂൾ വിഭാഗങ്ങളിലെ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പൊതുവിവരം

നമ്പർ	സ്കൂൾ	ആൺ	പെൺ	ആകെ
1	ഗവ: യു.പി.എസ് കാട്ടാമ്പാക്ക്	11	13	24
2	സി.എം. എസ്.യു.പി.എസ്, കാട്ടാമ്പാക്ക്	48	4	8
3	ഗവ: എൽ.പി.എസ്. കാട്ടാമ്പാക്ക്	5	1	6
4	സെൻറ്.ജോർജസ് എൽ.പി.എസ്. തുരുത്തിപ്പള്ളി	1	4	5
5	ഒ.എൽ.എഫ്.എൽ.പി.എസ്, വിളയംകോട്	3	3	6
6	സെൻറ്.ജോസഫ്, എൽ.പി.എസ്. ഞീഴൂർ	2	2	4
7	ഗവ: എൽ.പി.എസ്., മരങ്ങോലി	4	2	6
8	സി.എം.എസ്.എൽ.പി.എസ്. വിളയംകോട്	–	1	1
9	വിശ്വഭാരതി ഹൈസ്ക്കൂൾ, ഞീഴൂർ	3	5	8
10	എൻ.എസ്.എസ്.ഹൈസ്ക്കൂൾ, കാട്ടാമ്പാക്ക്	16	16	32
11	സെൻറ്.കുര്യാക്കോസ്, പബ്ലിക് സ്കൂൾ പാഴാത്തുരുത്ത്	2	1	3

ഭൗതികസൗകര്യങ്ങൾ

നമ്പർ	സ്കൂൾ	ആകെ വിദ്യാർത്ഥികൾ	ആകെ അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
1	ഗവ: യു.പി.എസ് കാട്ടാമ്പാക്ക്	141	11	2	1	കിണർ	ഉണ്ട്
2	സി.എം. എസ്.യു.പി.എസ്, കാട്ടാമ്പാക്ക്	186	9	2	ഇല്ല	കിണർ	ഉണ്ട്
3	ഗവ: എൽ.പി.എസ്. കാട്ടാമ്പാക്ക്	73	3	2	2	കിണർ	ഇല്ല
4	സെൻറ്.ജോർജസ് എൽ.പി.എസ്.1തുരുത്തിപുള്ളി	114	4	1	2	കിണർ	ഇല്ല
5	ഒ.എൽ.എഫ്.എൽ.പി.എസ്, വിളയംകോട്	113	4	2	1	കിണർ, പൈപ്പ്	ഇല്ല
6	സെൻറ്.ജോസഫ്, എൽ.പി.എസ്. ഞീഴൂർ	239	6	1	1	പൈപ്പ്	ഇല്ല
7	ഗവ: എൽ.പി.എസ്., മരങ്ങോലി	130	5	ഇല്ല	1	കിണർ	ഉണ്ട്
8	സി.എം.എസ്.എൽ.പി.എസ്. വിളയംകോട്	34	3	1 (ഭാഗികം)	1 (ഭാഗികം)	ഇല്ല	ഇല്ല
9	വിശ്വഭാരതി ഹൈസ്ക്കൂൾ, ഞീഴൂർ	663	28	3	3	പൈപ്പ്	ഉണ്ട്
10	എൻ.എസ്.എസ്.ഹൈസ്ക്കൂൾ, കാട്ടാമ്പാക്ക്	314	15	2	2	കിണർ, പൈപ്പ്	ഉണ്ട്

സാമ്പത്തികാനുകൂല്യം കിട്ടുന്ന വിദ്യാർത്ഥികൾ (ലംസംഗ്രാൻറ്, വികലാംഗർ..)

നമ്പർ	സ്കൂൾ	ലംസംഗ്രാൻറ്	വികലാംഗർ
1	ഗവ: യു.പി.എസ് കാട്ടാമ്പാക്ക്	58	1
2	സി.എം. എസ്.യു.പി.എസ്, കാട്ടാമ്പാക്ക്	111	3
3	ഗവ: എൽ.പി.എസ്. കാട്ടാമ്പാക്ക്	13	–
4	സെൻറ്.ജോർജസ് എൽ.പി.എസ്. തുരുത്തിപ്പള്ളി	17	–
5	ഒ.എൽ.എഫ്.എൽ.പി.എസ്, വിളയംകോട്	30	–
6	സെൻറ്.ജോസഫ്, എൽ.പി.എസ്. ഞീഴൂർ	43	–
7	ഗവ: എൽ.പി.എസ്., മരങ്ങോലി	36	–
8	സി.എം.എസ്.എൽ.പി.എസ്. വിളയംകോട്	–	–
9	വിശ്വഭാരതി ഹൈസ്ക്കുൾ, ഞീഴൂർ	205	3
10	എൻ.എസ്.എസ്.ഹൈസ്ക്കുൾ, കാട്ടാമ്പാക്ക്	116	4
11	ആകെ		

പട്ടിക 1

ഞീഴൂർ ഗ്രാമപഞ്ചായത്തിലെ വിദ്യാലയങ്ങൾ

നമ്പർ	സ്കൂൾ	മാനേജുമെൻറ്	വിദ്യാർത്ഥികൾ	അധ്യാപകർ
1	ഗവ: യു.പി.എസ് കാട്ടാമ്പാക്ക്	ഗവ:	141	11
2	സി.എം. എസ്.യു.പി.എസ്, കാട്ടാമ്പാക്ക്	എയിഡഡ്	186	9
3	ഗവ: എൽ.പി.എസ്. കാട്ടാമ്പാക്ക്	ഗവ:	73	3
4	സെൻറ്.ജോർജസ് എൽ.പി.എസ്. തുരുത്തിപ്പള്ളി	എയിഡഡ്	114	4
5	ഒ.എൽ.എഫ്.എൽ.പി.എസ്, വിളയംകോട്	അൺ എയിഡഡ്	113	4
6	സെൻറ്.ജോസഫ്, എൽ.പി.എസ്. ഞീഴൂർ	എയിഡഡ്	239	6
7	ഗവ: എൽ.പി.എസ്., മരങ്ങോലി	ഗവ:	130	5
8	സി.എം.എസ്.എൽ.പി.എസ്. വിളയംകോട്	എയിഡഡ്	34	3
9	വിശ്വഭാരതി ഹൈസ്ക്കൂൾ, ഞീഴൂർ	എയിഡഡ്	663	28
10	എൻ.എസ്.എസ്.ഹൈസ്ക്കൂൾ, കാട്ടാമ്പാക്ക്	എയിഡഡ്	314	15
11	സെൻറ്.കുര്യാക്കോസ്, പബ്ലിക് സ്കൂൾ പാഴുത്തുരുത്ത്	അൺ എയിഡഡ്	522	16

എൽ.പി., യു.പി., ഹൈസ്ക്കൂൾ വിഭാഗങ്ങളിലെ അധ്യാപകരുടെ പൊതുവിവരം

നമ്പർ	സ്കൂൾ	എണ്ണം	ആകെ
1	ഗവ: യു.പി.എസ് കാട്ടാമ്പാക്ക്	11	11
2	സി.എം. എസ്.യു.പി.എസ്, കാട്ടാമ്പാക്ക്	9	9
3	ഗവ: എൽ.പി.എസ്. കാട്ടാമ്പാക്ക്	3	3
4	സെൻറ്.ജോർജസ് എൽ.പി.എസ്. തുരുത്തിപ്പള്ളി	4	4
5	ഒ.എൽ.എഫ്.എൽ.പി.എസ്, വിളയംകോട്	4	4
6	സെൻറ്.ജോസഫ്, എൽ.പി.എസ്. ഞീഴൂർ	6	6
7	ഗവ: എൽ.പി.എസ്., മരങ്ങോലി	5	5
8	സി.എം.എസ്.എൽ.പി.എസ്. വിളയംകോട്	3	3
9	വിശ്വഭാരതി ഹൈസ്ക്കൂൾ, ഞീഴൂർ	28	28
10	എൻ.എസ്.എസ്.ഹൈസ്ക്കൂൾ, കാട്ടാമ്പാക്ക്	15	15
11	സെൻറ്.കുര്യാക്കോസ്, പബ്ലിക് സ്കൂൾ പാഴാത്തുരുത്ത്	16	16

അക്കാദമിക് നിലവാരം - എസ്.എസ്.എൽ.സി.

എസ്.എസ്.എൽ.സി. വിജയശതമാനം

നമ്പർ	സ്കൂളിന്റെ പേര്	92-93	93-94	94-95	95-96
1	വിശ്വഭാരതി ഹൈസ്ക്കൂൾ ഞീഴൂർ	68%	65%	60%	70%
2	എൻ.എസ്.എസ്, ഹൈസ്ക്കൂൾ കാട്ടാമ്പാക്ക്	74.4%	64%	58%	73%

പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

ഞീഴൂർ ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 5.3% മാത്രമാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർ! ഇരുന്നൂറോളം പട്ടികജാതി കുടുംബങ്ങളും 10-ൽ താഴെവരുന്ന പട്ടികവർഗ്ഗ കുടുംബങ്ങളും ഇവിടെ താമസിച്ചുവരുന്നു. പഞ്ചായത്തിലെ ഏക ഹരിജൻ കോളനിയായ മേപ്പാടം (IHDP) കോളനി ഉൾപ്പെടെ 7 കോളനികളിലും ഇടകലർന്നുമായി 983 അംഗങ്ങളാണ് നിലവിൽ താമസിച്ചുവരുന്നത്.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽപോലും വളരെയധികം അടിച്ചമർത്തലുകൾക്കും ചൂഷണങ്ങൾക്കും ഈ വിഭാഗം വിധേയമായിരുന്നു. എന്നാൽ ഇന്ന് അതിൽനിന്നും വലിയ ഒരളവോളം സ്വതന്ത്രമാവാൻ സാധിച്ചിട്ടുണ്ട്. പ്രാദേശികമായി മുൻകാലങ്ങളിൽ നിലനിന്നിരുന്ന ഉച്ചനീചത്വങ്ങളിൽനിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും ഒരുവിധം പൂർണ്ണമായിത്തന്നെ മോചനം നേടാൻ ഇന്നു കഴിഞ്ഞിട്ടുണ്ട്. എല്ലാജാതി-മത വിഭാഗങ്ങളുടെയും എല്ലാതരം ചടങ്ങുകളിലും പങ്കെടുക്കുന്നതിനും പൊതുവേദികളിൽ മോശമല്ലാത്ത പരിഗണന ലഭിക്കുന്നതിനും സാമൂഹികമായുണ്ടായിട്ടുള്ള മാറ്റം ഈ വിഭാഗത്തെ ഏറെ സഹായിച്ചിട്ടുണ്ട്.

ബ്രിട്ടീഷ് ഭരണകാലത്ത് ദേശവ്യാപകമായി നടന്ന മിഷനറി പ്രവർത്തനങ്ങളുടെ ഫലമായി വലിയ ഒരു വിഭാഗം അധഃസ്ഥിത ജനങ്ങൾ ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യപ്പെട്ടു. ഇവരിൽ ഏറിയ പങ്കും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരായിരുന്നു. അന്ന് നിലനിന്നുപോന്ന ജന്മിത്വവ്യവസ്ഥിതിയിൽ, ഈ വിഭാഗം അനുഭവിക്കേണ്ടിവന്ന ദുരിതങ്ങളിൽനിന്നും രക്ഷപെടുക എന്ന ചിന്തയും ഈ പരിവർത്തനത്തിനും വഴിതെളിച്ച ഒരു പ്രധാന സംഗതിയാണ്. സാമ്പത്തിക വിദ്യാഭ്യാസ മേഖലകളിൽ കുറെയൊക്കെ ഉയരുന്നതിന് മതപരിവർത്തനം ചെയ്യപ്പെട്ടവർക്ക് സാധിച്ചിട്ടുണ്ടെങ്കിലും മറ്റു രംഗങ്ങളിൽ ഇവരുടെ അവസ്ഥ വളരെ ശോചനീയമാണെന്നുള്ളത് ശ്രദ്ധിക്കപ്പെടേണ്ട ഒരു കാര്യതന്നെയാണ്.

വർഷങ്ങളായി പട്ടികജാതി പട്ടികവർഗ്ഗക്ഷേമത്തിനായി സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടെങ്കിലും കാര്യമായ മാറ്റങ്ങൾ ഒന്നും ഈ രംഗത്ത് ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. പദ്ധതികളെയും സഹായങ്ങളെയും കുറിച്ച് വേണ്ടത്ര അറിവ് ഇവർ നേടാത്തതിനാൽ അവ നേടിയെടുക്കുന്നതിന് ഇവർക്ക് കഴിയാറില്ല. മാത്രമല്ല, ഈ വിഭാഗത്തിൽപ്പെടുന്നവർക്കായി ലഭിക്കുന്ന ആനുകൂല്യങ്ങൾ മറ്റുള്ളവർ തട്ടിയെടുക്കുന്ന ഒരു പ്രവണത അടുത്ത കാലംവരെ നിലനിന്നിരുന്നു.

ഞീഴൂർ ഗ്രാമപഞ്ചായത്തിലെ ഹരിജനക്ഷേമം മുൻനിർത്തി IHDP (ഇൻഗ്രേറ്റഡ് ഹരിജൻ ഡവലപ്മെന്റ് പ്രോഗ്രാം) കോളനിയായി അംഗീകരിച്ചിരിക്കുന്ന മേപ്പാടം കോളനിയിലെ പൊതുവായ ചില കാര്യങ്ങൾ പരിശോധിച്ചാൽ ഈ വിഭാഗത്തിന്റെ ഇന്നത്തെ അവസ്ഥയുടെ ഏകദേശചിത്രം ലഭിക്കുന്നു.

പട്ടിക - I

പണിത വീടുകൾ	5
പണിയാത്ത വീടുകൾ	15
കക്കൂസുള്ളവ	5
കക്കൂസില്ലാത്തവ	15
വൈദ്യുതീകരിച്ചത്	-
വൈദ്യുതീകരിക്കാത്തത്	20
ആകെ വീടുകൾ	20

ഞീഴൂർ ഗ്രാമ പഞ്ചായത്ത് സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരുപഞ്ചായത്താണ്. അതുകൊണ്ടുതന്നെ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ചെയ്യാവുന്ന പലവികസനപരിപാടികളുടെയും നടപ്പിലാക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

വിദ്യാഭ്യാസം

ഈ വിഭാഗത്തിന്റെ ശരാശരി വിദ്യാഭ്യാസം S.S.L.C. മാത്രമാണ്. S.S.L.C. ക്കുശേഷം തുടർന്ന് പഠിക്കുന്നതിന് കുട്ടികളോ രക്ഷിതാക്കളോ ശുഷ്കാന്തി കാണിക്കുന്നില്ല. കുടുംബഭാരം ഏറ്റെടുക്കേണ്ട വരുന്നതിനാൽ പഠനം ഉപേക്ഷിക്കേണ്ടിവരുന്ന കുട്ടികൾ അംഗുലീപരിമിതമായെങ്കിലും കാണപ്പെടുന്നുണ്ട്. ഉയർന്ന വിദ്യാഭ്യാസ മേഖലകളിൽ ഇവരുടെ പങ്കാളിത്തം ഉറപ്പവരുത്തുന്നതിനവേണ്ടി സംവരണം പോലുള്ള ആനുകൂല്യങ്ങൾ നിലവിലുണ്ടെങ്കിലും പത്ത് ശതമാനത്തിൽ താഴെ മാത്രമാണ് അത് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നത്. ഈ പ്രവണതകൾക്കെതിരെ ശക്തമായ ബോധവൽക്കരണ പരിപാടികൾ ആവശ്യമാണ്. 1990-ലെ സാക്ഷരതാ പ്രവർത്തനം വളരെയധികം ഗുണം ചെയ്തിട്ടുണ്ടെങ്കിലും ഈ വിഭാഗത്തിന്റെ നിരക്ഷത പൂർണ്ണമായും ഇല്ലാതാക്കാൻ കഴിഞ്ഞിട്ടില്ല!

തൊഴിൽ

പട്ടികജാതി കുടുംബങ്ങൾ ഭൂരിപക്ഷവും പരമ്പരാഗതമായി കാർഷികമേഖലയിൽ തൊഴിലിൽ ഏർപ്പെട്ടിരുന്നു. എന്നാൽ കാർഷികമേഖലയിൽ സമീപകാലത്തുണ്ടായ തകർച്ച ഇവരുടെ തൊഴിലിനെ സ്ഥാരമായി ബാധിക്കുകയും മറ്റുമേഖലകളിലേക്ക് തൊഴിലിനായിപ്പോവുകയും ചെയ്തിട്ടുണ്ട്. കാർഷികേതര മേഖലകളിൽ ഭേദപ്പെട്ടകൂലി ലഭിക്കുന്നതിനാൽ അവശേഷിക്കുന്ന തൊഴിലാളികളും പുതിയതൊഴിൽ മേഖലയെ ആശ്രയിച്ചു തുടങ്ങിയിരിക്കുന്നു. ഈ പ്രവണത കർഷകത്തൊഴിലാളികളുടെ ദൗർലഭ്യത്തിന് കാരണമായിട്ടുണ്ട്.

നമ്മുടെ അടിസാഥനമേഖലയായ കാർഷികമേഖലയെ (ഭക്ഷ്യവിള പ്രധാനമായവ) പുനഃസൃഷ്ടിനടത്തി ലാഭകരമായ രീതിയിൽ ഉത്പാദനം നടത്തുന്നതിന് ഈ വിഭാഗത്തിന്റെ സഹായം ഉപയോഗപ്പെടുത്തുകയും അതോടൊപ്പം ഇവരുടെ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തേണ്ടതും അനിവാര്യമായിരിക്കുന്നു. എണ്ണത്തിൽ വളരെക്കുറവാണെങ്കിൽപ്പോലും ഉന്നതവിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവർക്ക് അർഹമായ തൊഴിലുകൾ ലഭിക്കുന്നില്ല എന്നുള്ളതും ഒരു വസ്തുതയാണ്. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് യുവതീയുവാക്കളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പദ്ധതികൾ പ്രത്യേകം നടപ്പാക്കേണ്ടതുണ്ട്. കർശനവ്യവസ്ഥകളാണ് ഇന്ന് നിലവിലുള്ള പദ്ധതികളിൽ നിന്നും തൊഴിൽ സംരംഭകരെ അകറ്റിനിർത്തുന്നത് എന്ന് കാണാം. യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകി സ്വയം തൊഴിൽ കണ്ടെത്തുവാൻ പ്രാപ്തരാക്കുന്ന 'ട്രൈസം' പോലുള്ള പരിപാടികൾ ഫലപ്രദമായി നടപ്പാക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. സ്വകാര്യസ്ഥാപനങ്ങളിൽ നടത്തുന്ന 'ട്രൈസം' പരിശീലനപരിപാടികൾ പൂർണ്ണ പരാജയത്തിലെത്തുക മാത്രമല്ല വൻ സാമ്പത്തിക ക്രമക്കേടുകൾക്ക് വേദിയാവുകയും ചെയ്യുന്നു. ഈ വിധമുള്ള പദ്ധതികളുടെ നടത്തിപ്പ് പുനഃപരിശോധിച്ച് കാര്യക്ഷമമായി നടപ്പാക്കേണ്ടത് വളരെ അത്യാവശ്യമാണ്.

പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല. സർക്കാരിന്റെയും മറ്റ് ഏജൻസികളുടെയും വിവിധ സഹായങ്ങൾ ഈരംഗത്ത് ലഭിച്ചിട്ടുണ്ടെങ്കിലും ചെറിയൊരു ശതമാനം കുടുംബങ്ങൾ മാത്രമാണ് പാർപ്പിട രംഗത്ത് സ്വയം പര്യാപ്തമായിട്ടുള്ളത്. സർക്കാർ അനുവദിക്കുന്ന സഹായം തീർത്തും അപര്യാപ്തമാണ് എന്നുള്ളതാണ് ഒരു പ്രധാനകാര്യം. ഇപ്പോൾ സർക്കാർ ഗ്രാന്റായി അനുവദിക്കുന്നത് 16,000 രൂപയോളം മാത്രമാണ്. എന്നാൽ ശരാശരി 25,000 രൂപയോളം ചെലവ് വരുന്ന പ്രസ്തുത വീടിന് അധികമായി വേണ്ട 10,000 രൂപാ സ്വന്തമായി കണ്ടെത്തുവാൻ ഈ വിഭാഗത്തിന് കഴിയാറില്ല. പദ്ധതിവിഹിതം നഷ്ടമാവാതിരിക്കുവാൻ അനുവദിക്കുന്ന ഗ്രാന്റുകൾ പട്ടികജാതി/വർഗ്ഗ കുടുംബങ്ങൾക്ക് ഏതുവിധേനയും കൊടുത്തുതീർക്കുന്നതിന് പഞ്ചായത്തുകൾ നിർബന്ധിതരായിത്തീരുകയും ചെയ്യുന്നു. പ്രതീക്ഷയോടെ ആരംഭിക്കുന്ന ഭവനനിർമ്മാണം ഇടയ്ക്കു വച്ചു നിർത്തുന്നതിനോ, പൂർണ്ണമായി ഉപേക്ഷിക്കുന്നതിനോ ഗുണഭോക്താവ് നിർബന്ധിതനാവുകയും, പിന്നീട് ഒരിക്കലും ഈ വീട് പൂർത്തിയാക്കാനാവാതെയും വരുന്നു. അതിനാൽ ഈ വിഭാഗത്തിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ (വീട്, കക്കൂസ് മുതലായവ) പഞ്ചായത്തുകൾ നേരിട്ട് ചെയ്തുകൊടുക്കുകയോ, ആവശ്യമായ തുക അനുവദിക്കുകയോ വേണം. മിക്കവാറും വളരെ താഴ്ന്നനിലവാരത്തിൽ കഴിയുന്ന ഈ വിഭാഗത്തിന് വായ്പ ഉപയോഗിച്ചുള്ള ഭവന നിർമ്മാണം അപ്രാപ്യമാണ്. മാത്രമല്ല വളരെച്ചെറിയ തുകകൾ വായ്പ സ്വീകരിച്ച പലകുടുംബങ്ങളും ഇന്ന് കിടപ്പാടംതന്നെ നഷ്ടപ്പെടുന്ന അവസ്ഥയിൽ കടക്കെണിയിൽപ്പെട്ടിരിക്കുന്നതായും കാണാം.

ആവശ്യമായ വീടുകളുടേയും കക്കൂസുകളുടേയും വിവരം പട്ടിക രണ്ടിൽ ചേർത്തിരിക്കുന്നു.

പട്ടിക – II

ക്രമ നമ്പർ	വാർഡ്	ആവശ്യമായ വീടുകൾ	ആവശ്യമായ കക്കൂസുകൾ	ആകെ വീടുകൾ
1	I	14	9	17
2	II	25	25	30
3	III	37	32	44
4	IV	9	8	10
5	V	22	18	25
6	VI	18	13	22
7	VII	20	15	24
8	VIII	16	10	17
9	IX	12	9	15
10	ആകെ	173	129	204

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസരംഗത്ത് ആവശ്യമായ പുരോഗതി കൈവരിച്ചിരിച്ചിട്ടില്ല. അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല.
2. പ്രധാനതൊഴിൽ മേഖലയായ കാർഷികമേഖലയിൽ തൊഴിൽ സാധ്യതകൾ കുറയുന്നു. മറ്റുമേഖലകളിൽ തൊഴിൽ സാധ്യതകളുണ്ടെങ്കിലും തൊഴിൽ പ്രശ്നം കാര്യക്ഷമമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല.
3. എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി വീടില്ല/സ്ഥലമില്ല. കൈവശമുള്ള ഭൂമിക്ക് മതിയായ രേഖകൾ ലഭിച്ചിട്ടില്ലാത്ത കുടുംബങ്ങൾ നിലവിലുണ്ട്.
4. വീടുകൾ നിർമ്മിക്കാൻ ലഭിക്കുന്ന ധനസഹായം അപര്യാപ്തമാണ്.
5. പ്രാഥമിക സൗകര്യങ്ങൾ പരിമിതമാണ്. ഇത് മാനസിക സ്വാതന്ത്ര്യമില്ലായ്മയ്ക്ക് കാരണമാകുന്നു.
6. വൈദ്യുതി ലഭിക്കുന്നതിന് സാഹചര്യങ്ങൾ ഉണ്ട്. എന്നാൽ ബന്ധപ്പെട്ടവർ വേണ്ടപോലെ താൽപര്യം കാട്ടുന്നില്ല.
7. പലവിധസഹായങ്ങൾ (ചികിത്സാസഹായം, പെൺകുട്ടികൾക്ക് വിവാഹസഹായം, തുടർവിദ്യാഭ്യാസത്തിനുള്ള സഹായം മുതലായവ) ഫലപ്രദമായി വിതരണം ചെയ്യപ്പെടുന്നില്ല.
8. ഈ വിഭാഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന മിക്കവാറും പദ്ധതികളും പൂർണ്ണമായി പരാജയപ്പെടുന്നു. ഇത് പുനഃപരിശോധിക്കുകയോ വിലയിരുത്തപ്പെടുകയോ ചെയ്യുന്നില്ല.
9. ഭവന നിർമ്മാണ വായ്പകൾ ആജീവനാന്തം കടക്കെണിയായി മാറുന്നു.
10. സ്വയം തൊഴിൽ സംരഭകർക്ക് വായ്പ ലഭിക്കുന്നതിന് മതിയായ വസ്തുവോ, ഉദ്യോഗസ്ഥരേയോ ജാമ്യമായി നൽകേണ്ടതുണ്ട്. ഇത് ഇവർക്ക് അപ്രാപ്യമായ ഒരുകാര്യമാണ്.
11. യുവതീയുവാക്കളെ തൊഴിൽ പരിശീലനം നൽകി സ്വയം തൊഴിലിനു പ്രാപ്തരാക്കുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാൻ ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കുന്നില്ല.
12. മേപ്പാടം ഹരിജൻ കോളനി IHDP – പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫണ്ടിന്റെ അഭാവത്തിൽ പ്രവർത്തനങ്ങൾ നടക്കാതെപോകുന്നു.

പരിഹാരങ്ങൾ, നിർദ്ദേശങ്ങൾ

1. വിദ്യാഭ്യാസരംഗത്ത് ലഭ്യമായ അവസരങ്ങൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമെങ്കിൽ ബോധവൽകൽക്കരണ പരിപാടികൾ നടത്തുക.
2. കാർഷിക മേഖലയിൽ അർഹമായ കൂലിയും സംരക്ഷണവും ഉറപ്പുവരുത്തുക.
3. വീടം സ്ഥലവും ഇല്ലാത്തവർക്ക് അവ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
4. വീട് നിർമ്മാണത്തിന് നിലവിലുള്ള ഗ്രാന്റ് വർദ്ധിപ്പിക്കുകയും പൂർണ്ണമായും പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ നിർമ്മാണം നടത്തുകയും ചെയ്യുക.
5. പ്രാഥമിക സൗകര്യങ്ങൾ അടിയന്തിരമായി അനുവദിക്കുക.
6. വീടുകൾ വൈദ്യുതീകരിക്കുന്നതിന് പഞ്ചായത്ത് മുൻകൈയെടുത്ത് പ്രവർത്തിക്കുക.
7. നിർദ്ധന കുടുംബങ്ങൾക്ക് നൽകുന്ന സഹായങ്ങൾ അർഹരായവർക്ക് ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുക.
8. വിവിധ വായ്പകൾക്ക് നൽകേണ്ട ജാമ്യവ്യവസ്ഥകൾ ഇളവു ചെയ്ത് നൽകുക.
9. യുവതീയുവാക്കൾക്കായി ഒരു തൊഴിൽ പരിശീലനകേന്ദ്രം ഞീഴൂർ കേന്ദ്രമായി ആരംഭിക്കുക.
10. മേപ്പാടം IHDP കോളനി വികസനത്തിനാവശ്യമായ ഫണ്ട് അനുവദിക്കുക.
11. കുടുംബത്തിൽ ഒരാൾക്ക് തൊഴിൽ ലഭിക്കുന്ന രീതിയിൽ ഒരു സഹകരണ വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

ഗ്രാമസ്വരാജ് പടുത്തുയർത്താൻ

ആയുഷ്കാലം മുഴുവൻ പ്രവർത്തിക്കേണ്ടി വന്നേയ്ക്കാം

എന്നാലും ഇത് അസാദ്ധ്യമാണെന്ന് ഞാൻ കരുതുന്നില്ല.

ഒരു ജനാധിപത്യവിശ്വാസിക്ക്

ഈയൊരു ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കാനും

ലക്ഷ്യം കണ്ടെത്താനും സാധിക്കും

-മഹാത്മാഗാന്ധി-

വിഭവസമാഹരണം

അധികാര വികേന്ദ്രീകരണത്തിന്റേയും ജനപങ്കാ ളിത്തത്തിന്റേയും സന്ദേശവാഹകരായ പഞ്ചായത്ത്‌രാജ് സംവിധാനസ്വപ്നം പൂവണിയണമെങ്കിൽ ഭാസുരവും ശോഭനവുമായ ഭാരതമെന്ന സങ്കൽപം സ്വപ്നലോകത്തിൽ നിന്നും മന്നിതിലേക്ക് ആനയു ടേയും അമ്പാരിയുടേയും താലപ്പൊലിയുടേയും പഞ്ചവാദ്യങ്ങളുടേയും അകമ്പടിയോടെ ആന യിയ്ക്കപ്പെടണമെങ്കിൽ അവയ്ക്ക് സുസ്ഥിരവും ഭദ്രവുമായ സാമ്പത്തിക അടിത്തറ കെട്ടിപ്പെടുത്തേ മതിയാകു. 1960-ലെ കേരള പഞ്ചായത്തുനിയമം രണ്ടുതരത്തിലുള്ള വരവിനങ്ങളാണ് അനു ശാസിക്കുന്നത്. നികുതി-നികുതിയേതര ഇനങ്ങളിൽ നിന്നു ലഭിക്കുന്നവ. നികുതിയിനങ്ങളിൽ സുപ്രധാ ന സ്ഥാനമാണ് കെട്ടിടനികുതി, വിനോദനികുതി, തൊഴിൽകരം തുടങ്ങിയവയ്ക്കുള്ളത്. ഇതിൽ പ്ര ധാന വരവിനമായ കെട്ടിടനികുതി ഈടാക്കുന്ന തിൽ ധാരാളം അപാകതകളുണ്ട്. കുടിൽ അല്ലാത്ത കെട്ടിടങ്ങളെ കുടിലായി ചിത്രീകരിച്ചും, കെട്ടിടനിർ മ്മാണത്തിന് യഥാർത്ഥത്തിൽ ചിലവായ തുകയും ചിലവായതായി കണക്കാക്കപ്പെടുന്ന തുകയും തമ്മിൽ അജഗജാന്തരവ്യത്യാസം വരുത്തിയും നികുതിയിൽ നിന്നും രക്ഷപ്പെടുന്നവർ ഏറെയുണ്ട്. കെട്ടിടവാടക നിർണ്ണയിക്കുന്ന രംഗത്ത് വ്യക്തമായ നിയമാവലിയുടെ അഭാവം പഞ്ചായത്തുകൾക്ക് യഥാർത്ഥത്തിൽ ലഭിക്കേണ്ട വരുമാനം ലഭിക്കാ തിരിക്കൻ കളമൊരുക്കുന്നു. വിനോദനികുതിയും തൊഴിൽ നികുതിയും ഈപഞ്ചായത്തിൽ വലിയ വരുമാനമല്ല. നികുതിയേതര വരുമാനങ്ങൾ പ്രധാ നമായും ലൈസൻസ് ഫീസ് മണൽവാരലിനുള്ള ഫീസ്, പൊതുസ്ഥലം പുറംപോക്ക് ഇവയുടെ ഉപയോഗത്തിനുള്ള ഫീസ്, ബസ്സ്റ്റാൻറ് , ഷോ പ്പിംഗ് സെൻറർ ഇവയുടെ ഫീസ് മുതലായവയാണ്.

ഈ പഞ്ചായത്തിന്റെ തനതായ വരുമാനം പട്ടികയിൽ കാണുംപോലെ 2, 71, 186 രൂപയാണ്. ഇത് പഞ്ചായത്തിന്റെ ദൈനംദിന പ്രവർ ത്തനങ്ങൾക്ക് തികയാറില്ല. കൂടാതെ വികസന പരിപാടികൾക്ക് കിട്ടുന്ന ഗ്രാൻറുകൾ അതാതു പരിപാടികൾക്കായി ചിലവിടുന്നു. സർക്കാർ ഗ്രാൻറുകളോ മറ്റ് ഗവ. എജൻസികളിൽ നിന്ന് കിട്ടുന്ന ധന സഹായങ്ങളോ ഉപയോഗിച്ച് റോഡിന്റെ അറ്റകുറ്റപണികൾ തീർക്കുകയും

അത്യാവശ്യം മറ്റു വികസന പ്രവർത്തനങ്ങൾ നടപ്പാക്കുവാനും മാത്രമേ സാധിച്ചിരുന്നുള്ളൂ. ഇതിൽ നിന്നും വ്യത്യസ്തമായി നമ്മുടെ ഗ്രാമത്തിന്റെ സമ്പൂർണ്ണ വികസനം സാക്ഷാൽക്കരിക്കുന്നതിനുവേണ്ടി അടിസ്ഥാനപരമായ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തി മനുഷ്യാദ്ധ്വാനം പ്രയോജനപ്പെടുത്തി പുതിയ ഒരു വികസന സംസ്ക്കാരം വാർത്തെടുക്കേണ്ടതായിട്ടുണ്ട്. ജനങ്ങൾക്ക് ഒരു തെറ്റായ ധാരണയുണ്ട്. വികസന പ്രവർത്തനങ്ങളെല്ലാം ഗവർണ്മെൻറുകളും പഞ്ചായത്തുകളും, ജനപ്രതിനിധികളും ചെയ്യട്ടെ. ഞങ്ങൾക്ക് ഇതിൽ കാര്യമില്ല എന്ന്. ഗ്രാമസഭാറിപ്പോർട്ടുകൾ പരിശോധിക്കുമ്പോൾ എല്ലാ ഗ്രാമസഭകളിലും വന്ന ഒരു നിർദ്ദേശം ജനങ്ങൾ ജാതിമത രാഷ്ട്രീയ ചിന്താഗതികൾക്കതീതമായി തങ്ങളുടെ മനുഷ്യശേഷി വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാൻ തയ്യാറാണെന്നുള്ളതാണ്. ഈ ആശയത്തിന്റെ അടിസ്ഥാനത്തിൽ 25-ൽ കുറയാത്ത വീടുകൾ കൂട്ടി അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് അതാതു പ്രദേശത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാൻ കഴിയണം. വിദ്യാഭ്യാസ നിലവാരം ഉയർത്താൻ ഈ അയൽകൂട്ടങ്ങളുടെ ആഭിമുഖ്യത്തിൽ ട്യൂഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കാം. അതു പോലെ തന്നെ മഹിളാ സംഘങ്ങൾ, വായന ശാലകൾ, ക്ലബ്ബുകൾ, ബഹുജന സംഘടനകൾ ഇവയെ പങ്കെടുപ്പിച്ചു കൊണ്ട് ഒരു സന്നദ്ധ സേന രൂപീകരിച്ച് അവരുടെ സേവനവും ഉപയോഗപ്പെടുത്താവുന്നതാണ്.

പഞ്ചായത്ത് രാജ് നിയമ പ്രകാരം മറ്റു വകുപ്പുകളിൽ നിന്നും ലഭിച്ച തുക. - 95-96

വകുപ്പ്	തുക		ആകെ
	പദ്ധതി വിഹിതം	പദ്ധതിയേതര വിഹിതം	
മൃഗ സംരക്ഷണം	1878		1878.00
കൃഷി	133770		133770.00
പി. ഡബ്ളിയു. ഡി.		14600	14600
ഹരിജന ക്ഷേമം		458	458
മറ്റുള്ളവ	300	1000	1300
ആകെ	135948	16058	152006

ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ

വാർഡ്	സ്ഥാപനങ്ങളുടെ എണ്ണം						ആകെ ഫീസ്	
	സ്വകാര്യം/ സർക്കാർ	ഹോട്ടൽ	പലചരക്കുകട	മറ്റുള്ളവ	ആകെ.		രൂ.	സ.
I	6	1	6	1	14	-	494	
II	NIL	NIL	2	NIL	2	-	88	
III	21	5	27	8	61	-	974	
IV	6	2	8	NIL	16	-	265	
V	4	1	8	NIL	13	-	314	
VI	1	NIL	3	2	6	-	198	
VII	7	1	4	NIL	12	-	874	
VIII	4	1	1	1	7	-	206	50
IX	7	2	9	2	20	-	564	
ആകെ	56	13	68	14	151	-	3977	50

പഞ്ചായത്തിന്റെ സ്ഥാവര സ്വത്തുക്കൾ

ക്രമനമ്പർ	വക വിവരം	വിസ്തീർണ്ണം
1	പഞ്ചായത്താഫീസ്	15 സെൻറ്
2	ഇരട്ടക്കുളം	36 "
3	പാഴുത്തുരുത്തു വില്ലേജ് ഹാൾ	06 "
4	ഞീഴൂർ പബ്ലിക് മാർക്കറ്റ്	50 "
5	മൊയിറ്റിപ്പറമ്പു പബ്ലിക് മാർക്കറ്റ്	25 "
6	ചായംമാക്കു പബ്ലിക് മാർക്കറ്റ്	50 "
7	പൊതുശ്മശാനം	45.300 "
8	കളിസ്ഥലം	38 "

പ്രശ്നങ്ങൾ

1 അശാസ്ത്രീയമായ നികുതി ചുമത്തൽ
2 നികുതി പിരിവിലെ അപാകതകൾ
3 നികുതി നിർണ്ണയത്തിലെ അപാകതകൾ
4 വികസന രംഗത്തെ ദീർഘവീക്ഷണമില്ലായ്മ

പരിഹാരമാർഗ്ഗങ്ങൾ

1 കെട്ടിട നികുതി നിർണ്ണയത്തിൽ ധാരാളം അപാകതകൾ ഉണ്ട്. അത് പരിഹരിക്കുക.

2 നിശ്ചിത തുകയിൽ കൂടുതൽ മുടക്കുള്ള കെട്ടിടങ്ങളിൽ നിന്നും ആഡംബര നികുതി ഈടാക്കുക.

3 ഇപ്പോഴുള്ള മാർക്കറ്റുകളുടെ നവീകരണവും പുനസംവിധാനവും വഴി വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും.

4 തോട്ടിലെ മണൽ വാരുന്നവരിൽ നിന്നും നികുതി ഈടാക്കുക.

5 ടാക്സി, ഓട്ടോ മുതലായ വണ്ടികളിൽ നിന്നും നികുതി ഈടാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

6 വിദേശമലയാളികളുടെ നിക്ഷേപങ്ങൾ സഹകരണ സംഘങ്ങളിൽ നിക്ഷേപിക്കുകയും അവയിൽ നിന്നും വായ്പകളും സംഭാവനകളും സ്വീകരിച്ച്. വികസനപ്രവർത്തനങ്ങൾ നടത്തുക.

വരവു സംബന്ധിച്ച വിവരങ്ങൾ 1995-96		
ഇനം	രൂ.	സ.
കെട്ടിട നികുതി	1,64,993	00
തൊഴിൽ നികുതി	65,795	00
പ്രദർശന നികുതി	3	00
പ്രദർശന നികുതിയിന്മേലുള്ള സർചാർജ്	-	75
മാർക്കറ്റ് വരവ്	8,405	00
ലൈസൻസ് ഫീസ്	3,977	50
ലേല വരുമാനം	28,012	00
ആകെ	2,71,186	25
ഗ്രാൻറുകൾ - 1995 - 96		
വസ്തു കൈമാറ്റ നികുതി 75%	1,64,028	00
വസ്തു കൈമാറ്റ നികുതി 25%	80,000	00
മറ്റു വരവുകൾ	66,454	00
അൺടൈഡ് / ജെ. ആർ. വൈ	6,82,160	00
ആകെ	9,92,642	00

സാമൂഹ്യ ക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരെ ഉദ്ധരിക്കുവാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും സംഘടിത - അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പല പദ്ധതികളും ഇന്നു നിലവിലുണ്ട്. ഇന്ത്യയിൽ മറ്റേതൊരു സംസ്ഥാനത്തെക്കാളും കൂടുതൽ, സാമൂഹ്യ ക്ഷേമ രംഗത്ത് പല വിധത്തിലുള്ള ക്ഷേമ പരിപാടികളും വിവിധ പെൻഷനുകളും കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

കേന്ദ്ര സംസ്ഥാന ഗവണ്മെൻറുകൾ പൂർണ്ണമായും നേതൃത്വം വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും കൂടാതെ തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ നടപ്പാക്കുന്ന തൊഴിലാളിക്ഷേമ പരിപാടികളും നിലവിലുണ്ട്. ഇതിനു പുറമെ പട്ടിക ജാതി /പട്ടികവർഗ്ഗം, വനിതാ, പരിവർത്തിത ക്രൈസ്തവർ, തുടങ്ങിയ വിഭാഗങ്ങളുടെ ക്ഷേമത്തിനായി പ്രത്യേകം കോർപ്പറേഷനുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. പക്ഷേ ഇവരിൽ വളരെ ചെറിയൊരു വിഭാഗത്തിനു മാത്രമേ അവയുടെ പ്രയോജനം ലഭിക്കുന്നുള്ളൂ, എന്നുള്ളതും ഒരു വസ്തുതയാണ്. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിലൂടെ നൽകി വരുന്ന സഹായങ്ങൾ ഞീഴൂർ പഞ്ചായത്തിൽ ചെറിയ തോതിൽ മാത്രമാണ് ലഭിച്ചു വരുന്നത്.

പലവിധ ക്ഷേമ പദ്ധതികളും നിലവിലുണ്ടെങ്കിലും ഫലത്തിൽ ബഹുഭൂരിപക്ഷം പേർക്കും അവയുടെ പ്രയോജനം ലഭിക്കുന്നില്ല. ഗുണഭോക്താക്കൾ, ഉദ്യോഗസ്ഥന്മാർ, സാമൂഹ്യ സന്നദ്ധ പ്രവർത്തകർ തുടങ്ങിയവർ ഈ വിഷയത്തിൻെറ പ്രാധാന്യം വേണ്ടപോലെ മനസ്സിലാക്കിയിട്ടില്ലാത്തതാണ്, അർഹതപ്പെട്ടവർക്ക് പദ്ധതികളുടെ സഹായം ആവശ്യ സമയത്ത് കിട്ടുന്നതിന് തടസ്സമായി നിൽക്കുന്ന പ്രധാന കാര്യം.

സാമൂഹ്യ ക്ഷേമ രംഗത്ത് കാര്യക്ഷമമായ എന്തെങ്കിലും സഹായം ലഭിക്കുന്നത് കടുത്തുരുത്തി ബ്ലോക്കുവഴി നടപ്പാക്കുന്ന പദ്ധതികളിലൂടെ മാത്രമാണ്. ബ്ലോക്കിൽ നിന്നും വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ മുഖേന നടത്തുന്ന സർവ്വേയുടെ അടിസ്ഥാനത്തിലാണ് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നത്. പക്ഷേ ഈ കണക്കെടുപ്പ് മിക്കവാറും യാഥാർത്ഥ്യത്തോട് നീതി പുലർത്തുന്നവയായിരിക്കില്ല. ഇതിനു കാരണങ്ങൾ പലതാണ്. പഞ്ചായത്തിൻെറ ഭൂപ്രകൃതിയിലെ വൈവിദ്ധ്യമാണ് ഇതിൽ ഒന്നാമത്തേത്. കുന്നും മലഞ്ചെരിവുകളും ധാരാളമായുള്ളതും യാത്രാ സൗകര്യങ്ങൾ വളരെ കുറവായതും ഇതിന് അനുവദിക്കുന്ന സമയം വളരെ പരിമിതമായതും സർവ്വേ കാര്യക്ഷമമാക്കുന്നതിന് തടസ്സമാകുന്നു. വി.ഇ.ഓ. മാരുടെ എണ്ണത്തിലുള്ള കുറവും മറ്റൊരു കാരണമാണ്. ഐ.ആർ.ഡി.പി. ലിസ്റ്റിലുള്ളതിനേക്കാൾ വളരെ കൂടുതൽ പേർ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരാണെന്നതാണ് വാർഡുതല വിവരശേഖരണത്തിൽ നിന്നും

മനസ്സിലാകുന്നത്. അതിനാൽ ഐ.ആർ.ഡി.പി. സർവ്വേ ലിസ്റ്റ് തയ്യാറാക്കുമ്പോഴും പഞ്ചായത്തു സമിതിയുമായി ബന്ധപ്പെട്ട് ആ പരിപാടി നടത്തിയാൽ വളരെ ഫലപ്രദമായി ലിസ്റ്റു തയ്യാറാക്കുന്നതിന് സാധിക്കും.

പദ്ധതിയെക്കുറിച്ച് ശരിയായ അവബോധമില്ലായ്മയാണ് പല പദ്ധതികളും പരാജയപ്പെടുന്നതിന് പ്രധാന കാരണം. ഇത് ഒഴിവാക്കുന്നതിന് വിപുലമായ ബോധവൽക്കരണം ആവശ്യമാണ്. ഈ ബോധവൽക്കരണ പരിപാടികളും വാർഡു തലത്തിൽ സംഘടിപ്പിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജനപ്രതിനിധികളും, സാമൂഹ്യ സന്നദ്ധ സംഘടനാപ്രവർത്തകർ, വനിതാ പ്രവർത്തകർ, തൊഴിലാളി ക്ഷേമനിധി ബോർഡ് ഉദ്യോഗസ്ഥർ, തൊഴിലാളി ക്ഷേമനിധി സംഘടനാ പ്രവർത്തകർ മുതലായവരെ നിർബന്ധമായും പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുകയും വേണം.

ഞീഴൂർ പഞ്ചായത്തിലെ 1992ലെ ഐ.ആർ.ഡി.പി. സർവേ പ്രകാരം 1245 കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർ ആയിരുന്നു. ഇതിൽ പട്ടികജാതി/വർഗ്ഗ കുടുംബങ്ങളിൽ പെട്ട 73 കുടുംബങ്ങളും ഉൾപ്പെടുന്നു. ഇതിൽ 151 കുടുംബങ്ങൾക്ക് ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിൻ കീഴിൽ സഹായം ലഭ്യമായെങ്കിലും 108 കുടുംബങ്ങൾക്കു മാത്രമാണ് അതിന്റെ നേട്ടമുണ്ടായത്. ഇവയിൽ 58എണ്ണം പട്ടിക ജാതി/വർഗ്ഗ കുടുംബങ്ങളാണ്. അവശേഷിക്കുന്ന 1137 കുടുംബങ്ങളും ഇപ്പോഴും ദാരിദ്ര്യരേഖയ്ക്കു താഴെ കഴിഞ്ഞു വരുന്നു. വിശദവിവരം പട്ടിക 1ൽ ചേർത്തിരിക്കുന്നു. വാർഡുതല സർവ്വേയുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 1527 ആണ്. ഇത് മൊത്തം കുടുംബങ്ങളുടെ 30 ശതമാനത്തിൽ അധികം വരും. ഇപ്പോൾ 11,000 രൂപയിൽ താഴെ വാർഷികവരുമാനമുള്ള കുടുംബങ്ങളെയാണ് ദരിദ്ര കുടുംബങ്ങളായി പരിഗണിക്കുന്നത്. എന്നാൽ കഴിഞ്ഞ ഏതാനും വർഷങ്ങൾകൊണ്ട് ജീവിതമേഘലയിലുണ്ടായ വില വർദ്ധനവ് കണക്കിലെടുക്കുമ്പോൾ പ്രതിവർഷം കുറഞ്ഞത് 24,000 രൂപവരെ വരുമാനമുള്ളവരെയെങ്കിലും ദരിദ്ര വിഭാഗമായി പരിഗണിക്കണം. ദേശസാൽകൃത ബാങ്കുകൾ ഈ വിഭാഗത്തിൽ പെട്ടവർക്ക് ഉദാസീനത കാണിക്കുന്നുണ്ട്.

സാമൂഹ്യക്ഷേമത്തിന് വളരെ പ്രധാനമാണ് കക്കൂസുകൾ. നമ്മുടെ പഞ്ചായത്തിലെ 40% വീടുകൾക്കും കക്കൂസുകൾ ഇല്ല. ഈ വീടുകൾ മിക്കവാറും ദരിദ്ര കുടുംബങ്ങളുടേതാണ് എന്നുള്ള കാര്യം പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. ബ്ലോക്ക്, പഞ്ചായത്ത് സ്ഥാപനങ്ങൾ വഴി ഞീഴൂർ പഞ്ചായത്തിൽ അനുവദിച്ചിട്ടുള്ള സഹായങ്ങളെ പറ്റി പട്ടിക 2ലും 3ലും വിശദമാക്കിയിരിക്കുന്നു.

ട്രൈസം

18 മുതൽ 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം പരിപാടി. 92നു ശേഷം ഇതുവരെ ട്രൈസം പദ്ധതി അനുസരിച്ച് പരിശീലനം നേടിയവരുടെ വിവരങ്ങൾ പട്ടിക 4ൽ ചേർത്തിരിക്കുന്നു. 1992-93 വർഷം മുതൽ 95-96 വർഷം വരെ ഞീഴൂർ ഗ്രാമപഞ്ചായത്തിലാകെ 21 പേർക്കു മാത്രമാണ് ട്രൈസം പരിശീലനം ലഭിച്ചത്. പരിശീലനയോഗ്യതയുടെ അടിസ്ഥാനത്തിൽ തൊഴിൽ നിയമനം ലഭിക്കുകയില്ല എന്നൊരു പോരായ്മ ഈ പദ്ധതിക്കുള്ളതിനാൽ പരിശീലനം നേടുന്ന മുഴുവൻ പേർക്കും സ്വയം തൊഴിൽ വായ്പ ലഭ്യമാക്കണം. താരതമ്യേന വളരെ കുറച്ചു പേർക്കു മാത്രമേ ഈ പരിശീലനം ലഭ്യമാകുന്നുള്ളു. അതിനാൽ കൂടുതൽ പേർക്കു പരിശീലനം നൽകുകയും സ്റ്റൈപ്പൻറ് തുക വർദ്ധിപ്പിക്കുകയും വേണം. യുവതീയുവാക്കളെ ബോധവാന്മാരാക്കി ഈ പദ്ധതിയിൽ താൽപര്യമുണ്ടാക്കുവാൻ വേണ്ട നടപടികളും സ്വീകരിക്കണം. 4 വർഷക്കാലയളവിൽ ആകെ 21 പേർക്കു മാത്രമാണ് പരിശീലനം ലഭിച്ചത്. അവരിൽ 7 പേർക്കു മാത്രമാണ് അതിന്റെ ഗുണം ലഭിച്ചത്. ഇതു വളരെ ശ്രദ്ധിക്കപ്പെടേണ്ടതാണ്.

ഗ്രാമീണ കൈത്തൊഴിലാളികൾക്ക് സഹായം

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ നൽകുന്ന പദ്ധതിയാണിത് (ആർ.എ.പി). ഐ.ആർ.ഡി.പി. സർവേ പ്രകാരം നമ്മുടെ പഞ്ചായത്തിൽ ഗ്രാമീണ കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന 142 കുടുംബങ്ങളുണ്ട്. ഇതിൽ 4 കുടുംബങ്ങൾക്കു മാത്രമാണ് നാളിതുവരെ സഹായം ലഭിച്ചിട്ടുള്ളത്. ഇതു തീർത്തും അപര്യാപ്തമാണ്. അവശേഷിക്കുന്നവർക്കു കൂടി ആർ.എ.പി. പദ്ധതിയിൽ അടിയന്തിരമായി സഹായം അനുവദിക്കണം.

D.W.C.R.A സഹായം

ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെയും കുട്ടികളുടേയും ഉന്നമനത്തിനു വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടുചേർന്ന് പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് ഡി.ഡബ്ലിയു. സി.ആർ.എ. യൂണിറ്റ്. ഈ പദ്ധതി പ്രകാരം ആകെ 2 യൂണിറ്റുകൾ മാത്രമാണ് ഇതുവരെ പഞ്ചായത്തിൽ ആരംഭിച്ചിട്ടുള്ളത്. 1994ൽ ആരംഭിച്ച ഈ യൂണിറ്റുകൾ യഥാക്രമം 3-ാം വാർഡിൽ ഞീഴൂരിൽ പ്രവർത്തിക്കുന്ന പാൽ ഉൽപ്പന്ന നിർമ്മാണയൂണിറ്റും, 8-ാം വാർഡിൽ തിരുവമ്പാടിയിൽ പ്രവർത്തിക്കുന്ന കുട നിർമ്മാണ യൂണിറ്റുമാണ്. നല്ല നിലയിൽ പ്രവർത്തിക്കുന്ന ഈ രണ്ടു യൂണിറ്റുകളിലുമായി 20 ഓളം വനിതകൾക്ക് തൊഴിൽ ലഭിക്കുന്നുണ്ട്.

ബാലവാടികളും അംഗൻവാടികളും

നമ്മുടെ പഞ്ചായത്തിൽ 4 മഹിളാ സമാജങ്ങളും അതിനോടനുബന്ധിച്ച് ബാലവാടികളും പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം തൃപ്തികരമല്ല. അംഗനവാടികൾ

ഒന്നുപോലും നിലവിലില്ല. ഐ.സി.ഡി.എസിന്റെ 1000 ജനങ്ങൾക്ക് ഒരു അംഗൻ വാടി എന്ന ലക്ഷ്യം നിറവേറ്റിയാൽ വനിതാ ശിശു ക്ഷേമ രംഗത്ത് വലിയ ഒരു മുന്നേറ്റം കുറിക്കാനാവും.

വിധവാപെൻഷൻ

പഞ്ചായത്തിൽ 45 പേർക്കാണ് ഇപ്പോൾ പെൻഷൻ ലഭിക്കുന്നത്. 54 അപേക്ഷകർക്കു കൂടി ഈ ആനുകൂല്യം ലഭിക്കേണ്ടതായിട്ടുണ്ട്. പ്രായപൂർത്തിയായ ആൺകുട്ടികളുള്ളവർക്ക് ഈ പെൻഷൻ ലഭിക്കുന്നതിന് അർഹതയില്ല. ഇതിനു മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ സഹായം അനുവദിക്കണം.

വികലാംഗ പെൻഷൻ

വികലാംഗത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടും കാലതാമസവും നേരിടുന്നു. ഈ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം എല്ലാ മെഡിക്കൽ ആഫീസർമാർക്കും നൽകേണ്ടത് അത്യാവശ്യമാണ്. 64 പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്. 85 പേർക്കുകൂടി ഇത് ലഭിക്കേണ്ടിയിരിക്കുന്നു.

കർഷകതൊഴിലാളി പെൻഷൻ

കർഷകതൊഴിലാളി പെൻഷൻ ലഭിക്കുന്ന 135 പേർ നമ്മുടെ പഞ്ചായത്തിലുണ്ട്. അർഹതപ്പെട്ട പലർക്കും ഇപ്പോൾ പെൻഷൻ ലഭിക്കുന്നില്ല. 131 പേർക്കുകൂടി ഈ സഹായം ലഭിക്കേണ്ടതുണ്ട്.

വാർദ്ധക്യകാല പെൻഷൻ

ലഭ്യമായ കണക്കുകളനുസരിച്ച് 13 പേർക്കാണ് ഇപ്പോൾ വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നത്. 117 പേർക്കുകൂടി ഇതു ലഭ്യമാക്കണം.

തൊഴിലില്ലായ്മ വേതനം

ഇന്നു തൊഴിലില്ലായ്മ വേതനം ലഭിക്കുന്നതിൽ നല്ലൊരു ശതമാനം പേരും ഇതിന് അനർഹരാണ്. അർഹരായ പലർക്കും വേതനം ലഭിക്കുന്നില്ല എന്നുള്ള പരാതി നിലനിൽക്കുന്നു. ഇപ്പോഴുള്ള ലിസ്റ്റ് പുനഃപരിശോധന നടത്തി അപാകതകൾ പരിഹരിക്കണം.

തൊഴിലാളി ക്ഷേമ നിധികൾ

വിവിധ മേഘലകളിൽ തൊഴിലെടുക്കുന്നവർക്കായി വിവിധ ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ കർഷകതൊഴിലാളി ക്ഷേമനിധി പ്രവർത്തനങ്ങൾ മാത്രമേ പഞ്ചായത്തിൽ ഇതുവരെ കാര്യക്ഷമമായി നടക്കുന്നുള്ളു.

പൊതുവിതരണം

ആകെ 9 പൊതു വിതരണ കേന്ദ്രങ്ങളാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. ഇവയിൽ ആകെ 3209 റേഷൻ കാർഡുകളാണ് ഉള്ളത്. 481 കുടുംബങ്ങൾ പഞ്ചായത്തതിർത്തിക്കു വെളിയിൽ നിന്ന് റേഷൻ വാങ്ങുന്നു. 95 കുടുംബങ്ങൾക്ക് നിലവിൽ കാർഡില്ല. റേഷൻ സാധനങ്ങളുടെ കഴിഞ്ഞ 5 വർഷത്തെ ഉപഭോഗം പട്ടിക 6ൽ ചേർത്തിരിക്കുന്നു. പട്ടിക പരിശോധിച്ചാൽ 91-92 വർഷത്തെ അപേക്ഷിച്ച് ഉപഭോക്താക്കളുടെ എണ്ണം 93-94 വർഷം കുറഞ്ഞിരിക്കുന്നതായി കാണാം. എന്നാൽ അരിയുടേയും മറ്റും ഉപഭോഗം വർദ്ധിച്ചിരിക്കുന്നു. 95-96 വർഷം ഉപഭോക്താക്കളുടെ എണ്ണം 91-92 വർഷത്തേക്കാളും അല്പം കൂടുതലാണെങ്കിലും അരിയുടെ ഉപഭോഗത്തിൽ ആനുപാതികത്തിൽ കവിഞ്ഞ വർദ്ധനവും ഉണ്ടായിട്ടുള്ളതായി കാണാം. പഞ്ചാസാരയുടെ പ്രതിശീർഷ വിതരണത്തിലുണ്ടായ കുറവ് ഉപഭോഗത്തിലും പ്രകടമാണ്. എന്നാൽ അരി, ഗോതമ്പ്, പഞ്ചസാര മുതലായവയുടെ ഉപഭോഗം വർദ്ധിക്കുക തന്നെയാണ് ചെയ്തിട്ടുള്ളത്. പൊതുവിതരണ മേഖല കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഞീഴൂർ കേന്ദ്രീകരിച്ച് ഒരു മാവേലി സ്റ്റോർ എങ്കിലും അടിയന്തിരമായി സ്ഥാപിച്ചാൽ നിത്യോപയോഗ സാധനങ്ങളുടെ ക്രമാതീതമായ വില വർദ്ധനവിനെ ഒരു പരിധി വരെ നിയന്ത്രിക്കാൻ കഴിയും.

പ്രശ്നപരിഹാരങ്ങൾ/ നിർദ്ദേശങ്ങൾ

1. ക്ഷേമ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന് ശ്രദ്ധിക്കണം.
2. ഐ.ആർ.ഡി.പി. സർവ്വേ കാര്യക്ഷമമായും നടത്തുകയും, ഇതിന്റെ വരുമാന പരിധി ഉയർത്തുകയും ചെയ്യുക.
3. ട്രൈസം പരിശീലനം കൂടുതൽ പേരെ പങ്കെടുപ്പിച്ചും കാര്യക്ഷമമായും നടപ്പാക്കുകയും വായ്പ ലഭിക്കുന്നതിന് വ്യവസ്ഥകളിൽ ഇളവു വരുത്തുകയും ചെയ്യുക.
4. ആർ. എ. പി. പദ്ധതിയിൽ അർഹരായ എല്ലാവർക്കും സഹായം അനുവദിക്കുക.
5. പഞ്ചായത്തിലാവശ്യമായ എല്ലാ പ്രദേശങ്ങളിലും അംഗനവാടികൾ സ്ഥാപിക്കുക. അതോടൊപ്പം ബാലവാടികളും മഹിളാ സമാജങ്ങളും സ്ഥാപിക്കുകയും നിലവിലുള്ളവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുക.
6. പെൻഷനുകൾ അർഹരായ എല്ലാവർക്കും, കൃത്യ സമയത്ത് വിതരണം നടത്തുകയും അർഹതയ്ക്കുള്ള മാനദണ്ഡം പുതുക്കുകയും ചെയ്യുക.

7. ക്ഷേമ നിധി ബോർഡുകളുടെ പ്രവർത്തനം എല്ലായിടത്തും വ്യാപകമാക്കി എല്ലാ തൊഴിലാളികളേയും അംഗങ്ങളാക്കുക.

8. കുട്ടികൾക്കും വനിതകൾക്കുമുള്ള പോഷകാഹാര പദ്ധതികൾ വിപുലമായും ഫലപ്രദമായും നടപ്പാക്കുക.

9. കൂടുതൽ ഡി.ഡബ്ലിയു.സി.ആർ.എ. യൂണിറ്റുകൾ ആരംഭിക്കുക.

10. എല്ലാ വിധ പെൻഷനുകളുടേയും ലിസ്റ്റ് പ്രസിദ്ധീകരിക്കുക.

11. ദരിദ്ര കുടുംബങ്ങൾക്കു വീടുകളും കക്കൂസുകളും നിർമ്മിക്കുന്നതിന് അടിയന്തിര സഹായം നൽകുക.

12. കായിക രംഗത്ത് യുവജനങ്ങളുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ കളിസ്ഥലങ്ങൾ പഞ്ചായത്തിൽ പൊതുവെ കുറവാണ്. ഞീഴൂർ കേന്ദ്രീകരിച്ച് അടിയന്തിരമായി കളിസ്ഥലം നിർമ്മിക്കണം.

13. പൊതു വിതരണ സംവിധാനം ശക്തമാക്കണം. മാവേലിസ്റ്റോർ ആരംഭിക്കണം.

പട്ടിക 1

ഐ.ആർ.ഡി.പി. സർവേ പ്രകാരം - ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരം (1992നു ശേഷം)

വാർഡ് നമ്പർ	സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തികമായി സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ചതുവഴി ദാരിദ്ര്യ രേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
I	2	3	4	5	6	7
I	128	13	20	13	18	110
II	109	6	10	6	7	102
III	171	11	26	15	19	152
IV	165	5	9	2	6	159
V	207	11	16	10	11	196
VI	153	8	28	4	19	134
VII	97	8	18	2	11	86
VIII	107	5	13	3	9	98
IX	108	6	11	3	8	100
ആകെ	1245	73	151	58	108	1137

പട്ടിക 2

പഞ്ചായത്തിൽ നിന്ന് ജെ.ആർ.വൈ/ അൺടൈഡ് പദ്ധതിയിൽ
കക്കൂസിന് ധനസഹായം ലഭിച്ചവരുടെ ലിസ്റ്റ്

വാർഡ്	1989-90	90-91	91-92	92-93	93-94	94-95	95-96
1	4	2	2	2	1	2	10
2	2	2	1	1	1	2	10
3	3	1	2	1	1	3	10
4	2	1	2	3	1	3	9
5	2	1	2	1	1	4	10
6	2	2	1	1	1	2	11
7	2	2	1	1	1	3	10
8	3	3	3	1	1	4	10
9	3	2	2	2	2	9	10
ആകെ	23	16	16	13	10	32	90

പട്ടിക 3

നാളിതുവരെ ബ്ലോക്കിൽ നിന്നും
അനുവദിച്ച കക്കൂസുകളുടെ വിവരം

ക്രമനമ്പർ	വാർഡ്	എണ്ണം
1	1	7
2	2	8
3	3	13
4	4	5
5	5	8
6	6	9
7	7	8
8	8	6
9	9	11
10	ആകെ	77

പട്ടിക 4

1992 മുതൽ 96വരെ ട്രൈസം
പരിശീലനം ലഭിച്ചവരുടെ വിവരങ്ങൾ

ക്രമനമ്പർ	വാർഡ്	പരിശീലനം ലഭിച്ചവർ	സ്വയം തൊഴിൽ കണ്ടെത്തിയവർ	ഇതര തൊഴിലിൽ ഏർപ്പെട്ടവർ	അവശേഷിക്കുന്നവർ
1	1	2	1	1	-
2	2	4	3	1	-
3	3	3	2	1	-
4	4	2	-	2	-
5	5	5	1	4	-
6	6	2	-	1	1
7	7	1	-	1	-
8	8	1	-	1	-
9	9	1	-	1	-
10	ആകെ	21	7	13	1

പട്ടിക 5
വിവിധയിനം പെൻഷൻ ലഭിക്കുന്നവർ
രണ്ടാം ഘട്ടം പഞ്ചായത്തുതല വിവരശേഖരണം

ഇനം	പെൻഷൻ ലഭിക്കുന്നവർ	പെൻഷൻ ലഭിക്കാത്തവർ
വികലാംഗ പെൻഷൻ	64	85
ക്യാൻസർ	1	-
റ്റി. ബി.	3	7
വിധവാ പെൻഷൻ	45	54
വാർദ്ധക്യകാല പെൻഷൻ	13	117
കർഷകതൊഴിലാളി	135	131
അവശകലാകാരന്മാർ	-	3
ആശാന്മാർ (നിലത്തെഴുത്ത്)	8	6
സ്വാതന്ത്ര്യസമരസേനാനികൾ	-	-
രണ്ടാം മഹായുദ്ധസേനാനികൾ	-	7

പൊതു വിതരണത്തെ സംബന്ധിക്കുന്ന വിവരങ്ങൾ
(1991 മുതൽ 1996 വരെ)

ക്രമനമ്പർ	വർഷം	ഉപഭോക്താക്കൾ	അരി (കി.ഗ്രാ.)	ഗോതമ്പ് (കി.ഗ്രാ.)	പഞ്ചസാര (കി.ഗ്രാ.)	മണ്ണെണ്ണ(ലി.)
1.	1991-92	15728	5,579	1,033	806.5	1,20,316
2.	1993-94	15073	6,483	1,084	791	1,11,690
3.	1995-96	15895	9,113	1105.6	743.6	1,57,550

പട്ടിക 6
ഞീഴൂർ ഗ്രാമ പഞ്ചായത്തിലെ കോളനികളുടെ വിവരം

ക്രമനമ്പർ	വാർഡ്	കോളനികളുടെ പേര്	വീടുകളുടെ എണ്ണം
1	1	കാഞ്ഞിരമറ്റം ലക്ഷം വീടു കോളനി	20
2	1	ആലുങ്കൽ മിച്ചഭൂമി കോളനി	15
3	2	കഴുതാലി (നിരവം) മിച്ചഭൂമി കോളനി	9
4	2	പതിച്ചേരി പുനരധിവാസ കേന്ദ്രം	9
5	3	മേപ്പാടം (ഐ.എച്ച്.ഡി.പി.) ഹരിജൻ കോളനി	20
6	3	കണക്കംചേരി പുനരധിവാസ കേന്ദ്രം	34
7	4	തൊണ്ടുചിറ ലക്ഷം വീടു കോളനി	14
8	5	കണക്കം ചേരി ലക്ഷംവീടു കോളനി	20
9	7	വിളയംകോട് മിച്ചഭൂമി കോളനി	11
10	8	തിരുവാമ്പാടി ലക്ഷം വീടു കോളനി	20
11	-	ആകെ വീടുകൾ	172

അഗീകാരം ലഭിക്കാത്ത കോളനികൾ (ആവാസകേന്ദ്രങ്ങൾ)			
11	1	ഉരുളുകുന്ന്	15
12	3	പള്ളിക്കുന്ന്	20
13	5	മനയത്ത് പറമ്പ്	10
14	6	മാന്താറ്റു കുന്ന്	15
15	7	മൂലേപ്പറമ്പ്	10
16	7	പരുന്തുംമാക്ക്	20
17	8	ചിറനിരപ്പ്	12
18	8	തെക്കേപ്പറമ്പ്	10
19	9	മൂക്കൻചാത്തി	12
20	9	കുടിലിപ്പറമ്പ്	8

ആരോഗ്യം

മനുഷ്യ സമുദായത്തിന്റെ മൂലധനം ഓരോ വ്യക്തിയുടേയും പരിപൂർണ്ണമായ ആരോഗ്യമാണ് രാഷ്ട്രത്തിന്റെ സമ്പത്തും ആരോഗ്യപൂർണ്ണനായ മനുഷ്യന്റെ ശക്തിയാണ്.

ഈ നിർവ്വചനങ്ങളുടെ അർത്ഥ വ്യാപ്തിയിലേയ്ക്ക് വിരൽ ചൂണ്ടുമ്പോൾ സ്വാതന്ത്ര്യത്തിന്റെ 50 -ാം പിറന്നാൾ ആഘോഷത്തിന്റെ ഘട്ടത്തിലും ഒരു സാധാരണ ഭാരത പൗരന്റെ ആരോഗ്യ സ്വപ്നങ്ങൾ ലോകരാജ്യങ്ങളുടെ പട്ടികയിൽ ഏതുകോണിലാണ് സ്ഥിതി ചെയ്യുന്നത് എന്ന യാഥാർത്ഥത്തിലേക്ക് വളരെ ഹൃദയ വിശാലതയോടെ ഉറ്റു നോക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്

അതു കൊണ്ട് രാഷ്ട്ര പുനർ നിർമ്മാണ പ്രവർത്തനങ്ങളിൽ 50 ശതമാനവും ആരോഗ്യ പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കണമെന്ന മുഖവുരയോടെ, ഞീഴൂർ പഞ്ചായത്തിന്റെ നാളിതു വരെ നടന്നതും നടത്തപ്പെടേണ്ടതുമായിട്ടുള്ള ആരോഗ്യപ്രവർത്തനങ്ങളെക്കുറിച്ച് താഴെ വിവരിക്കുന്നു.

1977 വരെ ആധുനിക ചികിത്സാ സ്ഥാപനങ്ങളോ സർക്കാർ തല ആരോഗ്യ ക്ഷേമപ്രവർത്തന സാമീപ്യമോ ഞീഴൂർ പഞ്ചായത്തിന് ഇല്ലായിരുന്നു. ഈ കാലഘട്ടത്തിന് മുമ്പ് ജനങ്ങൾ, പ്രത്യേകിച്ചും രോഗികൾ പാരമ്പര്യ വൈദ്യൻമാരെ സമീപിച്ച് ചികിത്സ നടത്തിപോന്നിരുന്നു. കൂടാതെ അമ്പലങ്ങളിലും, പള്ളികളിലും വഴിപാടുകളും നേർച്ച കാഴ്ചകളും നടത്തിയിരുന്നു. അന്ധവിശ്വാസങ്ങളിൽ നിന്ന് മുക്തി നേടിയവർ പഞ്ചായത്തിനു വെളിയിൽ 15 മുതൽ 35 കിലോമീറ്ററുകൾ വരെ ദൂരമുള്ള ആശുപത്രികളിൽ പോയി ചികിത്സ ലഭ്യമാക്കിയിരുന്നു.

1977 നവംബർ മാസം 14-ാം തിയതി പഞ്ചായത്തിന് ഒരു ആരോഗ്യ കേന്ദ്രം (പബ്ളിക് ഹെൽത്ത് സെൻറർ) അനുവദിച്ച് പ്രവർത്തനം ആരംഭിച്ചു. 1977 മുതൽ 1986 വരെ ഈ ആരോഗ്യകേന്ദ്രം പഞ്ചായത്തിലെ ആറാം വാർഡിൽ കൂവേലി കവലയ്ക്കടുത്ത് ശ്രീ. കെ. സി. ജോസഫ് കൂവേലിയുടെ കെട്ടിടത്തിൽ വാടകയോ കറൻറ് ചാർജോ നൽകാതെ സൗജന്യമായി പ്രവർത്തിച്ചു.

പിന്നീട്, ഇതിനു വേണ്ടി ഒരേക്കർ 6 സെൻറു

സ്ഥലം കൂവേലി മൊയറ്റിപ്പറമ്പിനടുത്തുള്ള പഞ്ചായത്തു വക ചന്തയ്ക്കടുത്ത് സൗജന്യമായി ലഭിച്ചു. ഡോ. പി. ജി. നായർ വാളനില, ശ്രീ. മനോഹർ ശ്രീവിലാസ്, കെ. രാമകൃഷ്ണൻ നായർ വാളനില കിഴക്കേ പുത്തൻപുര എന്നിവരാണ് മേൽപറഞ്ഞ സ്ഥലം സൗജന്യമായി ആരോഗ്യ കേന്ദ്രത്തിനു നൽകിയത്

1986-ൽ ഗവൺമെൻറിൻെറയും ഞീഴൂർ പഞ്ചായത്തിൻെറയും സാമ്പത്തിക സഹായത്തോടും നാട്ടുകാരുടെ സഹകരണത്തോടും കൂടി ആരോഗ്യ കേന്ദ്രത്തിന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിച്ചു. കട്ടാമ്പാക്കു കരയിൽ 6-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ ആരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടറുടെ സേവനം ലഭിക്കുന്നുണ്ട് അദ്ദേഹത്തോടൊപ്പം പത്തു ജീവനക്കാരും സേവനമനുഷ്ടിക്കുന്നു.

മേൽപ്പറഞ്ഞ ആരോഗ്യ കേന്ദ്രത്തിനു പുറമേ പഞ്ചായത്തിൻെറ വിവിധ വാർഡുകളിലായി കുടുംബക്ഷേമ ഉപകേന്ദ്രങ്ങളും കൂടാതെ ജില്ലയിൽ അറിയപ്പെടുന്ന തരത്തിൽ ഖ്യാതി നേടിയിരിക്കുന്ന ഒരു പാരമ്പര്യ വിഷ ചികിത്സാലയവും 8-ാം വാർഡ് തിരുവാമ്പാടിയിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ നാലാം വാർഡിൽ ഒരു ആശുപത്രിയും, ഞീഴൂർ ടൗണിൽ രണ്ടു ക്ലിനി ക്കുകളും ഒരു ഹോമിയോ ഡിസ്പെൻസറിയും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നു.

28.91 ചതുരശ്ര കിലോമീറ്റർ വിസ്തീർണവും 18,000 ത്തിൽ പരം ജന സംഖ്യയുമുള്ള ഒരു പഞ്ചായത്തിൽ ആകെയുള്ള ചികിത്സാ സൗകര്യങ്ങളെക്കുറിച്ചാണ് മേൽപറഞ്ഞിരിക്കുന്നത്.

പഞ്ചായത്തിൻെറ ആരോഗ്യ ക്ഷേമ പ്രവർത്തനങ്ങളുടെ ചരിത്രത്തിൽ കഴിഞ്ഞ 25 വർഷമായിട്ട് നേടാൻ കഴിഞ്ഞ ഏക സ്ഥാപനം കാട്ടാമ്പാക്കിൽ സ്ഥാപിക്കപ്പെട്ട ഗവണ്മെൻറ് ആശുപത്രി മാത്രമാണ്.

എത്രയോ ശോചനീയാവസ്ഥയാണിതെന്നു ഊഹിക്കാവുന്നതേയുള്ളൂ. ആറാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ ആരോഗ്യ കേന്ദ്രത്തിൽ വിവിധ വാർഡുകളിൽ നിന്ന് എത്തിച്ചേരുവാൻ ഗതാഗത സൗകര്യം വളരെ കുറവാണ് അതുകൊണ്ട് മറ്റു വാർഡുകളിലെ ജനങ്ങൾക്ക് ഇവിടെ വന്നു ചേരുവാനോ ഇതിൻെറ പ്രയോജനം ലഭ്യമാക്കുവാനോ കഴിയാതെയും വരുന്നു. ഈ ആരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്നത് തികച്ചും വികസിതമല്ലാത്ത പ്രദേശത്തായതിനാൽ 6,7,8, എന്നീ വാർഡുകളിലെപോലും വളരെ കുറച്ചു ജനങ്ങൾക്കു മാത്രമേ പ്രയോജനകരമാകുന്നുള്ളൂ എന്നുള്ളതാണു സത്യം. അപ്പോൾ ഈ പഞ്ചായത്തിലെ പതിനെണ്ണായിരത്തോളം വരുന്ന ജനസംഖ്യയുടെ 10% നു മാത്രമേ ഈ ആശുപത്രിയുടെ പ്രയോജനം ലഭിക്കുന്നുള്ളുവെന്നർത്ഥം.

ഇത്രയും ജനസംഖ്യയുള്ള പഞ്ചായത്തിൽ ആകെ ഒരു ഡോക്ടറുടെ സേവനം മാത്രമേ ലഭിക്കുന്നുള്ളൂ. ഇതു തീർത്തും അപര്യാപ്തമാണ്. ഇതു ദേശീയ ശരാശരിയുമായി തട്ടിച്ചു നോക്കുമ്പോൾ വളരെ ശോചനീയമാണ്.

ഈ ദയനീയ സ്ഥിതിവിശേഷം കൊണ്ട് 99% ജനങ്ങളും വിദഗ്ധ ചികിത്സക്കെന്നു മാത്രമല്ല നിസ്സാര ചികിത്സയ്ക്കു പോലും പഞ്ചായത്തിനു വെളിയിൽ 15 മുതൽ 30 കി. മീ. വരെ ദൂരെ മറ്റു ആശുപത്രികളെയും കോട്ടയം മെഡിക്കൽ കോളേജ് ജില്ലാ ആശുപത്രികളെയുമാണ് ആശ്രയിക്കുന്നത്.

ഞീഴൂർ പഞ്ചായത്തിൽ നിലവിലുള്ള ആരോഗ്യ കേന്ദ്രത്തിൽ നിന്നും ലഭിപ്പിച്ചിട്ടുള്ള സ്ഥിതി വിവിര കണക്കുകൾ പ്രകാരം പഞ്ചായത്തിൽ ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണത്തിൻെറ അടിസ്ഥാനത്തിൽ ഒരു കുട്ടി മാത്രമുള്ള 328 അമ്മമാരും 2 കുട്ടികൾ മാത്രമുള്ള 686 അമ്മമാരും 2 ൽ കൂടുതൽ കുട്ടികളുള്ള 532 അമ്മമാരും ഉണ്ട്. മൊത്തം അമ്മമാരുടെ എണ്ണം - 1546.

കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാരുടെ കണക്ക്

(ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)

1.	ഒരു കുട്ടിയുള്ളത്	214
2.	രണ്ടു കുട്ടികൾ ഉള്ളത്	620
3.	രണ്ടിൽ കൂടുതൽ കുട്ടികളുള്ളത്	431
	ആകെ	1265

ഇതിനു പുറമെ പഞ്ചായത്തിനു വെളിയിലുള്ള ആശുപത്രികളിൽ പോയി കുടുംബാസൂത്രണം സ്വീകരിച്ചിട്ടുള്ളവർ ഏറെയുണ്ട് അതിന്റെ കണക്ക് ലഭ്യമായിട്ടില്ല.

1. ഒരു വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം - 274
2. പ്രതിരോധ കുത്തിവയ്പ് നടത്തിയവർ - 284
3. ഗർഭിണികൾ - 152

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ജനന മരണ കണക്ക്

വർഷം	ജനനം	മരണം	ചാപിള്ള
1993-94	04	62	-
1994-95	01	55	-
1995-96	01	68	-

പകർച്ച വ്യാധി സ്ഥിതി വിവര കണക്ക്
പട്ടിക അവലംബം പ്രാഥമിക
ആരോഗ്യ കേന്ദ്രം കാട്ടാമ്പാക്ക്

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1993-94	675	112	586	4800
1994-95	576	140	488	7200
1995-96	372	178	240	4543

പഞ്ചായത്തിലെ ആകെ രോഗികളുടെ 5% മാത്രമാണ് പി. എച്ച്. സെൻററിൽ നിന്നും ചികിത്സ നേടുന്നത് എന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അംഗവൈകല്യമുള്ളവർ

1.	അന്ധർ	13
2.	ബധിരർ	28
3.	മൂകർ	29
4.	ബധിര-മൂകർ	13
5.	ചലന വൈകല്യമുള്ളവർ	95
	ആകെ	178

ബുദ്ധിമാന്ദ്യം സംഭവിച്ചവർ

	പ്രായം	എണ്ണം
1.	0-5 വയസ്സുവരെ	10
2.	6-5	11
3.	11-15	09
4.	16 വയസ്സിനുമേൽ	10
	ആകെ	40

ഈ പഞ്ചായത്തിൽ ഒരു പ്രാഥമീക ആരോഗ്യ കേന്ദ്രമൊഴികെ മറ്റു ചികിത്സാ കേന്ദ്രങ്ങൾ ഒന്നുമില്ലാത്തതിനാൽ മഴക്കാലത്ത് വർദ്ധിച്ച തോതിൽ പനി, വയറിളക്കം തുടങ്ങിയ രോഗങ്ങളും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ജനുവരിമുതൽ ജൂൺ വരെയുള്ള വരൾച്ചക്കാലത്ത് കുറേ വർഷങ്ങളായി ക്രമാതീതമായി പടർന്നു പിടിക്കുന്ന മഞ്ഞപ്പിത്തം, വയറിളക്കം, ചർദി ചെങ്കണ്ണ് തുടങ്ങിയ രോഗങ്ങളും ഫലപ്രദമായി തടയാൻ കഴിയാറില്ല.

മേൽപറഞ്ഞആശുപത്രികളിൽ ചികിൽസ നേടിയവരുടെ കണക്കുകൾ വച്ചുനോക്കുമ്പോൾ പഞ്ചായത്തിലെ ചികിൽസാസൗകര്യം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ബോധ്യമാകും.

കാട്ടാമ്പാക്കിൽ സ്ഥിതി ചെയ്യുന്ന ഏക ആരോഗ്യകേന്ദ്രത്തിൽ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും പ്രയോജനകരമായ രീതിയിൽ 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാക്കികൊണ്ടും, ശിശുരോഗ വിദഗ്ദ്ധനായ ഒരു ഡോക്ടറേയും ഒരു ഗൈനക്കോളജിസ്റ്റിനേയും ആവശ്യമായ മറ്റ് സ്റ്റാഫിനേയും ലഭ്യമാക്കിക്കൊണ്ട് ശിശുക്കളും ഗർഭിണികളടക്കം 50 പേരെയെങ്കിലും കിടത്തി ചികിൽസിക്കാനുള്ള കെട്ടിടങ്ങൾ അടക്കമുള്ള സൗകര്യങ്ങൾ ലഭിക്ക ത്തക്ക വിധവും ഇതിനെ വികസിപ്പിക്കേണ്ട താണ്.അതുപോലെ തന്നെ പഞ്ചായത്തിലെ എല്ലാവാർഡുനിവാസികൾക്കും വന്നു പോകാനുള്ള സൗകര്യം കൂടി കണക്കിലെടുത്ത് ഞീഴൂർ കേന്ദ്രമാക്കി മേൽ പറഞ്ഞ സൗകര്യങ്ങളോടു കൂടിയ പുതിയ ഒരു അലോപ്പതി ആശുപത്രിയും പ്രായമായവരും വാതരോഗികളും കൂടുതലായി ആയുർവേദ ചികിൽസയെ ആശ്രയിക്കുന്നതിനാൽ ഞീഴൂർ കേന്ദ്രമാക്കി ഒരു ആയുർവേദ ആശുപത്രിയും ഒരു ഹോമിയോ ഡിസ്പെൻസറിയും തുടങ്ങേണ്ടത് അത്യാവശ്യമാണ്. ഡോക്ടർക്കും മറ്റു സ്റ്റാഫുകൾക്കും ക്വാർട്ടേഴ്സും, ഫോണും, ആംബു ലൻസു സൗകര്യവും കൂടി ലഭ്യമാക്കണം. കുടും ബക്ഷേമകേന്ദ്രങ്ങൾ ഇല്ലാത്ത 2,3,4 എന്നീ വാർ ഡുകളിൽ ഓരോ കുടുംബ ക്ഷേമ കേന്ദ്രം കൂടി അനുവദിക്കണം.

കക്കൂസ്

പൊതുജനാരോഗ്യത്തിന് ശുദ്ധജലം ലഭ്യമാക്കുന്നതിനുപുറമെ ശുചിത്വത്തിന് പ്രാധാന്യമുണ്ട്. ഇതിൽ പരിസരശുചിത്വം പാലിക്കുവാൻ പ്രഥമമായി വേണ്ട ഘടകമാണ് കക്കൂസ്.

ഈ പഞ്ചായത്തിലെ 3785 കുടുംബങ്ങളിൽ 1474 കുടുംബങ്ങൾക്ക് നിലവിൽ കക്കൂസുകൾ ഇല്ല. കോളനിയിലും, കോളനികൾക്ക് സമാനമായി പരിമിതമായ സ്ഥലത്ത് വീടുകൾ വച്ച് ചേർന്നു താമസിക്കുന്നവർക്കും സ്വന്തമായി കക്കൂസുകൾ നിർമ്മിക്കാൻ സാമ്പത്തികഭാരം അനുവദിക്കുന്നില്ല. ഇക്കാരണത്താൽ പരിസരമലിനീകരണം ഒരു വലിയ വിപത്തു സൃഷ്ടിക്കുന്നു. വയറിളക്കം, വിരശല്യം, ഡിസെൻട്രി തുടങ്ങിയ രോഗങ്ങൾ പകർന്നു പിടിയ്ക്കാൻ ഇടവരുന്നു. ആരോഗ്യസ്ഥിതി മോശമാകുന്നു.

വിശേഷാൽ ഗ്രാമസഭകളിൽ നിന്നും വാർഡു തലത്തിൽ നടത്തിയ സ്ഥിതി വിവിരശേഖരണത്തിനു ശേഷം ഉണ്ടായ ചർച്ചകളിൽ നിന്നും രൂപപ്പെട്ട മലിനീകരണ പ്രശ്നവും പരിഹാര നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

കക്കൂസില്ലാത്ത വീടുകൾ (എണ്ണം)	തടസ്സ കാരണം	പരിഹാര നിർദ്ദേശങ്ങൾ
1474 (ആകെ വീടുകളുടെ 40%)	സാമ്പത്തിക പരാധീനത	സർക്കാർ, അർദ്ധസർക്കാർ, സന്നദ്ധ സംഘടനകൾ സമുദായ സംഘടനകൾ സഹകരണ സംഘങ്ങൾ ഗുണഭോക്താക്കൾ എന്നിവരുടെ സാമ്പത്തിക സഹായത്തോടെ സ്ഥിരമായതും കുറ്റമറ്റതുമായ കക്കൂസ് നിർമ്മാണത്തിന് ദാരിദ്ര രേഖയ്ക്ക് താഴെയുള്ള എല്ലാവർക്കും ധന സഹായം ലഭ്യമാക്കുകയും സന്നദ്ധ സംഘടനകളുടെയും പഞ്ചായത്തിന്റെയും മേൽ നോട്ടത്തിൽ പണികൾ നടത്തി പൂർത്തിയാക്കിയെന്ന് ഉറപ്പുവരുത്തുകയും വേണം.
	സ്ഥല പരിമിതി (കോളനികളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മറ്റു സ്ഥലങ്ങളിലും)	പഞ്ചായത്തിന്റെ വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം പൊതു ജനാരോഗ്യത്തിനായി ക്ലിപ്തപ്പെടുത്തി ആതുകയിൽ നിന്നും പൊതുവായ സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് കോളനികളിലെ ഓരോ വീടിനെയും ബന്ധിപ്പിക്കുക. ക്ലോസറ്റുകൾ പ്രത്യേകം സ്ഥാപിക്കുക വ്യത്തിയായി സൂക്ഷിക്കുക.
	പരിസര ശുചീകരണത്തിന്റെ പ്രാധാന്യത്തെ ക്കുറിച്ചുള്ള അജ്ഞത	ആരോഗ്യ വകുപ്പും സാമൂഹിക സന്നദ്ധ സംഘടനകളും മുൻ കൈയെടുത്ത് ബോധവൽക്കരണം നടത്തുക ഫീൽഡ് പബ്ലിസിറ്റിയുടെ സ്ലൈഡ് വീഡിയോ പ്രദർശനങ്ങൾ മുതലായവ സംഘടിപ്പിക്കുക.

പരിസര ശുചിത്വം

വർദ്ധിച്ചു വരുന്ന ജനസംഖ്യയും കോളനികളും, ചെറിയ പ്ലോട്ടിൽ തിങ്ങിപ്പാർക്കുന്ന ജന വിഭാഗവും അനുഭവിക്കുന്ന ശുദ്ധജലക്ഷാമവും, സാമ്പത്തിക പരാധീനതയും, വ്യവസായവൽക്കരണവും മറ്റും മൂലം നേരിടുന്ന വെല്ലുവിളിയും, വീടുകളുടേയും ഹോട്ടലുകളുടേയും ബസ് സ്റ്റാൻറുകളുടേയും പൊതു മാർക്കറ്റിന്റേയും കടകളുടേയും പരിസരം ശുചിത്വമില്ലായ്മയ്ക്ക് കാരണമാവുന്നു.

ലോകത്തിന്റെ മുഴുവൻ ശക്തിയേയും ചെറുത്തു നിൽക്കാൻ
വ്യക്തിക്കും ഗ്രാമത്തിനും കഴിയും; തന്നെയും തന്റെ ഗ്രാമത്തേയും
രക്ഷിക്കാൻ മരണംപോലും സ്വയം വരിക്കുമെന്ന്
ഓരോ ഗ്രാമീണനും നിശ്ചയിച്ചുറപ്പിച്ചാൽ.

-മഹാത്മാഗാന്ധി-

മേൽപ്പറഞ്ഞ കാരണങ്ങളാൽ പരിസര മലിനീകരണത്തിനു പുറമേ ജല മലിനീകരണവും വർദ്ധിച്ച തോതിൽ നേരിടേണ്ടതായി വരുന്നുണ്ട്

വീടുകൾ കടകൾ ഹോട്ടലുകൾ ബസ് സ്റ്റാൻറ് പൊതു മാർക്കറ്റ് എന്നിവിടങ്ങളിലുണ്ടാകുന്ന ചപ്പു ചവറുകൾ മാലിന്യങ്ങൾ എല്ലാം തന്നെ കുഴികൾ കുഴിച്ച് അതിൽ നിക്ഷേപിക്കുക. അല്ലെങ്കിൽ ദൂരെ ജനവാസമില്ലാത്ത സ്ഥലത്ത് പൊതുകമ്പോസ്റ്റ് കുഴികളിൽ നിക്ഷേപിക്കുകയോ കത്തിച്ചു കളയുകയോ ചെയ്യുക. മേൽപ്പറഞ്ഞ ഇടങ്ങളിൽ വീപ്പസ്ഥാപിച്ച് മാലിന്യങ്ങൾ ശേഖരിക്കാൻ ഉള്ള നടപടികൾ സ്വീകരിക്കുക.

മാംസ വിൽപന നടത്തുന്ന മാർക്കറ്റുകളിൽ നിന്നും ആവശ്യമായ അകലത്തിൽ സ്ലോട്ടർ ഹൗസ് നിർമ്മിക്കുക.

റബ്ബർ റോളറുകൾ ഫാക്ടറികൾ ഇവ മൂലം ജലമലിനീകരണം വർദ്ധിച്ചു വരുന്നു. ഇതിന് കർശനമായ നിബന്ധനകൾ ഏർപ്പെടുത്തുക.

ശബ്ദ മലിനീകരണം

ശബ്ദ മലിനീകരണത്തിന് പോലീസിനു പുറമേ നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം പഞ്ചായത്തിനും നൽകുക. മൈക്കുപയോഗിക്കുമ്പോൾ ശബ്ദം നിയന്ത്രിക്കാൻ ബോക്സുകൾ ഉപയോഗിക്കാൻ ശ്രമിക്കുക. പൊതുജനങ്ങൾക്ക് ശല്യമുണ്ടാക്കുന്ന രീതിയിലും രാത്രി 7 മണിക്കു ശേഷവും മൈക്കിന് കർശനമായ നിയന്ത്രണം ഏർപ്പെടുത്തുക.

പരിസര മലിനീകരണം

പൊതുസ്ഥലത്ത് വെള്ളം കെട്ടിനിന്ന് ചതുപ്പു നിലങ്ങളിലും മറ്റും കൊതുകുകൾ പെരുകി അതിൻെറ ഫലമായുണ്ടാകുന്ന മലമ്പനി തുടങ്ങിയ രോഗങ്ങൾ തടയുന്നതിന് ഡി. ഡി. റ്റി. യോ അനുയോജ്യമായ വസ്തുക്കളോ നിവാരണത്തിന് മുൻ കരുതലായി സ്വീകരിക്കണം.

കുടിവെള്ളം ശുദ്ധിയുള്ളതാണെന്ന് ഉറപ്പു വരുത്തുക ക്ലോറിനേഷൻ നടത്തുക.

ഹോട്ടലുകളിൽ ഭക്ഷണം പാകം ചെയ്യുന്നവർക്കും സപ്ലൈചെയ്യുന്നവർക്കും നിർബന്ധമായും ഹെൽത്ത് കാർഡുകൾ നൽകുക. അവർ രോഗബാധിതരല്ലെന്ന് വിദഗ്ധ ഡോക്ടർ ഉറപ്പു വരുത്തുക.

ഹോട്ടലുകളിലെ ഭക്ഷ്യയോഗ്യമല്ലാത്ത ആഹാര സാധനങ്ങൾക്ക് കർശനമായ നിയന്ത്രണം ഏർപ്പെടുത്തുക. പഞ്ചായത്തിന് അതിനുള്ള അധികാരം നൽകുക.

എലിപ്പനി വർദ്ധിച്ചുവരുന്നതു തടയുക. പൊതു കിണറുകളും കുളങ്ങളും ശുദ്ധീകരിക്കുക. അണുവിമുക്തമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

പഞ്ചായത്തു തലത്തിൽ നടപ്പിലാക്കാവുന്ന മറ്റു ആരോഗ്യ പരിപാടികൾ.

1. പൊതുജനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് ചികിത്സയേക്കാൾ ഉപരിയായി പ്രതിരോധകുത്തി വയ്പുകളും മറ്റും യഥാസമയം ആരോഗ്യ വകുപ്പിൽ നിന്നും നടപ്പിലാക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുക. ഇതിനു വേണ്ടി ആശുപത്രി വികസന സമിതിയിൽ പ്രസിഡൻറിനേയും മറ്റു പഞ്ചായത്തു മെമ്പർമാരെക്കൂടി ഉൾപ്പെടുത്തുകയും പൊതു പ്രവർത്തകരുടേയും ഭരണ പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളുടേയും പ്രതിനിധികളേയും ആശുപത്രി വികസന സമിതിയിൽ ഉൾപ്പെടുത്തുക. ഇവരുടെ നേതൃത്വത്തിൽ സാഹചര്യങ്ങൾ പരമാവധി പ്രയോജനകരമാം വിധം നടപ്പിൽ വരുത്തുക.

2. പഞ്ചായത്തു വക യോഗാ കേന്ദ്രങ്ങൾ തുടങ്ങുകയും യോഗാ കേന്ദ്രങ്ങൾ നടത്തുന്ന ക്ലബുകൾക്ക് സാമ്പത്തിക സഹായ സഹകരണങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്യുക.

3. വനിതാ ക്ലബുകൾക്കും വനിതാ സംഘടനകൾക്കും യോഗാ ക്ലാസുകൾ നടത്തുന്നതിനും മാതൃ ശിശു പരിപാലനത്തിനും വേണ്ടി പഞ്ചായത്തിൽ നിന്നും പ്രോത്സാഹന മായി സാമ്പത്തിക സഹായം ചെയ്യുക.

4. വയോജനാരോഗ്യ കേന്ദ്രം (വൃദ്ധ മന്ദിരം)

പ്രായമായവരുടെ ആരോഗ്യം ലക്ഷ്യമാക്കി ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുമായി പരിശീലനം നേടിയവരുടെ സേവനം ഉപയോഗിച്ച് അവർക്കായി ഹെൽത്തു ക്ലബുകളും പഞ്ചായത്തിൽ ഒരു വൃദ്ധ മന്ദിരവും തുടങ്ങുക

5. ഹൊൽത്ത് കാർഡ് സമ്പ്രദായം

പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും പഞ്ചായത്തിലെ സ്ഥിരതാമസക്കാരാണെന്നു ള്ളതിന് ഫോട്ടോ പതിച്ച ഐഡൻറിറ്റി കാർഡ് ഏർപ്പെടുത്തുക ഇതിൽ വ്യക്തിയുടെ ആരോഗ്യ സ്ഥിതിയും മറ്റു വിവരങ്ങളും രേഖപ്പെടുത്തുകയും വർഷം തോറും വിദഗ്ധ ഡോക്ടർമാരുടെ പരിശോധനാ റിപ്പോർട്ടും ഉൾപ്പെടുത്തി ഈ സമ്പ്രദായം നിലവിൽ വരുത്തുക.

6. പൊതുസ്ഥശഥാനം

പഞ്ചായത്തിലെ എല്ലാ വർഡുകൾക്കും ഉപയോഗിക്കാൻ പറ്റിയ വിധം 2,3 വാർഡുകളിൽ പൊതു ശ്മശാനം സ്ഥാപിക്കുക.

7. കാലഹരണപ്പെട്ട നിയമങ്ങൾ

കാലഹരണപ്പെട്ട പബ്ലിക് ഹെൽത്ത് ആക്ടും ബന്ധപ്പെട്ട വകുപ്പുകളും മാറ്റിക്കൊണ്ട് നടപടികൾ ലഘൂകരിക്കുക.

പേപ്പട്ടി ശല്യം

പട്ടിവളർത്തുന്നതിന് ലൈസൻസ് സമ്പ്രദായം ലഘൂകരിക്കുക ലൈസൻസ് ഫീസ് ഫൈൻ ചുമത്തുന്ന നിരക്കുകൾ 5 വർഷം കൂടുമ്പോൾ പുനപരിശോധിക്കുക. പുതുക്കുവാനുള്ള അവകാശം പഞ്ചായത്തിന് പരിപൂർണമായി നൽകുക. പ്രതിരോധ കുത്തിവയ്പ്പ് നൽകുക. ഇതു നൽകാത്ത നായ്ക്കൾ കടിച്ചാലുണ്ടാകാവുന്ന മുഴുവൻ ചിലവുകളും നായുടെ ഉടമയിൽ നിന്നും പരാതിക്കാരന് ഈടാക്കിക്കൊടുക്കാൻ അധികാരം പഞ്ചായത്തിനു നൽകുക.

അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ കൊന്നു കളയുന്നതിന് പഞ്ചായത്തിൽ പ്രാചീനരീതിയിലുള്ള കുടുക്കുമാത്രം ഉപയോഗിക്കാതെ ഡബിൾ ബാരൽ ഗൺ പഞ്ചായത്തിൽ വാങ്ങി സൂക്ഷിക്കുക. ഒരു വർഷത്തിൽ ഒരു നിശ്ചിത വാരത്തിൽ പഞ്ചായത്തിൽ അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുക.

ഇതുവഴി പൊതുജനങ്ങളെ ബാധിക്കുന്ന ഭീമമായ പേവിഷബാധ ഇല്ലായ്മ ചെയ്യാൻ കഴിയും.

സഹകരണം

കടബാദ്ധ്യതയിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനായി 1904-ലെ സഹകരണനിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷികവായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്. 15-8-1960ൽ പ്രവർത്തനമാരംഭിച്ച ബെറ്റർ ഫാമിങ്ങ് സഹകരണസംഘമാണ് ഞീഴൂർ പ്രദേശത്ത് സഹകരണപ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. അതു പിന്നീട് ഞീഴൂർ സർവ്വീസ് സഹകരണ ബാങ്കായി രൂപാന്തരപ്പെട്ടു. നമ്മുടെ പഞ്ചായത്തിലെ 9-ാം വാർഡിന്റെ പാഴൂത്തുരുത്ത് പ്രദേശവും, 7,8 വാർഡുകളുടെ ഏതാനും പ്രദേശങ്ങളും ഒഴിച്ചു പഞ്ചായത്തിന്റെ ബാക്കി മുഴുവൻ പ്രദേശങ്ങളും ഈ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ വരുന്നു. മരങ്ങോലി കേന്ദ്രമാക്കി മരങ്ങോലി സർവ്വീസ് സഹകരണ ബാങ്ക് എന്ന ഒരു സ്ഥാപനം ഈ കാലയളവിൽ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു എങ്കിലും നടത്തിപ്പുകാരുടെ കെടുകാര്യസ്ഥത മൂലം സ്ഥാപനം ആരോ തീവെച്ചു നശിപ്പിച്ചു കളഞ്ഞു. പിന്നീട് ആ കെട്ടിടം ഞീഴൂർ സർവ്വീസ് സഹകരണ ബാങ്ക് ലേലത്തിൽ ഏറ്റെടുത്തു.

ഞീഴൂർ സർവ്വീസ് സഹകരണ ബാങ്കിന് ഞീഴൂർ, മരങ്ങോലി എന്നിവിടങ്ങളിൽ ബ്രാഞ്ചുകളുണ്ട്. വാക്കാട്ടിൽ (വാർഡ് 4) പുതിയ ബ്രാഞ്ച് ഉടനെ പ്രവർത്തനമാരംഭിക്കും.

വിവിധ മേഖലകളിലായി ഞീഴൂരിൽ 8 സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ ജില്ലാ സഹകരണ ബാങ്ക്, കടുത്തുരുത്തി റീജനൽ സർവ്വീസ് സഹകരണബാങ്ക്, കാപ്പുംതല സർവ്വീസ് സഹകരണബാങ്ക്, അർബൻ സഹകരണ ബാങ്ക്, റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി കടുത്തുരുത്തി, കടുത്തുരുത്തി ഹൗസിംഗ് സഹകരണ സംഘം എന്നീ സഹകരണസ്ഥാപനങ്ങളുടെ സേവനവും ഞീഴൂർ പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. സഹകരണ മേഖലയിൽ പ്രത്യക്ഷത്തിൽ 107 പേരും പരോക്ഷമായി 76പേരും ജോലി നോക്കുന്നുണ്ട്.

107

സഹകരണ സംഘങ്ങളുടെ ഇന്നത്തെ സ്ഥിതി

കാർഷികമേഖലയിൽ ഞീഴൂർ സർവ്വീസ് സഹകരണ ബാങ്ക് വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്നു. അംഗങ്ങൾക്ക് ആവശ്യമുള്ള മിക്കവാറും വായ്പകൾ നല്കാറുണ്ട്. ബാങ്കിന്റെ കീഴിലുണ്ടായിരുന്ന 'കൺസ്യൂമർ സഹകരണ സംഘം' ഇന്നു പ്രവർത്തിക്കുന്നില്ല. രണ്ടു സ്കൂൾ സഹകരണ സംഘങ്ങൾ കാട്ടാമ്പാക്കിലും വിശ്വഭാരതിയിലും പ്രവർത്തിക്കുന്നു. കുട്ടികൾക്കാവശ്യമായ സാധനങ്ങൾ ഇവ വിതരണം ചെയ്യുന്നു. തുരുത്തിപ്പള്ളി, ഭജനമഠം, വാക്കാട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഓരോ ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്.

തുരുത്തിപ്പള്ളിയിൽ, ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ കീഴിൽ ഒരു തൊഴിലാളി സഹകരണ സംഘം TICCOS എന്ന ചുരുക്കപ്പേരിൽ പ്രവർത്തിച്ചിരുന്നു. ഇന്നിതിന്റെ പ്രവർത്തനം നിലച്ച മട്ടാണ്. മരങ്ങോലി കേന്ദ്രമാക്കി ഒരു കൊക്കോ പ്രോസസിംഗ് ഇൻഡസ്ട്രിയൽ സൊസൈറ്റിയും, കാട്ടാമ്പാക്ക് (വാർഡ് - 6) കേന്ദ്രമാക്കി ഖാദി ബോർഡിന്റെ കീഴിൽ ഒരു നൂൽ നൂൽപ്പു സഹകരണ സംഘവും പ്രവർത്തിച്ചു വരുന്നു. കടുത്തുരുത്തി റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി, ഗൈക്കോ എന്നിവയുടെ റബ്ബർ പാൽ സംഭരണ കേന്ദ്രങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

വായ്പകൾ

ഹ്രസ്വകാല, കാർഷിക, കാർഷികേതര വായ്പകൾ ആണ് മുഖ്യമായും സഹകരണ ബാങ്കുകൾ വിതരണം ചെയ്യുന്നത്. മുഴുവൻ കർഷകർക്കും ആവശ്യമായത്ര വായ്പകൾ നല്കാൻ നമ്മുടെ ബാങ്കുകൾക്ക് കഴിയാറില്ല.

കോട്ടയം കാർഷിക വികസന ബാങ്ക് ഈ പഞ്ചായത്തിലെ കൃഷിക്കാർക്കാവശ്യമുള്ള ദീർഘകാല കാർഷിക വായ്പകൾ നല്കിവരുന്നു. എന്നാൽ ഈ ഫണ്ടു വേണ്ടത്ര,

യഥാസമയങ്ങളിൽ കിട്ടാത്തതിനാൽ പലരും വായ്പ എടുക്കുന്നതിൽ വലിയ താൽപര്യം കാട്ടുന്നില്ല.

പഞ്ചായത്തിലെ പാർപ്പിട പ്രശ്നം ഗുരുതരമല്ലെങ്കിലും ഏതാണ്ട് 1351 കുടുംബങ്ങൾ ഓലക്കുടിലുകളിൽ താമസിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. വിവിധ സഹകരണസംഘങ്ങൾ വഴിയും മറ്റ് ഏജൻസികളിൽനിന്നുള്ള വായ്പകൾ ഉപയോഗിച്ചുമാണ് പ്രധാനമായും വീടുകൾ നിർമ്മിക്കുന്നത്. കടുത്തുരുത്തി ഹൗസിംഗ് സൊസൈറ്റി, ഞീഴൂർ സർവ്വീസ് സഹകരണ ബാങ്ക്, കോട്ടയം കാർഷിക വികസന ബാങ്ക്, കോട്ടയം ജില്ലാ സഹകരണ ബാങ്ക് എന്നിവയും ഈ രംഗത്തു വായ്പകൾ നല്കി വരുന്നു.

ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ

തുരുത്തിപ്പള്ളി ക്ഷീരോല്പാദക സഹകരണസംഘം 1978ൽ പ്രവർത്തനമാരംഭിച്ചു. 6,8,9 വാർഡുകളാണ് ഇതിന്റെ പ്രവർത്തനപരിധി. പ്രതിദിനം 125 ലിറ്റർ പാലിവിടെ സംഭരിക്കുന്നു. ഈ സൊസൈറ്റിയുടെ പ്രവർത്തനം കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതാണ്. 7-ാം വാർഡിനേക്കൂടി ഇതിന്റെ പ്രവർത്തന പരിധിയിൽ കൊണ്ടു വരണം. തുരുത്തിപ്പള്ളി കേന്ദ്രമാക്കി ഒരു ക്ഷീരോല്പന്ന യൂണിറ്റും പ്രവർത്തിച്ചു വരുന്നു.

ഞീഴൂർ ക്ഷീരോല്പാദന സഹകരണസംഘം 1983ൽ ആണ് പ്രവർത്തനം ആരംഭിച്ചത്. പ്രതിദിനം 300 ലിറ്ററിലധികം പാൽ സംഭരിക്കുന്നു. 493 അംഗങ്ങളാണ് ഉള്ളത്. 1,3,5 വാർഡുകൾ മാത്രമാണ് പ്രവർത്തന പരിധിയിൽ. രണ്ടാം വാർഡിനേക്കൂടി ഇതിൽ ഉൾപ്പെടുത്തണം. ഇതിനോടനുബന്ധിച്ച് ഒരു ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റ് നന്നായി പ്രവർത്തിക്കുന്നുണ്ട്. നാലാംവാർഡു മാത്രം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന വാക്കാട് ക്ഷീരോല്പാദക സഹകരണസംഘം 1988ൽ പ്രവർത്തനം തുടങ്ങി. 159 അംഗങ്ങൾ നിലവിലുണ്ട്. പ്രതിദിനം 200 ലിറ്ററോളം പാൽ സംഭരിക്കുന്നു. ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്.

കൺസ്യൂമർ മേഖല

നിലവിലുള്ള കൺസ്യൂമർ സഹകരണ സംഘം പുനരുജ്ജീവിപ്പിച്ചു നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാവുന്നതാണ്. ഇതിന്റെ സേവനം വാക്കാട്, മരങ്ങോലി, മാത്തിപ്പറമ്പ്, ഭജനമഠം, തിരുവാമ്പാടി, വിളയംകോട് എന്നിവിടങ്ങളിൽ കൂടി ലഭ്യമാക്കണം. നിലവിലുള്ള സ്കൂൾ സഹകരണസംഘങ്ങൾ വഴി വിദ്യാർത്ഥികൾക്കാവശ്യമായ യൂണിഫോം, സ്റ്റേഷനറി മുതലായവ കൂടി വിതരണം ചെയ്യാവുന്നതാണ്.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലുള്ള ക്ഷീരോല്പാദക സഹകരണസംഘങ്ങളുടെ നേതൃത്വത്തിൽ ഒരു കോഴിത്തീറ്റ ഫാക്ടറി സ്ഥാപിക്കാവുന്നതാണ്.
2. എല്ലാ വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും സ്കൂൾ കൺസ്യൂമർ സംഘങ്ങളിൽ നിർബന്ധമായും അംഗങ്ങളാക്കുക.
3. ലേബർ കോൺട്രാക്ട് സഹകരണ സംഘം ഞീഴൂർ കേന്ദ്രീകരിച്ച് സ്ഥാപിക്കുക.
4. ടിക്കോസിന്റെ ബാദ്ധ്യതകൾക്ക് 10 വർഷത്തേക്ക് മോറട്ടോറിയം പ്രഖ്യാപിക്കുക.
5. ടിക്കോസിന്റെ ഉല്പന്നങ്ങളെ വില്പനനികുതിയിൽ നിന്നും ഒഴിവാക്കുക.
6. നിക്കോസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി, കൊക്കോ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന ഒരു യൂണിറ്റും ആരംഭിക്കുക.
7. മരങ്ങോലി സോപ്പു വ്യവസായ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക.
8. ഞീഴൂർ സഹകരണബാങ്കിന്റെ പ്രവർത്തനം വിപുലീകരിച്ചു കൂടുതൽ തൊഴിൽ സാദ്ധ്യതകൾ കണ്ടെത്തുക.
9. ബാങ്കിന്റെ കൺസ്യൂമർ വിഭാഗം പ്രവർത്തനം പുനരാരംഭിക്കുക.
10. പഞ്ചായത്തിലെ സഹകരണരംഗത്തെ പ്രമുഖ സഹകാരികളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു സഹകരണ സമിതി ഉണ്ടാക്കുക വഴി സംഘങ്ങൾക്ക് ആവശ്യമായ വിദഗ്ദ്ധ ഉപദേശങ്ങളും നിർദ്ദേശങ്ങളും ലഭ്യമാക്കുക.
11. എല്ലാ ക്ഷീര സഹകരണ സംഘങ്ങളുടേയും കീഴിൽ വനിതകളെ പങ്കെടുപ്പിച്ചുകൊണ്ട് ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക.
12. ഗ്രാമവാസികളുടെ നിക്ഷേപം പരമാവധി സർവീസ് സഹകരണ ബാങ്കിൽ നിക്ഷേപിക്കുകയും അതുവഴി കൂടുതൽ വികസന പ്രവർത്തനങ്ങൾ സാദ്ധ്യമാക്കുകയും വേണം.
13. സർവ്വീസ് സഹരണ ബാങ്കുകളിൽ സർക്കാർ ഓഹരികൾ വർദ്ധിപ്പിക്കുകയോ നഷ്ടത്തിനു തുല്യമായ തുക ദീർഘകാല പലിശരഹിത വായ്പയായി അനുവദിക്കുകയോ ചെയ്യുക.
14. ഓരോ കർഷകനും ഓരോ വർഷത്തേക്കുള്ള കാർഷിക വായ്പയ്ക്ക് 'ക്യാഷ് ക്രെഡിറ്റ്' പാസ്സാക്കി കൊടുക്കുക.
15. കൃഷിക്കാർക്ക് ആവശ്യമായ വളം, കീടനാശിനി, കാർഷികോപകരണങ്ങൾ, നിത്യോപയോഗ സാധനങ്ങൾ എന്നിവ വിതരണം ചെയ്യുക.
16. കാർഷികമേഖലയിലെ ഉല്പന്നങ്ങൾ സംഭരിച്ചു വിപണനം നടത്തുന്നതിന് മാർക്കറ്റിംഗ് സഹകരണസംഘങ്ങൾ സ്ഥാപിക്കുക.
17. വായ്പാപദ്ധതികളെക്കുറിച്ചും വായ്പ തിരിച്ചടക്കുന്നതിനെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് പ്രചാരണപരിപാടികൾ സംഘടിപ്പിക്കുക.

ആശംസകൾ !!

ഞീഴൂർ സർവ്വീസ് സഹകരണ ബാങ്ക്

(ക്ലീപ്തം)-നമ്പർ-K-136

ഫോൺ- പ്രസിഡൻറ്- 63777, HO- 63653,
ഞീഴൂർ- 63652, മരങ്ങോലി- 63752, വാക്കാട്- 63245